VIII നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കൂടൽമാണിക്യം ദേവസ്വം ബിൽ

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കൂടൽമാണിക്യം ദേവസ്വം ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്)*: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ഈ ബില്ലിനോട് തത്വത്തിൽ ഞാൻ യോജിക്കുകയാണ്. പക്ഷേ വിയോജനക്കുറിപ്പ് രേഖപ്പെടുത്താൻ പ്രത്യേക കാര്യങ്ങളുണ്ട്. ഗുരുവായൂർ ദേവസ്വം ബിൽ നമ്മൾ പാസ്സാക്കിയെങ്കിലും അതിൽ വന്നിരിക്കുന്ന ബുദ്ധിമുട്ടുകൊണ്ടാണ് ഞാൻ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയത്. പ്രത്യേകിച്ച് ദേവസ്വം ബോർഡിലുള്ള ആളുകളെ സംബന്ധിച്ച സെലക്ഷനെ സംബന്ധിച്ച് എടുത്തിരിക്കുന്ന മാനദണ്ഡം ശരിയാണെന്ന അഭിപ്രായമില്ല. സത്യത്തിൽ തിരുവിതാംകൂർ മഹാരാജാവിന്റെ ഉടമസ്ഥാവകാശത്തിലുള്ള കൊച്ചിയിലെ ഏക ക്ഷേത്രമായിരുന്നു കൂടൽമാണിക്യം ക്ഷേത്രം. ഒരു പ്രത്യേക സാഹചര്യത്തിലാണ് ക്ഷേത്രത്തിന് പ്രത്യേകമായ ഭരണസംവിധാനം ഏർപ്പെടുത്തേണ്ടിവന്നത്. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ദേവസ്വം ബോർഡ് രൂപീകരിച്ചു. അത് വന്നപ്പോൾ സ്വാഭാവികമായും ഗുരുവായൂരിലെപ്പോലെ ഒരു ക്ഷേത്ര ഭരണസമിതിയെ നമ്മൾ കൂടൽമാണിക്യം ക്ഷേത്രത്തിലും നിയോഗിച്ചു. ബഹുമാനപ്പെട്ട കോടതിയുടെ നിർദ്ദേശത്തിലുണ്ടായ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിലാണ് നിയമം ഉണ്ടാക്കേണ്ടിവന്നത്. ഈ ബില്ലിൽ ഞാൻ കാണുന്ന ഏറ്റവും വലിയ അപാകത ഹിന്ദു എന്ന വാക്കിന്റെ നിർവ്വചനമാണ്. ഹിന്ദു എന്ന് പറയുന്നത് ഒരു മതമല്ല. ഒരു സമുദായമല്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരു അബദ്ധം പറ്റി. ഞങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ വളരെ ശക്തിയായി ഇക്കാര്യം പറഞ്ഞതാണ്. ഹിന്ദു എന്നു പറഞ്ഞാൽ സിന്ധു ഗംഗാ സമതലത്തിൽ താമസിക്കുന്നവരെന്നേ അർത്ഥമുള്ളൂ. ആ സമതലത്തിൽ താമസിക്കുന്നത് ഏതെങ്കിലും ഒരു മതവിഭാഗത്തിൽപ്പെട്ടവർമാത്രമല്ല. എല്ലാപേരും താമസിക്കുന്നുണ്ട്. സിന്ധു ഗംഗാ സമതലം എവിടെവരെ വരും? ഇറാൻ, ഇറാക്ക്, അഫ്ഗാനിസ്ഥാൻ ഉൾപ്പെട്ട പ്രദേശങ്ങൾ വരുന്നുണ്ട്. ആ നിലയ്ക്ക് ഹിന്ദു എന്ന അർത്ഥം വളരെ ചുരുങ്ങിയ സങ്കുചിതമായ മനസ്സോടുകൂടി

LIBRARY ARCHIVES Kerala Legislative Assembly

ഗവണ്മെന്റ് അതൊരു മതമാക്കി മാറ്റാൻ വേണ്ടി നടത്തുന്ന ശ്രമത്തോട് എനിക്ക് യോജിക്കാൻ കഴിയുന്നില്ല. ഹിന്ദു ഒരു സമുദായമോ മതമോ അല്ല. അതൊരു സംസ്കാരമാണ്. ആ നിലയ്ക്ക് ഹിന്ദു എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് മാറ്റേണ്ടതായിട്ടുണ്ട്. ഗുരുവായൂർ ദേവസ്വം ബോർഡ് നമുക്കറിയാം. മന്ത്രിമാരിൽത്തന്നെ ഹിന്ദു ആചാരക്രമം ഉള്ളവരെ മാത്രമേ ബോർഡിലെ അംഗങ്ങളായി തെരഞ്ഞെടുക്കാൻ കഴിയൂ. ആ നിലയ്ക്ക് ഇത് നിയമത്തിൽ കൊണ്ടുവന്നാൽ ഇടതുപക്ഷജനാധിപത്യ മുന്നണി അധികാരത്തിൽ വന്നാൽ എങ്ങനെയാണ് അംഗങ്ങളെ തെരഞ്ഞെടുക്കാൻ കഴിയുക? ഹിന്ദു എന്ന് പറയുന്നത് മാത്രമല്ല, ക്ഷേത്രാരാധനയിലും ആരാധനാക്രമത്തിലും വിശ്വാസം അർപ്പിക്കുന്നവർ മാത്രം ഒപ്പിട്ടാൽ മാത്രമേ വോട്ട് ചെയ്യാൻ പറ്റൂ എന്നു പറഞ്ഞാൽ എങ്ങനെ അംഗീകരിക്കാൻ കഴിയും? ഒരു കാരണവശാലും യോജിക്കാൻ കഴിയില്ല. മഹാഭാരതത്തിൽ പറയുന്ന ശകുനിയുടെ സ്ഥലമുണ്ട്. അഫ്ഗാനിസ്ഥാനിലെ കണ്ടഹാർ. മഹാഭാരതത്തിലെ പല പ്രദേശങ്ങളും ഇന്ത്യയിലല്ല. അങ്ങനെ ഒത്തിരിയേറെ പ്രശ്നങ്ങളുണ്ട്. ഹിന്ദു എന്ന വാക്കുപയോഗിക്കുന്നതു തന്നെ ഒരിക്കലും യോജിക്കാൻ പറ്റുന്ന പ്രശ്നമല്ല. ഹിന്ദു എന്നത് ആചാരവും അനുഷ്ഠാനവും സംസ്ക്കാരവുമല്ല. അതൊരു ജീവിത രീതിയാണ്. അതുപോലെതന്നെ ഇവിടെ ക്രിസ്ത്യാനിയുണ്ട്, ക്രിസ്തു സ്ഥാപിച്ച മതമാണ്. ഇസ്ലാം ഉണ്ട്, മുഹമ്മദ് നബി സ്ഥാപിച്ച മതമാണ്. ഹിന്ദു എന്നു പറയുന്ന മതം ആരെങ്കിലും സ്ഥാപിച്ചിട്ടുണ്ടോ? അങ്ങനെ ഒരു മതമില്ല. സ്ഥാപകനില്ല. ബഹുമാനപ്പെട്ട മന്ത്രി ഈ നിയമം കൊണ്ടുവന്നപ്പോൾ, ആചാര്യൻമാരേ ഉള്ളൂ. യഥാർത്ഥത്തിൽ സ്ഥാപകനാരാണ്? ഹിന്ദു എന്ന പദം ചേർക്കുമ്പോൾ സ്ഥാപകനാരാണെന്ന് പറഞ്ഞാൽ ഞാൻ എന്റെ വിയോജനക്കുറിപ്പ് പിൻവലിക്കാൻ തയ്യാറാണ്. സ്ഥാപകനില്ലാത്ത ഒരു സമൂഹം. ആ സമൂഹത്തെ ഒരു സമുദായമാക്കി മാറ്റാൻ വേണ്ടി നിയമം ഉണ്ടാക്കുന്നത് ഒരിക്കലും ഗുണകരമല്ല എന്ന അഭിപ്രായമാണ് എനിക്കുള്ളത്. വ്യാസ മഹർഷി, ശങ്കരാചാര്യർ, ശ്രീനാരായണഗുരു ഇവരൊക്കെ ആചാര്യൻമാരാണ്. മതസ്ഥാപകൻമാരല്ല. ആ നിലയ്ക്ക് ഇതുപോലെയൊരു നിയമം ഉണ്ടാക്കുക എന്നു വച്ചാൽ ഉണ്ടാകുന്ന അപകടം ആണ് ഞാൻ കാണുന്നത്. ഗുരുവായൂർ ദേവസ്വം ബോർഡ് വന്നപ്പോൾ തെരഞ്ഞെടുപ്പ് സംബന്ധിച്ച തർക്കത്തിൽ ബി.ജെ.പി. സുപ്രീം കോടതിവരെ പോയി. ഈ നിയമം ഇതുപോലെ ഉണ്ടാക്കിവച്ചാൽ ബഹുമാനപ്പെട്ട മന്ത്രി ഉദ്ദേശിക്കുന്ന ഹിന്ദു എന്ന പദത്തിന്റെ അർത്ഥം കൊടുത്തുകൊണ്ട് ഉണ്ടാക്കിവച്ചാൽ സ്വാഭാവികമായും ഇത് വീണ്ടും കോടതിയിലേക്ക് വരും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ക്ഷേത്രാരാധനയിലും ആരാധനക്രമത്തിലും ഒന്നും വിശ്വസിക്കാത്ത ആളുകൾ ഭരിക്കുകയും ഭരിക്കപ്പെടുകയും തെരഞ്ഞെടുക്കുകയും ചെയ്യുന്നത് ശരിയാണോ?

ശ്രീ. പി. സി. ജോർജ്: ഇവിടെ ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്ത മന്ത്രിമാരുണ്ട്. ദൃഢപ്രതിജ്ഞ എടുത്ത മന്ത്രിമാരുണ്ട്. ഈശ്വരനാമത്തിൽ സത്യപ്രതിജ്ഞ ചെയ്തവർ കാണിക്കുന്ന വിവരക്കേടും മര്യാദകേടും, ... ദൃഢപ്രതിജ്ഞ എടുക്കുന്ന മന്ത്രിമാർ ചെയ്യുന്നു എന്ന സത്യം ഇവിടെ നിലനിൽക്കുമ്പോൾ ഒരു തർക്കത്തിന്റെ ആവശ്യമുണ്ടോ?

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ശ്രീ. പി. സി. ജോർജിനെയാണ് തെരഞ്ഞെടുക്കുന്നതെങ്കിൽ അങ്ങ് ഈശ്വരനാമത്തിലാണോ അതോ ദൃഢപ്രതിജ്ഞയാണോ ചെയ്യാൻ പോകുന്നതെന്ന് അറിഞ്ഞാൽ കൊള്ളാം.

ശ്രീ. പി. സി. ജോർജ്: അക്കാര്യം ഇപ്പോൾ ചർച്ച ചെയ്യേണ്ട കാര്യമല്ലല്ലോ? ശ്രീ. തോമസ് ഉണ്ണിയാടന് കൂടൽമാണിക്യം എന്ന് കേട്ടാൽ മാണിയുമായിട്ട് ബന്ധമുണ്ടെന്ന് തോന്നും. മാണിയും മാണിക്യവും ആയിട്ട് വല്ല ബന്ധവും ഉണ്ടോ? മാണിയും കരിങ്കട്ടയുമായി ബന്ധം ഉണ്ട്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, മാണി മാണിക്യം ആയതുകൊണ്ടാണ് ദീർഘകാലം പിടിച്ചുനിന്നത്.

ശ്രീ. പി. സി. ജോർജ്: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഒത്തിരി അബദ്ധങ്ങൾ പറയുന്നുണ്ട്. ഞാൻ ഒരു യോഗം കാണാനിടയായി. .... (ബഹളം) .... ഹിന്ദു എന്നത് ഒരു സംസ്കാരമാണെന്ന് പറയുന്നത് തെറ്റാണോ? തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലെയുള്ളവർ ഒരു ചോദ്യം ചോദിച്ചാൽ പറയാതിരിക്കാൻ കഴിയില്ല. ഒരു കാരണവശാലും എനിക്ക് യോജിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ മാറ്റം വരുത്തിയേപറ്റൂ. ഞാൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, റവന്യൂ വകുപ്പുമന്ത്രി, പൊതുമരാമത്തു വകുപ്പുമന്ത്രി എന്നിവർ പങ്കെടുത്ത ഒരു യോഗം കാണാൻ ഇടയായി. ഞാൻ കടന്നു പോകുമ്പോൾ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പ്രഖ്യാപിക്കുന്നു. മാണി സാർ പ്രഖ്യാപിക്കും. ഞങ്ങൾ അനുസരിക്കും ക്യാബിനറ്റിൽ. സത്യത്തിൽ പുച്ഛം തോന്നി. അതുകേട്ട് ഒരാളുപോലും കൈ അടിച്ചില്ല. അദ്ദേഹം തിരുവനന്തപുരത്ത് വന്നപ്പോൾ ഞാൻ ചോദിച്ചു, അങ്ങനെയൊരു മണ്ടത്തരം പൊതുയോഗത്തിൽ പറയാമോ? അപ്പോൾ അദ്ദേഹം പറഞ്ഞു അബദ്ധം പറ്റിപ്പോയി എന്ന്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എനിക്ക് ശ്രീ. കെ. എം. മാണിയേയും ശ്രീ. പി. സി. ജോർജിനേയും ദീർഘകാലമായിട്ടറിയാം. ഞാൻ പി. സി. ജോർജിനെ ഈ രൂപത്തിലല്ല കണ്ടിട്ടുള്ളത്. ഞാൻ കാണുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

പി. സി. ജോർജ് ഒരു ചെറിയ കുട്ടിയായിരുന്നു. കെ.എസ്.യു.വിന്റെ പ്രവർത്തകൻ. സുഹൃദ്ബന്ധം വച്ചുപുലർത്തി ഒത്തിരി സ്വകാര്യ സംഭാഷണങ്ങൾ അദ്ദേഹവുമായി നടത്താറുണ്ട്. അങ്ങ് പറഞ്ഞതുപോലെ ഒരു പ്രഖ്യാപനം ഞാൻ പാലായിൽ നടത്തിയിട്ടില്ല.

ശ്രീ. പി. സി. ജോർജ്: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അങ്ങനെയൊരു പ്രഖ്യാപനം പാലായിൽ നടത്തി. അവിടെ 500 പേരേയുണ്ടായിരുന്നുള്ളൂ. അതിൽ ഒരാൾപോലും കൈയടിച്ചില്ല. ആ 500 പേരിൽ 100 പേരെ
1 P M] ഞാൻ ഈ സഭയിൽ ഹാജരാക്കാം. അത് നിഷേധിക്കാമോ? ഈ മാണിക്യം എങ്ങനെയാണ് വന്നത്? ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിലെ പ്രതിഷ്ഠയിൽനിന്ന് വലിയൊരു പ്രകാശമുണ്ടായി. രാജാവ് അവിടെ പോയി . കണ്ടപ്പോൾ ആ പ്രകാശം വലിയ പ്രശ്നമായി. പലരും പറഞ്ഞു, അതൊരു മാണിക്യമാണ്. തർക്കങ്ങളുണ്ടായി. തർക്കങ്ങളുണ്ടായപ്പോൾ കായംകുളം രാജാവിന്റെ അധീനതയിലുണ്ടായിരുന്ന മാണിക്യം കൊണ്ടുവന്ന് തിരുനെറ്റിയിൽ പതിപ്പിച്ചു. അങ്ങനെയാണ് കൂടൽമാണിക്യം എന്ന പേരുണ്ടായത്. തിരുവിതാംകൂർ മഹാരാജാവ് ചെയ്തത് വലിയ കാര്യമാണ്.

മി. സ്പീക്കർ: ബില്ലിന്റെ ചർച്ചയിൽ ചരിത്രമൊക്കെ വേണോ? കുറേ ബില്ലുകൾ ബാക്കിയുണ്ട്. Please co-operate.

ശ്രീ. പി. സി. ജോർജ്: ഞാൻ ദീർഘിപ്പിക്കുന്നില്ല. ഗുരുവായൂർ ദേവസ്വം ബോർഡിൽ ഹിന്ദുമത വിശ്വാസികളായ എം.എൽ.എ.മാരെങ്കിലുമുണ്ട്. മന്ത്രിമാരെ മാത്രം ചേർത്തുകൊണ്ട് ഒരു ബിൽ കൊണ്ടുവരുന്ന ആ സങ്കുചിത കാഴ്ചപ്പാടിൽ നിന്ന് മന്ത്രി മാറണം. ഇതിൽ മാറ്റം വരുത്തണമെന്ന് ഞാൻ സബ്ജക്റ്റ് കമ്മിറ്റിയിൽ വളരെ വ്യക്തമായി പറഞ്ഞു. പക്ഷേ, മന്ത്രി അതിന് തയ്യാറായില്ല. ഒരു നിവൃത്തിയും ഇല്ലാത്തതുകൊണ്ടാണ് വിയോജനക്കുറിപ്പ് എഴുതിയതെന്ന് മന്ത്രിക്കുമറിയാം. അതുകൊണ്ട് മന്ത്രി ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കണമെന്ന് മാത്രം ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ: സർ, എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. കൂടൽമാണിക്യം ക്ഷേത്രവുമായി ബന്ധപ്പെട്ട് അവിടത്തെ ഭരണപരമായ പ്രവർത്തനങ്ങൾക്കുവേണ്ടി ദേവസ്വം ബോർഡ് രൂപീകരിക്കേണ്ടതായ വിഷയത്തിലൊന്നും അഭിപ്രായവ്യത്യാസമുള്ളവരല്ല ഞങ്ങൾ. സബ്ജക്റ്റ് കമ്മിറ്റി കൂടിയ അവസരത്തിലും ഇവിടെ നടന്ന ചർച്ചാവേളയിലുമൊക്കെ എല്ലാവരും അത് വ്യക്തമാക്കിയ കാര്യമാണ്. ഇവിടെ യഥാർത്ഥ പ്രശ്നമെന്നു പറയുന്നത്, ഹിന്ദു എന്ന വാക്കിനെ സംബന്ധിച്ച് നിങ്ങൾ നൽകിയ നിർവ്വചനത്തെ സംബന്ധിച്ചാണ് ഞങ്ങൾക്ക് ആക്ഷേപം. ഹിന്ദു എന്ന വാക്കിനെ സംബന്ധിച്ചിടത്തോളം നിങ്ങൾ നടത്തിയിരിക്കുന്ന ഈ വ്യാഖ്യാനം ശരിയല്ലെന്നും അത് തിരുത്തപ്പെടേണ്ടതാണെന്നും ഇതുസംബന്ധിച്ചുള്ള ചർച്ചയിൽ സഭയിലും അതുപോലെ സബ്ജക്റ്റ് കമ്മിറ്റിയിലുമൊക്കെ ചർച്ചകൾ നടത്തിയിട്ടും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ അതിനെ സംബന്ധിച്ച് യാതൊരു മാറ്റവും വരുത്തിയില്ല എന്നു പറയുന്നത് നിങ്ങൾക്ക് അതിന്റെ പിന്നിൽ ഒരു ഹിഡൻ അജൻഡ ഉണ്ടെന്നുള്ളതുകൊണ്ടാണ്. ആ ഹിഡൻ അജൻഡയുമായി ഒരുതരത്തിലും യോജിക്കാൻ കഴിയുന്നില്ല. ഇവിടെ ഹിന്ദു എന്ന വാക്കിന് നൽകിയ നിർവ്വചനത്തെ സംബന്ധിച്ച് ബില്ലിൽ പറഞ്ഞിരിക്കുന്നത്, ഹിന്ദു എന്നാൽ ദൈവത്തിലും ക്ഷേത്രാരാധനയിലും വിശ്വാസമുള്ള, മതപരമായി ഹിന്ദുമതത്തിലെ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട ഒരാൾ എന്നർത്ഥമാകുന്നു. ഇതുമാത്രമല്ല ബില്ലിന്റെ നിർവ്വചനം അനുസരിച്ച്, ക്ഷേത്രത്തിൽ താൽപ്പര്യമുള്ളയാൾ എന്നാൽ ക്ഷേത്ര ആരാധനയോ കഴകമോ നടത്തുന്നതിന് അവകാശം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ അതിൽ പങ്കെടുക്കുന്ന സ്വഭാവക്കാരനായിരിക്കുകയോ അല്ലെങ്കിൽ അവിടത്തെ പ്രസാദവിതരണത്തിന്റെ ഗുണാനുഭവത്തിന് അവകാശിയായിരിക്കുകയോ അല്ലെങ്കിൽ അതിൽ പങ്കെടുക്കുന്ന സ്വഭാവക്കാരനായിരിക്കുകയോ ചെയ്യുന്ന ഒരു ആൾ എന്നുള്ള നിലയ്ക്കാണ് ഇതിന് വ്യാഖ്യാനം നൽകിയിരിക്കുന്നത്. ഹിന്ദു എന്ന വാക്കിന് നൽകിയിരിക്കുന്ന നിർവ്വചനത്തെ സംബന്ധിച്ചിടത്തോളം ആ വാദഗതി നമ്മുടെ പരമോന്നത നീതിന്യായ കോടതി നേരത്തെതന്നെ തള്ളിക്കളഞ്ഞ കാര്യമാണ്. എൽ.ഡി.എഫ്. മന്ത്രിമാർക്ക് ഗുരുവായൂർ ദേവസ്വം മാനേജുമെന്റ് കമ്മിറ്റിയിലേക്ക് നോമിനേറ്റ് ചെയ്യാൻ യാതൊരു അവകാശവുമില്ലെന്ന് പറഞ്ഞുകൊണ്ടാണ് വിശ്വഹിന്ദു പരിഷത്തും അതുപോലെതന്നെ ക്ഷേത്രസംരക്ഷണ സമിതിയുമൊക്കെ കോടതിയെ സമീപിച്ചത്. ഇക്കാര്യത്തിൽ ഹൈക്കോടതി അവരുടെ തീരുമാനം തള്ളിക്കളഞ്ഞു. സുപ്രീംകോടതി ഇക്കാര്യത്തിൽ വളരെ വ്യക്തമായിട്ടുള്ള ഒരു വിധിയാണ് പറഞ്ഞത്. സുപ്രീംകോടതി 2005 ഏപ്രിൽ മാസം 20-ാം തീയതി ഇതുസംബന്ധിച്ച് നടത്തിയ പരാമർശം എന്നു പറയുന്നത് ഹിന്ദു എന്നാൽ വിഗ്രഹാരാധനയിൽ വിശ്വസിക്കണമെന്നില്ല എന്നുള്ളതാണ്. സുപ്രീം കോടതി വളരെ വ്യക്തമായി ഇതെല്ലാം പരിശോധിച്ചതിനുശേഷം നടത്തിയ പരാമർശത്തിൽ ഇങ്ങനെയാണ് പറഞ്ഞിട്ടുള്ളത്. ഹിന്ദു എന്നാൽ നിർവ്വചിക്കപ്പെട്ടിട്ടില്ലാത്ത ഒരു വാക്കാണെന്ന് സുപ്രീം കോടതി വിധിയിൽ പറയുന്നു. മാത്രമല്ല, ആദ്ധ്യാത്മിക കാര്യങ്ങളുടെ മാനേജുമെന്റും ആരാധനാലയങ്ങളുടെ സ്വത്തുക്കൾ കൈകാര്യം ചെയ്യുന്നതും രണ്ടും രണ്ടായി കാണണമെന്ന് സുപ്രീം കോടതി ആ പരാമർശത്തിലൂടെ വ്യക്തമാക്കി. മതനിരപേക്ഷതയുടെ മേഖലയിൽ ഇടപെടുവാൻ മന്ത്രിമാർക്ക് അവസരമുണ്ട് എന്നായിരുന്നു സുപ്രീം കോടതിയുടെ പരാമർശത്തിലുണ്ടായിരുന്നത്. വിശ്വഹിന്ദു പരിഷത്ത് അതുപോലെ ക്ഷേത്ര സംരക്ഷണ സമിതി എന്നു പറഞ്ഞുകൊണ്ട് ഹിന്ദു തീവ്രവാദികൾ ഗുരുവായൂർ ദേവസ്വം ബില്ലുമായി ബന്ധപ്പെട്ട് എൽ.ഡി.എഫ്. മന്ത്രിമാർക്ക് മാനേജുമെന്റ് കമ്മിറ്റിയിലേക്ക് ശുപാർശ ചെയ്യാൻ അധികാരമില്ല എന്നു പറഞ്ഞുകൊണ്ട് ഹൈക്കോടതിയെ സമീപിച്ച അവസരത്തിലും സുപ്രീംകോടതിയെ സമീപിച്ച അവസരത്തിൽ അവരുടെ വാദഗതികൾ തള്ളിക്കളഞ്ഞുകൊണ്ട് ഹിന്ദു എന്നു പറഞ്ഞാൽ വിഗ്രഹാരാധനയിൽ വിശ്വസിക്കണമെന്നില്ല എന്ന തരത്തിലുള്ള പരാമർശമാണ് സുപ്രീംകോടതി നടത്തിയിട്ടുള്ളത്. അത് സുപ്രീം കോടതിപോലും തള്ളിക്കളഞ്ഞ കാര്യമാണ്.

GPM. 2/587/2012.—28

ഇപ്പോൾ ഹിന്ദു എന്ന വാക്കിന് പുതിയ വ്യാഖ്യാനമാണ് നിങ്ങൾ നൽകിയിരിക്കുന്നത്. ആരാണ് ഹിന്ദു? ഇവിടെ നേരത്തെ നടന്ന ചർച്ചയിലും ഇതുസംബന്ധിച്ചുള്ള ഒരുപാടൊരുപാട് ചർച്ചകൾ നടന്നതാണ്. യഥാർത്ഥത്തിൽ ഹിന്ദുമതം എന്നൊരു മതമില്ല. ഉണ്ടോ? യഥാർത്ഥത്തിൽ ഇല്ല. അതൊരു സംസ്കാരമാണ്. അതൊരു ദർശനമാണ്. സിന്ധുനദീതട സംസ്കാരമാണ് ഹിന്ദു സംസ്കാരം എന്നുള്ള രീതിയിൽ അറിയപ്പെടുന്നത്. നമുക്കറിയാം, സിന്ധു നദീതടതീരത്തെ ....

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: ഹിന്ദു എന്നു പറയുന്ന വാക്കിന്റെ നിർവ്വചനം അതിന് "ഹിംസായദു യദാ ഇതി ഹിന്ദു" എന്നാണ് പറയുന്നത്. ഹിംസ കണ്ട് വേദനിക്കുന്നവനാണ് ഹിന്ദു. പുല്ലിലും പുഴുവിലും പുൽക്കൊടിയിലുമെല്ലാം സ്ഫുരിക്കുന്ന ചൈതന്യത്തെ ഒരുപോലെ കാണാൻ കഴിയുന്നവനാണ് ഹിന്ദു. അതല്ലാതെ ഹിന്ദു എന്നു പറഞ്ഞ് ഒരു മതമില്ല എന്നുളളതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. പി. എസ്. സുപാൽ: അതാണ് ഞാൻ പറഞ്ഞുവരുന്നത്. ഹിന്ദു എന്നു പറയുന്നത് സംസ്കാരമാണ്. ആ സംസ്കാരത്തിന് നിരക്കാത്ത പ്രവർത്തനങ്ങൾ നടത്തുന്ന ആളുകളാണ് ചില ആളുകൾ. ഹിന്ദുക്കളുടെ പേരിലാണ് അങ്ങനെയുള്ള പ്രവർത്തനങ്ങൾ പല സ്ഥലങ്ങളിലും നടത്തിക്കൊണ്ടിരിക്കുന്നത്. അതിനോട് യോജിക്കാൻ കഴിയില്ല. അത് ഹിന്ദുദർശനവുമായി ബന്ധമുള്ള കാര്യമല്ല. സിന്ധുനദീതട സംസ്ക്കാരമാണ് ഹിന്ദു സംസ്കാരമെന്നു പറയുന്നത്. സിന്ധു നദീതട തീരത്ത് താമസിച്ചിരുന്നത് ദ്രാവിഡൻമാരായിരുന്നു. ദ്രാവിഡ സംസ്കാരമെന്നും പറയാറുണ്ട്. മദ്ധ്യ ഏഷ്യയിൽനിന്നും ആര്യൻമാർ സിന്ധു നദീതടതീരത്ത് വന്നു. അവർ അവിടെ അധിനിവേശം നടത്തി. അവിടെയുള്ള ദ്രാവിഡൻമാരെ തെക്കോട്ട് അയച്ചു. അതിനുശേഷം ആര്യൻമാർ തെക്കുള്ള പ്രവിശ്യയും കയ്യേറി. ആദ്യം ദ്രാവിഡ സംസ്കാരമെന്ന് പറയുമ്പോൾ അവിടെ മതമില്ല, ജാതിയില്ല, ഉപജാതികളൊന്നുമില്ല. അധിനിവേശത്തിന് ശേഷമാണ് ജാതിയും മതവും ഉപജാതിയും ഇല്ലാത്ത കാര്യങ്ങളെല്ലാം ഇതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ളത്. അതുപോലെ മതഗ്രന്ഥങ്ങളെ ഉദ്ധരിച്ച് ഒരുപാട് ചർച്ചകൾ നടന്നു. ഏതെങ്കിലും ഒരു മതഗ്രന്ഥത്തിൽ, പുരാണത്തിൽ ഹിന്ദു എന്ന വാക്ക് പറയുന്നുണ്ടോ? ഒരു മതഗ്രന്ഥത്തിലും പറയുന്നില്ല. ഒരു മതഗ്രന്ഥവും അങ്ങനെ സൂചിപ്പിക്കുന്നില്ല. ഹിന്ദു എന്നുള്ള പരാമർശം അതിലൊന്നുമില്ല. അതാണ് ഞാൻ പറഞ്ഞത്, ഇത്തരത്തിലുള്ള ഒരു സംസ്കാരമാണ്. യഥാർത്ഥത്തിൽ നിരീശ്വരവാദികൾപോലും യുക്തിവാദികൾപോലും ഹിന്ദു ആചാരപ്രകാരം അല്ലെങ്കിൽ ഹിന്ദു എന്ന നിർവ്വചനത്തിൽ വരുന്നവരാണ്. അങ്ങനെ ഒരുപാട് ഉദാഹരണമുണ്ട്. ചാർവാകൻമാർ, അത് ഹിന്ദു സന്യാസി എന്നുള്ള തരത്തിൽ അറിയപ്പെടുന്നവരാണ്. യുക്തിചിന്തയുള്ള സംസ്കാരത്തിന്റെ ഭാഗമായിരുന്നു. അതുപോലെതന്നെ ആര്യഭടാചാര്യൻ, ഋഷിമാർ അങ്ങനെ എത്രയോ ആളുകൾ യുക്തിചിന്തയുളള, നിരീശ്വരവാദികളായിട്ടുള്ള എത്രയോ പേർ ഇതിന്റെ പരിധിയിൽ വരുന്നവരാണ്. കണാദമഹർഷി

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞത് എന്താണ്? അദ്ദേഹം പറഞ്ഞത്, പ്രപഞ്ചം സൃഷ്ടിച്ചത് ഈശ്വരന ല്ലെന്നും അണുക്കളുടെ സംയോജന വിയോജന പ്രക്രിയയിലൂടെ ആണെന്നുമാണ്. അങ്ങനെയൊരു ഭൗതികചിന്ത പറഞ്ഞയാളാണ്. അങ്ങനെ ഒരുപാട് ഉദാഹരണങ്ങളുണ്ട്. ഋഗ്വേദം ആദിമ സാഹിത്യം എന്നുള്ള തരത്തിൽ നമ്മൾ പരാമർശിക്കുന്നതാണ്. ദൈവത്തെക്കുറിച്ച് ഒരു പരാമർശംപോലും ഋഗ്വേദത്തിൽ ഇല്ല. വായു, ജലം, അഗ്നി, കടൽ എന്നിവയാണ് ദൈവം എന്നുള്ള തരത്തിലാണ് ദൈവത്തെക്കുറിച്ച് ഋഗ്വേദത്തിൽ പറയുന്നത്. അങ്ങനെ ഹിന്ദുവിനെ സംബന്ധിച്ചുള്ള നിർവ്വചനം പുതിയ നിർവ്വചനമാണെന്നും മഹർഷിമാർക്ക് ഇല്ലാത്ത അല്ലെങ്കിൽ സംസ്കാരവുമായി ബന്ധമുണ്ടായിരുന്ന പാരമ്പര്യമനുസരിച്ച് ഒന്നുമില്ലാത്ത തരത്തിലുള്ള പുതിയ വ്യാഖ്യാനങ്ങളാണ് നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റുമൊക്കെ ഈ ബില്ലുമായി ബന്ധപ്പെട്ട് കൊണ്ടുവരുന്നത് എന്നു പറയുമ്പോൾ ഇതിനകത്ത് ഒരു ഹിഡൻ അജണ്ട നിങ്ങൾക്കുണ്ടെന്നുള്ളതാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്. എന്താണ് ഹിഡൻ അജണ്ട എന്നു പറയുന്നത്? തെരഞ്ഞെടുപ്പ് വരാൻ പോകുന്നു, അസംബ്ലി തെരഞ്ഞെടുപ്പൊക്കെ വരാൻ പോകുന്നു അപ്പോൾ വർഗ്ഗീയ വാദികളുടെ വോട്ട് നിങ്ങൾക്ക് വേണമെന്നുള്ളതുകൊണ്ടാണ് ആ ഹിഡൻ അജണ്ട. അത് മറനീക്കി വരുന്നത് അതുകൊണ്ടാണ്. തെരഞ്ഞെടുപ്പ് വരാൻ പോകുന്നു, അസംബ്ലി തെരഞ്ഞെടുപ്പ് വരാൻ പോകുന്നു. ഞങ്ങൾക്ക് വർഗ്ഗീയവാദികളുടെ വോട്ട് വേണ്ട. വർഗ്ഗീയ വോട്ടിനുവേണ്ടി അവരുടെ കാര്യാലയങ്ങളിൽ പോകുന്നവരല്ല ഞങ്ങൾ. അതാണ് ഞാൻ പറഞ്ഞത് ഒരു ഹിഡൻ അജണ്ട നിങ്ങൾക്കുണ്ട്. ഹിഡൻ അജണ്ട എന്നു പറയുന്നത് ഇവിടുത്തെ ആർ.എസ്.എസ്.നെ സഹായിക്കാൻ വേണ്ടിയുള്ള ഹിഡൻ അജണ്ടയാണ്. ഇവിടുത്തെ വിശ്വഹിന്ദു പരിഷത്തിനെ സഹായിക്കാൻവേണ്ടിയുള്ള ഹിഡൻ അജണ്ടയാണ്. ഇവിടുത്തെ വർഗ്ഗീയവാദികളെ സഹായിക്കാൻവേണ്ടിയുള്ള ഹിഡൻ അജണ്ടയാണ്. അതാണ് അവർപോലും സുപ്രീംകോടതിയിൽ തോറ്റ വിഷയത്തിൽ എനിക്ക് തോന്നുന്നു, അവരുടെ സർക്കുലർ അനുസരിച്ചാണ് ഈ പരാമർശം ഈ ബില്ലിൽ ഉൾപ്പെടുത്തിയത് എന്നാണ്. ഇവരുടെ വർഗ്ഗീയ പ്രീണനനയങ്ങളെക്കുറിച്ച് നമുക്ക് ഒരുപാട് അറിയാവുന്നതല്ലേ. വർഗ്ഗീയ പ്രീണനനയം പലപ്പോഴും നിങ്ങൾ സ്വീകരിക്കുന്നില്ലേ? നിങ്ങളുടെ മുഖമുദ്ര അതല്ലേ? രാജീവ്ഗാന്ധി പ്രധാനമന്ത്രിയായിരുന്ന അവസരത്തിലാണ് നമുക്കറിയാം, ബാബറി മസ്ജിദ് രാമജന്മഭൂമി എന്നു പറയുന്നത് ഒരു തർക്കമേഖലയാണ്. തർക്കപ്രദേശമാണ്. അത് ഹിന്ദുക്കൾക്കും വേണ്ട. മുസ്ലീങ്ങളും അവിടെ ആരാധന നടത്തേണ്ടന്നുള്ളതരത്തിൽ ഒരു തർക്ക പ്രദേശമായി നിർത്തിയിരുന്ന അവസരത്തിലാണ് അന്ന് ഇന്ത്യയുടെ പ്രധാനമന്ത്രിയായ രാജീവ്ഗാന്ധി അത് ഹിന്ദുക്കൾക്ക് ആരാധന നടത്തുന്നതിനുവേണ്ടി തുറന്നുകൊടുത്തത്. അവിടെ തർക്കം വീണ്ടും തുടങ്ങി. ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

വലിയ തർക്കം ഉണ്ടായി. ജവഹർലാൽ നെഹ്രുവിനെ സംബന്ധിച്ച് നമുക്കറിയാം, രാമന്റെ വിഗ്രഹം കണ്ടു എന്നു പറഞ്ഞപ്പോൾ അത് സരയുനദിയിൽ ഒഴുക്കിക്കളയാൻ പറഞ്ഞ പ്രധാനമന്ത്രിയായിരുന്നു. പക്ഷേ, ആ പാരമ്പര്യം കാത്തു സൂക്ഷിക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ല. പിന്നീട് വന്ന പ്രധാനമന്ത്രി രാജീവ് ഗാന്ധി തർക്കസ്ഥലം ഹിന്ദുക്കൾക്ക് ആരാധന നടത്തുന്നതിനായി തുറന്നു കൊടുത്തു. അത് ആർ.എസ്.എസ്.നെ പ്രീണിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു നയമായിരുന്നു. അതിന്റെ പരിണതഫലം എന്തായിരുന്നു? അവിടെ തർക്ക പ്രദേശമായി വീണ്ടും സംഘർഷങ്ങളുണ്ടായി. പിന്നീട് നിങ്ങളുടെ കോൺഗ്രസ്സിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രമുഖനായ പ്രധാനമന്ത്രി ശ്രീ. പി. വി. നരസിംഹറാവു വന്നപ്പോൾ അവിടെ മുഴുവൻ ഇടിച്ചുപൊളിച്ച് അവിടെ വർഗ്ഗീയവാദികൾക്കുവേണ്ടി പള്ളി പൊളിച്ച് അവിടെ അമ്പലം പണിയാനുള്ള അവസരം ഉണ്ടാക്കിക്കൊടുത്തു. ഒരുപാട് ഭാഷകൾ അറിയാവുന്ന അദ്ദേഹത്തിനു ഒരു ഭാഷയിലും ഇതൊന്നു നിർത്തൂ എന്നുള്ള തരത്തിൽ പറയാനായിട്ട് കഴിഞ്ഞില്ല. അതുവഴി അദ്ദേഹം ആ പള്ളി പൊളിച്ചുകളയുന്നതിനുള്ള മൗനാനുവാദം കൊടുക്കുകയാണ് ചെയ്തത്. ഇവിടെയും അത് നടക്കുകയാണ്. ശ്രീ. വയലാർ രവി കോൺഗ്രസ്സിന്റെ വർക്കിംഗ് കമ്മിറ്റി അംഗമാണ്. അദ്ദേഹം ആർ.എസ്.എസ്.-ന്റെ കാര്യാലയത്തിൽ പോയി വോട്ട് ചോദിച്ചു എന്നു പറഞ്ഞത് ആർ.എസ്.എസ്.-ന്റെ നേതാവാണ്. ഈ ബില്ലിൽ പോലും അങ്ങനെയുള്ള വർഗ്ഗീയ പ്രീണനനയങ്ങൾ കൊണ്ടുവരുന്നത് ശരിയാണോ? അതാണ് എന്റെ ഒരു പ്രധാന വിയോജനം എന്നു പറയുന്നത്. ഇതിനോട് യോജിക്കാൻ കഴിയുകയില്ല. ഇതൊരു ഹിഡൻ അജണ്ടയാണ്. നമുക്കറിയാം, വർഗ്ഗീയ പ്രീണനനയം എവിടെ ചെന്നുനിൽക്കുന്നുവെന്ന്. മാറാട് കലാപം ഉണ്ടായ അവസരത്തിൽ, ശ്രീ. എ. കെ. ആന്റണി അവിടെ ചെന്നപ്പോൾ സംഭവസ്ഥലത്തേക്ക് പോകണമെങ്കിൽ മുസ്ലീം മന്ത്രിമാർ വരാൻ പാടില്ല എന്ന് ആർ.എസ്.എസ്. പറഞ്ഞപ്പോൾ ക്യാബിനറ്റിലുള്ളവരെ മാറ്റിനിർത്തിക്കൊണ്ട് ഒറ്റയ്ക്ക് പോയ ആളാണ് ശ്രീ. എ. കെ. ആന്റണി. വർഗ്ഗീയവാദികളെ സന്തോഷിപ്പിക്കാൻ വേണ്ടി. ആർ.എസ്.എസ്.-നെ സന്തോഷിപ്പിക്കാൻ വേണ്ടി. അതല്ലേ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ഇവിടെ നമ്മുടെ ബഹുമാന്യനായ രാഷ്ട്രപതി കഴിഞ്ഞ ദിവസം നമ്മുടെ ഈ സഭയെ അഭിസംബോധന ചെയ്യുകയുണ്ടായി. അദ്ദേഹം വളരെ നല്ല പ്രസംഗമാണ് നടത്തിയത്. നല്ല ആശയങ്ങൾ. അദ്ദേഹം ഒരു കാര്യം പറഞ്ഞു. 2020 ആകുമ്പോഴേക്കും നമ്മുടെ ഭാരതത്തെ ഒരു വികസിതരാജ്യമാക്കി മാറ്റുന്നതിനുവേണ്ടിയുള്ള, അതിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള സ്വപ്നമാണ് എന്റേതെന്ന് അദ്ദേഹം പറയുകയുണ്ടായി. പലപ്പോഴും അദ്ദേഹം അത് പറഞ്ഞിട്ടുണ്ട്. അമേരിക്കയെക്കാൾ എത്രയോ വികസിത രാജ്യങ്ങളെക്കാൾ ഏറ്റവും വലിയ പാരമ്പര്യമുണ്ടായിരുന്ന ഈ രാജ്യത്തിന് മുന്നോട്ടു പോകാൻ കഴിയാതിരുന്നത്, മറ്റ് പല വികസനമില്ലാത്ത രാജ്യങ്ങളെക്കാൾ നമ്മൾ പുറകിലോട്ട് പോയത് എന്തുകൊണ്ടാണ്? ഭാരതത്തിൽ നിലനിന്നിരുന്ന ജാതിസമ്പ്രദായത്തിന്റെ പേരിലാണ്. ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുമോ? ക്ഷുരകന്റെ മകൻ ക്ഷുരകനായി,

LIBRARY ARCHIVES Kerala Legislative Assembly

പാണന്റെ മകൻ പാണനായി, ചെരുപ്പുകുത്തിയുടെ മകൻ ചെരുപ്പുകുത്തിയായി. അങ്ങനെ അച്ഛൻ ഏത് തൊഴിലിലാണോ ഏർപ്പെടുന്നത് അവന്റെ മക്കളും ആ തൊഴിൽതന്നെ ചെയ്യണമെന്നുള്ള തരത്തിൽ അങ്ങനെയുള്ള ചിന്താഗതി ഈ ഭാരതത്തിൽ ശക്തമായി നിലനിന്നതുകൊണ്ടാണ്. ആചാരങ്ങൾ നിലനിന്നതുകൊണ്ടാണ് ഈ രാജ്യത്തിനു നമ്മൾ ആഗ്രഹിച്ചതുപോലെ മുന്നോട്ടു പോകാൻ കഴിയാത്തത്. ഇപ്പോഴും നമ്മൾ പിന്നണിയിൽ നിൽക്കുന്നത് അല്ലെങ്കിൽ മുന്നണിയിലേക്ക് വരാത്തത് ഈ ജാതി വ്യവസ്ഥയും മതപരമായിട്ടുള്ള വ്യവസ്ഥയും വേർതിരിവുകളും ഇതിന്റെയെല്ലാം അടിസ്ഥാനത്തിലാണ്, എനിക്ക് അതുകൊണ്ട് പറയാനുള്ളത് യഥാർത്ഥ ഹിന്ദു എന്നു പറയുന്നത് ഒരു മതേതരവാദിയാണ്.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഹിന്ദു എന്ന വാക്കിന് അടിസ്ഥാനപരമായ രണ്ട് വീക്ഷണങ്ങളുണ്ട്. ഒന്ന് സെക്കുലറായി ഈ മതത്തെ വിവക്ഷിക്കാൻ ശ്രമിക്കുകയും മറ്റൊന്ന് മതം വർഗ്ഗീയ രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ ആ വാക്കിനെ വിവക്ഷിക്കാൻ ശ്രമിക്കുമ്പോൾ ഇതിൽ ഏത് പക്ഷത്ത് ഭരണാധികാരി നിൽക്കുന്നു എന്നുള്ളതാണല്ലോ പരമപ്രധാനം. ഇവിടെ പ്രസിഡന്റിന്റെ പ്രസംഗം നമ്മൾ പരിശോധിക്കുകയാണെങ്കിൽ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ പഠിച്ച് വലിയ ആഢ്യകുടുംബങ്ങളിൽ ജനിച്ച് വലിയ പുസ്തകങ്ങൾ എഴുതി വലിയ പാണ്ഡിത്യം ഉണ്ടായിരുന്നവർ ഒരു രാജ്യം ഭരിച്ചിട്ട് രാജ്യത്തിന്റെ സ്ഥിതി എവിടെ നിൽക്കുന്നു എന്നാണല്ലോ ബഹുമാനപ്പെട്ട പ്രസിഡന്റ് പറഞ്ഞത്. അപ്പോൾ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ ഒന്നും പോകാൻ കഴിയാത്ത വലിയ വലിയ പാണ്ഡിത്യം ഒന്നും ഇല്ലാത്തവരും രാജ്യത്തിന്റെ ഭരണാധികാരത്തിലേക്ക് വന്നാൽ നയപരമായ ഒരു മാറ്റവും സെക്കുലറായ ഒരു സമീപനവും കൂടുതൽ ശക്തമാക്കുവാൻ കഴിയുമെന്ന് അങ്ങ് വിശ്വസിക്കുന്നുണ്ടോ?

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ അതാണ് പറഞ്ഞത്. യഥാർത്ഥ ഹിന്ദു എന്നു പറഞ്ഞാൽ ഒരു മതേതരവാദിക്കു മാത്രമേ ഒരു ഹിന്ദുവാകാൻ കഴിയൂ. ഒരു മതേതരവാദിയല്ലെങ്കിൽ അയാൾ ഹിന്ദുവാണെന്നു പറയാൻ കഴിയില്ല. ഇന്ത്യയുടെ സംസ്കാരം എന്നു പറയുന്നത് അതാണ്. ഭാരതീയ സംസ്കാരം എന്നു പറയുന്നത്, ആർഷഭാരത സംസ്കാരമെന്നു പറയുന്നത് എല്ലാ മതങ്ങളെയും എല്ലാ സംസ്കാരങ്ങളെയും സ്വാഗതം ചെയ്യുന്ന സംസ്കാരമാണ് ആർഷഭാരത സംസ്കാരം. ഇന്ത്യയുടെ പൈതൃകമെന്നു പറയുന്നത് അതാണ്. അതാണ് ഞാൻ പറയുന്നത് യഥാർത്ഥ മതേതരവാദിക്ക് മാത്രമേ ഒരു ഹിന്ദുവാകാൻ കഴിയൂ. അല്ലെങ്കിൽ ഒരു യഥാർത്ഥ ഹിന്ദുവിനു മാത്രമേ മതേതരവാദിയായി മാറാൻ കഴിയുകയുള്ളൂ. ഇവിടെ ജാതിയുടെയും മതത്തിന്റെയും പേരിൽ നമ്മുടെ രാജ്യത്ത് സംഘർഷങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു, വർഗ്ഗീയവാദികൾ സംഘർഷങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: സർ, വെജിറ്റേറിയൻ ദൈവവും നോൺ വെജിറ്റേറിയൻ ദൈവവും ഉണ്ടെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഹിന്ദുക്കളുടെ ആരാധനാമൂർത്തികളായിട്ടുള്ള നിരവധി ദൈവങ്ങൾ നോൺവെജിറ്റേറിയനായിട്ടുണ്ട്.

ശ്രീ. പി. എസ്. സുപാൽ: സർ, ഇത് യഥാർത്ഥത്തിൽ വിശ്വാസത്തിന്റെ പേരിൽ, ഈ വിശ്വാസം കൊണ്ടുനടക്കുന്നു എന്നു പറയുന്ന മന്ത്രിമാർ നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ഇതിനോട് വല്ല ആത്മാർത്ഥതയും ഉണ്ടോ? 'അമ്പലം വിഴുങ്ങിക്ക് വാതിൽപ്പടി പപ്പടം' എന്നു പറയുന്നതുപോലെ വിശ്വാസത്തെയും അവർ രാഷ്ട്രീയവൽക്കരിക്കാനും സ്വന്തം നേട്ടങ്ങൾക്കു വേണ്ടി വിനിയോഗിക്കാനുമാണ് ശ്രമിക്കുന്നത്. ശ്രീ. അദ്വാനിയുടെ കാര്യം, അദ്ദേഹം രഥയാത്ര നടത്തിയ ആളാണ്. ഹിന്ദുക്കളുടെ പേരിൽ മുതലക്കണ്ണീർ ഒഴുക്കി ഈ രാജ്യത്ത് കലാപങ്ങൾക്ക് നേതൃത്വം കൊടുത്ത ഒരാളാണ്. ആ രഥയാത്രയിൽ വെള്ളിവിഗ്രഹങ്ങൾ, സ്വർണ്ണവിഗ്രഹങ്ങൾ, പഞ്ചലോഹ വിഗ്രഹങ്ങൾ അതെല്ലാം പല അവസരങ്ങളിലായി അദ്ദേഹത്തിനു കിട്ടി. അതേക്കുറിച്ച് അദ്വാനിയുടെ മരുമകൾ പറഞ്ഞത് എന്താണ്? ഈ അദ്വാനി എന്നു പറയുന്ന വ്യക്തി ഈ സ്വർണ്ണത്തിലും വെള്ളിയിലും പഞ്ചലോഹത്തിലും ഒക്കെ തീർത്ത ദൈവങ്ങളെ കിട്ടിയ അദ്വാനി, അതെല്ലാം ഉരുക്കി റെഡിയാക്കി വീട്ടിൽ സൂക്ഷിക്കുകയാണെന്നാണ് അദ്വാനിയുടെ മരുമകൾതന്നെ ഈ രാജ്യത്ത് പ്രസ്താവിച്ചത്.

ശ്രീ. സാജു പോൾ: സർ, അങ്ങ് ഇവിടെ വിശ്വാസത്തെക്കുറിച്ച് പറയുകയുണ്ടായി. യേശുവിലാണ് വിശ്വാസം കീശയിലാണ് ആശ്വാസമെന്ന് ഈ നാട്ടിലെ പ്രിയപ്പെട്ട കുഞ്ഞുണ്ണി മാഷ് പറഞ്ഞിട്ടുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. എസ്. സുപാൽ: സർ, അതാണ് ഞാൻ പറഞ്ഞത്, വിശ്വാസമെല്ലാം അവനവന്റെ ആവശ്യത്തിനുവേണ്ടി ദുരുപയോഗപ്പെടുത്തുകയാണ്. വിശ്വാസത്തിന്റെ പേരിൽ അക്രമങ്ങൾ കാണിക്കുന്നവർ വിശ്വാസത്തിന്റെ പേരിൽ മുതലക്കണ്ണീർ ഒഴുക്കുന്ന ആളുകൾ യഥാർത്ഥ വിശ്വാസികളല്ല. അവർക്ക് യാതൊരു വിശ്വാസവുമില്ല. അവർക്ക് അവരിൽ മാത്രമാണ് വിശ്വാസമുള്ളത്. അതല്ലാതെ ജനങ്ങളെയും മറ്റൊന്നിനെയും വിശ്വാസമുള്ളവരല്ല. അതുകൊണ്ട് അങ്ങനെയുള്ള മുഖംമൂടികളെ പിച്ചിച്ചീന്തുവാൻ അല്ലെങ്കിൽ അങ്ങനെയുള്ള മുഖംമൂടി അഴിക്കുവാൻ കഴിയുന്ന തരത്തിലുള്ള സമീപനമാണ് ഉണ്ടാകേണ്ടത്. അതുകൊണ്ടാണ് ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം അവിടെ ഒരു ദേവസ്വം വരുന്നതുകൊണ്ടോ അവിടെ ഭരണപരമായ പ്രവർത്തനങ്ങൾ നടക്കുന്നതുകൊണ്ടോ ഞങ്ങൾക്ക് യാതൊരു വിയോജിപ്പുമില്ല. പക്ഷേ, ഇതിൽ ആർ.എസ്.എസ്.ന്റെയും വിശ്വഹിന്ദു പരിഷത്തിന്റെയും അജണ്ട നിങ്ങൾ ഉൾപ്പെടുത്താനായി ശ്രമിച്ചത് വളരെ നിർഭാഗ്യകരമായിപ്പോയി. പ്രത്യേകിച്ച് അത് ശ്രീ. കെ. സി. വേണുഗോപാലിനെപ്പോലുള്ള ഒരു മന്ത്രി ചെയ്യരുതായിരുന്നു. ഇത് കോൺഗ്രസ്സിന്റെ നിലപാടാണോ എന്ന് ബഹുമാനപ്പെട്ട അംഗം വ്യക്തമാക്കണം. രഹസ്യമായിട്ടുള്ള വല്ല ധാരണയും ഉണ്ടായിട്ടുണ്ടോ എന്നു വ്യക്തമാക്കേണ്ട കാര്യമാണ്. എന്തായാലും ഇത് ഒരു ശരിയായ നടപടിയല്ല എന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മി. ചെയർമാൻ (ശ്രീ. ബിനോയ് വിശ്വം)]

ശ്രീ. എം. മുരളി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കൂടൽമാണിക്യം ദേവസ്വം ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നമ്മുടെ ഹൈക്കോടതിയിൽ ഒ.പി. പെന്റിംഗായി വന്നപ്പോൾ അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം സ്വീകരിച്ചുകൊണ്ട് ഗവൺമെന്റ് ഹൈക്കോടതിയിൽ കൊടുത്ത സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ കൊണ്ടുവന്നിരിക്കുന്ന ഒരു നിയമമാണ് ഇത്. ഒരു ചോദ്യത്തിന് പ്രസക്തിയുണ്ട്. കോടതി അത് സ്ട്രക്ക് ഡൗൺ ചെയ്യുന്നതിനുമുമ്പ് ഗുരുവായൂർ ദേവസ്വത്തിന്റെ നിയമത്തിന്റെ കാര്യത്തിൽ ഹൈക്കോടതി ഒരു തീരുമാനമെടുത്ത് വിധി പ്രഖ്യാപിച്ചു എന്നുള്ളതുകൊണ്ട് മാത്രം അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം സ്വീകരിച്ചുകൊണ്ട് ഇത്തരമൊരു നിയമം അഡ്വാൻസായി കൊണ്ടുവരണമായിരുന്നോ എന്നുള്ള ഒരു ചോദ്യമുണ്ട്. എന്തായാലും സത്യവാങ്മൂലം ഗവൺമെന്റ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കൊണ്ടുവന്നിരിക്കുന്ന നിയമമാണ്. ഇത് 1971-ൽ കൊണ്ടുവന്ന ഗുരുവായൂർ ദേവസ്വം നിയമത്തിന്റെ സമാന സ്വഭാവമുള്ളതായതുകൊണ്ട് ഗുരുവായൂർ ദേവസ്വം നിയമം, 1971-ലെ നിയമം, ഹൈക്കോടതി റദ്ദാക്കി. അതിൽ ചില വ്യവസ്ഥകൾ റദ്ദാക്കി എന്നതുകൊണ്ടും അതുപോലെതന്നെയുള്ള ഒരു നിയമ പ്രശ്നം ഇപ്പോഴത്തെ പെന്റിംഗ് ഒ.പി.യിൽ വന്നതുകൊണ്ടുമാണ് ഇത്തരം ഒരു നിയമ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. ദേവസ്വം ഭരണം അത് തിരുവിതാംകൂർ ദേവസ്വത്തിന്റേതാണെങ്കിലും കൊച്ചിൻ ദേവസ്വത്തിന്റേതാണെങ്കിലും ഗുരുവായൂർ ദേവസ്വത്തിന്റേതാണെങ്കിലും 1971-ൽ ഏറ്റവും കൂടുതൽ ആരാധകരുള്ള, ലക്ഷക്കണക്കിന് ആരാധകരുള്ള, വരുമാനമുള്ള, സ്ഥാവര ജംഗമ വസ്തുക്കളുള്ള, സ്വർണ്ണ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള കൂടൽമാണിക്യം ക്ഷേത്രത്തിന്റെ സ്വത്താണെങ്കിലും—കൂടൽമാണിക്യം ബില്ല് 1971-ൽ അങ്ങനെയാണ് വന്നത്—ഒറ്റ ക്ഷേത്രം എന്നുള്ള നിലയിൽ വന്നപ്പോൾ സ്വത്തവകാശം ഉണ്ടായിരുന്ന ആ ക്ഷേത്രത്തിന്റെ സ്വത്ത് മിസ് മാനേജുമെന്റ്കൊണ്ട് അന്യാധീനപ്പെട്ടുപോകുന്നു എന്നു കണ്ടെത്തിയപ്പോൾ പൊതുജന അഭിപ്രായം ഉയർന്നുവന്നു. ഗുരുവായൂർ ദേവസ്വം നിയമത്തിന് സമാനമായ ഒരു ബില്ല് കൊണ്ടുവരാൻ ഗവൺമെന്റ് നിർബന്ധിതമായി. ദേവസ്വത്തിന്റെ സ്വത്ത് കൊള്ളയടിക്കുകയോ ദുരുപയോഗപ്പെടുകയോ നഷ്ടപ്പെടുകയോ ചെയ്യുന്ന ഒരു സാഹചര്യം ഉള്ളതുകൊണ്ടാണ് ഒരു നിയമം കൊണ്ടുവന്നത്. ഹിന്ദു എന്ന നിർവ്വചനത്തിന്റെ തർക്കങ്ങളിലേക്ക് കടക്കുന്നില്ല. അതിന്റെ കാര്യത്തിലൊന്നും ഗവൺമെന്റ് ഒരു പ്രസ്റ്റീജ് നോക്കേണ്ട കാര്യമില്ല. അത് മാനവികത ഉയർത്തിപ്പിടിച്ചുകൊണ്ട് വിശാല വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഒരു കാര്യം ഞാൻ പറയട്ടെ, കോടിക്കണക്കിനു വരുന്ന ഈശ്വരവിശ്വാസികൾ അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

ആത്മസാക്ഷാത്കാരത്തിന്റെയും ആത്മസമർപ്പണത്തിന്റെയും പ്രതിരൂപമായി, പ്രതിബിംബമായി കാണിക്കയർപ്പിക്കുന്ന പണം, അത് കൊള്ളയടിച്ചുപോകുകയോ ദുരുപയോഗപ്പെടുത്തുകയോ ചെയ്യാൻ പാടില്ല എന്നുള്ളത് ജനങ്ങളുടെയും വിശ്വാസിസമൂഹത്തിന്റെയും ഉൽക്കടമായ ഒരു വികാരമാണ്. ഇപ്പോൾ കേരളത്തിലെ ദേവസ്വങ്ങൾ സംശുദ്ധമായിട്ട് കാത്തുസൂക്ഷിക്കുവാനുള്ള ഉത്തരവാദിത്വം നിയമനിർമ്മാണങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ഗവൺമെന്റിനുണ്ടെന്ന് അടിവരയിട്ട് ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. പലപ്പോഴും ദേവസ്വം ഭരണത്തെക്കുറിച്ച് വലിയ ആക്ഷേപങ്ങളാണ്—പെരുമ്പറ കൊട്ടുന്ന ആക്ഷേപങ്ങൾ—ഉയർന്നുവരുന്നത്. അപ്പോൾ കൂടൽമാണിക്യം നിയമത്തെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യുമ്പോൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രവർത്തനമുൾപ്പെടെ, ലക്ഷക്കണക്കിനു രൂപ ആസ്തിയുള്ള സ്ഥാപനങ്ങളും മറ്റു വലിയ സംവിധാനമുള്ള നമ്മുടെ വിശ്വാസികളുടെ വിശ്വാസത്തിന്റെ പ്രതീകമായ ഈ സ്ഥാപനങ്ങൾ സംശുദ്ധമായി മുന്നോട്ടു കൊണ്ടുപോകുവാൻ, അഴിമതിരഹിതമായി അവിടെ ഭരണം മുന്നോട്ടു കൊണ്ടുപോകുവാനുള്ള ഉറപ്പ് ദേവസ്വം നിയമങ്ങളിൽ വരുത്താൻ ഗവൺമെന്റ് മുൻകയ്യെടുക്കണമെന്നുള്ളതാണ് എന്റെ വിനീതമായ അഭ്യർത്ഥന. ഇവിടെ ഈ ബില്ലുതന്നെ, ഗുരുവായൂർ ദേവസ്വം ബില്ലിന്റെ കാര്യത്തിൽ ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വന്ന ഭേദഗതി ഉൾക്കൊണ്ടുകൊണ്ട് സമാന സ്വഭാവത്തിൽ കൊണ്ടുവന്ന നിയമമാണ്. ഞാൻ ഒരു കാര്യം മാത്രം ചൂണ്ടിക്കാണിക്കുന്നു. എന്റെ ഈ ഭേദഗതി അവതരിപ്പിച്ചു കൊണ്ടുള്ള പ്രസംഗത്തിന്റെ കണ്ടന്റ് എന്നു പറയുന്നത് അഴിമതിരഹിതമായ ദേവസ്വം ഭരണം. അത് കൂടൽമാണിക്യത്തിന്റെ കാര്യത്തിൽ മാത്രമല്ല, ഗുരുവായൂർ ദേവസ്വത്തിന്റെ കാര്യത്തിൽ മാത്രമല്ല, കൊച്ചിൻ ദേവസ്വത്തിന്റെ കാര്യത്തിൽ മാത്രമല്ല, ഏറ്റവും കൂടുതൽ ക്ഷേത്രങ്ങളുടെ ഭരണച്ചുമതലയുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കാര്യത്തിലും നിർദ്ദിഷ്ട മലബാർ ദേവസ്വത്തിന്റെ കാര്യത്തിലും....................

മി. ചെയർമാൻ: That point is made very clear.

ശ്രീ. എം. മുരളി: അത് ഉണ്ടാകണമെന്നുള്ളതാണ് എന്റെ അഭിപ്രായം. അതുകൊണ്ടുതന്നെ ഇപ്പോൾ ഈ ഒറ്റ വ്യവസ്ഥ, ആ വ്യവസ്ഥയിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണം. ഇവിടെ ത്രീ ലെയർ സിസ്റ്റമാണ് ഗുരുവായൂർ ദേവസ്വത്തിന്റെ കാര്യത്തിൽ സ്വീകരിച്ചത്. ഹിന്ദു മെമ്പർമാരും ഹിന്ദു മന്ത്രിമാരും നിയമിക്കുന്ന കമ്മിറ്റി ചെയർമാൻ ഉൾപ്പെടെയുള്ള കമ്മിറ്റി. മറ്റൊന്ന് ഭരണപരമായ ചുമതല. അനൗദ്യോഗിക അംഗങ്ങൾ അടങ്ങിയ കമ്മിറ്റിക്ക് ഒപ്പംതന്നെ അത് നിർവ്വഹിക്കുവാനുള്ള അഡ്മിനിസ്ട്രേറ്റർ ഇതിന്റെ അപ്പുറത്ത് ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥൻ ഒരു കമ്മീഷണർ, ഈ ത്രീ ലെയർ

LIBRARY ARCHIVES Kerala Legislative Assembly

സിസ്റ്റമാണ് ഗുരുവായൂർ ദേവസ്വം നിയമത്തിൽ ഉള്ളത്. അതാണ് ഇപ്പോൾ സമാന സ്വഭാവമുള്ള ഈ നിയമത്തിലും കൊണ്ടുവന്നത്. 1971-ലെ ഈ നിയമം അതായിരുന്നു. ഇപ്പോഴും അത് അരക്കിട്ട് ഉറപ്പിക്കുന്ന വ്യവസ്ഥകളാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. എനിക്ക് പറയാനുള്ളത്, ഇപ്പോൾ അതിൽ ദേവസ്വത്തിന്റെ സ്വത്ത് അന്യാധീനപ്പെട്ടുപോകുന്നു, ദുരുപയോഗപ്പെട്ടുപോകുന്നു, നഷ്ടപ്പെട്ടുപോകുന്നു, അത് കൊള്ളയടിക്കുന്നു എന്നു കണ്ടുകൊണ്ട് ഈ ദേവസ്വങ്ങൾ ഏറ്റെടുക്കുവാൻ ഗവൺമെന്റ് തയ്യാറായോ? പല രൂപത്തിലും അത് ഇപ്പോഴും നിലനില്ക്കുന്നു എന്നുള്ളതുകൊണ്ട് അക്കൗണ്ടബിലിറ്റിക്ക് വളരെ പ്രാധാന്യമുണ്ടെന്ന് ഞാൻ കരുതുന്നു. അക്കൗണ്ടബിലിറ്റിക്ക് വലിയ പ്രാധാന്യമുണ്ട്.

ശ്രീ. എ. കെ. ബാലൻ: യഥാർത്ഥത്തിൽ ഒരു ഏകീകൃത ദേവസ്വം നിയമം ആവശ്യമാണ്. പക്ഷേ, ഈ ദേവസ്വത്തിന് നേതൃത്വം കൊടുക്കുന്ന മന്ത്രിമാർക്ക് കാലാവധി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഡോ. അടിയോടി, ശ്രീ. നാണു, ഡോ. നീലലോഹിതദാസൻനാടാർ, ശ്രീ. കാർത്തികേയൻ അവരൊക്കെത്തന്നെ ഒരു ഏകീകൃത ദേവസ്വം നിയമത്തിനുവേണ്ടി നേതൃത്വം കൊടുക്കുവാൻ ശ്രമിച്ചവരാണ്. എന്തുകൊണ്ടാണ് ഇവർക്ക് കാലാവധി പൂർത്തീകരിക്കുവാൻ കഴിയാതെ ഇടയ്ക്കുവച്ച് പിരിഞ്ഞുപോകുവാൻ നിർബന്ധിക്കപ്പെട്ടത്? ഇതിൽ വല്ല ദൈവകോപവുമുണ്ടോ?

ശ്രീ. എം. മുരളി: നമുക്ക് ഈ സഭ പിരിഞ്ഞുകഴിഞ്ഞ് ഒരുമിച്ച് ഇതിനെക്കുറിച്ച് ഒരു ചർച്ച നടത്താം. അതുകൊണ്ട് ഈ നിയമത്തിൽ മാത്രമല്ല, മറ്റ് ദേവസ്വം നിയമങ്ങളിലും ഈ അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്താനുള്ള ഭേദഗതികൾ വരണമെന്നുള്ളതാണ് എന്റെ നിർദ്ദേശം. കമ്മീഷൻ, ഇറിടെ കമ്മിറ്റി ബഡ്ജറ്റ് തയ്യാറാക്കുന്നു. ധനവിനിയോഗം അഡ്മിനിസ്ട്രേറ്റർ നിർവ്വഹിക്കുന്നു. ആഡിറ്ററെ നിയമിക്കുവാനുള്ള ഉത്തരവാദിത്വം ഇവിടെ കമ്മീഷനും കമ്മിറ്റിക്കുമാണ്. പണം ചെലവാക്കുന്നവർതന്നെ ആഡിറ്ററെ തീരുമാനിക്കുന്നത് ദുരുദ്ദേശമാണെന്നു പറയുന്നതിൽ എനിക്ക് അശേഷം മടിയില്ല. അപ്പോൾ കുറ്റമറ്റ ആഡിറ്റ് നടത്താനുള്ള സംവിധാനം ഉണ്ടാകണം. അല്ലാതെ പണം ചെലവഴിക്കുന്ന ഏജൻസിയാകരുത് ആഡിറ്റിംഗ് നിർവ്വഹിക്കുന്നത്. ആഡിറ്റ് പൂർത്തിയായി ക്കഴിഞ്ഞാൽ ആഡിറ്റ് റിപ്പോർട്ട് യഥാർത്ഥത്തിൽ ഭരണപരമായ ചുമതല പൂർണ്ണമായും നിക്ഷിപ്തമാക്കിയിട്ടുള്ള സർക്കാർ ഉദ്യോഗസ്ഥനെ, കമ്മീഷണറെയാണ് റിപ്പോർട്ട് സമർപ്പിക്കുന്നത്. അത് വിരോധാഭാസമാണ്. ഗുരുവായൂർ ദേവസ്വം നിയമത്തിലും ഈ നിർദ്ദിഷ്ട നിയമത്തിലും ഒരു വിരോധാഭാസമായി ഞാൻ കാണുന്നു. ഈ കമ്മീഷണറെ വേണമെങ്കിൽ ഗവൺമെന്റിന്റെ ഭരണപരമായ ചുമതലകൾ ഏല്പിച്ചുകൊണ്ട് ആ ഭരണപരമായ കാര്യങ്ങളുടെ സൂപ്പർവിഷൻ നടത്താൻ, ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നിയമിക്കുന്നതിൽ അപാകതയില്ല. പക്ഷേ, ധനവിനിയോഗം സംബന്ധിച്ച കാര്യത്തിൽ അന്തിമതീരുമാനമെടുക്കുവാൻ ഭരണപരമായ ചുമതലയുള്ള ഈ ധനവിനിയോഗത്തിന്റെ ഉത്തരവാദിത്വമുള്ള കമ്മീഷണറെത്തന്നെ ആഡിറ്റ് റിപ്പോർട്ടുകളിൽ സർചാർജ് ഉൾപ്പെടെയുള്ള അന്തിമനടപടികൾ സ്വീകരിക്കുവാൻ ചുമതലപ്പെടുത്തുന്നത് വിരോധാഭാസമാണ്. നമ്മൾ ഏത് അഴിമതികളെ നിയന്ത്രിക്കുവാനാണോ 1971-ൽ ഈ നിയമങ്ങൾ കൊണ്ടുവന്നത്, ആ നിയമത്തിലെ ഉദ്ദേശലക്ഷ്യങ്ങളുടെ ലംഘനമായിരിക്കും അതെന്ന് ഒറ്റവാക്കിൽ ഞാൻ പറയുകയാണ്. അതുകൊണ്ട് ഈ നിയമത്തിലും ഗുരുവായൂർ ദേവസ്വം നിയമത്തിലും മറ്റ് ദേവസ്വം നിയമങ്ങളിലും കുറ്റമറ്റ ആഡിറ്റ് നടത്താനുള്ള സംവിധാനം എന്ന നിലയിൽ ആ ആഡിറ്റ് റിപ്പോർട്ടുകൾ നമ്മുടെ നിയമസഭയുടെ മുമ്പിൽത്തന്നെ കൊണ്ടുവരണം. നിയമസഭാ കമ്മിറ്റിതന്നെ ആ ആഡിറ്റ് പരിശോധന നടത്താനുമുള്ള സാഹചര്യം ഭാവിയിൽ ഉണ്ടാകണം. അതുകൊണ്ട് കൂടൽമാണിക്യം നിയമത്തിൽ ഈ ഭേദഗതി വരുത്തണമെന്നുള്ള ഒരു നിർദ്ദേശം ഞാൻ ഇവിടെ സമർപ്പിക്കുന്നു.

ശ്രീ. പി. ജയരാജൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2002-ലെ കൂടൽമാണിക്യം ദേവസ്വം ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. എനിക്ക് മുമ്പ് സംസാരിച്ച മാവേലിക്കര അംഗം ഇവിടെ പറഞ്ഞു, ഈ ബിൽ 1978-ലെ ഗുരുവായൂർ ദേവസ്വം നിയമത്തിന് സമാനമാണെന്ന്. അപ്പോൾ ഈ ബില്ലിന്റെ ഉദ്ദേശകാരണങ്ങളിൽ ഒരു കാര്യം പറഞ്ഞിട്ടുണ്ട്. 1971-ൽ പാസ്സാക്കിയിട്ടുള്ള ഗുരുവായൂർ ദേവസ്വം നിയമത്തിന്റെ അവസ്ഥ ഈ നിയമത്തിനും ഉണ്ടാകുമെന്ന് മുൻകൂട്ടി കണ്ടുകൊണ്ടാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത് എന്നാണ് ഉദ്ദേശകാരണത്തിൽ പറഞ്ഞിട്ടുള്ളത്. ഈ ബിൽ സഭയിൽ വന്നപ്പോൾ ആദ്യം സംസാരിച്ച ആളാണ് ഞാൻ. അന്ന് കാര്യങ്ങൾ വിശദമായി പറഞ്ഞു. 1971-ലെ ഗുരുവായൂർ ദേവസ്വം നിയമത്തിന് എതിരായി ഹൈക്കോടതിയിൽ ഒരു പെറ്റീഷൻ വന്നു. 25, 26 വകുപ്പുകൾ ഭരണഘടനയുടെ ലംഘനമാണെന്നു പറഞ്ഞുകൊണ്ട് അതിലെ പ്രസക്തമായ ചില വകുപ്പുകൾ അന്ന് ഹൈക്കോടതി റദ്ദാക്കി. അതിനെ അടിസ്ഥാനപ്പെടുത്തിയാണ് 1978-ലെ ഗുരുവായൂർ ദേവസ്വം നിയമം കൊണ്ടുവന്നത്. ഈ നിയമം 1978-ലെ ഗുരുവായൂർ ദേവസ്വം നിയമത്തിന് സമാനമായിട്ടുള്ളതല്ല എന്നതാണ് ഗൗരവതരമായ പ്രശ്നം. കഴിഞ്ഞ തവണ ഈ ബിൽ കൊണ്ടുവന്നപ്പോൾ ഞാൻ സഭയിൽ പ്രസംഗിച്ചതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ പറഞ്ഞത്, ഒറ്റ വാക്കിനെ സംബന്ധിച്ച് മാത്രമേ തർക്കമുള്ളൂ എന്നാണ്. ആ വാക്ക് പ്രധാനമാണ്. കാരണം, ആ നിയമത്തെ സംബന്ധിച്ചിടത്തോളം അതിലെ ഡെഫനിഷൻ വളരെ പ്രധാനമാണ്. അത് ഇവിടെ പല മെമ്പർമാരും സൂചിപ്പിച്ചതുപോലെ ഹിന്ദുവിന്

LIBRARY ARCHIVES Kerala Legislative Assembly

നിർവ്വചനം കൊടുത്തതാണ് തർക്കത്തിന് ആധാരമായ വിഷയം. ഹിന്ദുവിന് നിർവ്വചനം കൊടുത്തതു സംബന്ധിച്ച് ഹിഡൻ അജണ്ടയുണ്ട് എന്ന് ബഹുമാനപ്പെട്ട അംഗം ശ്രീ. പി. എസ്. സുപാൽ ഇവിടെ പറഞ്ഞു.

മി. ചെയർമാൻ: രണ്ടാം ഊഴത്തിലും അങ്ങ് ഈ വാദംതന്നെ പറയുന്നു.

ശ്രീ. പി. ജയരാജൻ: അന്ന് പറയാത്ത ചില കാര്യങ്ങളാണ് ഞാൻ ഇന്ന് അവതരിപ്പിക്കുന്നത്. സബ്ജക്ട് കമ്മിറ്റി വിശദമായി പരിശോധിച്ചതിനുശേഷം നിങ്ങൾ ഇതിൽ കൊണ്ടുവന്നിട്ടുള്ള മാറ്റങ്ങൾ എന്താണ്? സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലിൽ ഹിന്ദുമതാനുയായി എന്നുള്ളതിനു പകരം ഹിന്ദുമതവിശ്വാസി എന്നാണ് കൊടുത്തിരിക്കുന്നത്. വേറൊരു മാറ്റവും വരുത്തിയിട്ടില്ല. കേരളത്തിലെ ദേവസ്വം നിയന്ത്രണവുമായി ബന്ധപ്പെട്ട് 1926-ൽ ബ്രിട്ടീഷ് ഗവൺമെന്റ് ഉണ്ടായിരുന്ന കാലത്ത് കൊണ്ടുവന്ന മദ്രാസ് നിയമം ഉണ്ടായിരുന്നല്ലോ. ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ ആക്ടുണ്ടായിരുന്നു. പിന്നീട് സ്വതന്ത്ര ഇൻഡ്യയിലെ മദ്രാസ് ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ആക്ട് എന്റെ കയ്യിലുണ്ട്. അതിൽ ഹിന്ദുവിന് നിർവ്വചനം കൊടുത്തിട്ടില്ല. ഭരണഘടനാപരമായി 1971-ലെ ഗുരുവായൂർ ദേവസ്വം നിയമത്തിൽ ചില വാക്കുകൾ ഒഴിവാക്കിയശേഷം കൊണ്ടുവന്നിട്ടുള്ള 1978-ലെ ഗുരുവായൂർ ദേവസ്വം നിയമത്തിലും ഹിന്ദുവിന് നിർവ്വചനം കൊടുത്തിട്ടില്ലല്ലോ. 1978-ലെ നിയമമനുസരിച്ച് ഹിന്ദു മന്ത്രിമാർക്ക് ഗുരുവായൂർ ദേവസ്വം ഭരണസമിതിയെ നോമിനേറ്റ് ചെയ്യാനുള്ള അധികാരം കൊടുത്തപ്പോൾ എൽ. ഡി. എഫിന്റെ മന്ത്രിമാർക്ക് ആ അധികാരമില്ല, കാരണം, അവർ മാർക്സിസ്റ്റ് വിശ്വാസികളാണ്. അതുകൊണ്ട് വിശ്വാസികളടക്കമുള്ള ഭരണസമിതിയെ നോമിനേറ്റ് ചെയ്യുന്നതിന് വിശ്വാസികളല്ലാത്ത ഇവർക്ക് അധികാരമില്ല എന്നു പറഞ്ഞുകൊണ്ട് കോടതിയിൽ ഒരു പെറ്റീഷൻ വന്നല്ലോ. ഹൈക്കോടതി അത് തള്ളിക്കളഞ്ഞു. അതിനെതിരായി വിശ്വഹിന്ദുപരിഷത്തും ആർ.എസ്.എസും സുപ്രീംകോടതിയിൽ പോയി. 2005 ഏപ്രിൽ മാസത്തിലാണ് അതു സംബന്ധിച്ച് ഫൈനലായ സുപ്രീംകോടതിവിധി വന്നത്. അതിൽ ഹിന്ദുവിനെ നിർവ്വചിക്കാൻ ലെജിസ്ലേച്ചറിന് ഉദ്ദേശമുണ്ടായിരുന്നില്ല. ക്ഷേത്രങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് രണ്ടു കാര്യങ്ങളുണ്ട്. ഒന്ന് സ്പിരിച്വൽ മാനേജ്മെന്റ് ആണ്. അത് ആ ക്ഷേത്രത്തിലെ തന്ത്രിയുടെ നേതൃത്വത്തിലാണ് നടത്തേണ്ടത്. അതിൽ ഗവൺമെന്റ് ഇടപെടുന്നില്ല. ഗവൺമെന്റ് ഒരു കാര്യത്തിലേ ഇടപെടുന്നുള്ളൂ. ദേവസ്വം എന്നു പറയുമ്പോൾ ക്ഷേത്രം മാത്രമല്ല ക്ഷേത്രത്തിന്റെ കീഴിലുള്ള സത്രം, സ്കൂളുകൾ, ആശുപത്രികൾ ഇതെല്ലാം വരും. ഇതെല്ലാം അടങ്ങിയിട്ടുള്ള സ്വത്തുക്കൾ കൈകാര്യം ചെയ്യുന്ന പ്രവൃത്തി ഉണ്ട്. അതുകൊണ്ട് സ്പിരിച്വൽ മാനേജുമെന്റുണ്ട്; അതോടൊപ്പംതന്നെ സ്വത്തുക്കൾ കൈകാര്യം ചെയ്യുന്ന മാനേജുമെന്റുണ്ട്. ഇത് സെക്കുലർ ആയ പ്രവൃത്തിയാണ്. സുപ്രീംകോടതി

LIBRARY ARCHIVES Kerala Legislative Assembly

വിധിയുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇതൊന്നും ഉദ്ദേശിച്ചിട്ടുണ്ടാവില്ല. ആരോ അങ്ങയെ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. ഇത് നിങ്ങൾ മനസ്സിലാക്കണം. കാരണം 1971-ലെ ഗുരുവായൂർ ദേവസ്വം നിയമത്തിന് ഉണ്ടായിട്ടുള്ള അവസ്ഥ കൂടൽമാണിക്യ ദേവസ്വത്തിനുണ്ടാകുമെന്നു പ്രതീക്ഷിച്ചുകൊണ്ട് കൊണ്ടു വന്നിരിക്കുന്ന ബില്ലാണിത്. 1978-ലെ നിയമത്തിൽ ഇല്ലാത്ത പുതിയ നിർവ്വചനമാണ് ഈ നിയമത്തിൽ കൊണ്ടുവന്നിട്ടുള്ളത്. അത് വളരെ പ്രധാനമാണ്. ഒരു വാക്കിന്റെ പ്രശ്നം മാത്രമല്ല. സുപ്രീംകോടതി വിധിയും ഹൈക്കോടതി വിധിയും പല കാര്യങ്ങളിലും പൊക്കിപ്പിടിക്കുന്ന നിങ്ങൾ സെക്കുലർ ഗവൺമെന്റിന്റെ ചുമതലയുടെ ഭാഗമായി വിശ്വാസികളടങ്ങുന്ന ആ സ്ഥാപനത്തിന്റെ മാനേജിംഗ് കമ്മിറ്റിയിലേക്ക് നോമിനേറ്റ് ചെയ്യാനുള്ള അധികാരം ഈ ഗവൺമെന്റിലെ മന്ത്രിമാർക്കുണ്ട്. സുപ്രീം കോടതിവിധി പ്രഖ്യാപിച്ചശേഷം ഈ ബില്ലിൽ എന്തിനാണ് ഇങ്ങനെ ഒരു നിർവ്വചനം കൊണ്ടുവന്നിട്ടുള്ളത്?

ശ്രീ. എ. കെ. ബാലൻ: സർ, ശ്രീ. പി. ജയരാജൻ പറഞ്ഞത് വളരെ പ്രസക്തമായ ഒന്നാണ്. ഈ നിയമം പാസ്സായാൽ ഇപ്പോഴുള്ള ഹിന്ദു നിർവ്വചനത്തിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഹിന്ദു അല്ല എന്നുള്ളത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ജയരാജൻ: തീർച്ചയായും. അദ്ദേഹം ഒരു ക്ഷേത്രത്തിലും ആരാധിക്കാൻ പോയിട്ടില്ലല്ലോ. അദ്ദേഹത്തിന് ദൈവവിശ്വാസം ഉണ്ടായിരുന്നില്ല. കഴിഞ്ഞ തവണ ഞാൻ പറഞ്ഞ ഒരു കാര്യമുണ്ട്. ഞാൻ ഇവിടെ ആവർത്തിക്കുന്നില്ല. വിശ്വാസികൾ ഉൾപ്പെടെയുള്ള ഭരണഘടനാ നിർമ്മാണ അസംബ്ലിയിൽ എന്തിനാണ് നിങ്ങൾ ഇങ്ങനെ ഒരു നിലപാട് എടുത്തിട്ടുള്ളത്? ഡെഫനിഷൻ വളരെ പ്രധാനപ്പെട്ടതാണ്. ഈ നിയമത്തിന്റെ ഡെഫനിഷൻ സംബന്ധിച്ചുള്ള സുപ്രീംകോടതിയുടെ വിധിയുണ്ട്. Once an expression is defined in the Act that expression wherever it occurs in the Act, Rules or Notifications issued thereunder should be understood in the same sense. നിയമത്തിൽ നിർവ്വചനം കൊടുത്തുകഴിഞ്ഞാൽ അത് ചട്ടങ്ങൾക്ക് ബാധകമാണ്. നോട്ടിഫിക്കേഷൻ ബാധകമാവും. നിർവ്വചനം പുതിയതായി കൊണ്ടുവരികയാണ്. 1978-ലെ ഗുരുവായൂർ ദേവസ്വം നിയമത്തിൽ ഇല്ലാത്ത നിർവ്വചനം ....

മി. ചെയർമാൻ: ശ്രീ. ജയരാജൻ, ഡെഫനിഷന്റെ കാര്യം നേരത്തെ പറഞ്ഞല്ലോ.

ശ്രീ. പി. ജയരാജൻ: ഡെഫനിഷനെ സംബന്ധിച്ചിടത്തോളം ഞാൻ പറഞ്ഞല്ലോ.

മി. ചെയർമാൻ: ഡെഫനിഷന്റെ ആപത്ത് ഇവിടെ പറഞ്ഞു. ഇനി പുതിയ പോയിന്റിലേക്ക് വരാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ: അങ്ങനെ അല്ലേ? ലെജിസ്ലേച്ചർ ഡെഫനിഷൻ നൽകുന്ന അവസരത്തിൽ അതിന്റെ ആഘാതങ്ങളെപ്പറ്റിയാണ് ഞാൻ പറയുന്നത്. ഹൈക്കോടതി വേറൊരു കാര്യം പറയുന്നത്, Legislature while defining a word or a term is fully competent even to assign an artificial meaning to the word. എന്നിട്ട് പറഞ്ഞു, it can also restrict the meaning of a word by defining it in that manner. Generally when the definition of a word begins with means ....എന്നാണ്. ഇത് വളരെ പ്രധാനമാണ്. ഞാൻ കഴിഞ്ഞ തവണ പറയാത്ത കാര്യങ്ങൾ മാത്രമാണ് പറയുന്നത്.

മി. ചെയർമാൻ: Be precise.

ശ്രീ. പി. ജയരാജൻ: ഞാൻ ബില്ലിന്റെ പരിധിയിൽ നിന്നുകൊണ്ടാണ് സംസാരിക്കുന്നത്. ബഹുമാനപ്പെട്ട ചെയർ ഇങ്ങനെ ഇടപെടുന്നത് ശരിയല്ല. It is indicative of the fact that meaning of the word has been restricted. It is to say it would not mean anythingelse but what has been indicated in the definition itself. There can also extensive definitions when the definition start with includes എന്നു പറയുമ്പോൾ ഇവിടെ Hindu means എന്നാണ് തുടങ്ങുന്നത്. അതിന് നിയന്ത്രിതമായിട്ടുള്ള അർത്ഥം മാത്രമേയുള്ളു. ശുഷ്കമായിട്ടുള്ള ഒരു കാര്യമാണെന്നാണ് സുപ്രീം കോടതിതന്നെ പറഞ്ഞിട്ടുള്ളത്. അതേസമയം ഹിന്ദുവിന്റെ അർത്ഥം ഇന്നത് ആണ്. എന്താകണം എന്നുള്ളത് അത് ക്ഷേത്രാരാധനയിൽ വിശ്വസിക്കുന്നവരാകണം, ദൈവവിശ്വാസി ആകണം, ഹിന്ദു മതത്തിന്റെ വിവിധ വിഭാഗങ്ങളിൽപ്പെട്ട ആളാവണം—ഹിന്ദുവിന്റെ അർത്ഥം അതാണ് പറയുന്നത്. റെസ്ട്രിക്ടഡ് മീനിങ്ങോടുകൂടിയാണ്. Hindu includes എന്നാണെങ്കിൽ ആ ഡെഫനിഷൻ കുറച്ചുകൂടി വിപുലമായിട്ട് അർത്ഥമുള്ളതാണ്. Hindu includes എന്നു പറഞ്ഞാണ് ചേർക്കുന്നതെങ്കിൽ സ്വാഭാവികമായിട്ടും ഞങ്ങളെപ്പോലുള്ള ആളുകളൊക്കെ ഹിന്ദുക്കളാകും. ഈ ബില്ല് അവതരിപ്പിക്കുന്ന സമയത്ത് ഞാൻ പറഞ്ഞു, ബ്രഹ്മാനന്ദസ്വാമി ശിവയോഗി ഹിന്ദു അല്ല എന്ന് പറയേണ്ടിവരും, നിങ്ങളുടെ ഡെഫനിഷൻ പ്രകാരം. വാഗ്ഭടാനന്ദൻ വിഗ്രഹാരാധനയിൽ വിശ്വസിക്കാത്ത ആളാണ്. അദ്ദേഹം ഹിന്ദുവല്ല എന്ന് വ്യാഖ്യാനിക്കേണ്ടിവരും. ശ്രീനാരായണഗുരുവും വാഗ്ഭടാനന്ദനും തമ്മിൽ ഒരു സംഭാഷണമുണ്ട്. ആ സംഭാഷണശകലം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശ്രീനാരായണ ഗുരു ഒരു ക്ഷേത്രപ്രതിഷ്ഠ നടത്തിയിട്ട് കുറേ കഴിഞ്ഞപ്പോൾ നിങ്ങൾ ഈ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെ ക്ഷേത്രങ്ങൾ പ്രതിഷ്ഠ നടത്തുന്നത് ശരിയാണോ എന്ന് വാഗ്ഭടാനന്ദൻ ശ്രീനാരായണഗുരുവിനോട് ചോദിച്ചു. അദ്ദേഹത്തിന്റെ അദ്വൈതവാദത്തെ പൊക്കിപ്പിടിച്ചുകൊണ്ടാണ് ചോദിച്ചത്. അപ്പോൾ ശ്രീനാരായണഗുരു പറഞ്ഞു, ശരിയാണ് പക്ഷേ, ആളുകൾ അങ്ങനെ വിശ്വസിക്കുന്നു. ക്ഷേത്രത്തിൽ വിശ്വസിക്കുന്നു എന്നുള്ളതാണ്. അപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അദ്വൈതവാദങ്ങൾ തെറ്റല്ല, ആളുകൾ സ്വാഭാവികമായിട്ടും ക്ഷേത്രത്തിലും ക്ഷേത്ര ആരാധനയിലും വിശ്വസിക്കാത്തവരുണ്ട്. നിങ്ങളുടെ നിർവ്വചനപ്രകാരം അവരൊന്നും ഹിന്ദുവിന്റെ പരിഗണനയിൽ വരില്ല, Hindu means എന്നു ചേർക്കുന്നതുകൊണ്ട്. നേരെ മറിച്ച് Hindu includes എന്നു ചേർക്കുന്നുവെങ്കിൽ നിരീശ്വരവാദികൾ അടക്കമുള്ള ആളുകൾ ഹിന്ദു നിർവ്വചനത്തിൽ വരും. അതേസമയം ക്ഷേത്രവിശ്വാസികളും വരും. ബഹുമാനപ്പെട്ട മന്ത്രി അങ്ങിവിടെ മറുപടി പറഞ്ഞു, വിശ്വാസികൾ ക്ഷേത്രം ഭരിക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ താൽപ്പര്യം. ഞാൻ അംഗീകരിക്കുന്നു. ഇവിടെ ശ്രീ. സുപാൽ പറഞ്ഞു, വിശ്വാസികളെല്ലാം സത്യസന്ധൻമാരാകണമെന്നില്ല. വിശ്വാസികളിൽ കള്ളൻമാരുണ്ടാകും. ഇപ്പോൾ മലബാറിലെ ഏറ്റവും പ്രധാനപ്പെട്ട ക്ഷേത്രമാണ് പറശ്ശിനിക്കടവ് മുത്തപ്പൻ. ഇവിടെ ശ്രീ. എ.കെ. ബാലൻ ചോദിച്ചു, മൽസ്യം കഴിക്കുന്ന ദൈവങ്ങളും ഇല്ലേയെന്ന്; സസ്യഭുക്കായിട്ടുള്ള ദൈവങ്ങളും ഉണ്ട്. അതിൽ പറശ്ശിനിക്കടവ് മുത്തപ്പൻ ഉണക്കമീൻ കഴിക്കും. മുത്തപ്പൻ കള്ളും കുടിക്കും. വിദേശമദ്യവും കഴിക്കും. അതാണ് മുത്തപ്പന്റെ പ്രത്യേകത. അതും ദൈവത്തിൽപ്പെട്ടതാണ്. ആ മുത്തപ്പക്ഷേത്രവും ഇതിൽ വരുന്നതാണ്. ഇവിടെ ഇതിന്റെ പരിഗണനയിൽ വരുന്ന അവസരത്തിൽ സ്വാഭാവികമായിട്ടും ഈ പറയുന്ന നിർവ്വചനം ഒരു മതനിരപേക്ഷ ഗവൺമെന്റ് ഭരിക്കലും കൊണ്ടുവരേണ്ട നിർവ്വചനമല്ല ഇവിടെ കൊടുത്തിട്ടുള്ളത്. ഇതിൽ ഒരപകടം എന്താണ്? ഇപ്പോൾ നിർവ്വചനത്തിൽ ഇത് ചേർത്തുകഴിഞ്ഞാൽ സ്വാഭാവികമായിട്ടും നോമിനേറ്റ് ചെയ്യേണ്ട മന്ത്രി വിശ്വാസി ആയിരിക്കേണ്ടേ; മന്ത്രി ശ്രദ്ധിക്കുന്നുണ്ടാകുമല്ലോ? ....(ബഹളം) പറയുന്നത് വളരെ പ്രസക്തമായിട്ടുള്ള ഭാഗമായതുകൊണ്ടാണ് പറയുന്നത്. വിശ്വാസികൾ ക്ഷേത്രഭരണം നടത്തണമെന്നുള്ളതാണ്. അതിനോട് ഞങ്ങൾ യോജിക്കുന്നു. പക്ഷേ, ക്ഷേത്രത്തിൽ ഭരണം നടത്തുന്ന കമ്മിറ്റിയെ നിയോഗിക്കുന്ന മന്ത്രിയും വിശ്വാസിയായിരിക്കണമെന്നുള്ളത് യു.ഡി.എഫ്. ഗവൺമെന്റിന്റെ നയമാണോ? അങ്ങനെ വരുമ്പോൾ നേരത്തെയുള്ള നിയമത്തിലൊന്നും ഇങ്ങനെയുള്ള അവസ്ഥ ഇല്ലല്ലോ? മദ്രാസ് ഗവൺമെന്റ് നേരത്തെ പാസ്സാക്കിയ ആക്ടിനകത്ത് ഗവൺമെന്റ് എന്നുമാത്രമല്ല ഫോർട്ട് ജോർജ് ഗസറ്റിൽ, അത് ക്രിസ്ത്യാനിയുടെ പേരിലുള്ള ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതനുസരിച്ചാണ് അന്നത്തെ ദേവസ്വം കമ്മിറ്റിയിൽ ആളുകളെ നോമിനേറ്റ് ചെയ്തിരുന്നത്. ഇപ്പോൾ മതനിരപേക്ഷമായിട്ടുള്ള ഒരു ഭരണഘടനയുടെ കീഴിൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിൽ വരുന്ന മന്ത്രിമാർ വേറൊരു സത്യപ്രതിജ്ഞ ചെയ്യണം. കൂടൽമാണിക്യം കമ്മിറ്റിയിൽ അംഗമാകുന്ന ആളുകൾ ഒരു സത്യപ്രതിജ്ഞ ചെയ്യണം. അവർക്ക് ക്ഷേത്ര ആരാധനയിൽ വിശ്വാസം ഉണ്ടാകണം. ഹിന്ദുവിന്റെ ഏതെങ്കിലും മത വിഭാഗത്തിൽപ്പെട്ട ദൈവവിശ്വാസിയാകണമെന്നൊക്കെ ഇതിൽ പറഞ്ഞിട്ടുണ്ട്.

അതിനപ്പുറം അത്തരം ആളുകളെ ഭരണസമിതിയിലേക്ക് നോമിനേറ്റ് ചെയ്യുന്ന മന്ത്രിക്കും അങ്ങനെ ഒരു യോഗ്യത വയ്ക്കുന്ന അവസ്ഥയാണ്, ഈ നിർവ്വചനം ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായിട്ട് ഉണ്ടാകാൻപോകുന്നത്.

ശ്രീ. സി. കെ. നാണു: ഹിന്ദു എന്നു പറയുന്നത്, നമ്മൾ ചർച്ച ചെയ്യുന്നത് ഒരു പ്രധാനപ്പെട്ട വിഷയമാണ്. രാജ്യത്ത് എത്രയോ കാലമായിട്ട് അടിച്ചമർത്തപ്പെട്ട ആളുകൾ—തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ—ഇത്തരത്തിലുള്ള വിഭാഗങ്ങൾ നടത്തിയ പോരാട്ടത്തിന്റെ ഫലമായിട്ട് പഴയകാലത്തെ ഹിന്ദുവല്ല. ഹിന്ദുമതത്തിന് ഇന്ന് അടിസ്ഥാനപരമായി ഏതിനെല്ലാമാണ്; മഹാത്മാഗാന്ധിയെ നമുക്ക് ഹിന്ദുവെന്ന് വിളിക്കാൻ സാധിക്കുക? പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ നമുക്ക് ഏത് രൂപത്തിലാണ് വിളിക്കാൻ സാധിക്കുക? അത്തരത്തിൽ ദീർഘിച്ച വർഷങ്ങൾ അടിച്ചമർത്തപ്പെട്ടവർ സമരം നടത്തിയിട്ട് ഹിന്ദുമതത്തിന് കാലോചിതമായ ഒരു വ്യാഖ്യാനം ഇവിടെ വന്നിട്ടുണ്ട്. ഇതിനെതിരായിട്ടാണ് എൽ.ഡി.എഫ്. ഭരണകാലത്ത് ഗുരുവായൂർ ക്ഷേത്രസമിതിയിലെ അംഗങ്ങളെ തെരഞ്ഞെടുക്കപ്പെട്ട അവസരത്തിൽ അതിനെതിരായിട്ട് കേസ് പോയപ്പോൾ സുപ്രീം കോടതിയിൽവരെ കേസ് പോയിട്ട് ആ കേസിന്റെ വിധി വന്നു. അതിനുശേഷം നമ്മൾ കുറേ ആളുകൾ ഭരണാധികാരികളും എം.എൽ.എ.മാരും ആയിപ്പോയി. നമുക്ക് ഭൂരിപക്ഷം ഉണ്ടെന്നുള്ളതിന്റെ പേരിൽ എത്രയോ വർഷങ്ങൾ സമരം നടത്തിയിട്ട്, ഒരു സ്ഥലത്തും ഇതുപോലൊരു അർത്ഥം ഉണ്ടായിട്ടില്ല. അതിനെ തകർക്കാൻ നമ്മൾ ശ്രമിക്കുകയാണോ?

മി. ചെയർമാൻ: ശ്രീ. പി. ജയരാജൻ, അങ്ങയുടെ പോയിന്റ് വളരെ സ്ട്രോംഗായിട്ട് ഉന്നയിച്ചുകഴിഞ്ഞു. മന്ത്രി അത് ശ്രദ്ധിച്ചുകാണും. ഇനിയും തീർക്കാൻ ഒത്തിരി ബില്ലുകൾ ഉള്ളതുകൊണ്ട് മാക്സിമം സഹകരിക്കുക.

ശ്രീ. പി. ജയരാജൻ: ബഹുമാനപ്പെട്ട സി. കെ. നാണു പറഞ്ഞിട്ടുള്ളത് വളരെ പ്രസക്തമായിട്ടുള്ള കാര്യമാണ്. കാരണം, 1978-ലെ നിയമംതന്നെ ഹൈക്കോടതിയുടെ ഇടപെടലിന്റെ അടിസ്ഥാനത്തിലാണ് വന്നത്. 1971-ലെ ഗുരുവായൂർ ദേവസ്വം നിയമത്തിൽ ഉണ്ടായ അവസ്ഥ കൂടൽമാണിക്യം ദേവസ്വം നിയമത്തിൽ ഉണ്ടാകും എന്നു പറഞ്ഞിട്ട് ഒരു ബില്ല് കൊണ്ടുവരുന്ന അവസരത്തിൽ 1978-ലെ നിയമത്തിന് എതിരായിട്ട് സുപ്രീം കോടതിവരെ പോയിട്ട് ആർ.എസ്.എസ്.കാരുടെ വാദം പൊളിഞ്ഞെങ്കിൽ ആ വാദം അംഗീകരിച്ചില്ല സുപ്രീംകോടതി. ആർ. എസ്. എസ്. കാർ സുപ്രീംകോടതിയിൽ കൊടുത്തിട്ടുള്ള അഫിഡവിറ്റിലെ വാദം എന്തിനാണ് ഈ പുതിയ ബില്ലിൽ നിർദ്ദേശമായിട്ട് കൊണ്ടുവരുന്നത്. എന്തിനാണ് ബില്ലിൽ നിർവ്വചനമായിട്ട് ഉൾപ്പെടുത്തിയിട്ടുള്ളത്? ഇത് വളരെ പ്രസക്തമായിട്ടുള്ള കാര്യമാണ്. അങ്ങനെ ചെറിയ എതിർപ്പുകൊണ്ട് അവസാനിപ്പിക്കാൻ പറ്റുന്ന കാര്യമല്ല ഇത്. വളരെ പ്രധാനപ്പെട്ട കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

കാരണം, ഈ സഭയെത്തന്നെ തെറ്റിദ്ധരിപ്പിക്കുന്ന നിലയ്ക്കാണ് ഗവൺമെന്റ് ഒരു ബില്ല് കൊണ്ടുവന്നിട്ടുള്ളത്. ഗവൺമെന്റ് പറയുന്നത് എന്താണ്? 1971-ലെ ഗുരുവായൂർ ദേവസ്വം നിയമത്തിന്റെ അവസ്ഥ കൂടൽമാണിക്യം നിയമത്തിനും ഉണ്ടാകും. അതുകൊണ്ടാണ് ഞങ്ങൾ ഈ ബില്ല് കൊണ്ടുവരുന്നത് എന്നു പറഞ്ഞിട്ട് 1971-ലെ ഗുരുവായൂർ ദേവസ്വം നിയമത്തിനു പകരം കൊണ്ടുവന്നിട്ടുള്ള നിയമത്തെ പ്പോലെയല്ല ഈ നിയമം. 1978-ലെ ഗുരുവായൂർ ദേവസ്വം നിയമത്തിന്റെ കോപ്പി എന്റെ കൈയിലുണ്ട്. ആ നിയമത്തിൽ ഇല്ലാത്ത ഒരു നിർവ്വചനം എന്തിനാണ് ഇതിനകത്ത് ഉൾപ്പെടുത്തിയത്? മന്ത്രി പറയുന്നത് ഒരു വാക്കിന്റെ തർക്കം മാത്രമേയുള്ളൂ എന്നാണ്. ഒരു വാക്കിന്റെ കാര്യത്തിൽ മാത്രമല്ല മതനിരപേക്ഷത അംഗീകരിക്കുന്ന ഒരു ഗവൺമെന്റിന് ഒരിക്കലും ഭൂഷണമല്ലാത്ത ഒരു കാര്യമാണ് ഈ നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അത് പിൻവലിക്കണമെന്നുള്ളതാണ് എനിക്ക് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. തോമസ് ഉണ്ണിയാടൻ: ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രം നൂറ്റാണ്ടുകൾ പഴക്കമുള്ള പുരാതന ക്ഷേത്രമാണ്. വളരെയധികം വസ്തുക്കളും ദാനസ്വത്തുക്കളുമൊക്കെ പരമ്പരാഗതമായി കിട്ടിയിരിക്കുന്ന ക്ഷേത്രമാണ്. ആ ക്ഷേത്രത്തിന് പതിനൊന്നോളം കീഴേടം ക്ഷേത്രങ്ങളുമൊക്കെയുണ്ട്. ഇരിങ്ങാലക്കുടയിൽ മാത്രമല്ല മറ്റ് നിരവധി പ്രദേശങ്ങളിൽ, എറണാകുളം, പറവൂർ, തൃശൂർ, പാലക്കാട് ഒക്കെ ഇതിന്റെ കീഴേടം ക്ഷേത്രങ്ങളുണ്ട്. നിരവധി സ്വത്തുക്കളും ക്ഷേത്രങ്ങളുമൊക്കെയുള്ള ക്ഷേത്രത്തിന്റെ ഭരണം ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകുക എന്നുള്ളതാണ് ഗവൺമെന്റിന്റെ ഉദ്ദേശമെന്ന് വ്യക്തമാക്കപ്പെട്ടിരിക്കുകയാണ്. അങ്ങനെയൊരു സാഹചര്യം ഉണ്ടായില്ലെങ്കിൽ, ഗുരുവായൂർ ദേവസ്വം ആക്ടിന് സംഭവിച്ചതുപോലെ ഒരവസ്ഥ ഇതിനും ഉണ്ടാകാതിരിക്കാൻവേണ്ടി വളരെ മുൻകരുതലോടുകൂടി മുൻകൂട്ടി കണ്ടുകൊണ്ടാണ്, ഒരു സ്തംഭനാവസ്ഥ ഉണ്ടാകാതിരിക്കാൻവേണ്ടി ഗവൺമെന്റ് ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുള്ളത്. അതിന് ഗവൺമെന്റിനെ പ്രത്യേകമായി അനുമോദിക്കുന്നു. ഇവിടെ പറഞ്ഞ ഹിന്ദു എന്നുള്ള വാക്കിനെ സംബന്ധിച്ചിടത്തോളം ഹിന്ദു എന്നു പറയുന്നത് ഒരു സംസ്കാരമാണ്. ഹിംസയെ എതിർക്കുന്ന ആളുകളെല്ലാം ഹിന്ദു സംസ്കാരമുള്ള ആളുകൾ. അപ്പോൾ എല്ലാവരും ഹിന്ദുക്കളാണ്. പേരുകൊണ്ട് തോമസ് ഉണ്ണിയാടൻ ആയാലും, ബഹുമാനപ്പെട്ട പി. സി. ജോർജ് ആയാലും, ജയരാജൻ ആയാലും മുനീർ ആയാലും എല്ലാവരും ഈ പറഞ്ഞ രീതിയിൽ ഹിന്ദു എന്നുള്ള സംസ്കാരത്തിന്റെ നിർവ്വചനത്തിൽ കൂടൽമാണിക്യം ക്ഷേത്രത്തിനുവേണ്ടി ഉണ്ടാക്കപ്പെട്ടിട്ടുള്ള നിയമത്തിൽ നിർവ്വചിക്കപ്പെട്ടിരിക്കുന്ന ഹിന്ദുക്കളാണ്. ക്ഷേത്രാരാധനയിൽ വിശ്വാസമുള്ള ആളുകളെ അവിടെ ആക്കിയത് ക്ഷേത്രത്തിന്റെ ദൈനംദിന കാര്യങ്ങൾ ചെയ്യാൻ, പുഷ്പാർച്ചനയുടെ കാര്യത്തിലായാലും എണ്ണ,

LIBRARY ARCHIVES Kerala Legislative Assembly

നെയ്യ്, പാലഭിഷേകം തുടങ്ങിയ ദൈനംദിന കാര്യങ്ങൾക്ക് നേതൃത്വം കൊടുക്കാൻ വേണ്ടിയാണ് ഭരണസമിതി ഹൈന്ദവ വിശ്വാസപ്രകാരം ക്ഷേത്രാരാധനയിൽ വിശ്വാസമുള്ള ആളുകൾ കൈകാര്യം ചെയ്യട്ടെ. ഇക്കാര്യങ്ങൾക്കുവേണ്ടി ഇതു കൊണ്ടുവന്ന ഗവൺമെന്റിനെ അനുമോദിക്കുന്നതോടൊപ്പം ഇരിങ്ങാലക്കുട ക്ഷേത്രവുമായി ബന്ധപ്പെട്ട് ഒരുപാട് കാര്യങ്ങൾ ഇനിയും ചെയ്യേണ്ടതായുണ്ട്. അതിനാവശ്യമായ ചർച്ചയും മറ്റ് കാര്യങ്ങളും ചെയ്യാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*: കൂടൽമാണിക്യം ക്ഷേത്രവുമായി ബന്ധപ്പെട്ട ബില്ലിന്റെ ചർച്ചയിൽ ഉയർന്നുവന്നിരിക്കുന്ന നിർദ്ദേശങ്ങൾ ഗവൺമെന്റ് വളരെ പോസിറ്റീവായാണ് കാണുന്നത്. അതിൽ ഗവൺമെന്റ് ഉദ്ദേശിക്കാത്ത കാര്യങ്ങൾ ഗവൺമെന്റിൽ ആരോപിച്ചിട്ട് വേറെ ചില ശക്തികളെ ശക്തിപ്പെടുത്തുക എന്നുള്ളതാണ് നിങ്ങൾ പണ്ടുമുതൽ ചെയ്തുകൊണ്ടിരിക്കുന്ന കാര്യം. ബേസിക് ആയി ഒരു ചോദ്യമേ ഉള്ളു. ക്ഷേത്രാരാധനയിൽ വിശ്വസിക്കുന്ന ആൾ .... ഇത് വിശ്വഹിന്ദു പരിഷത്തിന്റെ മാത്രം കുത്തകയാണോ? ഈ ചോദ്യത്തിന് ഉത്തരം ബഹുമാനപ്പെട്ട ജയരാജൻ പറഞ്ഞാൽ കൊള്ളാം. ക്ഷേത്രത്തിൽ പോകുകയും പ്രാർത്ഥിക്കുകയും ക്ഷേത്ര വിശ്വാസിയാണ് ഞാൻ എന്ന് പറയുകയും ചെയ്യുന്ന ആൾ അത് വിശ്വഹിന്ദു പരിഷത്തിന്റെയും ആർ.എസ്.എസ്. ന്റെയുമാണെന്ന് ഈ ഗവൺമെന്റ് വിശ്വസിക്കുന്നില്ല. ക്ഷേത്രങ്ങളിൽ പോയി വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്യുന്നവർ ലക്ഷക്കണക്കിനുണ്ട്, കോടിക്കണക്കിനുണ്ട്. അവരുടെ താൽപ്പര്യം സംരക്ഷിക്കാനും..............വിശ്വഹിന്ദു പരിഷത്തിന്റെ വാദങ്ങൾ നിങ്ങൾ ഏറ്റുപിടിക്കുന്നു എന്നു പറഞ്ഞാൽ ഗവൺമെന്റ് ഭയക്കുന്ന പ്രശ്നമില്ല. ഈ കാര്യത്തിൽ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം............ആർ.എസ്.എസ്. ന്റെ അജൻഡ ഇതൊക്കെ എല്ലാ ദിവസവും നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യമാണ്. ആർ.എസ്.എസ്. ഉം ബി.ജെ.പി.യുമാണ് ഈ ഗവൺമെന്റിനെ ഏറ്റവും കൂടുതൽ എതിർക്കുന്നത്. നിങ്ങൾ അത് മനസ്സിലാക്കാത്തതുകൊണ്ടാണ്. എന്ത് കാര്യം ചെയ്താലും ഗവൺമെന്റ് ചെയ്യുന്ന കാര്യമെല്ലാം എതിർക്കുന്ന കൂട്ടത്തിലാണ് ആർ.എസ്.എസ്. ഉം ബി.ജെ.പി. യും എന്നുവച്ച് വിശ്വാസികളെല്ലാം, ക്ഷേത്രാരാധനയിൽ വിശ്വസിക്കുന്ന ആളുകൾ, ക്ഷേത്രവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആളുകളിൽ വിശ്വഹിന്ദു പരിഷത്ത് മാത്രമേ ഇക്കൂട്ടത്തിലുള്ളോ? ഞാൻ ഇവിടെ ഉന്നയിച്ച കാര്യത്തെപ്പറ്റിയാണ് പറഞ്ഞത്. നിങ്ങൾ പറഞ്ഞത് അവരുടെ അജൻഡ ആണെന്നാണ്. അതേപ്പറ്റിയാണ് ഞാൻ പറഞ്ഞത്. അങ്ങനെയൊന്നും ധരിക്കേണ്ടതില്ല. ഹൈന്ദവ വിശ്വാസം എന്നു പറഞ്ഞാൽ, ക്ഷേത്ര വിശ്വാസം എന്നു പറഞ്ഞാൽ, അത് ആരുടേയും കുത്തകയൊന്നുമല്ല. എല്ലാ വിഭാഗം ആളുകൾക്കും

GPM. 2/587/2012.—30

LIBRARY ARCHIVES Kerala Legislative Assembly

ഒരുപോലെതന്നെയാണ് എന്ന കാര്യത്തിൽ സംശയമില്ല. ഗവൺമെന്റിന് ഇതിൽ ഒരു ഹിഡൻ അജൻഡയുടെയും കാര്യമില്ല. വോട്ടിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നത് എന്നു പറഞ്ഞു. നമുക്കറിയാം, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്നതാണ്. ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞു, ഗുരുവായൂർ ബില്ലിന്റെ കാര്യത്തിൽ ഉണ്ടായ അനുഭവം ഉണ്ടാകാതിരിക്കാൻവേണ്ടി ഹൈക്കോടതിയിൽ നമ്മൾ കൊടുത്ത അഫിഡവിറ്റിന്റെ അടിസ്ഥാനത്തിൽ ഗുരുവായൂർ ബില്ലുമായി തത്ത്വത്തിൽ അംഗീകരിക്കപ്പെടുന്ന ഒരു ബിൽ, ഗുരുവായൂർ ബില്ലിന്റെ മോഡലിൽ ഒരു ബിൽ കൂടൽമാണിക്യം ക്ഷേത്രത്തിനും പതിനൊന്നോളം കീഴേടം ക്ഷേത്രങ്ങൾക്കുംകൂടി ഉണ്ടാക്കാൻവേണ്ടിയാണ് ഇതു കൊണ്ടുവന്നിരിക്കുന്നത്. ഭരതമുനിയുടെ പ്രതിഷ്ഠയുള്ള ഏക ക്ഷേത്രമാണ്. അതുപോലെ കൂടൽമാണിക്യം ക്ഷേത്രം, ശത്രുഘ്നൻ ക്ഷേത്രം ഇതൊക്കെയുണ്ട്. നാല് ക്ഷേത്രങ്ങളിലും ഒന്നിച്ചുപോയി പ്രാർത്ഥിച്ചാൽ വളരെ നല്ല കാര്യമാണ്. ഇരിങ്ങാലക്കുട ക്ഷേത്രം ഒന്നേയുള്ളു എങ്കിലും കീഴേടം ക്ഷേത്രങ്ങളുണ്ട്. വിശ്വാസലോകത്ത് വളരെ പ്രാധാന്യമുള്ള ക്ഷേത്രങ്ങളിലൊന്നാണ്. ആ ക്ഷേത്രത്തിന് പ്രത്യേകമായി ഒരു ദേവസ്വം ബോർഡ് ഉണ്ടാക്കണം എന്ന് നമ്മൾ ഹൈക്കോടതിയിൽ അഫിഡവിറ്റ് കൊടുത്തതനുസരിച്ച് ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നിയമനിർമ്മാണം നടത്തേണ്ടിവന്നത്. അതിനുവേണ്ടിയുള്ള കാര്യങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഗവൺമെന്റിന് വേറൊരു ലക്ഷ്യവും ഉണ്ടായിട്ടില്ല. കോടതി ഉത്തരവിന്റെ വെളിച്ചത്തിലാണ് ഇത് കൊണ്ടുവന്നിരിക്കുന്നത്. ആശങ്കകളുണ്ടാക്കി മുന്നോട്ടുപോകാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. ആരെയെങ്കിലും ഒഴിവാക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. ക്ഷേത്രം പരിചരിക്കാനും ക്ഷേത്രം നടത്തുന്നതിനുമായി ബന്ധപ്പെട്ട ആളുകൾ വിശ്വാസികളായിരിക്കണം. ക്ഷേത്രത്തിന്റെ നടത്തിപ്പ് വിശ്വാസികളല്ലാത്തവരെ ഏൽപ്പിച്ചുകഴിഞ്ഞാൽ അത് ശരിയാകില്ല. വിശ്വാസമുള്ളവരുടെ ഭാഗത്ത് തെറ്റുണ്ടെങ്കിൽ അത് പരിശോധിക്കാൻ നമുക്ക് സംവിധാനമുണ്ട്. എല്ലാവരും നൂറ് ശതമാനവും ശരിയാണെന്നു പറയുന്നില്ല. അവരുടെ ഭാഗത്തുനിന്ന് കുഴപ്പമുണ്ടെങ്കിൽ അത് പരിശോധിക്കാം.

ശ്രീ. പി. ജയരാജൻ: അങ്ങയുടെ വാദത്തോട് ഞാൻ യോജിക്കുകയാണ്. ക്ഷേത്രഭരണം വിശ്വാസികൾ നടത്തണം. കൂടൽമാണിക്യം ക്ഷേത്രഭരണം നടത്തുന്ന കമ്മിറ്റിയംഗങ്ങൾ ഓരോരുത്തരും ഹിന്ദുമത വിശ്വാസിയാണെന്നും ക്ഷേത്രാരാധനയിൽ വിശ്വസിക്കുന്നു എന്നും തൊട്ടുകൂടായ്മയിൽ വിശ്വസിക്കുന്നില്ലെന്നും ഈശ്വരനാമത്തിൽ പ്രതിജ്ഞ ചെയ്തുകൊള്ളുന്നു. അതേക്കുറിച്ചാണ് ഞങ്ങൾ തർക്കം ഉന്നയിച്ചത്. അതേസമയം നോമിനേറ്റ് ചെയ്യുന്ന മന്ത്രിയും ദൈവാരാധനയിലും ക്ഷേത്രാരാധനയിലും വിശ്വസിക്കണം എന്ന വ്യവസ്ഥയാണ് നിർവ്വചനമുണ്ടെങ്കിൽ വരുക. നിർവ്വചനം ആ ഭാഗത്തു

LIBRARY ARCHIVES Kerala Legislative Assembly

നിന്ന് ഒഴിവാക്കിയാൽ പ്രശ്നം വരില്ല. ഇപ്പോൾ കൂടൽമാണിക്യം ദേവസ്വം ഭരണത്തിന്റെ സ്തംഭനത്തിനിടയാക്കുന്ന വ്യവസ്ഥയാണ് നിർവ്വചനം. കാരണം, കേരളത്തിൽ ക്ഷേത്രാരാധനയിൽ വിശ്വസിക്കാത്ത ഒരു ഹിന്ദു മന്ത്രി മാത്രമുള്ള മന്ത്രിസഭ വന്നാൽ ക്ഷേത്രഭരണത്തിന്റെ അവസ്ഥ എന്താകും? അതുകൊണ്ട് ക്ഷേത്രഭരണം വിശ്വാസികൾ നടത്തുന്ന കാര്യത്തിൽ തർക്കമില്ല. അതേസമയം നിർവ്വചനത്തിൽ അത് ഉൾപ്പെടുത്തിക്കഴിഞ്ഞാൽ നോമിനേറ്റ് ചെയ്യുന്ന മന്ത്രിയും ക്ഷേത്രാരാധനയിൽ വിശ്വസിക്കുന്നയാൾ ആകണം. അങ്ങനെയല്ലാത്ത അവസ്ഥ വന്നാൽ എന്തു ചെയ്യും?

ശ്രീ. കെ. സി. വേണുഗോപാൽ: ആശങ്കയുടെ അടിസ്ഥാനം മനസ്സിലായി. അങ്ങനെ ഈശ്വരവിശ്വാസികളല്ലാത്ത, ക്ഷേത്രവിശ്വാസികളല്ലാത്ത കുറേ മന്ത്രിമാർ വന്നാൽ അവർക്ക് ഇത് ചെയ്യേണ്ടിവരില്ലേ എന്നാണ് വാദം. അത് ഏതായാലും ക്ലാസ് ബൈ ക്ലാസ് ചർച്ച ചെയ്യുന്ന സമയത്ത് അക്കാര്യം വിശദമായി ചർച്ച ചെയ്യാം. ഇത് നിയമപരമായി ചെയ്യേണ്ട കാര്യമായതുകൊണ്ടാണ് ബില്ലുമായി വന്നിരിക്കുന്നത്. അതുസംബന്ധിച്ചുള്ള കാര്യങ്ങൾ മാത്രമാണ് ചെയ്തിരിക്കുന്നത്. മറ്റ് യാതൊരു ആശങ്കയ്ക്കും അടിസ്ഥാനമില്ല. കേരള ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം നമ്മുടെ നാട്ടിലെ ക്ഷേത്രങ്ങളുടെയും ക്ഷേത്രവിശ്വാസവുമായി ബന്ധപ്പെട്ട ജനങ്ങളുടെയും പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. ശബരിമല ആയാലും ഗുരുവായൂർ ആയാലും കേരളത്തിലെ മറ്റ് പല ക്ഷേത്രങ്ങളായാലും ഒരു കാലഘട്ടത്തിലും അവർക്കുവേണ്ടി ചെയ്തുകൊടുക്കാത്തത്രയും സേവനങ്ങളാണ് ഈ ഗവൺമെന്റ് ചെയ്തുകൊടുത്തിരിക്കുന്നത് എന്ന കാര്യം നിങ്ങൾക്ക് നിഷേധിക്കാൻ കഴിയില്ല. വിശ്വാസത്തിലുള്ള ആളുകളുടെ സമൂഹം നിങ്ങൾക്ക് വോട്ട് ചെയ്യുന്നവരില്ലേ? നേരത്തെ പറഞ്ഞു, വോട്ടിനുവേണ്ടിയാണ് എന്ന്. ഈശ്വരവിശ്വാസികളായ ആരും നിങ്ങൾക്ക് വോട്ട് ചെയ്തിട്ടില്ലേ? ഉണ്ടല്ലോ? അതിന്റെ കണക്ക് അങ്ങോട്ടുമിങ്ങോട്ടും പറയണ്ട. ബഹുമാനപ്പെട്ട രാജേന്ദ്രനും ഞാനും ഒന്നിച്ച് നിയമസഭാ പരിസ്ഥിതി കമ്മിറ്റിയുമായി ബന്ധപ്പെട്ട് ശബരിമലയിൽ പോയിട്ടുണ്ട്. രാജേന്ദ്രൻ തൊഴുന്നത് കണ്ട് ഞാൻ അത്ഭുതപ്പെട്ടുപോയി. വിശ്വാസം എന്നു പറഞ്ഞാൽ ആരുടേയും കുത്തകയല്ല. ഇതൊക്കെത്തന്നെ വിശ്വാസികൾക്കുവേണ്ടി പരമാവധി സൗകര്യമൊരുക്കിക്കൊടുക്കുക അതിന്റെ ഭാഗമായി കൂടൽമാണിക്യം ക്ഷേത്രത്തിന് ആവശ്യമായ ക്രമീകരണം വരുത്തുക എന്നുള്ളതാണ്. പണ്ട് ഒരുപാട് സ്വത്ത് ഉണ്ടായിരുന്നു. ഇന്ന് അത് അന്യാധീനപ്പെട്ടുപോയി. ഇതൊക്കെ ശരിയാക്കി എടുക്കാൻ ഒരു നിയമം കൊണ്ടുവരണം അത്രമാത്രമേയുള്ളു. ഇതാണ് ഗവൺമെന്റിന് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ശ്രീ. എം. മുരളി അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. മുരളി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ശ്രീ. എം. മുരളി അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

മി. ചെയർമാൻ: ശ്രീ. പി. ജയരാജൻ അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ജയരാജൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. ചെയർമാൻ: ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2002-ലെ കൂടൽമാണിക്യം ദേവസ്വം ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ,—

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്ക് എടുക്കുന്നു.

രണ്ടാം വകുപ്പ്

ശ്രീ. യു. സി. രാമൻ: സർ, ഞാൻ എന്റെ 94-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു:

94. ഖണ്ഡം 2(ബി)യിൽ "ഗവൺമെന്റ് സെക്രട്ടറി" എന്നീ വാക്കുകൾക്കു
2.00 P.M.] പകരം "ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. എ. കെ. ബാലൻ സർ, ഞാൻ എന്റെ 95, 120, 123 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു:

95. ഖണ്ഡം 2(ബി)യിൽ "ഹിന്ദുമതാനുയായിയും" എന്ന വാക്കിനു പകരം "ഹിന്ദുമതവിശ്വാസിയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

120. ഖണ്ഡം 2(എഫ്) താഴെപ്പറയുംപ്രകാരം മാറ്റേണ്ടതാണ്:

(എഫ്) "ഹിന്ദു എന്നാൽ ഹിന്ദുമതത്തിൽ ജനിച്ച ആളോ ഹിന്ദു മതത്തിൽ വിശ്വസിക്കുന്ന ആളോ അല്ലെങ്കിൽ മതപരമായി ഹിന്ദുമതത്തിലെ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട ഒരാളോ എന്നർത്ഥമാകുന്നു".

123. ഖണ്ഡം (2) (ജി)യിൽ "ക്ഷേത്രത്തിൽ താൽപര്യമുള്ളയാൾ" എന്ന വാക്കുകൾക്കു പകരം "ഹിന്ദുമതത്തിൽ ജനിച്ച ആൾ" എന്നാക്കി മാറ്റേണ്ടതാണ്.

ബഹുമാനപ്പെട്ട മന്ത്രി വഴങ്ങുമെന്നു വിചാരിച്ചു, പക്ഷേ, വഴങ്ങിയില്ല. ശരിയായ നടപടിയല്ലിത്. ഇതിൽ ഹിന്ദു ദൈവത്തിലും ക്ഷേത്രാരാധനയിലും വിശ്വാസമുള്ള മതപരമായി ഹിന്ദുമതത്തിലെ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട ഒരാൾ എന്ന അർത്ഥമാകുന്നു. ഹിന്ദുവിന് കൊടുക്കുന്ന ഈ നിർവ്വചനം അതിന്റെ ഉള്ളടക്കം, അതിന്റെ ആപത്ത് എന്നിവയെപ്പറ്റി ബഹുമാനപ്പെട്ട ശ്രീ. പി. ജയരാജൻ ഇവിടെ വളരെ വ്യക്തമായി പറഞ്ഞു. ഈ നിർവ്വചനം നമ്മൾ അംഗീകരിച്ചുകഴിഞ്ഞാൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്രു, ഇ.എം.എസ്., വാഗ്ഭടാനന്ദൻ, ബ്രഹ്മാനന്ദ സ്വാമി ശിവയോഗി, ശ്രീ. എ. കെ. ആന്റണി ഇവരൊന്നും ഹിന്ദുവല്ല. ഈ നിർവ്വചനം ഉൾക്കൊണ്ടുകഴിഞ്ഞാൽ നെഹ്രു ഹിന്ദുവല്ല. നിങ്ങൾ ഹിന്ദുവിന് നിർവ്വചനം കൊടുക്കുകയാണ്. അല്ലാതെ നേരത്തെ ശ്രീ. കെ. സി. വേണുഗോപാൽ പറഞ്ഞതല്ല ഇവിടത്തെ പ്രശ്നം. ....(ബഹളം)........ഞാനിവിടെ 2 (എഫ്) ആണ് പറയുന്നത്.

മി. ചെയർമാൻ: ഭേദഗതി 95, 120, 123 എന്നിവയാണ്.

ശ്രീ. എ. കെ. ബാലൻ: ഞാൻ 120 ആണ് മൂവ് ചെയ്യുന്നത്.

120 എന്നുള്ളതിന് ഞാൻ കൊടുക്കുന്ന നിർവ്വചനം, "ഹിന്ദു" എന്നാൽ ഹിന്ദുമതത്തിൽ ജനിച്ച ആളോ ഹിന്ദുമതത്തിൽ വിശ്വസിക്കുന്ന ആളോ അല്ലെങ്കിൽ മതപരമായി ഹിന്ദുമതത്തിലെ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട ആളോ എന്നർത്ഥമാക്കുന്നു എന്നാണ്. നിങ്ങൾ കൊടുക്കുന്ന ഈ നിർവ്വചനം വന്നു കഴിഞ്ഞാൽ ഞാൻ നേരത്തെ സൂചിപ്പിച്ചപോലെ പണ്ഡിറ്റ് ജവഹർലാൽ നെഹ്രു മുതൽ ബ്രഹ്മാനന്ദസ്വാമി ശിവയോഗി വരെയുള്ള ആൾക്കാർ ഹിന്ദുവല്ല. അതാണ് പ്രശ്നം. ശ്രീ. എ. കെ. ആന്റണി ഈ ഹിന്ദുവിന്റെ അകത്ത് പെടില്ല. നമ്മുടെ ഹിന്ദുവിൽ ഒരുപിടി ആൾക്കാറില്ലേ? ഇതിൽ പ്രശ്നം ഞാൻ പറയുന്നത് ദൈവത്തിന് നിർവ്വചനമുണ്ടോ? ക്ഷേത്രത്തിന് നിർവ്വചനമുണ്ടോ? ഞാൻ ചോദിക്കട്ടേ, ദൈവത്തിൽ വിശ്വാസമുള്ള ആൾ വിശ്വാസി ആണെങ്കിൽ മുത്തപ്പനെ വിശ്വസിക്കുന്ന ആളിനെ വിശ്വാസി എന്നു പറയേണ്ടിവരും. തച്ചോളി ഒതേനന്റെ പേരിൽ ക്ഷേത്രമുണ്ട്. അവിടെ പോകുന്നവരേയും വിശ്വാസി എന്നു പറയേണ്ടിവരും. ജയലളിതയുടെയും കായംകുളം കൊച്ചുണ്ണിയുടെയും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പേരിൽ ക്ഷേത്രമുണ്ട്. നമ്പർ ഒൺ കള്ളൻ സ്റ്റീപ്പോ ബ്രാന്റെ പേരിൽ ക്ഷേത്രമുണ്ട്. അപ്പോൾ ക്ഷേത്രത്തെ സംബന്ധിച്ചോ, അല്ലെങ്കിൽ ദൈവത്തെ സംബന്ധിച്ചോ നിങ്ങൾ നിർവ്വചനം കൊടുക്കുന്നുണ്ടോ? അപ്പോൾ നിങ്ങൾ ഇതിലേക്ക് ഹിന്ദു എന്നാൽ ദൈവത്തിലും, ക്ഷേത്രാരാധനയിലും വിശ്വസിക്കുക എന്നു പറയുമ്പോൾ ഏതു ദൈവം? ഏതു ക്ഷേത്രം? അപ്പോൾ ദൈവത്തിനു നിർവ്വചനം വേണ്ടിവരും. ക്ഷേത്രത്തിനു നിർവ്വചനം വേണ്ടിവരും. ഞാൻ ചോദിക്കട്ടെ, നമ്മുടെ ഹിന്ദു മതത്തിൽ എത്ര ദൈവങ്ങളുണ്ട്? പാല് കഴിക്കുന്ന ദൈവമുണ്ട്. വെണ്ണ കഴിക്കുന്ന ദൈവം ഉണ്ട്. തേൻ തിന്നുന്ന ദൈവമുണ്ട്. മരിച്ചീനി തിന്നുന്ന ദൈവമുണ്ട്. ഉണക്കമീൻ തിന്നുന്ന ദൈവമുണ്ട്. കള്ള് കുടിക്കുന്ന ദൈവമുണ്ട്. ആരാധന എന്നു പറയുമ്പോൾ ഭക്തിയോടുകൂടിയിട്ടുള്ള ഗാനങ്ങൾ മാത്രം കേൾക്കുന്ന ദൈവങ്ങളുണ്ട്. അശ്ലീലതെറി മാത്രം കേൾക്കുന്ന കൊടുങ്ങല്ലൂർ ഭഗവതിയുണ്ട്. ഏതു ദൈവത്തെപ്പറ്റിയിട്ടാണ് നിങ്ങൾ പറയുന്നത്? ഏതു ക്ഷേത്രത്തെപ്പറ്റിയാണ് നിങ്ങൾ പറയുന്നത്? യക്ഷിയുടെ ക്ഷേത്രമുണ്ട്.

മി. ചെയർമാൻ: 120 മൂവ് ചെയ്യപ്പെട്ടു.

ശ്രീ. എ. കെ. ബാലൻ: അതുകൊണ്ടാണ് ഹിന്ദു എന്ന നിർവ്വചനത്തിൽ ഒരു പരിതഃസ്ഥിതിയിലും ഈ രൂപത്തിൽ മാത്രം മീനിംഗ് കൺഫൈൻ ചെയ്തുകഴിഞ്ഞാൽ ക്ഷേത്രഭരണവുമായി ബന്ധപ്പെട്ടുകൊണ്ട് കമ്മ്യൂണിസ്റ്റു കാർക്കായാലും ശരി, കോൺഗ്രസ്സിലെ വിശ്വാസികൾക്ക്..........

ശ്രീ. ടി. പി. എം. സാഹിർ: ഒരു പോയിന്റ് ഓഫ് ഓർഡർ വിശ്വാസത്തെ അവഹേളിക്കുന്ന രീതിയിൽ ഹിന്ദുമതവിശ്വാസികളെ മുഴുവൻ തെറ്റായി വ്യാഖ്യാനിച്ച് ശ്രീ. എ. കെ. ബാലൻ പോകുന്നത് ശരിയല്ല.

ശ്രീ. എ. കെ. ബാലൻ: അതിപ്പോൾ ഞാൻ ഇസ്ലാം മതത്തിലേക്ക്, ഷിയാകളെ സംബന്ധിച്ചും സുന്നികളെ സംബന്ധിച്ചും ഞാനങ്ങ് കടന്നാൽ റസൂൽ ഉള്ള സമയത്ത് അഭിപ്രായവ്യത്യാസമുള്ള മതമാണ് നിങ്ങളുടേത്. എന്നെക്കൊണ്ട് അതൊന്നും പറയിപ്പിക്കണ്ട. ....(ബഹളം)....... ഞാൻ പറയാം അഭിപ്രായവ്യത്യാസങ്ങൾ ....ആരാധനയെ സംബന്ധിച്ച്.......ഞാൻ ചോദിക്കട്ടെ റസൂൽ മരിച്ചുകിടന്ന സമയത്ത് കബറടക്കുന്നതുമായി ബന്ധപ്പെട്ട് നിങ്ങൾക്ക് അഭിപ്രായവ്യത്യാസമുണ്ടായിട്ടുണ്ട്. അറിയോ, റസൂലിന്റെ Father-in-Law-യും റസൂലിന്റെ Mother-in-Law-യും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ട്. അതുകൊണ്ട് ഇന്റർപ്രട്ടേഷൻ എന്നുപറയുന്നത്. ....ഞാൻ.............

മി. ചെയർമാൻ: അനാവശ്യമായതോ തെറ്റായതോ ആയ പരാമർശം ഉണ്ടെങ്കിൽ അത് രേഖയിലുണ്ടാകില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: ഒരൊറ്റ മുസ്ലീമിനും പറയാൻ പറ്റില്ല.

മി. ചെയർമാൻ: തെറ്റായ പരാമർശനങ്ങൾ രേഖയിലുണ്ടാകില്ല.

ശ്രീ. എ. കെ. ബാലൻ: ....(ബഹളം)........ വിശ്വപ്രശസ്തനായ ചരിത്രകാരൻ ഹൈക്കൽ എഴുതിയിട്ടുള്ള ഹിസ്റ്ററി ഓഫ് ഇസ്ലാം എന്നതിലെ കാര്യമാണ് ഞാൻ പറഞ്ഞത്. ഞാൻ അതുകൊണ്ട് അഭിപ്രായവ്യത്യാസമില്ലാത്ത ....

മി. ചെയർമാൻ: ആയിക്കോട്ടെ, ക്ലാസിലേക്ക് വരിക.

ശ്രീ. എ. കെ. ബാലൻ: ഏകീകൃതമായ കോൺസെൻസസോടുകൂടിയ ഒരു മതവുമില്ല. പല കാര്യങ്ങളിലും ആചാരത്തെ സംബന്ധിച്ചും ആരാധനയെ സംബന്ധിച്ചും വിശ്വാസത്തെ സംബന്ധിച്ചും നിരവധി അഭിപ്രായവ്യത്യാസങ്ങൾ എല്ലാ മതത്തിലും ഉണ്ട്. ഇവിടെയുള്ള പ്രശ്നം ഹിന്ദുവിന് കൊടുത്ത ഈ നിർവ്വചനം മാറ്റണം. അതിനു പകരം ഞാൻ നേരത്തെ സൂചിപ്പിച്ചപോലെ മതപരമായി ഹിന്ദുമതത്തിലെ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട ആൾ..............

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* ഞാൻ ഇന്റർഫിയർ ചെയ്യാതെ ഒരു കാര്യം പറയാം. 9 ബില്ലുകളിൽ ഇനി 8 ബില്ലുകൾകൂടി ഇനി ഇവിടെ ചർച്ചയ്ക്കുവരേണ്ടതാണ്. ക്ലാസ് ബൈ ക്ലാസ് ആയിട്ടുള്ള കാര്യമാണ്. നിയമത്തിനകത്തുനിന്നുകൊണ്ട് എന്തു കാര്യവും ചർച്ച ചെയ്യുന്നതിന് വിരോധമില്ല. ഒരു ഡിസന്റിംഗ് നോട്ട് എഴുതിയ വ്യക്തി സംസാരിക്കുന്നപോലെ ക്ലാസ് ബൈ ക്ലാസിലെ ചർച്ച പോയാൽ ഇന്ന് രാത്രി കഴിഞ്ഞാലും തീരില്ല. അതുകൊണ്ട് അങ്ങ് ഇത് നിയന്ത്രിച്ച് ആ ഒരു സ്ട്രിക്ടായ രൂപത്തിൽ പോകണം.

മി. ചെയർമാൻ: ബഹുമാനപ്പെട്ട ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി പറഞ്ഞ കാര്യം എല്ലാ അംഗങ്ങളുടെയും ശ്രദ്ധയിൽ ഉണ്ടാകേണ്ട കാര്യമാണ്. ഇത്രയും ബിൽ ഉള്ളപ്പോൾ നമ്മളെല്ലാപേരും ചേർന്നുകൊണ്ട് പരമാവധി സമയം ചുരുക്കി ചർച്ച പൂർത്തിയാക്കാൻ ശ്രമിക്കേണ്ടതാണ്.

ശ്രീ. എ. കെ. ബാലൻ: ഞാൻ നിർത്താൻപോകുകയാണ്. അതുകൊണ്ട് മതപരമായി ഹിന്ദുമതത്തിലെ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട എന്ന രൂപത്തിൽ ഈ ഭേദഗതിയാക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം ഏകീകൃത ദേവസ്വം ബിൽ ഇതേ രൂപത്തിൽ ഇവിടെ ചർച്ച ചെയ്തു. സെലക്ട് കമ്മിറ്റിക്കു കൊടുത്തു. സെലക്ട് കമ്മിറ്റി 3 പ്രാവശ്യം ചേർന്നു. ഇപ്പോൾ ആ നിയമത്തിന്റെ സ്ഥിതിയെന്താണ്? ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞല്ലോ ....(ബഹളം)......അല്ല ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ

ഇതിനെതിരാണെന്നറിയാം. അദ്ദേഹം എന്തിനാണ് എതിർക്കുന്നത് എന്ന് എനിക്ക് നന്നായി അറിയാം. ഞാൻ ചോദിക്കട്ടെ, ഏകീകൃത ദേവസ്വം ബിൽ സെലക്ട് കമ്മിറ്റിക്ക് കൊടുത്തിട്ട് 3 കൊല്ലമായല്ലോ? എന്തുകൊണ്ടാണ് ആ നിയമം ഇവിടെ കൊണ്ടുവരാതിരുന്നത്? ജീവനക്കാരോടുള്ള അവിടെയുള്ള ഭക്തജനങ്ങളോടുള്ള താൽപ്പര്യമാണെങ്കിൽ ഈ കേരളത്തിലെ എല്ലാ ദൈവങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് എല്ലാ അമ്പലങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ഏകീകൃത ദേവസ്വം ബിൽ എന്തുകൊണ്ടവർ കുഴിച്ചുമൂടി? ഈ കാര്യത്തെ സംബന്ധിച്ചുകൂടി മറുപടി പറയേണ്ടതാണ്. ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുകയാണ്.

മി. ചെയർമാൻ: മൂവ് ചെയ്തിരിക്കുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ):* സർ, ഞാൻ ഒഫിഷ്യൽ അമെന്റ്മെന്റ് മൂവ് ചെയ്യുന്നു. കുറച്ചു ഭേദഗതികൾ ഒഴിവാക്കാൻവേണ്ടിയാണ്.

മി. ചെയർമാൻ: ഏതു വകുപ്പിലാണ്?

ശ്രീ. കെ. പി. രാജേന്ദ്രൻ: അതു പറ്റില്ല.

മി. ചെയർമാൻ: ആ ഘട്ടം കഴിഞ്ഞിട്ടില്ല.

ശ്രീ. കെ.പി. മോഹനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(96) ഖണ്ഡം 2 (ബി)യിൽ "ഹിന്ദുമതാനുയായിയും" എന്നതിനുശേഷം "ഹൈന്ദവ" എന്നുകൂടി ചേർക്കുക.

(105) ഖണ്ഡം 2 (ഇ)യിൽ "ഉപക്ഷേത്രങ്ങളും" എന്നതിനുശേഷം "അടങ്ങുന്ന മുഴുവൻ മുതലുകളും" എന്നുകൂടി ചേർക്കുക.

(110) ഖണ്ഡം 2 (എഫ്)-ൽ "ദൈവത്തിലും" എന്നതിനുശേഷം "ഹൈന്ദവ" എന്നുകൂടി ചേർക്കുക.

സർ, ക്ഷേത്രം എന്നു പറഞ്ഞാൽ ജൈനക്ഷേത്രമുണ്ട്, സിക്ക് ക്ഷേത്രവുമുണ്ട്. ജൈനക്ഷേത്രത്തിലും സിക്ക്ക്ഷേത്രത്തിലും വിശ്വാസമുള്ളവർക്ക്, ആചാരങ്ങൾ അനുഷ്ഠിക്കുന്നവർക്ക് കമ്മീഷണറാകാൻ കഴിയുമോ? അതുകൊണ്ട് ഞാൻ പറയുന്നത് ഹൈന്ദവ ക്ഷേത്രാരാധനയിൽ വിശ്വസിക്കുന്നവർ എന്നു ചേർക്കണം. അതുപോലെ ക്ഷേത്രത്തിന്റെ മുതലുകൾ എന്നു പറയുമ്പോൾ അതിൽ അടങ്ങുന്ന, ദേവസ്വത്തോട് അടങ്ങുന്ന സ്ഥലത്തുള്ള എല്ലാ മുതലുകളും എന്നു ചേർക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(97) ഖണ്ഡം 2 (ബി)യിൽ "ഹിന്ദുമതാനുയായിയും ക്ഷേത്രാരാധനയിൽ വിശ്വസിക്കുന്ന ആളുമായ" എന്ന വാക്കുകൾ ഒഴിവാക്കുക.

(119) ഖണ്ഡം 2 (എഫ്) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക:

"(എഫ്) ഹിന്ദു" എന്നാൽ "മതപരമായി ഹിന്ദുമതത്തിലെ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട ഒരാൾ എന്നർത്ഥമാകുന്നു."

(128) ഖണ്ഡം (2) (ജി) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക:

"(ജി) ക്ഷേത്രത്തിൽ താൽപ്പര്യമുള്ളയാൾ എന്നാൽ ക്ഷേത്രകാര്യങ്ങളിൽ പങ്കെടുക്കുന്ന വ്യക്തി എന്നർത്ഥമാകുന്നു."

(129) ഖണ്ഡം (2)ലെ ഉപഖണ്ഡം (ഐ) ഒഴിവാക്കുക.

സർ, കമ്മിഷണർ എന്നത് ചർച്ചയിൽ വരാത്ത കാര്യമാണ്. കോടതിയിൽ നിന്ന് ദേവസ്വങ്ങളിലൊക്കെ ഒരു ഇടപെടൽ ഉണ്ട്. ഗവണ്മെന്റ് തീരുമാനിക്കുന്നത് വിട്ട്, ദേവസ്വം ബോർഡ് കമ്മിറ്റികൾ തീരുമാനിക്കുന്നത് വിട്ട് കോടതി അതിരു കടന്ന വിധത്തിൽ ദേവസ്വങ്ങളുടെയെല്ലാ കാര്യത്തിലും ഇടപെടുന്നുണ്ട്. അത്തരം കാര്യങ്ങളിൽ കമ്മിഷണറെ വയ്ക്കുന്നതിൽ കുറേക്കൂടി സൂക്ഷ്മത ഉണ്ടാകേണ്ട കാര്യമുണ്ട്. അതുകൊണ്ട് കമ്മിഷണർ എന്ന നിർവ്വചനത്തിൽ ഹിന്ദു മതാനുയായിയും ക്ഷേത്രാരാധനയിൽ വിശ്വസിക്കുന്ന ആളുമായ ഉദ്യോഗസ്ഥൻ എന്ന് പറഞ്ഞിട്ടുണ്ട്. ഇതൊക്കെ അനാവശ്യമായ വിവാദമുണ്ടാക്കാനും കോടതികളിൽ കേസുകളുണ്ടാക്കാനും ഇടവരും. കൊച്ചിൻ ദേവസ്വംബോർഡുമായി ബന്ധപ്പെട്ട കുറേ കേസുകൾ കേട്ടതിന്റെ അടിസ്ഥാനത്തിലാണ് ഇത് പറയുന്നത്. ഗവണ്മെന്റ് ഗസറ്റ് വിജ്ഞാപനംമൂലം ഈ ആക്ടിന്റെ ആവശ്യങ്ങൾക്ക് കമ്മിഷണറായി നിയമിക്കുന്ന ഒരു ഗവണ്മെന്റ് ഉദ്യോഗസ്ഥൻ എന്നു വച്ചാൽ മതി. ഗവണ്മെന്റിന്റെ റൈറ്റാണ്. ഹിന്ദുമതാനുയായിയായ ക്ഷേത്രാരാധനയിൽ വിശ്വസിക്കണമെന്നത് ഒഴിവാക്കുക. ഹിന്ദുമതത്തിൽ വിശ്വസിക്കുന്ന, ഹിന്ദു എന്ന നിർവ്വചനത്തിൽ വളരെ അപകടകരമായ രീതിയിലേക്ക് നിർവ്വചനം പോകരുത്. ബഹുമാനപ്പെട്ട മന്ത്രി ഓറലായി അമെന്റ്മെന്റ് കൊണ്ടുവരുന്ന കാര്യം പറഞ്ഞു. അതുകൂടി കേട്ടിട്ട് അതിനെക്കുറിച്ച് അഭിപ്രായം പറയാം. ഭേദഗതി നമ്പർ 129-കൊണ്ട് ഉദ്ദേശിക്കുന്നത്, ക്ഷേത്രം എന്നു പറയുമ്പോൾ ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രം എന്നു മാത്രമാകുമ്പോൾ അതിന് അനുബന്ധമായിട്ടു വരുന്നത് ഉൾപ്പെടുത്തുമോ? അതു സംശയമാണ്. അതുകൊണ്ട് ഖണ്ഡം (2)-ലെ ഉപഖണ്ഡം (ഐ) ഒഴിവാക്കണം.

GPM. 2/587/2012.—31

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(99) ഖണ്ഡം 2 (ബി) യിൽ "ഹിന്ദുമതാനുയായിയും ക്ഷേത്രാരാധനയിൽ വിശ്വസിക്കുന്ന ആളുമായ" എന്ന വാക്കുകൾക്കു പകരം "ഹിന്ദുമതവിശ്വാസിയുമായ" എന്ന വാക്കുകൾ ചേർക്കുക.

(103) ഖണ്ഡം 2 (ഇ) യിൽ "ദേവസ്വം എന്നാൽ ക്ഷേത്രം" എന്ന വാക്കുകൾക്കു പകരം "ദേവസ്വം എന്നാൽ ക്ഷേത്രവും അതിന്റെ സ്വത്തുക്കളും" എന്ന വാക്കുകൾ ചേർക്കുക.

(109) ഖണ്ഡം 2 (എഫ്) ൽ "ഹിന്ദു എന്നാൽ" എന്ന വാക്കുകൾക്കു ശേഷമുള്ള ദൈവത്തിലും ക്ഷേത്രാരാധനയിലും വിശ്വാസമുള്ള എന്ന വാക്കുകൾ നീക്കം ചെയ്യുക.

സർ, ഈ ബിൽ യഥാർത്ഥത്തിൽ ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും ഒന്നിച്ച് പാസ്സാക്കാൻ കഴിയേണ്ടിയിരുന്ന ഒരു ബിൽ ആയിരുന്നു. അങ്ങനെ സാധിക്കാതെ വരുന്ന ഒരു സാഹചര്യമാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. ഇത് നിർവ്വചനത്തിൽ വന്നിരിക്കുന്ന പ്രശ്നമാണ്. ഇതിൽ കമ്മിഷണർ എന്ന നിർവ്വചനത്തിനകത്തുതന്നെ ഗസറ്റ് വിജ്ഞാപനംമൂലം ആക്ടിന്റെ ആവശ്യങ്ങൾക്കായി കമ്മിഷണറായി നിയമിക്കുന്ന ഗവൺമെന്റ് സെക്രട്ടറിമാരുടെ പദവിയിൽ താഴെയല്ലാത്ത ഹിന്ദുമതാനുയായിയും ക്ഷേത്രാരാധനയിൽ വിശ്വസിക്കുന്ന ആളുമായ ഒരുദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു. അവിടെനിന്നു തുടങ്ങുകയാണ് നമ്മുടെ അഭിപ്രായവ്യത്യാസം. ഇങ്ങനെയൊന്ന് ഇവിടെ ചേർക്കേണ്ട കാര്യമില്ല. എന്റെ ഭേദഗതി ഹിന്ദുമതാനുയായിയും ക്ഷേത്രാരാധനയിൽ വിശ്വസിക്കുന്ന ആളുമായ എന്ന വാക്കുകൾക്കു പകരം ഹിന്ദുമത വിശ്വാസിയുമായ എന്ന വാക്കു ചേർത്തുകൊണ്ട് അതിൽ ഭേദഗതി വരുത്തണം. ഖണ്ഡം 2 (ഇ)-ൽ ദേവസ്വം എന്നു പറയുന്ന സ്ഥലത്ത് ദേവസ്വം എന്നാൽ ക്ഷേത്രം എന്നർത്ഥമാകുന്നതും ഇതു സംബന്ധിച്ചുള്ള കാര്യത്തിൽ അതിന്റെ വസ്തുവകകളും ദാനസ്വത്തുക്കളും അതിനോട് ബന്ധപ്പെട്ട ഉപക്ഷേത്രങ്ങളും ഉൾപ്പെടുന്നതാകുന്നു എന്നു പറയുന്നുണ്ട്. ദേവസ്വം എന്നാൽ ക്ഷേത്രവും അതിന്റെ സ്വത്തുക്കളും എന്ന വാക്കുകൾ ചേർക്കണമെന്നാണ് എന്റെ 103-ാം നമ്പർ ഭേദഗതി. ഭേദഗതി ബില്ലിനകത്ത് പറയുന്നത് ഹിന്ദു എന്നാൽ ദൈവത്തിലും ക്ഷേത്രാരാധനയിലും വിശ്വാസമുള്ള മതപരമായി ഹിന്ദു മതത്തിലെ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട എന്നർത്ഥമാകുന്നു എന്നാണ്. ഇതിൽ എന്റെ 109-ാം നമ്പർ ഭേദഗതി എന്നുപറയുന്നത് ഹിന്ദു എന്ന വാക്കുകൾക്കുശേഷമുള്ള ദൈവത്തിലും ക്ഷേത്രാരാധനയിലും വിശ്വാസമുള്ള എന്ന വാക്കുകൾ നീക്കം ചെയ്യണം എന്നാണ്. ഇത്തരത്തിൽ വരുന്നില്ലെങ്കിൽ പ്രശ്നം വരാൻ പോകുന്നത്

LIBRARY ARCHIVES Kerala Legislative Assembly

പിന്നീട് വരുന്ന നാലാമത്തെ വകുപ്പിനകത്താണ്. കമ്മിറ്റിയിലേക്കുള്ള ആളുകളെ നോമിനേറ്റ് ചെയ്യുന്ന സമയത്താണ് പ്രശ്നം വരുന്നത്. അങ്ങനെ വരുമ്പോൾ മന്ത്രിസഭയിലെ ഹിന്ദുക്കൾ നാമനിർദ്ദേശം ചെയ്യുന്ന ദേവസ്വം ജീവനക്കാരൻ എന്നുവരുമ്പോൾ മന്ത്രിസഭയിലെ വിശ്വാസിയായ ഹിന്ദു മന്ത്രിമാർ നോമിനേറ്റ് ചെയ്യുന്ന ആളുകൾ മാത്രമേ വരൂ. യഥാർത്ഥത്തിൽ ഒരു കോൺഗ്രസ് മന്ത്രി കൊണ്ടുവരാൻ പാടില്ലാത്ത ഒരു ബില്ലായിരുന്നു ഇത്. മുമ്പ് ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഇത്തരത്തിലുള്ള ഒരു ബിൽ ഇവിടെ കൊണ്ടുവന്നപ്പോൾ അന്ന് ഞങ്ങൾ ശക്തമായി എതിർത്തതാണ്. ശ്രീ. കെ. കരുണാകരനെ ശക്തമായി എതിർക്കുന്ന ആളായിട്ടും ശ്രീ. കെ. സി. വേണുഗോപാലിന് ശ്രീ. കരുണാകരന്റെ ബാധ ഒഴിഞ്ഞിട്ടില്ല എന്നാണ് തോന്നുന്നത്. അന്ന് ശ്രീ. കെ. കരുണാകരൻ കൊണ്ടുവന്ന നിയമം ഞങ്ങൾ ശക്തമായി എതിർത്ത ഒരു നിയമമാണ്. ആ നിയമമാണ് ശ്രീ. കെ. സി. വേണുഗോപാൽ തയ്യാറാക്കി പുതിയ കുപ്പായമിട്ട് കൊണ്ടുവന്നിരിക്കുന്നത്. ഈ നിയമപ്രകാരം ശ്രീ. വയലാർ രവിയെപ്പോലും നിങ്ങൾ ഹിന്ദുവല്ലാതാക്കുകയാണ്.

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, ശ്രീ. കെ. കരുണാകരൻ ഇതുപോലൊരു ബിൽ കൊണ്ടുവന്നപ്പോൾ അന്ന് ശക്തിയുക്തം എതിർത്തിരുന്നു എന്ന് അദ്ദേഹം പറയുകയുണ്ടായി. അതുകൊണ്ട് അദ്ദേഹം പിൻവലിച്ചു എന്നു പറഞ്ഞു. അദ്ദേഹത്തിനെ താങ്കളുടെ മുന്നണിയിൽ കൂട്ടുമോ ഇല്ലയോ? ശ്രീ. ബാലാനന്ദൻ ഇന്നലെ പ്രസ്താവിച്ചത് ഒരിക്കലും ശ്രീ. കരുണാകരനെ കൂട്ടുകയില്ല എന്നാണ്. അങ്ങ് ശ്രീ. ബാലാനന്ദന്റെ കൂടെയാണോ ശ്രീ. കരുണാകരന്റെ കൂടെയാണോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ശ്രീ. കെ. കരുണാകരൻ ഞങ്ങളുടെ മുന്നണിയിൽ ചേരണമെന്ന് ഇതുവരെ ആവശ്യപ്പെട്ടിട്ടില്ല. ആവശ്യപ്പെടാത്ത ഒരു കാര്യം ഞങ്ങൾ ചർച്ച ചെയ്യേണ്ട പ്രശ്നമേ വരുന്നില്ല. അന്ന് ശ്രീ. കരുണാകരൻ ബിൽ കൊണ്ടുവന്നപ്പോൾ ഞങ്ങൾ ശക്തമായി എതിർത്തതാണ് എന്ന കാര്യം ഞാൻ ചൂണ്ടിക്കാണിച്ചുവെന്നേയുള്ളൂ. ഇതിൽ പ്രശ്നമെന്താണെന്നു വച്ചാൽ ശ്രീ. കെ. സി. വേണുഗോപാൽ കൊണ്ടുവന്ന ബില്ലിനകത്ത് ശ്രീ. വയലാർ രവിയെപ്പോലും ഹിന്ദുവല്ലാതാക്കുന്ന ഒരു ഭേദഗതിയാണ്. സത്യവാചകം ചൊല്ലിയിട്ടാണ് ഞങ്ങൾ എം. എൽ. എ. ആയി ഇവിടെ വരുന്നത്. ഞാൻ ദൃഢപ്രതിജ്ഞ എടുത്തിട്ടാണ് വന്നത്. ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്ത ആളുകളുമുണ്ട്. രണ്ടു തരത്തിൽ മാത്രമേ സത്യപ്രതിജ്ഞ ചെയ്യാൻ പറ്റുകയുള്ളൂ. അതിനു വിരുദ്ധമായിട്ട് ഒരു സത്യപ്രതിജ്ഞ ചെയ്ത മെമ്പർ ഇവിടെയുണ്ട്. ശ്രീ. ഉമേഷ് ചള്ളിയിൽ. ഹൈക്കോടതി തന്നെ അയാളുടെ അംഗത്വം റദ്ദാക്കണമെന്ന് പറഞ്ഞതാണ്. ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ അന്ന് സ്പീക്കറായിരുന്നതു കൊണ്ടു മാത്രമാണ് അദ്ദേഹം രക്ഷപ്പെട്ടത് എന്നാണ് എനിക്കു തോന്നുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അല്ലെങ്കിൽ അദ്ദേഹത്തിന് സഭയിൽ ഇരിക്കാൻ പറ്റുമായിരുന്നില്ല. ഈ തരത്തിൽ രണ്ടു രീതിയിലാണ് സത്യവാചകം ചൊല്ലാനുള്ള അധികാരമുള്ളത്. അങ്ങനെ സത്യവാചകം ചൊല്ലി എം.എൽ.എ. ആയിട്ടാണ് മന്ത്രിയാകുന്നത്. അങ്ങനെ മന്ത്രിമാരായവരുടെ കൂട്ടത്തിൽനിന്നാണ് ഇവരെ എടുക്കേണ്ടത്. ഈ പറയുന്ന വിധത്തിലുള്ള സത്യപ്രതിജ്ഞാവാചകം ചൊല്ലി ആരും ഇവിടെ എം.എൽ.എ. ആയിട്ടില്ല. നിങ്ങൾ ഈ പറഞ്ഞ ക്ളാസ്സിനകത്ത് ഉള്ള ഒരു സത്യവാചകം ചൊല്ലി എം.എൽ.എ. ആയിട്ടുള്ള ആരെങ്കിലുമുണ്ടോ? നിങ്ങൾ കൊണ്ടുവന്നിരിക്കുന്ന ഈ നിലപാടുതന്നെ ഭരണഘടനാവിരുദ്ധമാണ്. അങ്ങനെയൊരു നിയമം തന്നെ ഇവിടെ കൊണ്ടുവരാൻ പാടില്ല. ബഹുമാനപ്പെട്ട മന്ത്രി നേരത്തേ ഏതോ ഭേദഗതി കൊണ്ടുവരാൻ പോകുന്നു എന്നു പറഞ്ഞു. ഈ വകുപ്പിന്റെ ചർച്ച കഴിയുന്നതോടുകൂടി ഇതിന് ഒരു ഭേദഗതി വരുത്തുകയാണെങ്കിൽ നമുക്ക് ഈ ബിൽ ഐകകണ്ഠ്യേന പാസ്സാക്കാൻ കഴിയും. അല്ലെങ്കിൽ ഞങ്ങൾക്ക് ഈ ബില്ലിനെ ശക്തിയായി എതിർക്കേണ്ടി വരും. നിർവ്വചനത്തിന്റെ ഘട്ടത്തിൽത്തന്നെ മന്ത്രി ഇതു സംബന്ധിച്ച് ഒരു ഏക അഭിപ്രായം ഉണ്ടാക്കണം. ഇതുപോലൊരു ബിൽ ഒന്നിച്ച് പാസ്സാക്കാനുള്ള അന്തരീക്ഷമുണ്ടാക്കാൻ തയ്യാറാകണം. ആ തരത്തിൽ ഇതിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നുള്ളതാണ് നിർവ്വചനത്തിന്റെ ഘട്ടത്തിൽതന്നെ ഇടപെട്ടുകൊണ്ട് പറയാനുള്ളത്. അത്തരത്തിൽ സഭയുടെ ഒരു പൊതു അഭിപ്രായം രൂപീകരിക്കുന്ന ഒരു ബില്ലാക്കി മാറ്റാൻവേണ്ടിയുള്ള ഒരു സമീപനമുണ്ടാകണമെന്നാണ് എനിക്കു പറയാനുള്ളത്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(100) ഖണ്ഡം 2 (ബി) യിൽ "ഹിന്ദുമതാനുയായിയും ക്ഷേത്രാരാധനയിൽ വിശ്വസിക്കുന്ന ആളുമായ ഒരുദ്യോഗസ്ഥൻ" എന്ന വാക്കുകൾക്കു പകരം "ഹിന്ദുമതാനുയായിയായ ഒരുദ്യോഗസ്ഥൻ" എന്നു ചേർക്കുക.

(111) ഖണ്ഡം 2 (എഫ്) ൽ "ദൈവത്തിലും ക്ഷേത്രാരാധനയിലും വിശ്വാസമുള്ള" എന്ന വാക്കുകൾക്കു പകരം "ദൈവത്തിൽ വിശ്വാസമുള്ള" എന്ന വാക്കുകൾ ചേർക്കുക.

സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് സൂചിപ്പിച്ച കാര്യം തന്നെയാണ് രണ്ടു ഭേദഗതികളുടേയും ഭാഗമായിട്ട് ഇവിടെ വന്നിട്ടുള്ളത്. സാധാരണഗതിയിൽ ഹിന്ദുവായിട്ടുള്ള ആളുകൾക്ക് ക്ഷേത്രാരാധനയിൽ വിശ്വാസം ഇല്ലാതിരിക്കാം. ക്ഷേത്രാരാധനയിൽ വിശ്വാസമില്ലാത്തവരും ഹിന്ദുവാണ്. സാധാരണഗതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

നിലവിലുള്ള ഒരു കാര്യം എന്നുള്ള നിലയ്ക്ക് അംഗീകരിക്കാൻവേണ്ടി ബന്ധപ്പെട്ട മന്ത്രി തയ്യാറാകണമെന്നുള്ളതാണ് എനിക്കു പറയാനുള്ളത്.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, 101, 115, 124, 133 എന്നീ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(101) ഖണ്ഡം 2(ഡി)-യിൽ "പ്രദേശത്ത് ആധികാരികതയുള്ള" എന്നതിനുപകരം "പ്രദേശം ഉൾപ്പെടുന്ന ജില്ലയിലെ ആധികാരികതയുള്ള" എന്നാക്കി മാറ്റുക.

(115) ഖണ്ഡം 2 (എഫ്)-ൽ "വിശ്വാസമുള്ള" എന്നതിനുപകരം "വിശ്വാസമുള്ളതും വിശ്വാസമില്ലാത്തവരും" എന്ന് ചേർക്കുക. "വിഭാഗത്തിൽപ്പെട്ട" എന്നതിനുപകരം "വിഭാഗത്തിൽ ജനിച്ച" എന്ന് ചേർക്കുക.

(124) ഖണ്ഡം 2 (ജി)-യിൽ അവസാനവരിയിൽ "സ്വഭാവക്കാരനായിരിക്കുകയോ" എന്നതിനുശേഷം "അല്ലെങ്കിൽ ക്ഷേത്രത്തിന്റെ ഏതെങ്കിലും പ്രവർത്തനങ്ങളിലോ കാര്യങ്ങളിലോ ഇടപെടുകയും" എന്നുകൂടി ചേർക്കുക.

(133) ഖണ്ഡം 2 (ജെ) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക. "(ജെ) "പട്ടികജാതി"യും "പട്ടികവർഗ്ഗ"വും എന്നാൽ ഇന്ത്യൻ ഭരണഘടനയിൽ നൽകിയിരിക്കുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗം".

ഇതിൽ കോടതിയുടെ കാര്യത്തെ സംബന്ധിച്ചുള്ള ഡെഫനിഷനിൽ പറയുന്നത് കോടതി എന്നാൽ ക്ഷേത്രം സ്ഥിതിചെയ്യുന്ന ആധികാരികതയുള്ള ജില്ലാ കോടതി എന്നർത്ഥമാകുന്നു എന്നാണ്. ഏതു ജില്ലയിലാണോ ക്ഷേത്രം സ്ഥിതിചെയ്യുന്നത് ആ പ്രദേശം ഉൾക്കൊള്ളുന്ന ജില്ലയിലെന്നാകണം. അത് പ്രദേശം ഉൾപ്പെടുന്ന ജില്ലയിലെ ആധികാരികതയുള്ള കോടതി എന്നാക്കി മാറ്റണം. അതുപോലെ 115-ൽ ഹിന്ദു എന്നതിന്റെ ഡെഫനിഷനാണ്. ഹിന്ദു എന്നാൽ ദൈവത്തിലും ക്ഷേത്രാരാധനയിലും മതപരമായ ഹിന്ദുമതത്തിലെ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട ഒരാൾ എന്നർത്ഥമാകുന്നു എന്നാണ്. അങ്ങനെ വരുമ്പോൾ ഇപ്പോൾ ഹിന്ദുമതത്തിൽ ജനിച്ചുവളർന്ന വളരെയധികം ആളുകൾ ഹിന്ദുവല്ലാതായി മാറുകയാണ്. ഹിന്ദുമതത്തിൽ വിശ്വസിക്കാനും വിശ്വസിക്കാതിരിക്കാനുമൊക്കെ സ്വാതന്ത്ര്യമുണ്ട്. ഒരു മതേതര ജനാധിപത്യ സംവിധാനമുള്ള രാജ്യമാണല്ലോ നമ്മുടേത്. അപ്പോൾ ഇവിടെ ഹിന്ദു ദൈവത്തിൽ അല്ലെങ്കിൽ ക്ഷേത്രത്തിൽ വിശ്വസിക്കാത്ത ആളുകൾ ഹിന്ദുവാകാൻ പാടില്ലെന്നതാണ് ഈ നിയമത്തിലൂടെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ കൊണ്ടുവരുന്നത്. അത് ശരിയല്ല. അത് വിശ്വാസമുള്ളവരും വിശ്വാസമില്ലാത്തവരുമെന്നാക്കി മാറ്റണം. അതുപോലെ 124 (2) (ജി) ഹിന്ദു

LIBRARY ARCHIVES Kerala Legislative Assembly

എന്നുപറഞ്ഞാൽ വിശ്വാസമുള്ളവരും ഇല്ലാത്തവരുമുണ്ട്. മന്ത്രി കൊണ്ടുവന്ന ഈ ബില്ലിൽ ഹിന്ദു എന്നുപറഞ്ഞാൽ വിശ്വാസമുള്ളവർ മാത്രമായി മാറുകയാണ്. അങ്ങനെയാകാൻ പറ്റില്ല. ബഹുമാന്യനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു .....(ബഹളം).....ഇത് നമ്മൾ ചർച്ച ചെയ്യണ്ടേ? നാളെ ഞാനും അങ്ങും ഉൾപ്പെടെയുള്ള ആളുകൾ ഹിന്ദുമതത്തിൽപ്പെടാത്ത ആളുകളായി മാറുകയാണ്. അങ്ങനെ ചെയ്യാൻ പറ്റുമോ? .....(ബഹളം)...... വിശ്വാസി എന്നുപറഞ്ഞാൽ ....(ബഹളം)....ഒരു കാര്യം പറയാം. ശബരിമലയിലേക്ക് പോകുന്ന വഴിയോരങ്ങളിൽ, അങ്ങുൾപ്പെടെ ഒരു കമ്മിറ്റി ശബരിമലയിൽ പോയതാണ്, വഴിയോരങ്ങളിലൊക്കെ ഹിന്ദുമതത്തിൽപ്പെടാത്ത ആളുകൾ കച്ചവടം നടത്തുന്ന സ്ഥാപനങ്ങളിലൊക്കെ ഏതെങ്കിലുമൊരു ദൈവത്തിന്റെ പേരു വച്ചിരിക്കുകയാണ്.. അവിടെ ഏതെങ്കിലും ഒരു ഹിന്ദു ദൈവത്തിന്റെ ഫോട്ടോ വച്ചിട്ടുണ്ട്, അവിടെ ചന്ദനത്തിരി കത്തിച്ചുവച്ചിട്ടുണ്ട്, ഒരു നിലവിളക്കും തിരിയും കത്തിച്ചുവച്ചിട്ടുണ്ട്. അവർ ഹിന്ദുവല്ല. അവരുടെ വിശ്വാസം എങ്ങനെയാണ് നിർവ്വചിക്കുക? അത് കഴിയുമോ? അപ്പോൾ വിശ്വാസമുള്ളവരും ഇല്ലാത്തവരും ഹിന്ദുമതത്തിൽപ്പെടുന്നവരുണ്ട്. അല്ലാതെ ഹിന്ദു എന്നുപറയുമ്പോൾ വിശ്വാസമുള്ളവരുടെ ഒരു മതമാക്കി ചുരുക്കുന്നത് ശരിയല്ല. അതുപോലെ മറ്റൊരുകാര്യം പറയുന്നത്, ക്ഷേത്രത്തിൽ താൽപ്പര്യമുള്ള ആൾ എന്നാൽ ക്ഷേത്രാരാധനയോ കഴകമോ നടത്തുന്നതിന് അവകാശമുണ്ടായിരിക്കുകയോ അല്ലെങ്കിൽ അതിൽ പങ്കെടുക്കുന്ന സ്വഭാവക്കാർ അല്ലെങ്കിൽ അവിടുത്തെ പ്രസാദവിതരണത്തിന് ഗുണാനുഭവത്തിന് അവകാശിയാവുകയോ ചെയ്യുന്ന എന്നുപറയുന്നു. ക്ഷേത്രത്തിന്റെ വളരെയധികം കാര്യങ്ങളിൽ സഹായിക്കുന്ന വളരെയധികം ആളുകളുണ്ട്. വിശ്വാസികളല്ലാത്തവരും ക്ഷേത്രകാര്യങ്ങളിൽ സഹായിക്കുന്നുണ്ട്. അപ്പോൾ ഇങ്ങനെ വരുന്ന സഹായം ക്ഷേത്രത്തിന്റെ ഏതെങ്കിലും പ്രവർത്തനങ്ങളിലോ കാര്യങ്ങളിലോ ഇടപെടുകയും ചെയ്യുക എന്നാക്കി മാറ്റണം. അതുപോലെ 133-ൽ പറയുന്ന കാര്യം പട്ടികജാതിയും പട്ടികവർഗ്ഗവും എന്നാൽ പ്രയോഗങ്ങൾക്ക് യഥാക്രമം ഇന്ത്യൻ ഭരണഘടനയിൽ നൽകിയിരിക്കുന്ന ആളുകൾ ഉണ്ടായിരിക്കണമെന്നാണ്. അതിന് കൃത്യമായ ഡെഫനിഷനുണ്ട്. പട്ടികജാതിയും പട്ടികവർഗ്ഗവുമെന്നാൽ ഇന്ത്യൻ ഭരണഘടനയിൽ നൽകിയിരിക്കുന്ന പ്രത്യേക പരിഗണനന അർഹിക്കുന്ന വിഭാഗമെന്നുതന്നെയാക്കി മാറ്റണം. ഞാൻ ഈ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, 102, 112, 130 എന്നീ നമ്പർ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(102) ഖണ്ഡം 2 (ഡി)-യിൽ "ജില്ലാ കോടതി" എന്നതിനുപകരം "പ്രിൻസിപ്പൽ ജില്ലാ കോടതി" എന്ന് ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(112) ഖണ്ഡം 2 (എഫ്)-ൽ "ക്ഷേത്രാരാധനയിലും" എന്ന വാക്കുകൾക്ക് ശേഷം "ഹിന്ദുമതത്തിലും" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(130) ഖണ്ഡം 2 (ഐ)-ൽ "ഇരിങ്ങാലക്കുട കൂടൽമാണിക്യംക്ഷേത്രം" എന്ന വാക്കുകൾക്കുപകരം "ഇരിങ്ങാലക്കുടയിലെ കൂടൽമാണിക്യംക്ഷേത്രം" എന്ന വാക്കുകൾ ചേർക്കുക.

102-ാം നമ്പർ ഭേദഗതിയിൽ കോടതിയിൽ എന്നാൽ ക്ഷേത്രം സ്ഥിതിചെയ്യുന്ന പ്രദേശത്തെ ആധികാരികതയുള്ള ജില്ലാകോടതി എന്നർത്ഥമാകുന്നു. ജില്ലാ കോടതി എന്നുമാത്രം പറയുമ്പോൾ ജില്ലാകോടതിതന്നെ 1, 2 എന്നൊക്കെയുണ്ട്. അപ്പോൾ പ്രിൻസിപ്പൽ ജില്ലാകോടതി എന്ന് ചേർക്കണമെന്നുള്ളതാണ്.

ശ്രീ. ജോണി നെല്ലൂർ: സർ, 106, 121, 127 എന്നീ നമ്പർ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(106) ഖണ്ഡം 2 (ഇ) താഴെപറയും പ്രകാരം ഭേദഗതി ചെയ്യുക.

"(ഇ) ദേവസ്വം" എന്നാൽ കൂടൽമാണിക്യക്ഷേത്രം എന്നർത്ഥമാകുന്നതും അതിൽ അതിന്റെ വസ്തുവകകളും ദാനസ്വത്തുക്കളും അതിനോട് ബന്ധപ്പെട്ട ഉപക്ഷേത്രങ്ങളും ഉൾപ്പെടുന്നതുമാകുന്നു.

(121) ഖണ്ഡം (എഫ്) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യണം.

(എഫ്) "ഹിന്ദു എന്നാൽ ഈശ്വരാരാധന നടത്തുന്നതും ക്ഷേത്രാചാരങ്ങൾ പാലിക്കുന്നതും ഹിന്ദുമതാനുഷ്ഠാനങ്ങൾ നിർവ്വഹിക്കുന്നതുമായ ഹിന്ദുമതത്തിലെ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട ഒരാൾ എന്നർത്ഥമാകുന്നു."

(127) ഖണ്ഡം 2 (ജി) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക.

"(ജി) ക്ഷേത്രത്തിൽ താൽപ്പര്യമുള്ളയാൾ" എന്നാൽ ക്ഷേത്രാരാധനയോ കഴകമോ നടത്തുന്ന സ്വഭാവക്കാരനായിരിക്കുകയോ അല്ലെങ്കിൽ അവിടത്തെ പ്രസാദവിതരണ ഗുണാനുഭവത്തിൽ പങ്കെടുക്കുന്ന സ്വഭാവക്കാരനോ ആയ ഒരാൾ എന്നർത്ഥമാകുന്നു.

ദേവസ്വം എന്നാൽ ക്ഷേത്രം എന്നർത്ഥമാകുന്നതും എന്നുമാത്രമേ ഇതിൽ ചേർത്തിട്ടുള്ളൂ. ദേവസ്വമെന്നാൽ കൂടൽമാണിക്യക്ഷേത്രമെന്ന് അർത്ഥമാകുന്നതും എന്ന് മാറ്റണമെന്നാണ് ആ ഭേദഗതികൊണ്ട് ഞാനുദ്ദേശിക്കുന്നത്.

2 (ജി)-യിൽ ഇപ്പോൾ പറഞ്ഞിരിക്കുന്നതിന് ഒരു ചെറിയ ഭേദഗതി ഞാൻ 127-ാം നമ്പർ ഭേദഗതിയിലൂടെ നിർദ്ദേശിച്ചിരിക്കുകയാണ്. ഈ ഭേദഗികൾ സ്വീകരിച്ചാൽ നിയമത്തിന് കുറേക്കൂടി ക്ലാരിറ്റിയുണ്ടാകും. അതുകൊണ്ട് അത് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: സർ, 116-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്.

(116) ഖണ്ഡം 2 (എഫ്)-ൽ "വിശ്വാസമുള്ള" എന്ന വാക്കിനുശേഷം "യാളോ" എന്നീ അക്ഷരങ്ങളും "ഒരാൾ" എന്ന വാക്കിനുശേഷം "ഒരാളോ" എന്നവാക്കും ചേർക്കുക.

ഇവിടെ വളരെയേറെ സമയമെടുത്ത് ചർച്ച ചെയ്യേണ്ടതും വ്യക്തത വരാത്തതുമായ ഒരു കാര്യം തന്നെയാണ് എനിക്കും പറയാനുള്ളത്. നിർവ്വചനങ്ങൾ നമ്മുടെ ഈ നിയമത്തിൽ രണ്ടാം ക്ലാസ്സിലാണ് ഓരോന്നും വിവരിക്കുന്നത്. അതിൽ 'എഫ്' വളരെ ഗൗരവമായ വിധത്തിൽ തെറ്റായ ഒരു സന്ദേശം നൽകുന്നവിധത്തിലാണ് ഇപ്പോൾ തയ്യാറാക്കിയിട്ടുള്ളത്. നമ്മൾ ബില്ലിൽ പറയുന്നത് ഹിന്ദു എന്നാൽ ദൈവത്തിലും ക്ഷേത്രാരാധനയിലും വിശ്വാസമുള്ള മതപരമായി ഹിന്ദുമതത്തിലെ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട ഒരാൾ എന്നർത്ഥമാകുന്നു. ഇതുരണ്ടും ഉണ്ടായാൽ മാത്രമേ ദൈവത്തിലും ക്ഷേത്രാരാധനയിലും വിശ്വാസമുള്ള ആളും ജനനംകൊണ്ട് ഹിന്ദുവും ഇതുരണ്ടും ഉണ്ടായാൽ മാത്രമേ സാധിക്കുകയുള്ളൂ എന്നാണ് ബില്ലിൽ ക്ലാസ് ചെയ്തിട്ടുള്ളത്. ഇവിടെ ബഹുമാനപ്പെട്ട ചില അംഗങ്ങൾ ചൂണ്ടിക്കാണിച്ചതു പോലെ ഹിന്ദുക്കളിൽ വിശ്വാസികളും അവിശ്വാസികളുമുണ്ട്. ക്ഷേത്രത്തിൽ പോകുന്നവരും പോകാത്തവരുമുണ്ട്. ക്ഷേത്രത്തിൽ പോകുന്നവരും പോകാത്തവരും തമ്മിൽ വ്യക്തമായ വേർതിരിവുള്ള ഒരു സംസ്ഥാനമാണ് നമ്മുടെ സംസ്ഥാനം. അത് ഹിന്ദുമതത്തിൽ മാത്രമല്ല മറ്റുള്ള മതത്തിലുമുണ്ട്. ആരാധനാലയങ്ങളിൽ അതതുമതം നിഷ്ക്കർഷിക്കുന്ന വിധത്തിൽ ആരാധന നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ജീവിക്കുകയും ചെയ്യുന്ന വളരെയധികം ആളുകളെ ഓരോ മതത്തിലും കാണാൻ കഴിയും. പക്ഷേ, വിശ്വാസികളും അവിശ്വാസികളും തമ്മിലുള്ള ഒരു കലഹമായി നമ്മുടെ നാട്ടിൽ അത് മാറണമെന്ന് ആരും ആഗ്രഹിക്കുന്നില്ല. വിശ്വാസികളുടെ വിശ്വസിക്കാനുള്ള സ്വാതന്ത്ര്യം വകവച്ചുകൊണ്ടും അവിശ്വാസികൾക്ക് അങ്ങനെ ജീവിക്കാനുള്ള സ്വാതന്ത്ര്യം അംഗീകരിച്ചുകൊണ്ടും ഒരു മതനിരപേക്ഷതയുടെ രാഷ്ട്രീയ മൂല്യങ്ങളാണ് നമ്മൾ ഉയർത്തിപ്പിടിക്കുന്നത്. 116-ാം നമ്പർ ഭേദഗതിയായി ഞാൻ പറയുന്നത് ഇതിൽ ഒരു വ്യക്തമായ നിർവ്വചനം കൊടുത്താൽ നമുക്ക് ഈ തർക്കം തീർക്കാൻ കഴിയും. ഹിന്ദു എന്നാൽ ദൈവത്തിലും ക്ഷേത്രാരാധനയിലും വിശ്വാസമുള്ള ആളോ ('and' എന്നതിനുപകരം 'or') എന്നുള്ളത് മതപരമായി ഹിന്ദു മതത്തിലെ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട ഒരാളോ എന്ന് അർത്ഥമാകുന്നു. അങ്ങനെ വരുമ്പോൾ വിശ്വാസിയായ ആളുകൾക്ക് വേണമെങ്കിൽ ആ ആൾ ആകാം, വിശ്വാസിയായ കള്ളനെ ഏൽപ്പിക്കണ്ട, അവിശ്വാസിയായ നല്ലനിലയിൽ ഭരണം നടത്തി

LIBRARY ARCHIVES Kerala Legislative Assembly

പോയിട്ടുള്ള administration-ന് യോജിക്കുന്ന വിശ്വാസിയെ ഏൽപ്പിക്കാം. എന്നാൽ വിശ്വാസമില്ല, ക്ഷേത്രത്തിൽ പോകുന്നില്ല, അയാൾ ഭൗതികവാദിയാണ്. അയാൾക്ക് ഭരണപരമായി ഇത് ഏറ്റവും നന്നായി നടത്താൻ കഴിയും, വിശ്വാസമുള്ള കള്ളനേക്കാൾ നല്ലതല്ലേ അമ്പലം കക്കാത്ത, അവിടെയുള്ള പണം അപഹരിക്കാത്ത, എന്നാൽ വിശ്വാസികളോട് അങ്ങേയറ്റം കൂറും ബഹുമാനവും പുലർത്തുന്ന ഒരു അവിശ്വാസി, ഭൗതികവാദിയായിട്ടുള്ള ആൾ. അങ്ങനെ ആ രണ്ടും വരുന്ന വിധത്തിൽ 'or' എന്നുള്ളത് മാറ്റിയാൽ തന്നെ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. നമ്മുടെ ദേവസ്വം വകുപ്പുമന്ത്രിക്ക് അംഗീകരിക്കാൻ കഴിയുന്ന തികച്ചും പ്രായോഗികമായ ഒരു നിർദ്ദേശമാണ് എന്റെ ഭേദഗതിയിലൂടെ ഞാൻ അവതരിപ്പിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ എന്റെ 117-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(117) ഖണ്ഡം 2(എഫ്)-ൽ "മതപരമായി ഹിന്ദുമതത്തിലെ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട" എന്നതിനുപകരം "മതപരമായി ഹിന്ദുമതത്തിലെ ഏതെങ്കിലും വിഭാഗത്തിലോ ബുദ്ധമതത്തിലോ ജൈനമതത്തിലോ പെട്ട"

ശ്രീ. സി. കെ. നാണു: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

121(എ) ഖണ്ഡം 2 (എഫ്) താഴെപ്പറയുന്ന പ്രകാരം മാറ്റി എഴുതുക.

"ഹിന്ദു" എന്നാൽ "ഹിന്ദുവായി ജനിച്ചു മതപരിവർത്തനം നടത്താത്ത ഒരാൾ എന്നർത്ഥമാകുന്നു."

121 (എ) ഞാൻ ഇവിടെ വ്യക്തമാക്കുന്നത്, ഇതു വളരെ ഗൗരവമായി മന്ത്രി ശ്രദ്ധിക്കണമെന്നുള്ളതുകൊണ്ടാണ്. നമ്മുടെ ഇന്ത്യയിൽ ഭൂരിപക്ഷംവരുന്ന ഒരു ജനവിഭാഗമാണ് ഹിന്ദു. ആ ജനവിഭാഗത്തിൽ സാധാരണ മതങ്ങളിൽനിന്നും വ്യത്യസ്തമായി വിവിധ രൂപത്തിൽ മതത്തെ സമീപിക്കുന്ന ആളുകളുണ്ട്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെപ്പോലെ ക്ഷേത്രത്തിൽ പോകാത്ത അനേകം ആളുകളുണ്ട്. അതുപോലെ മറ്റു മതങ്ങളിൽനിന്നും വ്യത്യസ്തമായി ഹിന്ദുമതത്തിൽ സാമൂഹ്യ സമത്വത്തിനുവേണ്ടിയും മറ്റും അനേകം പോരാട്ടങ്ങൾ നടന്നിട്ടുണ്ട്. അങ്ങനെ വന്നയവസരത്തിൽ ഓരോ നീക്കത്തേയും എതിർത്ത പ്രതിലോമകാരികളിൽ അക്രമകാരികളുണ്ട്, കോടതിയെ സമീപിച്ചവരുണ്ട്. ഹിന്ദു എന്ന ജനവിഭാഗത്തെ അംഗീകരിക്കുന്ന രൂപത്തിലുള്ള വ്യാഖ്യാനങ്ങളെ മാറ്റി ഹിന്ദുക്കളുടെ നമ്പരുകൾ വളരെ കുറയ്ക്കുന്ന രൂപത്തിലേക്കു നമ്മൾ പോകേണ്ടതുണ്ടോ? ഹിന്ദുക്കളുടെ ഇടയിൽത്തന്നെ പലതരം ക്ഷേത്രങ്ങളുണ്ട്. ഏതെങ്കിലും ഒരു വിഭാഗം ജനങ്ങൾ വിശ്വാസം അർപ്പിക്കുന്ന ക്ഷേത്രങ്ങളുമുണ്ട്. വള്ളിക്കാവിലെ ആദിവാസികളുടെ ക്ഷേത്രം അതിനൊരു ഉദാഹരണം മാത്രമാണ്.

GPM. 2/587/2012.—32

LIBRARY ARCHIVES Kerala Legislative Assembly

അതിൽ നിന്നൊക്കെ മാറി, കഴിഞ്ഞകാല പോരാട്ടങ്ങളുടെ ഫലമായി, ഹിന്ദു എന്നത് എല്ലാവരേയും ഉൾക്കൊള്ളാൻ സാധിക്കുന്ന ഒരു വാക്കായി കൂടുതൽ ഗൗരവമായി മാറുകയാണ്. അതിനെ ദുർബലപ്പെടുത്താൻ ശ്രമിച്ച ശക്തികൾക്കു ഒരു തരത്തിലും മുന്നോട്ടുപോകാൻ ഇപ്പോൾ സാധിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഒരു കാര്യം സൂചിപ്പിച്ചു. ക്ഷേത്രത്തിന്റെ ഫണ്ട് എന്തിനുവേണ്ടി വിനിയോഗിച്ചുവെന്നുള്ള കാര്യം ചോദിച്ചപ്പോൾ, അദ്ദേഹത്തിന്റെ മറുപടിയിൽ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കു മാത്രം ഉപയോഗിച്ചു എന്നുള്ളതിന്റെ സൂചനയുണ്ടായി. ഭരണപരമായ കാര്യങ്ങൾക്കുപയോഗിച്ചു എന്നുള്ള വിമർശനങ്ങളെ നിഷേധിക്കുന്ന രൂപത്തിലുള്ള മറുപടിയാണ് അദ്ദേഹത്തിൽനിന്നും ലഭിച്ചത്. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഹിന്ദുമതത്തിൽ ജനിച്ച ആൾ പേരു മാറാതെ കണ്ട്, ഹിന്ദുവായി നിലനിൽക്കുന്ന ആൾ എന്നുള്ള നിലയ്ക്ക്, ആ പരിമിതമായ വ്യാഖ്യാനത്തിൽ നിർത്തിയാൽ അതു ഗുണകരമായിരിക്കുമെന്നാണ് എനിക്കു തോന്നുന്നത്. അതുകൊണ്ട് ഇതു ഞാൻ മൂവു ചെയ്യുന്നു.

ശ്രീ. പി. ജയരാജൻ: സർ, ഞാൻ എന്റെ 122-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(122) ഖണ്ഡം (2) ഉപഖണ്ഡം (ജി) നീക്കം ചെയ്യുക.

ഇതിൽ 1978-ലെ ഗുരുവായൂർ ദേവസ്വം നിയമമാണ് മാതൃകാപരമായിട്ടുള്ള നിയമമായിട്ട് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ആ നിയമത്തിൽ ഡെഫനിഷൻസുണ്ട്. അഡ്മിനിസ്ട്രേറ്റർ, കമ്മീഷണർ, കമ്മിറ്റി, കോർട്ട്, ദേവസ്വം, person having interest in the temple prescribed, അപ്പോൾ അതല്ലാതെ മറ്റു യാതൊരു നിർവ്വചനവും ഉൾപ്പെടുത്തുന്നതു ശരിയല്ല. അതുകൊണ്ട് ഹിന്ദു എന്നുള്ള നിർവ്വചനം ഒഴിവാക്കണം. അവിടെ Hindu means എന്നു പറഞ്ഞിട്ടാണ് ഇതിൽ കൊടുത്തിട്ടുള്ളത്. അതുകൊണ്ട് മതപരമായി ഹിന്ദുമതത്തിൽ അതിൽ 2 (ജി)-ൽ ദൈവത്തിലും ക്ഷേത്രാരാധനയിലും വിശ്വാസമുള്ള എന്ന വാക്കുകൾ അതിൽ നിന്നും നീക്കം ചെയ്യേണ്ടതാണ് എന്നതാണ് എന്റെ ഭേദഗതി.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ):* ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 95-ാം നമ്പർ ഭേദഗതി അക്സപ്റ്റു ചെയ്യുന്നുണ്ട്. ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതിയും അക്സപ്റ്റു ചെയ്യുന്നു. ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതിയും അക്സപ്റ്റു ചെയ്യുന്നു. ശ്രീ. എ. കെ. മണിയുടെ 132-ാം നമ്പർ ഭേദഗതി ഒഫിഷ്യൽ അമെന്റുമെന്റായി ഞാൻ മൂവു ചെയ്യുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(132) ഖണ്ഡം (2) (ജെ) യിൽ "പട്ടികജാതി" എന്നതിനുശേഷമുള്ള 'യും' എന്നത് നീക്കം ചെയ്യുകയും "പട്ടികവർഗ്ഗവും" എന്നതിനുപകരം 'പട്ടികവർഗ്ഗം' എന്നും ചേർക്കുക.

അതും അക്സപ്റ്റു ചെയ്യുന്നു. ബാക്കി ഭേദഗതികൾ ഒന്നും അംഗീകരിക്കുന്നില്ല.

മി. ചെയർമാൻ: ശ്രീ. യു. സി. രാമൻ അവതരിപ്പിച്ച 94-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 96,105,110 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 119,128,129 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 99,103 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 100,111 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 101,124,133 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 102,112,130 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 106,121,127 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. സി. കെ. നാണു അവതരിപ്പിച്ച 121 (എ)നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ....................

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ ശ്രീ. കെ. പി. രാജേന്ദ്രന്റെ 97-ാം നമ്പർ ഭേദഗതിക്കും ശ്രീ. എ.കെ. ബാലന്റെ 120-ാം നമ്പർ ഭേദഗതിക്കും ശ്രീ. വി. കെ. ചന്ദ്രന്റെ 115-ാം നമ്പർ ഭേദഗതിക്കും ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ 109-ാം നമ്പർ ഭേദഗതിക്കും പോൾ ആവശ്യപ്പെടുന്നു............(ബഹളം)............

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്):* ഭേദഗതി അംഗീകരിച്ച് ആ ക്ളാസ്സ് പാസ്സാക്കി, അടുത്തതിലേക്കു അങ്ങ് കടന്നു. പാസ്സായി എന്ന് ചെയറിൽ നിന്ന് അനൗൺസ് ചെയ്ത കാര്യം വീണ്ടും റിപ്പീറ്റു ചെയ്യുന്നത് ഓർഡറിലാണോ? ....(ബഹളം).................

മി. ചെയർമാൻ: അത്രയ്ക്കു സാങ്കേതികമാകണ്ട. സബ്സിസ്റ്റൻസുള്ള എന്തെങ്കിലും ഭേദഗതിയുണ്ടെങ്കിൽ നമുക്ക് അതു മൂവു ചെയ്യാവുന്നതാണ്. അത്രയ്ക്കു ടെക്നിക്കലാകേണ്ട കാര്യമില്ല. ഒരു ബില്ലിന്റെ അവതരണത്തിൽ ഗൗരവമുള്ള കാര്യമുണ്ടെന്നുതോന്നിയാൽ അതു അവതരിപ്പിക്കാവുന്നതും പോൾ ചെയ്യാവുന്നതുമാണ്. ....(ബഹളം).................

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* അങ്ങ് പാസ്സാക്കി അടുത്തതിലേക്കു പോയി. ഇപ്പോൾ പറയുന്നു അതെല്ലാം റിപ്പീറ്റു ചെയ്യുന്നു എന്ന്. അപ്പോൾ മന്ത്രി അംഗീകരിക്കുന്നു എന്നുപറഞ്ഞതും വിത്ത്ഡ്രാ ചെയ്യുമോ?

മി. ചെയർമാൻ: അങ്ങനെ മന്ത്രി പറഞ്ഞാൽ അംഗീകരിക്കും.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ):* സർ, അതിനകത്ത് ഗവൺമെന്റിന്റെ നിലപാട് ഇതാണ്. അംഗീകരിക്കേണ്ട കാര്യങ്ങൾ നമ്മൾ നേരത്തെ പറഞ്ഞ് അംഗീകരിച്ചുകഴിഞ്ഞു. ബഹുമാനപ്പെട്ട എം. വി. ജയരാജൻ അവതരിപ്പിച്ച ഭേദഗതി വളരെ സ്പെസിഫിക്കാണ്. ബഹുമാനപ്പെട്ട പി. ജയരാജൻ ഇവിടെ പ്രസംഗിച്ചത് എന്തായിരുന്നു? നോമിനേറ്റു ചെയ്യുന്ന ആളുടെ കാര്യത്തിൽ മാത്രമാണ് തർക്കം പറഞ്ഞത്. നോമിനേറ്റു ചെയ്യപ്പെടുന്നവർ വിശ്വാസിയായിരിക്കണം. അക്കാര്യത്തിൽ നിർബന്ധമുണ്ട്. കമ്മീഷണറായിരുന്നാലും മെമ്പർ ആയിരുന്നാലും വിശ്വാസിയായിരിക്കണമെന്നുള്ളത് നിർബന്ധമാണ്. അതിനു നിങ്ങൾ പോൾ ആവശ്യപ്പെടുന്നു എങ്കിൽ പോൾ ആവശ്യപ്പെട്ടുകൊള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ഈ ബില്ലിന്റെ ചർച്ചാവേളയിൽ ഗൗരവമുള്ള ഒരു കാര്യത്തെപ്പറ്റി ഒരു ചർച്ചയോ ഒരു പോളോ വേണ്ടിവന്നാൽ അതൊരു പാതകമാണെന്നു ചെയർ കാണുന്നില്ല.

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്):* ചെയർ പറഞ്ഞതിനോടു പൂർണ്ണമായും യോജിക്കുന്നു. പ്രശ്നം അതല്ല. ഒരു ക്ലാസ്സ് എടുത്ത് ആ ക്ലാസ്സ് ഹൗസ് അംഗീകരിച്ചു കഴിഞ്ഞതിനുശേഷം, അംഗീകരിച്ചു എന്നുള്ളത് ഇവിടത്തെ ടേപ്പ് റിക്കോർഡർ എടുത്തു നോക്കിയാൽ മതി.............(ബഹളം)............... ഞാൻ ചെയറിന്റെ റൂളിംഗിനെ ചോദ്യം ചെയ്യുകയല്ല. പക്ഷേ, ഒരു കാര്യം ഇവിടെ അംഗീകരിച്ചു, അടുത്ത ക്ളാസ്സിലേക്കു കടന്നതിനുശേഷം റീ ഓപ്പൺ ചെയ്തതാണ് പ്രശ്നം. ഞാൻ ചെയറിന്റെ റൂളിംഗിനെ ക്വസ്റ്റ്യൻ ചെയ്യുന്നില്ല.

ശ്രീ. എം. എം. ഹസ്സൻ: സർ, ഞാൻ അങ്ങയുടെ റൂളിംഗിനോട് പൂർണ്ണമായും യോജിക്കുകയാണ്. ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞതുപോലെ അങ്ങ് മറ്റൊന്നിലേക്ക് കടന്നെങ്കിലും ക്ഷേത്രഭരണത്തിൽ വിശ്വാസികൾ വരണോ അവിശ്വാസികൾ വരണോ എന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. അതിന് സാങ്കേതികത്വം നോക്കാതെ അങ്ങ് അവിശ്വാസികൾക്കുവേണ്ടി വാദിക്കുന്നവരുടെ വാദം അംഗീകരിച്ചത് ശരിയാണ്. ഇവിടെ ക്ഷേത്രഭരണത്തിൽ വിശ്വാസികൾ വരണോ അവിശ്വാസികൾ വരണോ എന്നതിന് പോൾ വേണമെന്നുള്ള അങ്ങയുടെ അഭിപ്രായം ശരിതന്നെയാണ്. .... (ബഹളം) ....

ജലവിഭവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* അങ്ങ് പറഞ്ഞ റൂളിംഗ് അനുസരിച്ച് പോൾ ആയിക്കോട്ടെ. പോൾ വേണമോ വേണ്ടയോ എന്നതിനെ സംബന്ധിച്ച് തർക്കിച്ച് സമയം കളയണ്ട.

മി. ചെയർമാൻ: ശ്രീ. ബിനോയ് വിശ്വം, ഒരു വാക്ക് ചെയറിന് പറയാൻ താൽപ്പര്യമുണ്ട്. നമ്മളെ സംബന്ധിച്ചിടത്തോളം നമ്മളെല്ലാം സമയക്കുറവിനെ കുറിച്ച് ആശങ്കപ്പെട്ടവരാണ്. ആ നമ്മളെല്ലാപേരുംകൂടി വളരെ സാങ്കേതികമായി തലനാരിഴകീറി വീണ്ടും കീറി സമയം കളയാതെ ഗൗരവമുള്ള പ്രശ്നത്തിന് സഭയിലെ അംഗങ്ങൾക്ക് പോൾ വേണമെന്ന് തോന്നിയാൽ പോൾ ആകാമെന്നാണ് ചെയറിന്റെ ഖണ്ഡിതമായ അഭിപ്രായം.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ അവതരിപ്പിച്ച 97-ാം നമ്പർ ഭേദഗതിക്ക് പോൾ വേണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ അവതരിപ്പിച്ച 109-ാം നമ്പർ ഭേദഗതിക്ക് പോൾ വേണം. .... (ബഹളം) ....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതിക്ക് പോൾ വേണം.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതിക്ക് പോൾ വേണം.

മി. ചെയർമാൻ: ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 97-ാം നമ്പർ ഭേദഗതിയും, ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 109-ാം നമ്പർ ഭേദഗതിയും ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതിയും ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതിയും ഈ നാല് ഭേദഗതികളും സഭയുടെ മുൻപിൽ വോട്ടിംഗിന് വരുകയാണ്.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ — 27

1. ശ്രീ. എ. എ. അസീസ്
2. ,, കോടിയേരി ബാലകൃഷ്ണൻ
3. ,, എ. കെ. ബാലൻ
4. ,, വി. കെ. ചന്ദ്രൻ
5. ,, വി. ചെന്താമരാക്ഷൻ
6. ,, ടി. കെ. ദേവകുമാർ
7. ,, പി. സി. ജോർജ്
8. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
9. ശ്രീ. കെ. കെ. ജയചന്ദ്രൻ
10. ,, എം. വി. ജയരാജൻ
11. ,, പി. ജയരാജൻ
12. ,, എം. കുമാരൻ
13. ,, കെ. വി. കുഞ്ഞിരാമൻ
14. ,, വി. കെ. സി. മമ്മത്കോയ
15. ,, മത്തായി ചാക്കോ
16. ,, കെ. പി. മോഹനൻ
17. ,, എ. സി. മൊയ്തീൻ

LIBRARY ARCHIVES Kerala Legislative Assembly

18. ശ്രീ. സി. കെ. നാണു
19. ,, പി. നാരായണൻ
20. ,, എം. പ്രകാശൻ മാസ്റ്റർ
21. ,, കെ. രാധാകൃഷ്ണൻ
22. ,, എൻ. രാജൻ
23. ,, കെ. പി. രാജേന്ദ്രൻ
24. ,, രാജു എബ്രഹാം
25. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
26. ശ്രീ. പി. എസ്. സുപാൽ
27. ഡോ. തോമസ് ഐസക്

പ്രതികൂലിക്കുന്നവർ — 38

1. ശ്രീ. കളത്തിൽ അബ്ദുള്ള
2. ,, സി. ടി. അഹമ്മദ് അലി
3. ,, ഇ. എം. അഗസ്തി
4. ,, കെ. ബാബു
5. ,, പി. കെ. കെ. ബാവ
6. ,, കെ. എ. ചന്ദ്രൻ
7. ,, ജോർജ് ജെ. മാത്യു
8. ,, എം. എം. ഹസൻ
9. ,, വി. കെ. ഇബ്രാഹീം കുഞ്ഞ്
10. ,, ഇസ്ഹാക് കുരിക്കൾ
11. ,, കെ. സി. ജോസഫ്
12. ,, ജോസഫ് എം. പുതുശ്ശേരി
13. ,, പി. ജെ. ജോയി
14. ,, ഉമ്മൻ ചാണ്ടി
15. ,, വി. ജെ. പൗലോസ്
16. ,, അടൂർ പ്രകാശ്

LIBRARY ARCHIVES Kerala Legislative Assembly

17. ശ്രീ. ടി. എൻ. പ്രതാപൻ
18. ,, വക്കം ബി. പുരുഷോത്തമൻ
19. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
20. ,, വർക്കല കഹാർ
21. ,, കെ. എൻ. എ. ഖാദർ
22. ,, കെ. കെ. നായർ
23. ,, ലൂഡി ലൂയിസ്
24. ,, എ. കെ. മണി
25. ,, ആര്യാടൻ മുഹമ്മദ്
26. ,, സി. പി. മുഹമ്മദ്
27. ,, സ്റ്റീഫൻ ജോർജ്
28. ,, സി. എഫ്. തോമസ്
29. പ്രൊഫ. കെ. വി. തോമസ്
30. ശ്രീ. തമ്പാനൂർ രവി
31. ,, ടി. പി. എം. സാഹിർ
32. ,, എൻ. ശക്തൻ
33. ,, വി. ഡി. സതീശൻ
34. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
35. ശ്രീ. പി. ടി. തോമസ്
36. ,, തോമസ് ചാഴികാടൻ
37. ,, എം. എ. വാഹീദ്
38. ,, കെ. സി. വേണുഗോപാൽ

മി. ചെയർമാൻ:

അനുകൂലിക്കുന്നവർ — 27

പ്രതികൂലിക്കുന്നവർ — 38

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

3-ാം വകുപ്പ്

ശ്രീ. എം. എ. വാഹിദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(134) ഖണ്ഡം 3 (1)-ൽ

"നിയന്ത്രണവും" എന്നതിനുശേഷം "നിത്യേനയുള്ള" എന്നും "ഇതിനുശേഷം" എന്നതിനുപകരം "ഇതിനെതുടർന്ന്" എന്നും ചേർക്കുക.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(135) ഖണ്ഡം 3 (2)-ൽ "കമ്മിറ്റി" എന്ന വാക്കിന് മുൻപേ "സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന തീയതി മുതൽ ദേവസ്വത്തിന്റെ ഭരണവും, നിയന്ത്രണവും നടത്തിപ്പിനും വേണ്ടി ഒരു കമ്മിറ്റിയെ രൂപീകരിക്കേണ്ടതും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ):* സ്വീകരിക്കുന്നില്ല.

ശ്രീ. എം. എ. വാഹിദ് അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതിയും ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 135-ാം നമ്പർ ഭേദഗതിയും സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.........................

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

മി. ചെയർമാൻ: താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(137) ഖണ്ഡം 4 (എ) യിൽ "ക്ഷേത്രത്തിലെ തന്ത്രി" എന്നതിനുപകരം "കൂടൽമാണിക്യം ക്ഷേത്രത്തിലെ തന്ത്രി" എന്നുമാറ്റുക.

GPM. 2/587/2012.—33

LIBRARY ARCHIVES Kerala Legislative Assembly

(146) ഖണ്ഡം 4 (ബി) യിൽ "ദേവസ്വം ജീവനക്കാരുടെ ഒരു പ്രതിനിധി" എന്നതിനു പകരം "കൂടൽമാണിക്യം ദേവസ്വം ജീവനക്കാരുടെ ഒരു പ്രതിനിധി" എന്നുമാറ്റുക.

എനിക്ക് പറയുവാനുള്ളത് ബഹുമാനപ്പെട്ട മന്ത്രിക്ക് സ്വീകരിക്കാൻ കഴിയുന്ന ഒരു ഭേദഗതിയാണ്. ദേവസ്വം ജീവനക്കാരുടെ പ്രതിനിധിയെന്നാണ് ഇതിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ ബിൽ കൂടൽമാണിക്യം ബിൽ ആയതുകൊണ്ട് കൂടൽമാണിക്യം ദേവസ്വം ജീവനക്കാരുടെ പരിധിയിൽ വരേണ്ട ജീവനക്കാരൻ എന്നുതന്നെ വരുന്നതായിരിക്കും ഔചിത്യം.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(138) ഖണ്ഡം 4 (എ) യിൽ "തന്ത്രി" എന്നതിനുശേഷം "മാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ" എന്ന് ചേർക്കുക.

(144) ഖണ്ഡം 4 (ബി) യിൽ "മന്ത്രിസഭയിലെ ഹിന്ദുക്കൾ" എന്നതിനുപകരം "സർക്കാർ" എന്ന് മാറ്റുക.

(168) ഖണ്ഡം 4 (സി) യിൽ "മന്ത്രിസഭയിലെ ഹിന്ദുക്കൾ" എന്നതിനുപകരം "സർക്കാർ" എന്ന് ചേർക്കുക.

തന്ത്രി എന്നതിനുപകരം തന്ത്രിമാരിൽനിന്നും എന്നും മന്ത്രിസഭയിലെ ഹിന്ദുക്കൾ എന്നതിനുപകരം സർക്കാർ എന്നും ചേർക്കണം.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(139) ഖണ്ഡം 4 (ബി) താഴെ പറയും പ്രകാരം മാറ്റുക.

"(ബി) ദേവസ്വം ജീവനക്കാർ അവരിൽ നിന്നൊരാളെ തെരഞ്ഞെടുക്കുന്ന പ്രതിനിധി എന്നാക്കി മാറ്റേണ്ടതാണ്".

(167) ഖണ്ഡം 4 (സി) താഴെപ്പറയുംപ്രകാരം മാറ്റുക.

"(സി) ഹിന്ദുമതത്തിൽപ്പെട്ട ആളുകളിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അഞ്ചിൽ കവിയാത്ത ആളുകൾ അവരിൽ ഒരാൾ പട്ടികജാതി/പട്ടിക വർഗ്ഗത്തിൽ നിന്നും ഒരാൾ വനിതയുമായിരിക്കേണ്ടതാണ്."

ഇതിൽ ദേവസ്വം ജീവനക്കാരിൽ നിന്നും ഒരാളെ തെരഞ്ഞെടുക്കുന്ന പ്രതിനിധി എന്നാക്കി മാറ്റേണ്ടതാണ്. മന്ത്രിസഭയിലെ ഹിന്ദുക്കൾ നാമനിർദ്ദേശം ചെയ്യുന്ന ദേവസ്വം ജീവനക്കാരുടെ ഒരു പ്രതിനിധി എന്നതിനുപകരമാണ് ഈയൊരു ഭേദഗതി. ജീവനക്കാരുടെ ഇടയിൽനിന്നും ദൈവഭക്തിയുള്ള ഒരാൾ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേത്രാരാധന നടത്താൻ, നല്ല ഒന്നാംതരം ഭക്തൻതന്നെ വന്നോട്ടെ. ക്യാബിനറ്റിലെ ഹിന്ദുക്കളായിട്ടുള്ള മന്ത്രിമാരെ നോമിനേറ്റ് ചെയ്യുന്നത് ഒരു ഡെമോക്രാറ്റിക് പ്രോസസിന് നിരക്കുന്നതല്ല. അപ്പോൾ ജീവനക്കാരുടെ ഇടയിൽനിന്നുള്ള ദൈവ വിശ്വാസിയായ ജീവനക്കാരനെയാണ് പ്രതിനിധിയാക്കേണ്ടത്. അത് അവരുടെയൊരു ആവശ്യമാണ്. അത് ആരാകണമെന്നുള്ളത് മന്ത്രിസഭയിലെ ഹിന്ദുക്കളായിട്ടുള്ള മന്ത്രിമാരല്ല തീരുമാനിക്കേണ്ടത്. ഇത് ജനാധിപത്യ സംവിധാനത്തിനോ ഡെമോക്രാറ്റിക് നോംസിനോ നിരക്കുന്നതല്ല. അടുത്ത ഭേദഗതി ക്ഷേത്രത്തിൽ താൽപര്യമുള്ള ആളുകളിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അഞ്ചിൽ കുറയാത്ത ആളുകളിൽ ഒരാൾ എസ്.സി./എസ്.ടി. ആകണമെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്ന ഭേദഗതിയിലുള്ളതാണ്. അതിൽ ഒന്ന് സ്ത്രീ ആകണം. നമ്മൾ വളരെ പ്രാധാന്യത്തോടുകൂടി കാണേണ്ടത് ബഹുമാനപ്പെട്ട പ്രസിഡന്റ് പ്രസംഗിച്ചപ്പോൾ ഈ ഭാഗത്തേക്ക് നോക്കിയിട്ട് സ്ത്രീകൾ എവിടെ സ്ത്രീകൾ എവിടെ എന്ന് ചോദിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസിഡന്റ് പറഞ്ഞത് നൂറു ശതമാനവും അംഗീകരിക്കുന്നുയെന്ന് ആവർത്തിച്ചാവർത്തിച്ച് പറയുകയാണ്. അതുകൊണ്ട് ഇവിടെ കൊണ്ടുവന്ന ഭേദഗതിയിൽ സ്ത്രീകളെ കാണുന്നതേയില്ല. അതുകൊണ്ട് നോമിനേറ്റ് ചെയ്യുന്നതിൽ ഒരാൾ സ്ത്രീ ആയിരിക്കണം മറ്റൊന്ന് എനിക്ക് ചോദിക്കാനുള്ളത് ഹിന്ദുവിന് നിർവ്വചനം കൊടുക്കാൻ ഇവരെ ആരാണ് ചുമതലപ്പെടുത്തിയത്? ക്രിസ്ത്യാനി ആരാണെന്നും മുസ്ലീം ആരാണെന്നും നിർവ്വചിക്കാൻ ഇവർക്ക് എന്ത് അധികാരമാണുള്ളത്? ശ്രീരാമകൃഷ്ണ പരമഹംസൻ മുതൽ വിവേകാനന്ദൻ മുതൽ ഡോ. പത്മാ സുബ്രമണ്യം വരെ ഹിന്ദുവിനെ നിർവ്വചിച്ച് ഏതെങ്കിലും ഒരു ഡെഫനിഷന്റെ ഉള്ളിൽ കൊണ്ടുവരാൻ പറ്റുന്ന സങ്കൽപ്പത്തിലുള്ളതല്ല. അതുകൊണ്ട് ഞാൻ മൂവ് ചെയ്യുന്നു. ഭേദഗതി 169 പ്രൊഫ. സാവിത്രി ലക്ഷ്മണൻ മൂവ് ചെയ്യാൻ പോവുകയാണ്. എന്റെ പിന്തുണ പരിപൂർണ്ണമായും അതിനുണ്ട്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(141) ഖണ്ഡം 4 (ബി) യിൽ "ദേവസ്വം ജീവനക്കാരുടെ" എന്നതിന് പകരം "ദേവസ്വം ജീവനക്കാരിൽ നിന്നുള്ള" എന്നു ചേർക്കുക.

(169) ഖണ്ഡം 4 (സി) യിൽ "പട്ടികജാതിക്കാരനോ പട്ടികവർഗ്ഗക്കാരനോ" എന്നതിന് പകരം "സ്ത്രീയും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ടയാളും" എന്ന് ചേർക്കുക.

(185) ഖണ്ഡം 4 (4)-ൽ

"ക്ഷേത്രാരാധനയിൽ വിശ്വസിക്കുന്നു എന്നും തൊട്ടുകൂടായ്മയിൽ വിശ്വസിക്കുന്നില്ല എന്നും" എന്നതിന് പകരം "ക്ഷേത്രാരാധനയിൽ വിശ്വസിക്കുന്നുവെന്നും ക്ഷേത്രാചാരപ്രകാരമല്ലാതെ തൊട്ടുകൂടായ്മയിലോ തീണ്ടിക്കൂടായ്മയിലോ വിശ്വസിക്കുന്നില്ല എന്നും" ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

മുൻകൂറായി ശ്രീ. എ. കെ. ബാലൻ തന്ന പിന്തുണയ്ക്ക് നന്ദിയുണ്ട്. പക്ഷേ എന്റേയും ശ്രീ. ബാലന്റേയും ഭേദഗതികൾ എല്ലാ അർത്ഥത്തിലും ഒരുപോലെയല്ല. ഞാൻ മൂവ് ചെയ്ത 141-ാം നമ്പർ ഭേദഗതിയിൽ ജീവനക്കാരുടെ പ്രതിനിധി എന്നതിൽ ജീവനക്കാരിൽ നിന്നുള്ള എന്നേ ഞാൻ പറഞ്ഞിട്ടുള്ളു. ജീവനക്കാരുടെ പ്രതിനിധി ആകുമ്പോൾ ശ്രീ. ബാലൻ പറഞ്ഞതുപോലെ പുറത്തുനിന്നുള്ള ഒരാൾ ആകാം. യൂണിയന്റെ പ്രസിഡന്റ് ജീവനക്കാരൻ ആയിക്കൊള്ളണമെന്ന് നിർബന്ധമില്ല. അതിനു പകരം ജീവനക്കാരിൽനിന്നും ഒരു പ്രതിനിധി വരണമെന്ന് ഉദ്ദേശിച്ചാണ് പറയുന്നത്. ശ്രീ ബാലൻ, മന്ത്രിസഭയിലെ നാമനിർദ്ദേശം ചെയ്തത് തൊട്ടുള്ള ഭാഗം തട്ടിക്കളഞ്ഞിരിക്കുകയാണ്. അങ്ങനെ തട്ടിക്കളയണമെന്ന് എനിക്ക് നിർബന്ധമില്ല. പ്രാതിനിധ്യം ജീവനക്കാരിൽ നിന്നുള്ള ആൾ ആയിരിക്കണം എന്നുള്ള നിർബ്ബന്ധമുണ്ട്. അത് മന്ത്രിസഭയിലെ ഹിന്ദുക്കൾ നാമനിർദ്ദേശം ചെയ്യുന്ന ആൾ ആകണം എന്ന നിർബന്ധമുണ്ട്. അതുകൊണ്ട് എന്റെ 141-ാമത്തെ ഭേദഗതിയിൽ ശ്രീ. ബാലന്റെ പിന്തുണ ഈ അർത്ഥത്തിൽ ഞാൻ സ്വീകരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി അതൊന്ന് അംഗീകരിച്ചു തരണമെന്ന് അഭ്യർത്ഥിക്കുന്നു. എന്റെ 169-ാമത്തെ ഭേദഗതിയിൽ ശ്രീ. ബാലനും ഞാനും പൂർണ്ണമായി യോജിപ്പുള്ള സമ്പ്രദായത്തിൽ തന്നെയാണ് പട്ടികജാതിക്കാരനോ പട്ടികവർഗ്ഗക്കാരനോ എന്ന് മാത്രമായിട്ട് ഒതുക്കാതെ ഒരു സ്ത്രീ വരണം എന്ന നിർബന്ധത്തോടുകൂടി അഞ്ചിൽ കവിയുന്ന ആളുകൾ എന്ന് പറയുമ്പോൾ ക്ഷേത്രത്തിൽ താൽപ്പര്യമുള്ള ആളുകളിൽനിന്നും മന്ത്രിസഭയിലെ ഹിന്ദുക്കൾ നാമനിർദ്ദേശം ചെയ്യുന്ന അഞ്ചിൽ കവിയാത്ത ആളുകളിൽ ഒരാൾ സ്ത്രീയും ഒരാൾ പട്ടികജാതിക്കാരനോ പട്ടികവർഗ്ഗക്കാരനോ ആയിരിക്കേണ്ടതാണ്. ആദരണീയനായ രാഷ്ട്രപതി ഉൾപ്പെടെയുള്ളവരുടെ അഭിലാഷം മാനിച്ചുകൊണ്ട് അദ്ദേഹത്തിന്റെ പ്രസംഗത്തെത്തുടർന്ന് ഈ സഭയിൽ അവതരിപ്പിച്ച ആദ്യത്തെ ബില്ലിൽ അഞ്ച് പേരെ ക്ഷേത്ര ഭരണത്തിന് നിയോഗിക്കുമ്പോൾ അതിൽ ഒരാൾ സ്ത്രീയാകണം എന്ന ആശയം അങ്ങ് അംഗീകരിച്ചുതരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ശ്രീ. എ. കെ. ബാലന്റെ പിന്തുണ സന്തോഷപൂർവ്വം സ്വീകരിക്കുകയും ചെയ്യുന്നു. ബഹുമാനപ്പെട്ട മന്ത്രി കൂടി സ്വീകരിച്ചാൽ ഉപകാരമായി. എന്റെ 185-ാം നമ്പർ ഭേദഗതി എന്ന് പറയുന്നത്. "ക്ഷേത്രാരാധനയിൽ വിശ്വസിക്കുന്നു എന്നും തൊട്ടുകൂടായ്മയിൽ വിശ്വസിക്കുന്നില്ല എന്നും" എന്നതിന് പകരം "ക്ഷേത്രാരാധനയിൽ വിശ്വസിക്കുന്നു എന്നും ക്ഷേത്രാചാരപ്രകാരമല്ലാതെ തൊട്ടുകൂടായ്മയിലോ തീണ്ടിക്കൂടായ്മയിലോ വിശ്വസിക്കുന്നില്ല എന്നും" ചേർക്കണം എന്നാണ്. തൊട്ടുകൂടായ്മയോ തീണ്ടിക്കൂടായ്മയോ ഒന്നും സ്വീകരിക്കണമെന്ന് ഞാൻ ഒരിക്കലും പറയുന്നില്ല. പക്ഷേ ക്ഷേത്രത്തിൽ ക്ഷേത്ര മര്യാദയ്ക്ക് അനുസരിച്ച് വിശ്വാസികളുടെ വികാരങ്ങളെ വ്യണപ്പെടുത്താത്ത തരത്തിൽ ചില കാര്യങ്ങളൊക്കെ ചെയ്യാനുണ്ട്. ക്ഷേത്രത്തിൽ പൂജ നടത്തുന്ന ആളെ ദർശനത്തിന് വരുന്ന ആളുകൾ തൊട്ടുകൂട

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളത് സഹസ്രാബ്ദങ്ങളായി നിലവിലുള്ള ഒരു ആചാരമാണ്. ആ ആചാരം മാറ്റാൻ പാടില്ല. ക്ഷേത്ര ദർശനത്തിന് എത്തുന്ന ഒരാൾ ഓടിച്ചെന്നു പൂജാരിയെ സ്പർശിച്ച് അശുദ്ധി വരുത്തുക എന്നുള്ളത് ക്ഷേത്ര മര്യാദയ്ക്ക് നിരക്കുന്ന കാര്യമല്ല. അതുപോലെ ശ്രീഭൂതബലി നടക്കുമ്പോൾ ക്ഷേത്രത്തിനകത്ത് കടന്നുകൂട എന്നും നിയമം ഉണ്ട്. ശ്രീകോവിലിനകത്ത് പൂജാരിക്ക് മാത്രമേ കയറാൻ പാടുള്ളൂ എന്നത് ക്ഷേത്ര വിശ്വാസമാണ്. ആ സ്ഥിതിക്ക് ക്ഷേത്രത്തിലെ വിശ്വാസികൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ, ക്ഷേത്ര മര്യാദയ്ക്ക് പ്രശ്നമില്ലാത്ത തരത്തിൽ ഈ പറഞ്ഞ തരത്തിലുള്ള തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയുമൊക്കെ പാലിക്കേണ്ടതായിരിക്കും. അതല്ലാതെ സമൂഹത്തിലെ അനാചാരങ്ങളെ പ്രോത്സാഹിപ്പിക്കാൻവേണ്ടി പറയുന്നതല്ല. അതുകൊണ്ടാണ് കൃത്യമായിട്ട് പറയുന്നത്. ക്ഷേത്രാചാര പ്രകാരമല്ലാതെ തൊട്ടുകൂടായ്മയിലോ തീണ്ടിക്കൂടായ്മയിലോ വിശ്വസിക്കുന്നില്ല എന്നത്, ദയവായി ഭേദഗതികൾ അങ്ങ് സ്വീകരിക്കണം.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(142) ഖണ്ഡം 4 (ബി) യിൽ "മന്ത്രിസഭയിലെ ഹിന്ദുക്കൾ" എന്നതിന് പകരം "ജീവനക്കാർ" എന്ന് ചേർക്കുക.

(143) ഖണ്ഡം 4 (ബി) യിലെ "മന്ത്രിസഭയിലെ ഹിന്ദുക്കൾ" എന്നതിന് പകരം "നിയമസഭയിലെ ഹിന്ദു അംഗങ്ങൾ" എന്നാക്കുക.

അതിൽ രണ്ടു വാക്ക് സംസാരിക്കാനുണ്ട്. എന്റെ 142-ാമത്തെ ഭേദഗതിയിൽ "മന്ത്രിസഭയിലെ ഹിന്ദുക്കൾ നാമനിർദ്ദേശം ചെയ്യുന്ന ക്ഷേത്ര ജീവനക്കാരുടെ എന്നു പറഞ്ഞു. ഇപ്പോൾ 20 മന്ത്രിമാരുള്ള ക്യാബിനറ്റാണ് കേരളത്തിലുള്ളത്. അതിൽ ഹിന്ദുക്കളുടെ എണ്ണം എടുത്തു പരിശോധിച്ചാൽ വളരെ പരിമിതമാണ്. ഹിന്ദുക്കളുടെ എണ്ണം കുറഞ്ഞുവരുന്ന ഒരു മന്ത്രിസഭ ഉണ്ടാകുകയാണെങ്കിൽ എന്തു ചെയ്യും? നിയമം എല്ലാ കാലത്തും നിൽക്കുകയാണ്. അതുകൊണ്ട് ജീവനക്കാരുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനുള്ള അവകാശവും അധികാരവും അവർക്കാണ്. അത് മന്ത്രിസഭ തട്ടിയെടുക്കുന്നത് ശരിയല്ല. അതുപോലെ ക്ഷേത്ര താൽപ്പര്യമുള്ള മന്ത്രിസഭയിലെ ഹിന്ദുക്കൾ നാമനിർദ്ദേശം ചെയ്യുന്ന എന്നതിനു പകരം നിയമസഭയിലെ ഹിന്ദുക്കൾ എന്നാക്കി മാറ്റുക.

ശ്രീ. പി. ജെ. ജോയിക്കുവേണ്ടി *(ശ്രീ. വി. ഡി. സതീശൻ):* സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(147) ഖണ്ഡം 4 (ബി) താഴെപറയും പ്രകാരം മാറ്റുക.

"(ബി) ദേവസ്വം ബോർഡ് ജീവനക്കാർ തെരഞ്ഞെടുക്കുന്ന ഒരു പ്രതിനിധി"

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(152) ഖണ്ഡം 4 (സി) താഴെപറയും പ്രകാരം മാറ്റുക.

"(സി) ക്ഷേത്രത്തിൽ താല്പര്യമുള്ള ആളുകളിൽനിന്നും മന്ത്രിസഭയിലെ ഹിന്ദു അംഗങ്ങൾ നാമനിർദ്ദേശം ചെയ്യുന്ന രണ്ടിൽ കവിയാത്ത ആളുകളും നിയമസഭയിലെ ഹിന്ദു അംഗങ്ങൾ തെരഞ്ഞെടുക്കുന്ന മൂന്നിൽ കവിയാത്ത ആളുകളും, ഈ മൂന്നിൽ കവിയാത്ത ആളുകളിൽ ഒരാൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളും ആയിരിക്കേണ്ടതാണ്."

(174) ഖണ്ഡം 4 (2)-ൽ (ii) താഴെപറയും പ്രകാരം മാറ്റുക.

"(ii) അയാൾ ദേവസ്വത്തിന്റേയോ മറ്റേതെങ്കിലും ദേവസ്വത്തിന്റേയോ കീഴിൽ ഒരു ജീവനക്കാരനായിരിക്കുകയോ; അല്ലെങ്കിൽ,"

(176) ഖണ്ഡം 4 (2)-ൽ (iv) താഴെപറയും പ്രകാരം മാറ്റുക.

"(iv) അയാൾ ദേവസ്വവുമായോ മറ്റേതെങ്കിലും ദേവസ്വവുമായോ നിലവിലിരിക്കുന്ന ഏതെങ്കിലും കരാറിൽ ഏർപ്പെട്ടിരിക്കുകയോ, അല്ലെങ്കിൽ,"

(186) ഖണ്ഡം 4 (4)-ൽ സത്യപ്രതിജ്ഞ താഴെപറയും പ്രകാരം മാറ്റുക.

"..............എന്ന ഞാൻ ഹിന്ദുമത വിശ്വാസിയാണെന്നും ഈശ്വരാരാധനയിലും ക്ഷേത്രാചാരങ്ങളിലും വിശ്വസിക്കുന്നുവെന്നും തൊട്ടുകൂടായ്മയിൽ വിശ്വസിക്കുന്നില്ലായെന്നും ഈശ്വരനാമത്താൽ പ്രതിജ്ഞ ചെയ്തുകൊള്ളുന്നു."

ശ്രീ. ടി. എം. ജേക്കബിനുവേണ്ടി *(ശ്രീ. ജോണി നെല്ലൂർ):* സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(153) ഖണ്ഡം 4 (ബി) യിൽ 'ഹിന്ദുക്കൾ' എന്നതിനുപകരം

'ഹിന്ദുക്കളായ മന്ത്രിമാർ' എന്ന് ചേർക്കുക.

(154) ഖണ്ഡം 4 (സി) യിൽ 'ഹിന്ദുക്കൾ' എന്ന വാക്കിനുപകരം

'ഹിന്ദുക്കളായ മന്ത്രിമാർ' എന്ന വാക്കുകൾ ചേർക്കുക.

(182) ഖണ്ഡം 4 (4) നീക്കം ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി നേരത്തെ നിർവ്വചനത്തിൽ ശ്രീ. എം. വി. ജയരാജന്റെ 116-ാം നമ്പർ ഭേദഗതി അംഗീകരിച്ചതോടുകൂടി ചെറിയൊരു മാറ്റം ബില്ലിൽ വന്നിട്ടുണ്ട്.

3.00 P.M.] ഇപ്പോഴുള്ള പുതിയ നിർവചനപ്രകാരം "ഹിന്ദു എന്നാൽ ദൈവത്തിലും ക്ഷേത്രാരാധനയിലും വിശ്വാസമുള്ളയാളോ മതപരമായി ഹിന്ദുമതത്തിൽ ഏതെങ്കിലും വിഭാഗത്തിൽപെട്ട ഒരാളോ" എന്ന് അർത്ഥമാക്കുന്ന വിധത്തിൽ മാറ്റിയിട്ടുണ്ട്. ഇങ്ങനെ മാറ്റിയിട്ടുള്ളതിനാൽ ഞങ്ങളുടെ എതിർപ്പിൽ ഉറച്ചുനിൽക്കുന്നില്ല. പക്ഷെ എനിക്ക് ചോദിക്കാനുള്ളത് എന്തിനാണ് നിങ്ങൾ ഈ ആശയക്കുഴപ്പം ഉണ്ടാക്കാൻ ശ്രമിക്കുന്നത്. പച്ചയായിട്ടങ്ങ് പറഞ്ഞാൽ പോരേ? ദൈവത്തിലും ക്ഷേത്രാരാധനയിലും വിശ്വാസമുള്ള ആള് എന്ന് ചേർക്കണം എന്ന നിർബന്ധം നിങ്ങൾ ഇപ്പോഴും ഉപേക്ഷിച്ചിട്ടില്ല. അതുകൊണ്ടാണ് ഞങ്ങൾ നേരത്തെ പോൾ ചോദിക്കാൻ കാരണം. ഇവിടെ മുമ്പ് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഉള്ള പ്രതിനിധിയെ തെരഞ്ഞെടുക്കുന്നതിൽ എം.എൽ.എ.-മാർക്ക് വോട്ട് ചെയ്യാൻ ഒരു അവകാശം ഉണ്ടായിരുന്നു. എം.എൽ.എ. മാരുടെ കൂട്ടത്തിൽ നിന്ന് വോട്ട് ചെയ്തിട്ട് ഒരാളെ തെരഞ്ഞെടുക്കാം. അന്ന് യു.ഡി.എഫ്. ഭരിച്ചിരുന്ന കാലത്ത് ഒരു ഘട്ടത്തിൽ ഹിന്ദു എം.എൽ.എ. മാരിൽ ഭൂരിപക്ഷം ആളുകൾ പ്രതിപക്ഷത്തു വന്നു, അങ്ങനെ വന്ന ഒരു ഘട്ടത്തിൽ അതിനെ മറികടക്കാൻ വേണ്ടിയായിരുന്നു ഇത്തരത്തിലുള്ള അഭ്യാസങ്ങളോടുകൂടി ദൈവവിശ്വാസവും, ക്ഷേത്രാരാധനയും എന്ന വാക്ക് ഹിന്ദു എന്ന നിർവ്വചനത്തിൽ അന്ന് യു.ഡി.എഫ് ഭരണകാലത്ത് കുത്തിത്തിരുകിയത്. ഇപ്പോഴത്തെ മന്ത്രിസഭയിലുള്ള മന്ത്രിമാർ ഇങ്ങനെയായിട്ടും എന്തിനാണ് നിങ്ങൾ ഈ പ്രയോഗം നടത്തിയത്. ഈ ബില്ലിൽ എം.എൽ.എ.-മാർക്ക് അങ്ങനെ വോട്ട് ചെയ്ത് ഒരാളെ തെരഞ്ഞെടുക്കാനുള്ള അവകാശമില്ല വെറുതേ ചർച്ചയ്ക്ക് ഇടയാക്കത്തക്ക വിധത്തിൽ ഈ പ്രയോഗം നിങ്ങൾ എന്തിന് ചേർത്തു. ഏത് ഉദ്യോഗസ്ഥനാണ് നിങ്ങൾക്ക് എഴുതി തന്നത്. ഈ ബിൽ തയ്യാറാക്കുന്നതിൽ രാഷ്ട്രീയ നേതൃത്വത്തിന്റെ ഇടപെടൽ ഇല്ല. രാഷ്ട്രീയ നേതൃത്വം ആലോചിക്കാതെ തയ്യാറാക്കിയ ഒരു ബിൽ ആയതുകൊണ്ടാണ് ഇത്തരത്തിലുള്ള അനവധാനതയോടുകൂടി ഈ ബിൽ തയ്യാറാക്കിയത്. യഥാർത്ഥത്തിൽ ഇവിടെ ഇത്രയും ചർച്ച നടക്കുമായിരുന്നില്ല. ആദ്യംതന്നെ ഇത്തരത്തിലുള്ള ഒരു നിർദ്ദേശത്തോടുകൂടിയാണ് ഈ ബിൽ സർക്കുലേറ്റ് ചെയ്തത് എങ്കിൽ നമുക്ക് ഇത്രയും സമയം ഒഴിവാക്കാമായിരുന്നു. ശ്രീ. പി. ജയരാജൻ രണ്ടു, മൂന്ന് മണിക്കൂറാണ് ഇതിനുവേണ്ടി വാദിച്ചത്. ആ വാദം കേട്ടതിനുശേഷമെങ്കിലും നിങ്ങൾ ഇങ്ങനെ ഒരു മാറ്റം വരുത്താൻ തയ്യാറായി. നന്നായി. എന്നിട്ടും നിങ്ങൾക്ക് അവ്യക്തത നിലനിർത്തണം. നിങ്ങളുടെ ദുരഭിമാനം അതുകൊണ്ടു മാത്രമാണ് ഇത്തരത്തിലുള്ള ഒരു ഭേദഗതിയിലേക്ക് വന്നത്. ദൈവത്തിനും ക്ഷേത്രാരാധനയും എന്നുള്ള കാര്യം ഒഴിവാക്കിക്കൊണ്ട് ഹിന്ദു എന്നുള്ള നിർവ്വചനം പെടുത്തിയിരുന്നു എങ്കിൽ നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഒരു നല്ല ബില്ലായിട്ട് ഇത് മാറ്റാൻ കഴിയുമായിരുന്നു. എന്തുകൊണ്ടോ ശ്രീ. വേണുഗോപാൽ അതിന് തയ്യാറായില്ല. എനിക്ക് പറയാനുള്ളത് ഇവിടെ ക്ഷേത്ര ജീവനക്കാർക്കിടയിൽ നിന്ന് ഒരാളെ തെരഞ്ഞെടുക്കുമ്പോൾ അതും മന്ത്രിമാർ എന്തിനാണ് നോമിനേറ്റ് ചെയ്യുന്നത്. അവർക്കിടയിൽ നിന്ന് ഒരാളെ തെരഞ്ഞെടുത്താൽ പോരേ? കെ.പി.സി.സി. പ്രസിഡന്റിന്റെ ഇലക്ഷൻ നിങ്ങൾ വേണ്ടെന്നു വച്ചു, എല്ലാ രംഗത്തും ഇലക്ഷൻ വേണ്ട എന്നാണോ? അവിടെ നോമിനേഷനാണ്. അതുപോലെ ക്ഷേത്രഭരണം ആക്കേണ്ട കാര്യമുണ്ടോ? അതുകൊണ്ട് ഈ ക്ഷേത്രത്തിലേക്കുള്ള ആളുകളെ തെരഞ്ഞെടുക്കുന്ന കാര്യത്തിലെങ്കിലും നോമിനേഷൻ മാറ്റി ഒരു ഇലക്ഷൻ ആക്കുന്നതല്ലേ നമുക്ക് നല്ലത്. ജീവനക്കാരുടെ കൂട്ടത്തിൽ നിന്നുതന്നെ തെരഞ്ഞെടുക്കുന്നതാണ് നല്ലത് എന്നാണ് എന്റെ അഭിപ്രായം. മറ്റൊന്ന് ഇവിടെ മന്ത്രിമാരെ നോമിനേറ്റ് ചെയ്യുന്ന കാര്യത്തെ സംബന്ധിച്ചുള്ള 157-ാം നമ്പർ ഭേദഗതിക്ക് ഇനി പ്രസക്തിയില്ല. അതുകൊണ്ട് ഞാൻ 157-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, 165, 166 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(165) ഖണ്ഡം 4 (സി) ക്കുശേഷം താഴെപ്പറയും പ്രകാരം കൂട്ടിച്ചേർക്കുക.

(ഡി) "ക്ഷേത്രത്തിൽ താൽപ്പര്യമുള്ള ആളുകളിൽനിന്നും നിയമസഭയിലെ ഹിന്ദു അംഗങ്ങൾ തെരഞ്ഞെടുക്കുന്ന രണ്ട് അംഗങ്ങൾ അതിൽ ഒരാൾ പട്ടികജാതിക്കാരനോ പട്ടികവർഗ്ഗക്കാരനോ ആയിരിക്കേണ്ടതാണ്."

(166) ഖണ്ഡം 4 (സി) യിൽ "ഹിന്ദുക്കൾ നാമനിർദ്ദേശം ചെയ്യുന്ന അഞ്ചിൽ കവിയാത്ത ആളുകൾ അവരിൽ" എന്നതിനു പകരം "ഹിന്ദു അംഗങ്ങൾ തെരഞ്ഞെടുക്കുന്ന" എന്നുചേർക്കുക.

അതിൽ ശ്രീ. കോടിയേരി ഇപ്പോൾ ഇവിടെ സൂചിപ്പിച്ചു, ഇപ്പോൾ രണ്ട് പ്രധാനപ്പെട്ട ആക്ടാണുള്ളത്. ഒന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട ആക്ടും, കൊച്ചിൻ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട ആക്ടും. ഇതിലാണ് സമാനമായിട്ട് പല വ്യവസ്ഥകളും ഉള്ളത്. ഗുരുവായൂർ ദേവസ്വം ആണെങ്കിൽ പൂർണ്ണമായും കുറച്ച് വ്യത്യസ്തമാണ് അതിന്റെ ചട്ടങ്ങളും നിയമങ്ങളുമെല്ലാം. നിയമസഭയിൽ നിന്നുള്ള തെരഞ്ഞെടുപ്പ് ഒഴിവാക്കാനുണ്ടായ കാരണമെന്താണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചിട്ടില്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിലേക്ക് നിങ്ങളുടെ പ്രതിനിധിയായിട്ടുള്ള ശ്രീ. പുനലൂർ മധു തെരഞ്ഞെടുപ്പിലൂടെയാണ് വിജയിച്ചുവന്നത്. കൊച്ചിൻ ദേവസ്വം ബോർഡിലെ എറണാകുളത്തുള്ള ശ്രീ. വേലായുധൻ തെരഞ്ഞെടുക്കപ്പെട്ടത് ഇലക്ഷനിൽക്കൂടിയാണ്. നിയമസഭയിൽ നിന്ന് തെരഞ്ഞെടുക്കാനുള്ള ഈ

LIBRARY ARCHIVES Kerala Legislative Assembly

അവകാശം നിങ്ങൾ പൈലറ്റ് ചെയ്ത് ബഹുമാനപ്പെട്ട വേണുഗോപാൽ കൊണ്ടുവന്ന ബില്ലിൽ എന്തിനാണ് ഒഴിവാക്കിയത്. നിങ്ങൾ ഉദ്ദേശിക്കുന്ന ആൾക്കാരെ തെരഞ്ഞെടുക്കാമല്ലോ? അപ്പോൾ നിയമസഭയിൽ രണ്ടു നിയമം നിലനിൽക്കുന്നതിലുള്ള ഒരു അധികാരം അല്ലെങ്കിൽ നിയമസഭയ്ക്കുള്ള അവകാശം ഇതിൽ ഒഴിവാക്കിയിരിക്കുകയാണ്. ഒന്ന് നിയമസഭയിൽ നിന്ന് തെരഞ്ഞെടുത്താൽ മതി, രണ്ടാമത്തെ പോയിന്റ് നിങ്ങൾ കൊണ്ടുവന്ന പല നിയമത്തിലും ഓംബുഡ്സ്മാൻ അംഗങ്ങളുടെ നമ്പർ കൂടുതലായതുകൊണ്ട് അത് വെട്ടിക്കുറച്ച് ഒന്നിലേക്ക് കൊണ്ടുവന്നു. കാർഷിക സർവ്വകലാശാല നിയമം അതിലെ ജനറൽ കൗൺസിലിനെ 111-ൽ നിന്ന് നിങ്ങൾ വെട്ടിക്കുറച്ചു കൊണ്ടുവന്നു. ഇതിൽ ഇരിങ്ങാലക്കുട പട്ടണത്തിന്റെ ചുറ്റളവിൽ മാത്രം കിടക്കുന്ന ഇത്രയും പോന്ന ഒരു ചെറിയ ക്ഷേത്രം, കൂടൽമാണിക്യം ക്ഷേത്രത്തിലെ ഭരണ സമിതിയിലേക്ക് ഇത്രയധികം ആൾക്കാരെ ഒരു ജംബോ കമ്മിറ്റി നോമിനേറ്റ് ചെയ്യേണ്ട ആവശ്യമെന്താണ്? അതുകൊണ്ട് അംഗസംഖ്യ കുറയ്ക്കേണ്ട ആവശ്യമില്ല. കൊച്ചിൻ ദേവസ്വം ബോർഡിൽ മൂന്ന് ആളുകളാണുള്ളത്, തിരുവിതാംകൂർ ദേവസ്വംബോർഡിലും മൂന്നുപേരാണ്. ഇത്രയും വിസ്തൃതമായ വ്യാപകമായ അതിർത്തിയുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിൽ മൂന്നു മെമ്പർമാരും ഒരു താലൂക്കിന്റെ പോയിട്ട് രണ്ട് വില്ലേജിന്റെ മാത്രം ചുറ്റളവിൽ കിടക്കുന്ന കൂടൽമാണിക്യം ക്ഷേത്രത്തിന് ഒരു ജംബോ കമ്മിറ്റിയും ഏഴെട്ടു പേരും എന്തിനാണ്? അതുകൊണ്ട് അങ്ങയുടെ ഒരു വിശദീകരണം ഉണ്ടായാൽ മതി. നിയമസഭയിൽ നിന്നുള്ള അംഗങ്ങളെ തെരഞ്ഞെടുക്കാനുള്ള ഒരവസരം ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത് നല്ലതാണ്.

ശ്രീ. എ. കെ. മണി: സർ, 170-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(170) (i) ഖണ്ഡം 4(2)-ൽ (i) "തൊട്ടുകൂടായ്മയിൽ" എന്നതിന് പകരം "തൊട്ടുകൂടായ്മയിലോ തീണ്ടിക്കൂടായ്മയിലോ" എന്ന് ചേർക്കുക.

(ii)"വിശ്വസിക്കുകയോ" എന്നതിനുശേഷം "ക്ഷേത്രാചാരങ്ങളിൽ വിശ്വസിക്കാതിരിക്കുകയോ" എന്നു ചേർക്കുക.

ശ്രീ. കെ. പി. മോഹനൻ: സർ, 172, 175, 187 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(172) ഖണ്ഡം 4(2) (i)-ൽ "അല്ലാതിരിക്കുകയോ" എന്നതിനു ശേഷം "ഹൈന്ദവ" എന്നുകൂടി കൂട്ടിച്ചേർക്കുക.

(175) ഖണ്ഡം 4(2)-ൽ (iii)-ാം ഇനം (iv) ആയും (iv)-ാം ഇനം (iii) ആയും മാറ്റുക.

GPM. 2/587/2012.—34

LIBRARY ARCHIVES Kerala Legislative Assembly

(187) ഖണ്ഡം 4(4)-ൽ "ഹിന്ദുമതവിശ്വാസിയാണെന്നും" എന്നതിനുശേഷം "ഹൈന്ദവ" എന്നുകൂടി കൂട്ടിച്ചേർക്കുക.

ഞാൻ വിശദീകരിക്കുന്നില്ല, വിശദീകരിച്ചാൽ മന്ത്രിക്ക് മനസ്സിലാകില്ല എന്നുള്ളതുകൊണ്ട് വിശദീകരിക്കുന്നില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, 177-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(177) ഖണ്ഡം 4(2)-ൽ

(എ) (i) (ii) (iv) (v) എന്നീയിനങ്ങളുടെ പ്രാരംഭത്തിലെ 'അയാൾ' എന്ന വാക്കു നീക്കം ചെയ്യുക.

(ബി) (iii)-ാം ഇനത്തിനു പകരം താഴെപ്പറയും പ്രകാരം ചേർക്കുക.

(iii) "മുപ്പതു വയസിൽ കുറഞ്ഞ പ്രായക്കാരനായിരിക്കുകയോ"

(സി) (i) (ii) (iii) (iv) എന്നീയിനങ്ങളിലുള്ള "അല്ലെങ്കിൽ" എന്നതു നീക്കം ചെയ്യുക.

(ഡി) (v)-ാം ഇനത്തിൽ ഉള്ള "വിധേയനായിരിക്കുകയാണെങ്കിൽ" എന്നതിനു പകരം "വിധേയനായിരിക്കുകയോ" എന്നു ചേർക്കുക.

(ഇ) "(1)-ാം ഉപവകുപ്പ്" എന്നതിനു മുമ്പിലായി "ആണെങ്കിൽ" എന്നു ചേർക്കുക.

ശ്രീ. സി. കെ. നാണു: സർ, 188-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(188) ഖണ്ഡം 4(4)-ൽ സത്യപ്രതിജ്ഞ ഭാഗം താഴെ പറയും പ്രകാരം മാറ്റുക.

"............................ എന്ന ഞാൻ ഹിന്ദുവാണെന്നും തൊട്ടുകൂടായ്മ എന്ന ആചാരത്തിൽ വിശ്വസിക്കുന്നില്ലായെന്നും ഈശ്വരനാമത്തിൽ പ്രതിജ്ഞ ചെയ്തുകൊള്ളുന്നു".

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ):* സർ, ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച 138-ാം നമ്പർ ഭേദഗതിയും പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. സ്ത്രീകൾക്ക് എത്രപേർക്ക് വേണമെങ്കിലും ഇതിനകത്താകാം, മുഴുവനാളുകളും സ്ത്രീകളാക്കുന്നതിൽ യാതൊരു ബുദ്ധിമുട്ടുമില്ല. അതുകൊണ്ട് ഇതിനകത്ത് സ്ത്രീകളെ ഒഴിവാക്കിയിട്ടില്ല, അത് കൃത്യമായിട്ട് നമ്മൾ ചെയ്തിട്ടുണ്ട്. മാത്രമല്ല ടീച്ചർ പറഞ്ഞ ഭേദഗതി ക്ഷേത്രം എന്നുപറഞ്ഞാൽ തന്നെ ഡിഫൈൻ ചെയ്തിട്ടുണ്ട്, ക്ഷേത്രം എന്നുപറഞ്ഞാൽ ഇരിങ്ങാലക്കുട ക്ഷേത്രം ആണെന്നാണ്. പിന്നെ വീണ്ടും പറയേണ്ട കാര്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിസഭയിലെ ഹിന്ദുക്കൾ എന്നുപറഞ്ഞാൽ മതി, മന്ത്രിസഭയിലെ ഹിന്ദു മന്ത്രിമാർ എന്ന് വീണ്ടും പറയേണ്ട കാര്യമില്ല. അതൊക്കെ ഇതിനകത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ രണ്ടു ഭേദഗതികളാണ് സ്വീകരിക്കുന്നത്. പിന്നെ ബഹുമാനപ്പെട്ട കോടിയേരി ഇവിടെ പറഞ്ഞത് ക്വസ്റ്റ്യൻ അതല്ലായിരുന്നു, കമ്മീഷണറുടെ കാര്യത്തിലായിരുന്നു നിങ്ങൾ പോൾ ചോദിച്ചത്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

സർ, കമ്മീഷണറുടെ കാര്യത്തിൽ കമ്മീഷണർ വിശ്വാസിയാകണമോ വിശ്വാസിയാകണ്ടയോ, ബഹുമാനപ്പെട്ട എം. വി. ജയരാജൻ പ്രസംഗിച്ചപ്പോൾ ക്ലിയറായിട്ടു പറഞ്ഞു, നോമിനേറ്റ് ചെയ്യുന്ന ആളുകൾ, മന്ത്രിമാർ ഹിന്ദുക്കളായാൽ മതി. കമ്മീഷണറും ഈ നോമിനേറ്റ് ചെയ്യപ്പെടുന്ന ബോർഡ് അംഗങ്ങളും അവർ വിശ്വാസികൾ അല്ലെങ്കിൽപിന്നെ ആർക്കായിക്കൂടാ. അവിടെയാണ് ഡിസ്പ്യൂട്ട്, നിങ്ങൾ തമ്മിൽ അവിടെയാണ് ഡിസ്പ്യൂട്ട്. കോടിയേരി മാറ്റിപ്പറയരുത്. അവിടെയാണ് ഡിസ്പ്യൂട്ട്. ശ്രീ. കെ. പി. രാജേന്ദ്രന്റെ ഭേദഗതി നോക്കൂ. കമ്മീഷണർ വിശ്വാസിയായിരിക്കണമെന്നുള്ള ഭേദഗതി അതിനാണ് പോൾ ചോദിച്ചത്. പിന്നെ ജീവനക്കാരുടെ കാര്യം. ഗുരുവായൂരിൽ നമ്മൾ ചെയ്യുന്ന പ്രൊസീഡ്യുവർ ആണിത്. ഗുരുവായൂരിൽ ജീവനക്കാർ നോമിനേറ്റ് ചെയ്യപ്പെടുകയാണ്. ഇവിടേയും നോമിനേറ്റ് ചെയ്യുകയാണ്. ബഹുമാനപ്പെട്ട രാജേന്ദ്രന് അറിയാം. ഇരിങ്ങാലക്കുട ക്ഷേത്രം അടുത്തല്ലേ, അവിടെ പോകാറില്ലേ, അവിടെ പോയിട്ടില്ലേ, അവിടെ ഇപ്പോൾ നിലവിലുള്ള കമ്മിറ്റിയാണ് അവിടത്തെ ബോർഡിന്റെ കീഴിൽ ഒരു കമ്മിറ്റിയുണ്ട്. ആ കമ്മിറ്റിയിൽ ഇത്രയും പേർ ഉണ്ട്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 169-ാം നമ്പർ ഭേദഗതിക്കും ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 167-ാം നമ്പർ ഭേദഗതിക്കും പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപറയും പ്രകാരം വോട്ടു രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ — 24

1. ശ്രീ. എ. എ. അസീസ്
2. ,, കോടിയേരി ബാലകൃഷ്ണൻ
3. ,, എ. കെ. ബാലൻ
4. ,, വി. കെ. ചന്ദ്രൻ
5. ,, വി. ചെന്താമരാക്ഷൻ
6. ,, ടി. കെ. ദേവകുമാർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

7. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
8. ശ്രീ. കെ. കെ. ജയചന്ദ്രൻ
9. ,, ജോണി നെല്ലൂർ
10. ,, പി. ജയരാജൻ
11. ,, എം. കുമാരൻ
12. ,, കെ. വി. കുഞ്ഞിരാമൻ
13. ,, വി. കെ. സി. മമ്മത് കോയ
14. ,, മത്തായി ചാക്കോ
15. ,, സി. കെ. നാണു
16. ,, പി. നാരായണൻ
17. ,, എം. പ്രകാശൻ മാസ്റ്റർ
18. ,, കെ. രാധാകൃഷ്ണൻ
19. ,, മാങ്കോട് രാധാകൃഷ്ണൻ
20. ,, എൻ. രാജൻ
21. ,, കെ. പി. രാജേന്ദ്രൻ
22. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
23. ശ്രീ. പി. എസ്. സുപാൽ
24. ഡോ. തോമസ് ഐസക്

പ്രതികൂലിക്കുന്നവർ — 32

1. ശ്രീ സി. ടി. അഹമ്മദ് അലി
2. ,, ഇ. എം. അഗസ്തി
3. ,, കെ. ബാബു
4. ,, പി. കെ. കെ. ബാവ
5. ,, കെ. എ. ചന്ദ്രൻ
6. ,, ജോർജ് ജെ. മാത്യു
7. ,, എം. എം. ഹസൻ
8. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
9. ,, കെ. സി. ജോസഫ്

10. ശ്രീ. ജോസഫ് എം. പുതുശ്ശേരി
11. ,, പി. ജെ. ജോയി
12. ,, ഉമ്മൻ ചാണ്ടി
13. ,, വി. ജെ. പൗലോസ്
14. ,, ടി. എൻ. പ്രതാപൻ
15. ,, വക്കം ബി. പുരുഷോത്തമൻ
16. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
17. ,, വർക്കല കഹാർ
18. ,, കെ. എൻ. എ. ഖാദർ
19. ,, കെ. കെ. നായർ
20. ,, ലൂഡി ലൂയിസ്
21. ,, എ. കെ. മണി
22. ,, ആര്യാടൻ മുഹമ്മദ്
23. ,, സി. പി. മുഹമ്മദ്
24. ,, സ്റ്റീഫൻ ജോർജ്
25. പ്രൊഫ. കെ. വി. തോമസ്
26. ശ്രീ. തമ്പാനൂർ രവി
27. ,, ടി. പി. എം. സാഹിർ
28. ,, വി. ഡി. സതീശൻ
29. ,, പി. ടി. തോമസ്
30. ,, തോമസ് ചാഴികാടൻ
31. ,, തോമസ് ഉണ്ണിയാടൻ
32. ,, കെ. സി. വേണുഗോപാൽ

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ:

അനുകൂലിക്കുന്നവർ - 24

പ്രതികൂലിക്കുന്നവർ - 32

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച 138-ാം നമ്പർ ഭേദഗതിയും പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 137, 146 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച 144, 168 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 185-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 142, 143 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 147, 177 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 152, 153, 154, 174, 176, 182, 186 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 165, 166 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. കെ. മണി അവതരിപ്പിച്ച 170-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 172, 175, 187 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി. കെ. നാണു അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

5-ാം വകുപ്പ്

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(191) ഖണ്ഡം 5(1)-ൽ "മൂന്നുവർഷക്കാലത്തേക്ക്" എന്നത് "രണ്ടുവർഷക്കാലത്തേക്ക്" എന്നാക്കി മാറ്റുക.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(195) ഖണ്ഡം 5(1)-ൽ "വർഷക്കാലത്തേക്ക്" എന്നതിന് പകരം "വർഷത്തേക്ക്" എന്നാക്കുക.

(202) ഖണ്ഡം 5(3) (ഇ)-യിൽ "മൂന്നുയോഗങ്ങളിൽ" എന്നതിനുപകരം "മൂന്നു മാസത്തെ യോഗങ്ങളിൽ" എന്ന് ചേർക്കുക.

(213) ഖണ്ഡം 5 (3) (ജി)-യിൽ "ഇല്ലാതായിത്തീരുകയോ ചെയ്യുമ്പോഴോ" എന്നതിനുപകരം "ഇല്ല എന്ന് സ്വയം പ്രഖ്യാപിക്കുകയോ ഏതെങ്കിലും പ്രവർത്തനത്തിലൂടെ ബോദ്ധ്യപ്പെടുകയോ ചെയ്യുമ്പോഴോ" എന്ന് ചേർക്കുക.

(218) ഖണ്ഡം 5(5)-ൽ "ഒരു മാസത്തിനകം" എന്നതിനുപകരം "മൂന്നു മാസത്തിനകം" എന്ന് ചേർക്കുക.

(223) ഖണ്ഡം 5 (6)-ന്റെ അവസാന വ്യാഖ്യമായി താഴെപ്പറയുന്ന പ്രകാരം ചേർക്കുക.

"എന്നാൽ ആറ് മാസത്തിൽ കൂടുതൽ കാലം ഉദ്യോഗകാലാവധി ഉണ്ടെങ്കിൽ മാത്രമേ വന്ന ഒഴിവ് നികത്തേണ്ടതുള്ളൂ".

സർ, 195-ൽ പറയുന്നത് ഇതിൽ ഒരു ക്ലാരിറ്റി വരുത്തേണ്ട കാര്യമാണ്. "വർഷക്കാലത്തേക്ക്" എന്നുള്ളത് ശരിയല്ല. "വർഷത്തേക്കാണ്" എന്നാണ് വ്യക്തമാക്കേണ്ടത്. എത്ര വർഷത്തേക്ക് എന്നാക്കി മാറ്റണം. വർഷക്കാലം, വേനൽക്കാലം, മഞ്ഞുകാലം എന്നു പറയുന്നതുപോലെ അത് ശരിയല്ല. അതുപോലെ 5 (ഇ)-യിൽ കമ്മിറ്റിയുടെ യോഗങ്ങളിൽ ഹാജരാകാതിരിക്കുന്നതിനുള്ള കാലാവധിയെക്കുറിച്ച് പറയുന്നുണ്ട്. "മൂന്നു യോഗങ്ങളിൽ" എന്നാണ് പറയുന്നത്. "മൂന്നു മാസത്തെ യോഗങ്ങളിൽ" എന്നാക്കി മാറ്റണം. മൂന്നു യോഗം എന്നത് ശരിയല്ല. അത് ഒരു മാസത്തിനുള്ളിൽ മൂന്നു യോഗം കൂടുകയാണെങ്കിലോ? നിങ്ങൾ കൊണ്ടുവരുന്ന ഒരു നിയമത്തിൽ ഒരാളെ

LIBRARY ARCHIVES Kerala Legislative Assembly

പുറത്താക്കണമെന്ന് തീരുമാനിച്ചാൽ മൂന്നു യോഗം ഒറ്റയാഴ്ചയിൽ കൂടിക്കൂടെ. അതു പറ്റില്ല. മൂന്നു മാസത്തെ യോഗങ്ങളിലാണ്. എല്ലാ ജനാധിപത്യ സ്ഥാപനങ്ങളിലും അങ്ങനെയാണ്. അതുപോലെ 5 (3) (ജി)-യിൽ പറയുന്നത് "അയാൾ ഹിന്ദുമത വിശ്വാസി അല്ലാതായിത്തീരുകയോ ക്ഷേത്രാരാധനയിൽ അദ്ദേഹത്തിന് വിശ്വാസം ഇല്ലാതായിത്തീരുകയോ ചെയ്യുമ്പോഴോ" എന്നാണ്. എങ്ങനെയാണ് ഒരാൾ മതവിശ്വാസി അല്ലെന്ന് വേറൊരാൾക്ക് പറയാൻ കഴിയുക. നമ്മുടെ മാധവിക്കുട്ടി കമലാസുരയ്യ ആയി, അങ്ങനെ ഒരുപാട് ആളുകൾ മാറിയിട്ടുണ്ട്. ഒരാൾ ഹിന്ദുവാണ് എന്നുപറയുന്നതെങ്ങനെ? ഹിന്ദുവാകുന്നത് എങ്ങനെ? അതുകൊണ്ട് അത് ഇങ്ങനെയാക്കാം, ഇല്ലാതായിത്തീരുകയോ ചെയ്യുമ്പോഴോ എന്നതിനുപകരം ഇല്ല എന്ന് സ്വയം പ്രഖ്യാപിക്കുമ്പോൾ ഞാൻ ഹിന്ദുവല്ല എന്ന് സ്വയം പ്രഖ്യാപിക്കപ്പെടുമ്പോൾ ശരിയാണ്. അത് അങ്ങനെയാക്കി മാറ്റണമെന്നാണ് എന്റെ അഭിപ്രായം. അതുപോലെ തന്നെ 5(3)-ൽ പറയുന്നത് ഒരംഗത്തിനെ നീക്കം ചെയ്തുകൊണ്ടുള്ള ഉത്തരവ് അയാൾ കൈപ്പറ്റിയ തീയതി മുതൽ ഒരു മാസത്തിനകം ഉത്തരവ് അസ്ഥിരപ്പെടുത്തുന്നതിനുവേണ്ടി കോടതിയിൽ വ്യവഹാരം ബോധിപ്പിക്കേണ്ടതാണ്. ഒരു സമരംമൂലമോ ഒരു കൃത്യ സമയത്തിനകം അസ്ഥിരപ്പെടുത്തിയ അംഗത്തിന് നോട്ടീസ് കിട്ടിയിട്ടില്ല എന്നു വയ്ക്കുക. അയാളുടെ അവകാശാധികാരങ്ങൾ ഇല്ലാതാകുകയാണ് അയാൾക്ക് പിന്നീട് കോടതിയിൽ പോകാൻ കഴിയുകയില്ല. അങ്ങനെ കോടതിയിൽ പോകാൻ, എന്തെങ്കിലും സമരം ഉണ്ടായാൽ മതി. അതുകൊണ്ട് ഒരു മാസത്തിനുപകരം മൂന്നു മാസമെന്നാക്കി മാറ്റണം. അതുപോലെ ഈ ഉദ്യോഗകാലാവധി, ഒരാൾ ഒഴിവാക്കപ്പെട്ടു അല്ലെങ്കിൽ ആകസ്മികമായി മറ്റെന്തെങ്കിലും സംഭവിച്ചു എന്നു വയ്ക്കുക. അങ്ങനെ പകരം വരുന്ന ഒരാൾക്ക് ഏറ്റവും ചുരുങ്ങിയത് ആറു മാസക്കാലാവധിയെങ്കിലും ഉണ്ടായിരിക്കണം. ആറ് മാസക്കാലാവധി അവശേഷിക്കേ എന്ന് ഒരു പീരീഡിൽ മാത്രമേ ഒരാളെ നിയമിക്കാൻ പാടുള്ളൂ.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ഞാൻ 196, 215 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(196) ഖണ്ഡം 5(1) -ൽ "മൂന്നുവർഷക്കാലത്തേക്ക് സ്ഥാനം വഹിക്കേണ്ടതും വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന് അർഹനായിരിക്കുന്നതുമാണ്". എന്നതിനു പകരം "മൂന്ന് വർഷത്തേക്ക് സ്ഥാനം വഹിക്കേണ്ടതും 6-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പു പ്രകാരം ഉല്ലംഘനം ചെയ്യപ്പെട്ട കമ്മിറ്റിയിലെ അംഗങ്ങളൊഴികെയുള്ള ഏതൊരംഗവും" എന്ന് ചേർക്കുക.

(215) ഖണ്ഡം 5(3) (എച്ച്)-ൽ "അയാൾ തൊട്ടുകൂടായ്മയെ" എന്നതിനു പകരം "അയാൾ ക്ഷേത്രാചാരപ്രകാരമല്ലാതെ തൊട്ടുകൂടായ്മയേയോ തീണ്ടിക്കൂടായ്മയേയോ" എന്ന് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

സർ, എന്റെ 196-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുമ്പോൾ ഒരു കമ്മിറ്റിയിൽ അംഗം ആയിരിക്കുന്ന ആളിന് കാലാവധിയൊക്കെ കഴിഞ്ഞാൽ വീണ്ടും ഇലക്ടഡ് ആകാനുള്ള അവകാശങ്ങളുണ്ട്. അതിന് തർക്കമൊന്നുമില്ല. ആയിക്കൊള്ളട്ടെ, വീണ്ടും എത്ര പ്രാവശ്യം വേണമെങ്കിലും വന്നുകൊള്ളട്ടെ. പക്ഷെ ഉല്ലംഘനം ചെയ്യപ്പെട്ട കമ്മിറ്റിയിലെ അംഗങ്ങൾക്ക് വീണ്ടും വരാനുള്ള അവകാശം കൊടുക്കാൻ പാടില്ല. വിശ്വാസികളല്ലാത്തവരെ എന്തെങ്കിലും കാരണങ്ങൾ കൊണ്ടാണല്ലോ ഉല്ലംഘനം ചെയ്യപ്പെടുന്നത്. അപ്പോൾ ആ ഉല്ലംഘനം ചെയ്യപ്പെട്ട ആൾ തിരിച്ചുവരരുത് എന്നുള്ളതാണ് എന്റെ 196-ാം നമ്പർ ഭേദഗതി.

215-ാം നമ്പർ ഭേദഗതി എന്നു പറയുന്നത്, ഞാൻ കഴിഞ്ഞ വകുപ്പിൽ പറഞ്ഞതുപോലെ ക്ഷേത്രാചാര പ്രകാരം അല്ലാത്ത ഒരു തൊട്ടുകൂടായ്മയെ സംബന്ധിച്ചാണ്. അത് ഞാൻ ആവർത്തിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ എന്റെ 197, 207, 222 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(197) ഖണ്ഡം 5(1) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:-

4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡമോ (സി) ഖണ്ഡമോ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ടതോ, തെരഞ്ഞെടുക്കപ്പെട്ടതോ ആയ ഒരംഗം, അദ്ദേഹം ചുമതല ഏറ്റ തീയതി മുതൽ രണ്ടു വർഷക്കാലത്തേക്ക് സ്ഥാനം വഹിക്കേണ്ടതും, വീണ്ടും തെരഞ്ഞെടുക്കപ്പെടാൻ അർഹനായിരിക്കുന്നതുമാണ്.

(207) ഖണ്ഡം 5(3) (ജി) നീക്കം ചെയ്യുക.

(222) ഖണ്ഡം 5 (6)-ൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട" എന്ന വാക്കുകൾക്കു പകരം "തിരഞ്ഞെടുക്കപ്പെട്ട ഒരംഗത്തിന്റെ"

മൂന്നു വർഷം എന്നുള്ളത് ഗുരുവായൂർ ദേവസ്വം ബോർഡിലേതുപോലെ 2 വർഷം എന്നു മതി. ഇവർ കുറേക്കാലം അവിടെ ഇരിക്കുന്നത് നല്ലതല്ല.

5(3) (ജി)-ൽ അയാൾ ഹിന്ദുമതവിശ്വാസി അല്ലാതായിത്തീരുകയോ ക്ഷേത്രാരാധനയിൽ വിശ്വാസം ഇല്ലാതായി തീരുകയോ ചെയ്താൽ കമ്മിറ്റിയിലെ മെമ്പർസ്ഥാനം പോകും. ഇതെങ്ങനെയാണ് തീരുമാനിക്കാൻ കഴിയുക? ഇത് അനാവശ്യമായ നിയമതർക്കത്തിന് ഇടവരുത്തും. ആ ക്ലാസ് എടുത്തു കളയാം.

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്):* സർ, ഞാൻ ഹിന്ദു എന്ന് ഒരാൾ പറഞ്ഞാൽ അംഗീകരിക്കാം. അങ്ങ് ഹിന്ദുവാണോ? കമ്മ്യൂണിസ്റ്റല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞങ്ങളുടെ സ്കൂൾ സർട്ടിഫിക്കറ്റിലെ ജാതിയുടെ കോളം ബ്ലാങ്കല്ല. അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഖണ്ഡം 5(3) (ജി) വേണമെങ്കിൽ ഒഴിവാക്കാം. അനാവശ്യ തർക്കം ഒഴിവാക്കാം. 222-ാം നമ്പർ ഭേദഗതി വേണമെന്നില്ല. കാരണം 'നോമിനേറ്റ് ചെയ്യപ്പെടാവുന്ന' എന്ന ഭേദഗതി നേരത്തെ അംഗീകരിച്ചതുകൊണ്ട് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ആ ഭേദഗതി ആവശ്യമില്ല.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, ഞാൻ എന്റെ 199, 211 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(199) ഖണ്ഡം 5(2)-ൽ "സർക്കാരിന് രേഖാമൂലം നോട്ടീസ് നൽകിക്കൊണ്ട്" എന്ന വാക്കുകൾക്കുപകരം "ബന്ധപ്പെട്ട ഉദ്യോഗസ്ഥന് രേഖാമൂലം നോട്ടീസ് നൽകിക്കൊണ്ട്" എന്ന വാക്കുകൾ ചേർക്കണം.

(211) ഖണ്ഡം 5(3) "ജി"-യിൽനിന്നു "അയാൾ ഹിന്ദുമതവിശ്വാസി അല്ലാതായിത്തീരുകയോ ക്ഷേത്രാരാധനയിൽ അദ്ദേഹത്തിന് വിശ്വാസം ഇല്ലാതായിത്തീരുകയോ ചെയ്യുമ്പോഴോ" എന്നതിനുപകരം "അയാൾ ഹിന്ദുമത വിശ്വാസി അല്ലാതായിത്തീരുകയോ" എന്നു ചേർക്കുക.

199-ാം നമ്പർ ഭേദഗതി സ്ഥാനം രാജിവയ്ക്കുന്നത് സംബന്ധിച്ചാണ്. സർക്കാരിന് രേഖാമൂലം നോട്ടീസ് നൽകണം എന്നാണ് പറയുന്നത്. ആരെയെങ്കിലും ചുമതലപ്പെടുത്തിയാൽ മാത്രമേ നോട്ടീസ് നൽകാൻ കഴിയൂ. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ എന്നുള്ള നിലയ്ക്ക് ഭേദഗതി വരുത്തണം എന്നുള്ളതാണ് നിർദ്ദേശം. കമ്മിറ്റിയിൽനിന്നും അംഗത്തെ നീക്കം ചെയ്യാനുള്ള കാരണമായിട്ട് ക്ഷേത്രാരാധനയിൽ വിശ്വാസം ഇല്ലാത്തതായി തീരുന്നു അങ്ങനെ വരാൻ പാടില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ 200, 204, (പി. ജെ. ജോയിക്കുവേണ്ടി) 219, 220 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(200) ഖണ്ഡം 5(3) (എ)-യിൽ "പ്രഖ്യാപിക്കപ്പെട്ടിരിക്കുകയും" എന്നതിനു പകരം "പ്രഖ്യാപിക്കുകയും" എന്ന് ചേർക്കുക.

(204) ഖണ്ഡം 5(3) (എഫ്)□□"ഏതെങ്കിലും ആൾക്കുവേണ്ടി" എന്നതിനുശേഷം "ദേവസ്വത്തിന്റെ താൽപര്യങ്ങൾക്കെതിരെ" എന്നു ചേർക്കുക.

(219) ഖണ്ഡം 5(4)-ൽ "തന്നെ" എന്നതിനുപകരം "ഒരംഗത്തെ" എന്നു ചേർക്കുകയും "ഒരംഗത്തെ" എന്നതിനുപകരം "അദ്ദേഹത്തെ" എന്നു ചേർക്കുകയും ചെയ്യുക.

(220) ഖണ്ഡം 5(5)-ൽ "അയാൾ" എന്നത് നീക്കം ചെയ്യുക.

ശ്രീ. ജോണി നെല്ലൂർ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. 200-ാം നമ്പർ ഭേദഗതി ശ്രീ. പി. ജെ. ജോയിയുടേതാണ്. അദ്ദേഹം ഇവിടെ ഇരിക്കുമ്പോൾ ഇതേ കാരണത്താൽ എന്റെ ഭേദഗതി ഇവിടെ അവതരിപ്പിക്കാൻ കഴിഞ്ഞില്ല. ഒരാൾ ഇവിടെ ഇരിക്കുമ്പോൾ അയാളുടെ ഭേദഗതി മറ്റൊരു മെമ്പർക്ക് മൂവ് ചെയ്യാമോ? എന്റെ പോയിന്റ് ഓഫ് ഓർഡറിന് വ്യക്തമായ റൂളിംഗ് കിട്ടണം.

മി. ചെയർമാൻ (ശ്രീ. ബിനോയ് വിശ്വം): ചെയറിന് ശ്രീ. പി. ജെ. ജോയി ഒരു കത്തു തന്നു. അതിൽ അമെന്റ്മെന്റ് മൂവ് ചെയ്യാൻ ശ്രീ. വി. ഡി. സതീശനെ അനുവദിക്കണമെന്ന അഭ്യർത്ഥനയാണ്.

ശ്രീ. ജോണി നെല്ലൂർ: ഞാൻ ഇന്ന് ഓതറൈസ് ചെയ്തു സംസാരിച്ചു. ഓതറൈസ് ചെയ്ത മെമ്പർ ഇവിടെ ഇരിക്കുമ്പോൾ മറ്റൊരു മെമ്പർ മൂവ് ചെയ്യുന്നത് ശരിയാണോ? ഇവിടെ ശ്രീ. ആര്യാടൻ മുഹമ്മദ്, ശ്രീ. വക്കം പുരുഷോത്തമൻ തുടങ്ങിയവരൊക്കെയുണ്ട്.

മി. ചെയർമാൻ: ഇതുപോലെയൊരു കത്തു കിട്ടിയാൽ ചെയറിൽ ഇരിക്കുന്നത് ആരായാലും അത് പരിഗണിച്ചേ മതിയാകൂ. അങ്ങനെ കത്ത് തന്നിട്ടുണ്ട്. ഇത് അദ്ദേഹത്തിന്റെ ഡിസ്ക്രീഷനാണ്. അദ്ദേഹം ഇവിടെ ഇരുന്നത് തെറ്റാണ്. ഈ കത്തിനെ നിരാകരിക്കലാണ്. അത് ഭംഗിയായില്ല.

ശ്രീ. വി. ഡി. സതീശൻ: 200, 204 എന്നീ ഭേദഗതികൾ അവതരിപ്പിക്കാൻ എന്നെ ചുമതലപ്പെടുത്തി. അദ്ദേഹത്തിന് ഒരു യോഗത്തിൽ പങ്കെടുക്കാനുള്ളതിനാൽ എന്നെ ചുമതലപ്പെടുത്തി. ഇത് മൂവ് ചെയ്യുമ്പോൾ അദ്ദേഹം സീറ്റിൽ ഇല്ലായിരുന്നു. ഞാൻ എന്റെ 219, 220 എന്നീ ഭേദഗതികൾ മൂവ് ചെയ്യുന്നു.

ശ്രീ. എ. കെ. മണി: സർ, ഞാൻ എന്റെ 203-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(203) ഖണ്ഡം 5(3)(ഇ)-യിൽ "മൂന്നുയോഗങ്ങളിൽ" എന്നതിനുശേഷം "അതിന്റെ അനുവാദം കൂടാതെ" എന്നു ചേർക്കുക.

ഡോ. എം.എ. കുട്ടപ്പൻ: സർ, ഞാൻ എന്റെ 212-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(212) ഖണ്ഡം 5(3)(ജി)-യിൽ "ക്ഷേത്രാരാധനയിൽ അദ്ദേഹത്തിന് വിശ്വാസം ഇല്ലാതായിത്തീരുകയോ" എന്നതിനുശേഷം "ക്ഷേത്രാചാര മര്യാദകൾക്കെതിരായി പ്രവർത്തിക്കുകയോ" എന്നു ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ: സർ, ഞാൻ എന്റെ 214, 216, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(214) ഖണ്ഡം 5(3)(ജി) താഴെ പറയും പ്രകാരം ഭേദഗതി ചെയ്യണം.

"(ജി) അയാൾ ഹിന്ദുമതവിശ്വാസി അല്ലാതായിത്തീരുകയോ ഈശ്വരാരാധനയിലും ക്ഷേത്രാചാരങ്ങളിലും അദ്ദേഹത്തിന് വിശ്വാസം ഇല്ലാതായിത്തീരുകയോ ചെയ്യുമ്പോഴോ; അല്ലെങ്കിൽ........".

(216) ഖണ്ഡം 5(3)(എച്ച്)-നുശേഷം താഴെ പറയുന്ന ഭാഗം (ഐ) ആയി കൂട്ടിച്ചേർക്കുക

"(ഐ) ഈശ്വരാരാധനയും ക്ഷേത്രാചാരങ്ങളും തുടർച്ചയായി പാലിക്കാതെ വരികയോ ചെയ്താൽ".

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ കെ. സി. വേണുഗോപാൽ):* സർ, ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 195, ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 204 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കാവുന്നതാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ. രാധാകൃഷ്ണൻ: ശ്രീ. എ. കെ. ബാലന്റെ 191, ശ്രീ. കെ. പി. രാജേന്ദ്രന്റെ 197 എന്നീ നമ്പർ ഭേദഗതികൾക്ക് പോൾ ആവശ്യപ്പെടുന്നു.

അംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ — 24

1. ശ്രീ. എ. എ. അസീസ്
2. ,, കോടിയേരി ബാലകൃഷ്ണൻ
3. ,, എ. കെ. ബാലൻ
4. ,, വി. കെ. ചന്ദ്രൻ
5. ,, വി. ചെന്താമരാക്ഷൻ
6. ,, ടി. കെ. ദേവകുമാർ
7. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
8. ശ്രീ. കെ. കെ. ജയചന്ദ്രൻ
9. ,, ജോണി നെല്ലൂർ
10. ,, പി. ജയരാജൻ
11. ,, എം. കുമാരൻ
12. ,, വി. കെ. സി. മമ്മത് കോയ

LIBRARY ARCHIVES Kerala Legislative Assembly

13. ശ്രീ. മത്തായി ചാക്കോ
14. ,, കെ. പി. മോഹനൻ
15. ,, സി. കെ. നാണു
16. ,, പി. നാരായണൻ
17. ,, എം. പ്രകാശൻ മാസ്റ്റർ
18. ,, കെ. രാധാകൃഷ്ണൻ
19. ,, മാങ്കോട് രാധാകൃഷ്ണൻ
20. ,, എൻ. രാജൻ
21. ,, കെ. പി. രാജേന്ദ്രൻ
22. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
23. ശ്രീ. പി. എസ്. സുപാൽ
24. ഡോ. തോമസ് ഐസക്

പ്രതികൂലിക്കുന്നവർ—35

1. ശ്രീ. കളത്തിൽ അബ്ദുള്ള
2. ,, സി. ടി. അഹമ്മദ് അലി
3. ,, ഇ. എം. അഗസ്തി
4. ,, കെ. ബാബു
5. ,, പി. കെ. കെ. ബാവ
6. ,, ജോർജ് ജെ. മാത്യു
7. ,, പ്രയാർ ഗോപാലകൃഷ്ണൻ
8. ,, എം. എം. ഹസൻ
9. ,, ഇസ്ഹാക് കുരിക്കൾ
10. ,, കെ. സി. ജോസഫ്
11. ,, ജോസഫ് എം. പുതുശ്ശേരി
12. ,, പി. ജെ. ജോയി
13. ,, ഉമ്മൻ ചാണ്ടി
14. ,, അടൂർ പ്രകാശ്
15. ,, ടി. എൻ. പ്രതാപൻ

LIBRARY ARCHIVES Kerala Legislative Assembly

16. ശ്രീ. വക്കം പുരുഷോത്തമൻ
17. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
18. ,, വർക്കല കഹാർ
19. ,, കെ. എൻ. എ. ഖാദർ
20. ,, കെ. കെ. നായർ
21. ഡോ. എം. എ. കുട്ടപ്പൻ
22. ശ്രീ. ലൂഡി ലൂയിസ്
23. ,, എ. കെ. മണി
24. ,, ആര്യാടൻ മുഹമ്മദ്
25. ,, സി. പി. മുഹമ്മദ്
26. ,, കടവൂർ ശിവദാസൻ
27. ,, സ്റ്റീഫൻ ജോർജ്
28. പ്രൊഫ. കെ. വി. തോമസ്
29. ശ്രീ. തമ്പാനൂർ രവി
30. ,, ടി. പി. എം. സാഹിർ
31. ,, വി. ഡി. സതീശൻ
32. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
33. ശ്രീ. പി. ടി. തോമസ്
34. ,, തോമസ് ചാഴികാടൻ
35. ,, കെ. സി. വേണുഗോപാൽ

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

മി. ചെയർമാൻ:

അനുകൂലിക്കുന്നവർ — 24

പ്രതികൂലിക്കുന്നവർ — 35

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 202, 213, 218, 223 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 196, 215 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 207, 222 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 199, 211 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 200, 219, 220 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എ. കെ. മണി അവതരിപ്പിച്ച 203-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഡോ. എം. എ. കുട്ടപ്പൻ അവതരിപ്പിച്ച 212-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 214, 216 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(225) ഖണ്ഡം 6 (1)-ൽ

(1) "അതിൻമേൽ ചുമത്തിയിട്ടുള്ള" എന്നതിനുപകരം "അതിന്റെ" എന്നു ചേർക്കുക.

(2) "അതിനുയുക്തമെന്നു തോന്നുന്ന ആറുമാസത്തിൽ കവിയാത്ത കാലത്തേക്ക്" എന്നതു നീക്കം ചെയ്യുക.

(232) ഖണ്ഡം 6(4) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

(1) 1-ാം ഉപവകുപ്പു പ്രകാരം ഒരു കമ്മിറ്റിയെ ഉല്ലംഘനം ചെയ്താലുടനെ 4-ാം വകുപ്പനുസരിച്ച് ഒരു പുതിയ കമ്മിറ്റിയെ നിയമിക്കേണ്ടതാണ്. എന്നാൽ പുതിയ കമ്മിറ്റി നിലവിൽ വരുന്നതുവരെ കമ്മീഷണർ കമ്മിറ്റിയുടെ അധികാരങ്ങൾ വിനിയോഗിക്കേണ്ടതും കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്.

(2) നിലവിലുള്ള ക്ലിപ്ത നിബന്ധന നീക്കം ചെയ്യുക.

എന്റെ ഭേദഗതി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(226) ഖണ്ഡം 6(1)-ൽ "സർക്കാരിന് അഭിപ്രായമുള്ള പക്ഷം" എന്ന വാക്കുകൾ ഒഴിവാക്കുക.

ശ്രീ. ജോണി നെല്ലൂർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(227) ഖണ്ഡം 6(1)-ൽ " സർക്കാരിന് അഭിപ്രായമുള്ളപക്ഷം" എന്ന വാക്കുകൾക്ക് പകരം "ബോദ്ധ്യമാകുന്ന പക്ഷം" എന്ന വാക്ക് ചേർക്കുക.

(234) ഖണ്ഡം 6(4)ന്റെ ക്ലിപ്ത നിബന്ധന ഒഴിവാക്കേണ്ടതാണ്.

(235) ഖണ്ഡം 6(4)ന്റെ ക്ലിപ്ത നിബന്ധനയിൽ "വർഷത്തിലധികം നീട്ടി കൊടുക്കുന്ന ഫലമുണ്ടാകുന്നതല്ല" എന്ന വാക്കുകൾക്ക് പകരം "മൂന്ന് വർഷം ആയിരിക്കുന്നതാണ്" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(229) ഖണ്ഡം 6(1)-ൽ "അന്വേഷണത്തിനുശേഷം" എന്ന വാക്കുകൾക്കു പകരം "അന്വേഷണത്തിനു കമ്മിറ്റിയുടെ അഭിപ്രായം പറയുന്നതിന് ന്യായമായ ഒരവസരം നൽകിയതിനുശേഷവും" എന്ന വാക്കുകൾ ചേർക്കുക.

ഈ വകുപ്പ് കമ്മിറ്റിയുടെ മേലെ ചുമത്തിയിട്ടുള്ള കുറ്റം, അത് സംബന്ധിച്ചുള്ള നിർവ്വഹണത്തിനുള്ള ഒരു വകുപ്പാണ് ഇവിടെ ചേർത്തിരിക്കുന്നത്. അങ്ങനെ വരുമ്പോൾ ഇവിടെ പറയുന്നത് അന്വേഷണത്തിന് ശേഷം ഗസറ്റ് വിജ്ഞാപനം വഴി ചെയ്യാമെന്നാണ്. അത് മാറ്റി അന്വേഷണത്തിന് കമ്മിറ്റിയുടെ അഭിപ്രായം പറയുന്നതിന് ന്യായമായ ഒരവസരം നൽകിയതിനുശേഷമായിരിക്കണം ഇങ്ങനെ ചെയ്യേണ്ടത്. അത്തരത്തിലുള്ള ഒരു ഭേദഗതിയാണ് ഞാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(230) ഖണ്ഡം 6(1)-ൽ "ഉല്ലംഘനം ചെയ്യാവുന്നതാണ്" എന്നതിനുപകരം "നീക്കം ചെയ്യാവുന്നതാണ്" എന്ന് ചേർക്കുക.

ഈ ആക്റ്റ് പ്രകാരം കമ്മിറ്റി അതിൻമേൽ ചുമത്തിയിട്ടുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് പ്രാപ്തമല്ലാതാവുകയോ അവ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തുകയോ അധികാരങ്ങൾക്ക് അതീതമായി പ്രവർത്തിച്ചു എന്ന് സർക്കാരിന് അഭിപ്രായമുള്ളപക്ഷം അന്വേഷണത്തിന് ശേഷം ആറുമാസത്തിൽ കവിയാത്ത കാലത്തേക്ക് കമ്മിറ്റിയെ ഉല്ലംഘനം ചെയ്യാവുന്നതാണ്. 1971-ലെ ഗുരുവായൂർ ദേവസ്വം നിയമത്തെ ഹൈക്കോടതിയിൽ ചോദ്യം ചെയ്തപ്പോൾ സർക്കാരിന് പ്രയോഗിക്കാവുന്ന ഇത്തരം അധികാരങ്ങളെ ഹൈക്കോടതി വിലക്കിയിട്ടില്ല. അതുകൊണ്ടുതന്നെ സർക്കാർ നോമിനേറ്റ് ചെയ്തിട്ടുള്ള കമ്മിറ്റി ഈ പറയുന്ന കുറ്റങ്ങൾ ചെയ്തു കഴിഞ്ഞാൽ അന്വേഷണത്തിനുശേഷം അത് supersede ചെയ്താൽ പോര. അത് നീക്കം ചെയ്യാവുന്നതാണ്. ആ നിലയിൽ ഇത് കൊണ്ടുവരണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(236) ഖണ്ഡം 6(4)-ന്റെ ക്ലിപ്ത നിബന്ധനയിൽ "നീട്ടിക്കൊടുക്കുന്ന ഫലമുണ്ടാക്കുന്നതല്ല" എന്നതിനുപകരം "നീട്ടിക്കൊടുക്കാവുന്നതല്ല" എന്ന് മാറ്റുക.

ഈ കമ്മിറ്റി ഉല്ലംഘനം ചെയ്യുമ്പോൾ സംഭവിക്കുന്ന കാര്യത്തെക്കുറിച്ചാണ് പറയുന്നത്. അതിൽ, എന്നാൽ കമ്മിറ്റി ഉല്ലംഘനം ചെയ്യപ്പെട്ട കാലയളവിൽ 4-ാം വകുപ്പ് 1-ാം ഉപവകുപ്പ് (ബി) ഖണ്ഡമോ (സി) ഖണ്ഡമോ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരംഗത്തിന്റെ പരമാവധി ഉദ്യോഗകാലാവധി രണ്ട് വർഷത്തിലധികം നീട്ടിക്കൊടുക്കുന്ന ഫലമുണ്ടാക്കുന്നതല്ല എന്നാണ്. അങ്ങനെ ഒരു വാചകത്തിന്റെ ആവശ്യമില്ല. പരമാവധി ഉദ്യോഗകാലാവധി രണ്ട് വർഷത്തിലധികം നീട്ടിക്കൊടുക്കാവുന്നതല്ല എന്നാക്കി മാറ്റണം.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ):* പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 225-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 225-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 232-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 226-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 227, 234, 235 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 229-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 230-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 236-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം *വകുപ്പ്*

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(238) ഖണ്ഡം 7(1)-ൽ "നിശ്ചയിക്കാവുന്ന സ്ഥലത്തോ" എന്നതിനുശേഷം "ഇരിങ്ങാലക്കുട കൂടൽമാണിക്യം ദേവസ്വത്തിന്റെ പരിധിയിലുള്ള" എന്നുകൂടി ചേർക്കുക.

(242) ഖണ്ഡം 7(3)-ൽ "മൂന്നംഗങ്ങളെങ്കിലും" എന്നതിനുപകരം "മൂന്നിലൊന്ന് അംഗങ്ങളെങ്കിലും" എന്ന് ചേർക്കുക.

ശ്രീ. പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(241) ഖണ്ഡം 7(3)-ൽ "മൂന്നംഗങ്ങളെങ്കിലും" എന്നതിനുപകരം "നാലംഗങ്ങളെങ്കിലും" എന്ന് ചേർക്കുക.

(248) ഖണ്ഡം 7(4)-ൽ "അല്ലെങ്കിൽ അദ്ധ്യക്ഷം വഹിക്കുന്ന ആളിനോ" എന്ന ഭാഗം നീക്കം ചെയ്യുക.

(249) ഖണ്ഡം 7(4)-ൽ "വിനിയോഗിക്കേണ്ടതുമാണ്" എന്നതിനുപകരം "വിനിയോഗിക്കാവുന്നതുമാണ്" എന്ന് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

സർ, 241-ൽ 7(3)-ൽ കമ്മിറ്റിയുടെ ഏതെങ്കിലും യോഗത്തിൽ കുറഞ്ഞപക്ഷം മൂന്ന് അംഗങ്ങളെങ്കിലും ഹാജരില്ലാത്തപക്ഷം യാതൊരു കാര്യവും പരിഗണനയ്ക്കെടുക്കാൻ പാടില്ലാത്തതാകുന്നു എന്നതാണ്. ഇതിൽ ആകെയുള്ളത് 7 അംഗങ്ങളാണ്. തന്ത്രി എക്സ്-ഒഫിഷ്യോ ആണ്. 7 അംഗങ്ങളുള്ളതിൽ 3 പേരു ണ്ടെങ്കിൽ യോഗമാകുമെങ്കിൽ സ്വാഭാവികമായും അതിന് അംഗീകാരം കിട്ടുമെങ്കിൽ ബാക്കിയുള്ള ആളുകൾക്ക് വേറെ സ്ഥലത്ത് യോഗം ചേരാം. അതുകൊണ്ട് 4 അംഗങ്ങൾ എന്നെങ്കിലും ആകണം. അതുപോലെതന്നെ 248, 7(4)-ൽ കമ്മിറ്റി യോഗങ്ങളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ അവിടെ ഹാജരുള്ള അംഗങ്ങളുടെ ഭൂരിപക്ഷം വോട്ടുമൂലം തീരുമാനിക്കേണ്ടതും തുല്യവോട്ടുകളുള്ള സംഗതിയിൽ ചെയർമാനോ അല്ലെങ്കിൽ അദ്ധ്യക്ഷം വഹിക്കുന്ന ആളിനോ നിർണ്ണായക വോട്ട് ഉണ്ടായിരിക്കുന്നതുമാണ് എന്നുള്ളത് നീക്കം ചെയ്യണമെന്നതാണ് എന്റെ ഭേദഗതി 249, ചെയർമാൻ അദ്ദേഹത്തിന്റെ ഈ നിർണ്ണായക വോട്ട് ചെയ്യുന്ന അധികാരം വിനിയോഗിക്കേണ്ടതുമാണ് എന്നുള്ളത് വിനിയോഗിക്കാവുന്നതാണ് എന്ന് ചേർക്കണം.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(243) ഖണ്ഡം 7(3)-ൽ "മൂന്നംഗങ്ങളെങ്കിലും" എന്നതിനുപകരം "പകുതിയിലധികം" എന്ന് ചേർക്കുക.

(247) ഖണ്ഡം 7(4)-ൽ "ഭൂരിപക്ഷം വോട്ടുമൂലം" എന്നതിനുപകരം "ഭൂരിപക്ഷ അഭിപ്രായ പ്രകാരമോ അതിനുകഴിയുന്നില്ലെങ്കിൽ ഭൂരിപക്ഷ വോട്ടുമൂലമോ" എന്ന് ചേർക്കുക.

ആകെ ഒരു കമ്മിറ്റിയിൽ ഏഴ് അംഗങ്ങളാണുള്ളത്. അതിൽ മൂന്ന് അംഗങ്ങൾ എന്നുപറയുമ്പോൾ ഭൂരിപക്ഷം വരില്ല. മൂന്ന് അംഗങ്ങൾ എന്നുപറയുമ്പോൾ ന്യൂനപക്ഷ സമിതിയാണ് തീരുമാനങ്ങളെടുക്കുന്നത്. അത് ശരിയല്ല. അതുകൊണ്ട് കമ്മിറ്റിയിൽ പകുതിയിൽ കൂടുതൽ ആളുകളുണ്ടായിരിക്കണമെന്നതാണ് എന്റെ ഭേദഗതി. അതുപോലെ 247, കമ്മിറ്റിയുടെ കാര്യങ്ങൾ, യോഗങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങൾ അവിടെ ഹാജരുള്ള അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടുമൂലം തീരുമാനിക്കേണ്ടതും എന്നാണ്. അത് ഭൂരിപക്ഷ അഭിപ്രായ പ്രകാരമോ അങ്ങനെ ഭൂരിപക്ഷ അഭിപ്രായം ഉണ്ടാക്കാൻ കഴിയാത്ത ഒരു ഘട്ടം വരുമ്പോൾ മാത്രം ഭൂരിപക്ഷ വോട്ടുമൂലം എന്നാക്കണമെന്നാണ് എന്റെ ഭേദഗതി.

ശ്രീ. ജോണി നെല്ലൂർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(240) ഖണ്ഡം 7(3) താഴെ പറയും പ്രകാരം മാറ്റിയെഴുതുക

"കമ്മിറ്റിയുടെ ക്വാറം ആകെ അംഗസംഖ്യയുടെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്."

(244) ഖണ്ഡം 7(3)-ൽ "മൂന്നംഗങ്ങളെങ്കിലും" എന്നതിനുപകരം "ഭൂരിപക്ഷം അംഗങ്ങൾ" എന്ന് ചേർക്കുക.

(245) ഖണ്ഡം 7(3)-നുശേഷം (എ) ആയി താഴെപ്പറയുന്ന ഭാഗം ചേർക്കുക:

(എ) "കമ്മിറ്റിയുടെ ക്വാറം ആകെയുള്ള അംഗങ്ങളുടെ പകുതി അംഗങ്ങൾ അധികം ഒന്ന് എന്നായി കണക്കാക്കണം."

(250) ഖണ്ഡം 7(4) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക:

"(4) കമ്മിറ്റി യോഗങ്ങളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ ആകെയുള്ള കമ്മിറ്റി അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടുമൂലം തീരുമാനിക്കേണ്ടതും തുല്യവോട്ടുകൾ വന്നാൽ അദ്ധ്യക്ഷ സ്ഥാനത്തിരിക്കുന്ന അംഗത്തിന് ഒരു അധികവോട്ട് ഉണ്ടായിരിക്കുന്നതുമാണ്."

244, ഇവിടെ പല അംഗങ്ങളും സൂചിപ്പിച്ചതാണ്. 7(3)-ൽ മൂന്ന് അംഗങ്ങളെങ്കിലും എന്നതിന് പകരം ഭൂരിപക്ഷം അംഗങ്ങൾ എന്നുചേർക്കണമെന്നാണ് എന്റെ ഭേദഗതി. 245, 7(3)-നുശേഷം (എ) ആയിട്ട് കമ്മിറ്റിയുടെ ക്വാറം ആകെയുള്ള അംഗങ്ങളുടെ പകുതി അംഗങ്ങൾ അധികം ഒന്ന് എന്നായി കണക്കാക്കണം എന്നുള്ളതാണ്. ഈ നിയമം പാസ്സായിക്കഴിഞ്ഞാൽ ഈ കമ്മിറ്റി കൂടുമ്പോൾ അത് തടസ്സമില്ലാതെ കൂടാൻ വേണ്ടിയാണ് ഈ ഭേദഗതി അവതരിപ്പിക്കുന്നത്. 250, 7(4)-ൽ കമ്മിറ്റി യോഗങ്ങളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ ആകെയുള്ള കമ്മിറ്റി അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടുമൂലം തീരുമാനിക്കേണ്ടതും തുല്യവോട്ടുകൾവന്നാൽ അദ്ധ്യക്ഷ സ്ഥാനത്തിരിക്കുന്ന അംഗത്തിന് ഒരു അധികവോട്ട് ഉണ്ടായിരിക്കുന്നതുമാണ് എന്ന് ഭേദഗതി ചെയ്യണം. ഇതൊക്കെ ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻവേണ്ടിയാണ്. അതുകൊണ്ട് ഭേദഗതി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(246) ഖണ്ഡം 7(4)-ൽ "ഉണ്ടാകുന്ന പ്രശ്നങ്ങൾ അവിടെ" എന്നത് ഒഴിവാക്കുകയും "തീരുമാനിക്കേണ്ടതും" എന്നതിനുപകരം "തീരുമാനമെടുക്കേണ്ടതും" എന്ന് ചേർക്കുക.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*: ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. കെ. രാധാകൃഷ്ണൻ: ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 241-ാം നമ്പർ ഭേദഗതിക്കും ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 244-ാം നമ്പർ ഭേദഗതിക്കും വോട്ട് ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ — 22

1. ശ്രീ. എ. എ. അസീസ്
2. " എ. കെ. ബാലൻ
3. " വി. കെ. ചന്ദ്രൻ
4. " വി. ചെന്താമരാക്ഷൻ
5. " ടി. കെ. ദേവകുമാർ
6. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
7. ശ്രീ. കെ. കെ. ജയചന്ദ്രൻ
8. " ജോണി നെല്ലൂർ
9. " പി. ജയരാജൻ
10. " എം. കുമാരൻ
11. " വി. കെ. സി. മമ്മത് കോയ
12. " മത്തായി ചാക്കോ
13. " കെ. പി. മോഹനൻ
14. " സി. കെ. നാണു
15. " എം. പ്രകാശൻ മാസ്റ്റർ
16. " കെ. രാധാകൃഷ്ണൻ
17. " മാങ്കോട് രാധാകൃഷ്ണൻ
18. " എൻ. രാജൻ
19. " കെ. പി. രാജേന്ദ്രൻ
20. " കെ. പി. സതീശ് ചന്ദ്രൻ
21. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
22. ഡോ. തോമസ് ഐസക്

പ്രതികൂലിക്കുന്നവർ — 34

1. ശ്രീ. കളത്തിൽ അബ്ദുള്ള
2. " സി. ടി. അഹമ്മദ് അലി
3. " കെ. ബാബു
4. " പി. കെ. കെ. ബാവ

LIBRARY ARCHIVES Kerala Legislative Assembly

5. ശ്രീ. ജോർജ് ജെ. മാത്യു
6. ,, പ്രയാർ ഗോപാലകൃഷ്ണൻ
7. ,, എം. എം. ഹസൻ
8. ,, ഇസ്ഹാക് കുരിക്കൾ
9. ,, കെ. സി. ജോസഫ്
10. ,, ജോസഫ് എം. പുതുശ്ശേരി
11. ,, പി. ജെ. ജോയി
12. ,, ഉമ്മൻ ചാണ്ടി
13. ,, അടൂർ പ്രകാശ്
14. ,, ടി. എൻ. പ്രതാപൻ
15. ,, വക്കം പുരുഷോത്തമൻ
16. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
17. ,, വർക്കല കഹാർ
18. ,, കെ. കെ. നായർ
19. ഡോ. എം. എ. കുട്ടപ്പൻ
20. ശ്രീ. ലൂഡി ലൂയിസ്
21. ,, എ. കെ. മണി
22. ,, ആര്യാടൻ മുഹമ്മദ്
23. ,, സി. പി. മുഹമ്മദ്
24. ,, എഴുകോൺ നാരായണൻ
25. ,, കടവൂർ ശിവദാസൻ
26. ,, സ്റ്റീഫൻ ജോർജ്
27. പ്രൊഫ. കെ. വി. തോമസ്
28. ശ്രീ. തമ്പാനൂർ രവി
29. ,, ടി. പി. എം. സാഹിർ
30. ,, വി. ഡി. സതീശൻ
31. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
32. ശ്രീ. പി. ടി. തോമസ്
33. ,, തോമസ് ചാഴികാടൻ
34. ,, കെ. സി. വേണുഗോപാൽ

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ഭേദഗതികളെ

അനുകൂലിക്കുന്നവർ — 22

പ്രതികൂലിക്കുന്നവർ — 34

നിഷ്പക്ഷതപാലിക്കുന്നവർ ആരുമില്ല.

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 238, 242 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 240, 245, 250 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 248, 249 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 243, 247 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 246-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

ശ്രീ. വി. കെ. ചന്ദ്രൻ : ഞാൻ എന്റെ 251-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു

(251) ഖണ്ഡം 9-ൽ "യാത്രാപ്പടിയോ ദിവസപ്പടിയോ" എന്നതിനു പകരം "യാത്രാബത്തയോ ദിനബത്തയോ" എന്നു ചേർക്കുക.

അതിൽ ചെയർമാന്റെയും അംഗങ്ങളുടെയും വേതനം അത് കമ്മിറ്റിയിൽ, അത് ഒരു ഭാഷാ പ്രശ്നമാണ്. കമ്മിറ്റിയുടെ ഒരു അംഗത്തിനു നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഏതെങ്കിലും യാത്രാപ്പടിയോ ദിവസപ്പടിയോ, അങ്ങനെ സാധാരണ മലയാളത്തിൽ പറയാറില്ല. യാത്ര ബത്ത, ദിനബത്ത എന്നൊക്കെയാണ് പറയുക. അത് അങ്ങനെയാക്കി മാറ്റണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ എന്റെ 252-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(252) ഖണ്ഡം 9-ൽ "ദിവസപ്പടിയോ" എന്നതിനു ശേഷം "ഓണറേറിയമോ" എന്നു ചേർക്കുക.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*: സർ, 251-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 251-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 252-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10-ാം വകുപ്പ്

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ എന്റെ (253)-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(253) ഖണ്ഡം 10(എ)-യിൽ (1) "ക്ഷേത്രങ്ങളിലേയും" എന്നതിനു പകരം "ക്ഷേത്രത്തിന്റെയും" എന്നു ചേർക്കുക.

10 (എ)-യുടെ അവസാനം താഴെപ്പറയുംപ്രകാരം ചേർക്കുക, (2) "യും അവ നടത്തുന്നുണ്ടെന്നുറപ്പാക്കുകയും ചെയ്യുക"

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ എന്റെ 254, 263, 264 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(254) ഖണ്ഡം 10(ബി) യിൽ "ആരാധകർക്ക്" എന്ന വാക്കിനു പകരം "ഭക്തജനങ്ങൾക്ക്" എന്ന വാക്ക് ചേർക്കുക.

(263) ഖണ്ഡം 10(ജി) യിൽ "ആരാധകരുടെ" എന്ന വാക്കിനു പകരം "ഭക്തജനങ്ങളുടെ" എന്ന വാക്കു ചേർക്കുക.

(264) ഖണ്ഡം 10(ജി)യ്ക്കുശേഷം (എച്ച്) ആയി താഴെപ്പറയുന്ന ഭാഗം കൂടി ചേർക്കുക.

"(എച്ച്) ക്ഷേത്രത്തിന്റെ പരമ്പരാഗതമായി നടത്തുന്ന ആചാരാനുഷ്ഠാനങ്ങളോ താന്ത്രിക കാര്യങ്ങളോ മാറ്റുന്നതിനോ ഭേദഗതി വരുത്തുന്നതിനോ കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതല്ല. അപ്രകാരം വരാവുന്ന എല്ലാ കാര്യങ്ങളും ക്ഷേത്രം തന്ത്രിയുടെ അന്തിമതീർപ്പിന് വിധേയമായി മാത്രമേ ഇടപെടുവാൻ പാടുള്ളൂ."

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. മണി : സർ, ഞാൻ എന്റെ 255-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(255) ഖണ്ഡം 10(സി)-യിൽ "ആഭരണങ്ങൾ" എന്നതിനുശേഷം "ജംഗമ വസ്തുക്കൾ" എന്നു ചേർക്കുക.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, ഞാൻ എന്റെ 256-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(256) ഖണ്ഡം 10(സി) യിൽ "ആഭരണങ്ങൾ" എന്നതിനുശേഷം മറ്റു "വഴിപാടുകൾ വഴി വരുന്ന സാധനങ്ങൾ" എന്നുകൂടി ചേർക്കുക.

ഇതിൽ ഫണ്ടുകൾ, വിലപിടുപ്പുള്ള സെക്യൂരിറ്റികൾ, ആഭരണങ്ങൾ എന്നിവയുടെ സുരക്ഷിതമായ സൂക്ഷിപ്പാണ് ഈ കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. ഗുരുവായൂർ ദേവസ്വം ബോർഡിന് ഇഷ്ടംപോലെ ആനകളുണ്ട്. അവിടെ ആനകളെ കൊണ്ടുപോയി നടയ്ക്കിരുത്തുകയാണ്. അതുപോലെ ഒരുപാട് വഴിപാട് സാധനങ്ങൾ നടയ്ക്കിരുത്താൻ വരുകയാണ്. അങ്ങനെ കൂടൽമാണിക്യം ദേവസ്വം ബോർഡിനും ഒരു പക്ഷേ നാളെ ഇങ്ങനെ വന്നുകൂടെന്നില്ല. അതുകൊണ്ട് വഴിപാടുകൾ വഴിവരുന്ന സാധനങ്ങൾ എന്നുകൂടി ചേർക്കണം.

ശ്രീ. എം. എം. ഹസ്സൻ : സർ, ഞാൻ എന്റെ 258-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(258) ഖണ്ഡം 10(ഡി)-ക്കുശേഷം താഴെപ്പറയുന്ന ഭാഗം (ഡി ഡി) ആയി ചേർക്കുക.

"(ഡി ഡി) ക്ഷേത്രത്തിലെയും ഉപക്ഷേത്രത്തിലെയും പൂജകൾക്കും കർമ്മങ്ങൾക്കും വഴിപാടുകൾക്കും ഉന്നതമാനദണ്ഡമുള്ള സാധനങ്ങൾ ലഭ്യമാക്കിയെന്നുറപ്പു വരുത്തുക."

ശ്രീ. എം. എ. കുട്ടപ്പൻ : സർ, ഞാൻ എന്റെ 259-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(259) ഖണ്ഡം 10(ഇ) യിൽ "ക്ഷേത്രത്തിലെ ദാനവസ്തുക്കൾ" എന്നതിനുപകരം "ക്ഷേത്രത്തിലെ ബന്ധപ്പെട്ട ദാനവസ്തുക്കൾ" എന്നു ചേർക്കുക.

ദാനകർത്താക്കളുടെ അറിയാവുന്ന ആഗ്രഹങ്ങൾക്കനുസൃതമായി ക്ഷേത്രത്തിലെ ദാനവസ്തുക്കൾ സംബന്ധിച്ച ഫണ്ട് ചെലവാക്കണമെന്നു പറയുന്നുണ്ട്. ഇവിടെ നിരവധി ആളുകൾ, ഭക്തന്മാർ ദാനവസ്തുക്കൾ കൊടുത്തുകാണണം. കാലപ്പഴക്കം കൊണ്ട് ചിലരുടെ ആഗ്രഹങ്ങൾ എന്താണെന്നു ഒരുപക്ഷേ അവിടെ രേഖയുണ്ടാ

GPM. 2/587/2012.—37

LIBRARY ARCHIVES Kerala Legislative Assembly

ംാനിടയില്ല. ചിലരുടെ ആഗ്രഹം എന്താണെന്നറിയാൻ കഴിഞ്ഞേക്കാം. മറ്റ് ചില ്യുടേത് അറിയാൻ കഴിഞ്ഞെന്നു വരുകയില്ല. X-ന്റെ ആഗ്രഹം സാധിക്കാൻ Y-യുടെ പണം ചെലവഴിക്കാൻ പാടില്ല. അതുകൊണ്ട് ദാനകർത്താക്കളുടെ ആവശ്യം ബന്ധപ്പെട്ട ഫണ്ട് ഉപയോഗിച്ച്, ബന്ധപ്പെട്ട എന്ന വാക്ക് ഉപയോഗിച്ചാൽ ംൃത്യമായിരിക്കും അതാണ് എന്റെ ഭേദഗതി.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : സർ, ഞാൻ എന്റെ 260-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(260) ഖണ്ഡം 10(എഫ്)-ന്റെ അവസാനം താഴെപ്പറയും പ്രകാരം ചേർക്കുക. "യും അതു നൽകിയെന്നുറപ്പാക്കുകയും ചെയ്യുക."

ശ്രീ. പി. ടി. തോമസ് : സർ, ഞാൻ എന്റെ 261-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(261) ഖണ്ഡം 10(എഫ്)-ന് ശേഷം (എഫ് എഫ്) ആയി താഴെപ്പറയുന്നത് ചേർക്കുക.

"(എഫ് എഫ്) ആരാധകർക്ക് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങളെപ്പറ്റി കാലാകാലങ്ങളിൽ പരിശോധിക്കുകയും അവർക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക."

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഞാൻ എന്റെ 262-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(262) ഖണ്ഡം 10(എഫ്)-ന് ശേഷം താഴെപ്പറയുന്നത് (എഫ് എഫ്) ആയി ചേർക്കുക.

"(എഫ് എഫ്) ഹിന്ദുമതത്തേയും ക്ഷേത്രാചാരമര്യാദകളെയുംപറ്റി അവബോധമുണ്ടാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക."

ശ്രീ. കെ പി. രാജേന്ദ്രൻ : സർ, ഞാൻ എന്റെ 265-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(265) ഖണ്ഡം 10(ജി) യ്ക്കുശേഷം താഴെപ്പറയുന്നത് (എച്ച്) ആയി ചേർക്കുക.

"(എച്ച്) ക്ഷേത്രവും അതിനോട് ചേർന്നുള്ള ഉപക്ഷേത്രവും സ്ഥിതി ചെയ്യുന്ന മുകുന്ദപുരം താലൂക്കിലെ പ്രദേശങ്ങളിലെ ശുദ്ധജലവിതരണം, ശുചിത്വ ആരോഗ്യ പ്രവർത്തനങ്ങൾ, മാലിന്യ സംസ്കരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾക്കു സാമ്പത്തിക സഹായം നല്കുന്നതിന്".

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ വളരെ പ്രധാനപ്പെട്ട ഈ 10 കമ്മിറ്റികളുടെ കർത്തവ്യങ്ങൾ ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഗുരുവായൂരിൽ കുറെ കാര്യങ്ങൾ ചെയ്യാൻ, പ്രത്യേകിച്ച് വർഷങ്ങളായിട്ട് അവിടെ നടപ്പിലാക്കാൻ കഴിയാതിരുന്നതും പല തരത്തിലുള്ള തടസ്സങ്ങളും ക്ഷേത്രവിശ്വാസികളുടെ പേരിലുള്ള ചില സംഘടനകൾ ഇടപെടുന്നതും അങ്ങനെ ഒത്തിരി വൈഷമ്യങ്ങൾ ശ്രീ. പി. കെ. കെ. ബാവയ്ക്ക് അറിയാം. അങ്ങ് മുൻകൈയെടുത്ത് നടത്തിയ ചർച്ചയെ, ഈ സന്ദർഭത്തിൽ താൽപ്പര്യമുണ്ടാക്കിയതുകൊണ്ടാണ് ഞാൻ പറയുന്നത്. ഗുരുവായൂരിലെ ചില പ്രശ്നങ്ങൾ പരിഹരിക്കാൻ, ചില കാര്യങ്ങൾ ചെയ്യാൻ ഗവൺമെന്റ് തീരുമാനിച്ചു. പ്രത്യേകിച്ച് അവിടെ കുടിവെള്ളം എത്തിക്കാൻ, മാലിന്യ സംസ്കരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ. പക്ഷേ ആ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാൻ കഴിയുന്നില്ലല്ലോ അതിനുള്ള വൈഷമ്യം അവിടെ നിൽക്കുകയല്ലേ. ഗുരുവായൂർ ദേവസ്വത്തിന് കിട്ടുന്ന വരുമാനത്തിന്റെ ഒരു ചെറിയ അംശംപോലും അവിടെ ഉപയോഗിക്കാനോ, അവിടെ എത്തുന്ന ഭക്തരുടെ അല്ലെങ്കിൽ ആ പ്രദേശവുമായി ബന്ധപ്പെട്ടവരുടെ ആവശ്യങ്ങൾക്ക് ഉപയോഗിക്കാനോ കഴിയുന്നില്ല. ഗവൺമെന്റിന്റെ നല്ല ഉദ്ദേശശുദ്ധിയെ മാനിച്ചുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. നമ്മുടെ മുമ്പിൽ ഇങ്ങനെ ഒരു വൈഷമ്യം നിൽക്കുമ്പോൾ കൂടൽമാണിക്യക്ഷേത്രം സംബന്ധിച്ച് ഒരു ബിൽ ഇവിടെ പാസ്സാക്കുമ്പോൾ ഗുരുവായൂരിലെ കാര്യംകൂടി മനസ്സിൽ വച്ചുകൊണ്ട് അല്ലെങ്കിൽ അതുകൂടി ഉൾക്കൊണ്ടുകൂടി വേണം ചെയ്യാൻ. കാരണം ഈ ബില്ല് പാസ്സാക്കിക്കഴിഞ്ഞാൽ, ഈ ഫണ്ട് മറ്റ് ഒരു ആവശ്യത്തിനും ചെലവഴിക്കാൻ കഴിയുകയില്ല. ഗവൺമെന്റ് തീരുമാനിച്ചാലും കഴിയുകയില്ല. ആ കമ്മിറ്റി തീരുമാനിച്ചാലും കഴിയുകയില്ല. ആര് വിചാരിച്ചാലും കഴിയുകയില്ല. ഇതൊക്കെ ചില ആളുകളുടെ കൈപ്പിടിയിൽ നിൽക്കുന്ന ചില പ്രസ്ഥാനങ്ങളും സംഘടനകളും അവിടെ പ്രശ്നങ്ങളുണ്ടാക്കും. അതുകൊണ്ടാണ് ഞാൻ ഇതിൽ ഒരു വകുപ്പുകൂടി ചേർത്ത് പറയുന്നത്. ഈ ക്ഷേത്രത്തിൽ നിന്നുള്ള വരുമാനം ക്ഷേത്രവും അതിനോട് ചേർന്നുള്ള ഉപക്ഷേത്രവും സ്ഥിതിചെയ്യുന്ന മുകുന്ദപുരം താലൂക്കിലെ വിവിധ പ്രദേശങ്ങളിൽ, അമ്പലത്തിനോട് ചേർന്നു കിടക്കുന്ന പ്രദേശത്തിലെ ശുദ്ധജലവിതരണം, ശുചിത്വ-ആരോഗ്യ പ്രവർത്തനങ്ങൾ, മാലിന്യ സംസ്കരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻകൂടി ഇത് വിനിയോഗിക്കണം. അത് നിയമത്തിൽ വ്യവസ്ഥ ചെയ്തില്ലെങ്കിൽ നിങ്ങൾക്ക് ഒരു രൂപ പോലും എടുത്ത് ചെലവഴിക്കാൻ കഴിയുകയില്ല. ഇത് നമ്മുടെ അനുഭവങ്ങളാണ്. ഒരു കാര്യം കൂടി പറയുകയാണ്. അങ്ങ് ഒരിക്കലും മറക്കുകയില്ല. തിരുപ്പതിയിലെ അന്നത്തെ കമ്മിറ്റിയുടെ വിസിറ്റ് ഒരിക്കലും മറക്കാൻ കഴിയുകയില്ല. തിരുപ്പതിയിൽ നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റി നടത്തിയ വിസിറ്റ്. അവിടെ ഞങ്ങൾ മനസിലാക്കിയത്, ഈ സഭയിൽ വച്ച റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചത് ആ തിരുപ്പതി ദേവസ്വം സ്ഥിതിചെയ്യുന്ന താലൂക്കിലെ മുഴുവൻ ഹോസ്പിറ്റലുകൾ,

LIBRARY ARCHIVES Kerala Legislative Assembly

എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്, ഞാൻ നേരത്തെ പറഞ്ഞതുപോലെ ആരോഗ്യ-ശുചിത്വ-മാലിന്യ സംസ്കരണ പരിപാടികൾക്കെല്ലാം ചെലവാക്കുന്നത് തിരുപ്പതി ദേവസ്വത്തിനു കിട്ടുന്ന വരുമാനം കൊണ്ടാണ്. ഞങ്ങൾ ആ കമ്മിറ്റിയുടെ റിപ്പോർട്ട് ഈ സഭയിൽ അന്ന് വച്ചിട്ടുള്ളതാണ്. അതുകൂടി വച്ചു കൊണ്ടാണ് ഞാൻ ഇത് പറയുന്നത്. ഒരു ക്ലാസ്, -ഒരു വകുപ്പ് - വച്ചില്ലെങ്കിൽ ഏതെങ്കിലും ഒരു കാലത്ത് നമുക്ക് എന്തെങ്കിലും കാര്യങ്ങൾ ആ കൂടൽ മാണിക്യം ക്ഷേത്രത്തിന്റെ ചുറ്റുപാടും ചെയ്യണമെങ്കിൽ, അവിടെ വരുന്ന വിശ്വാസികൾക്ക് വേണ്ടിയല്ലാതെ വേറെ ആർക്കുമല്ല. ആ ക്ഷേത്രവുമായി ബന്ധപ്പെട്ട ഉൽസവം, കൂടൽമാണിക്യം ക്ഷേത്രത്തിലെ ഉൽസവം—എത്രയോ ദിവസം പതിനായിരങ്ങൾ വരുന്ന ഒരു പ്രദേശമാണ്, ആ മുനിസിപ്പാലിറ്റിയോ പഞ്ചായത്തോ ചെയ്യുന്ന ഒരു കാര്യത്തിലും ഒരു രൂപ സഹായിക്കാൻ നിങ്ങൾക്ക് കഴിയുകയില്ല. അതുകൊണ്ട് ഒരു ക്ലാസ് ഇതിനകത്ത് വയ്ക്കണം. ഞാൻ ഇത് പ്രസ് ചെയ്യാനോ വോട്ടിനിടാനോ പറയുന്നതല്ല. ഈ ബില്ലിലെ അതിന്റെ ഏറ്റവും നല്ല ഉദ്ദേശശുദ്ധിയോടുകൂടിയാണ് ഇത് സൂചിപ്പിക്കുന്നത്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, ഞാൻ എന്റെ 266-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(266) ഖണ്ഡം 10 (ജി) യ്ക്കുശേഷം താഴെപ്പറയുന്നത് (എച്ച്) ആയി ചേർക്കുക.

"(എച്ച്) ക്ഷേത്രത്തിന്റെ കൈവശമുള്ള സ്ഥലങ്ങൾ കായിക പരിശീലനത്തിനും മറ്റും ഉപയോഗിക്കുന്നില്ല എന്നു ഉറപ്പു വരുത്തുക".

അതിൽ കമ്മിറ്റിയുടെ കർത്തവ്യങ്ങളെ സംബന്ധിച്ചുള്ളതാണ് ഈ ഭേദഗതി. ഇന്നിപ്പോൾ ക്ഷേത്രത്തിന്റെ കൈവശ സ്ഥലങ്ങൾ വളരെ വ്യാപകമായിട്ട് കായിക പരിശീലനങ്ങൾക്ക് ഉപയോഗിക്കുന്നുണ്ട്. കൂടൽമാണിക്യം ക്ഷേത്രത്തിന് അകത്ത് അതുണ്ടെന്നുള്ളതല്ല. പക്ഷേ അങ്ങനെ വരാനുള്ള സാധ്യത തള്ളിക്കളഞ്ഞുകൂട. അതുകൊണ്ട് ക്ഷേത്രത്തിന്റെ കൈവശമുള്ള സ്ഥലങ്ങൾ കായിക പരിശീലനത്തിനു ഉപയോഗിക്കുന്നില്ല എന്നു ഉറപ്പ് വരുത്തേണ്ടത് കമ്മിറ്റിയുടെ കർത്തവ്യം എന്നുള്ള നിലയ്ക്ക് തന്നെ രേഖപ്പെടുത്തണം എന്നുള്ളതാണ് എന്റെ ഭേദഗതി.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*: സർ, ഇവിടെ അവതരിപ്പിച്ച 254, 263 എന്നീ നമ്പർ ഭേദഗതികൾ അംഗീകരിക്കുന്നു. മറ്റ് ഭേദഗതികൾ അംഗീകരിക്കുന്നില്ല.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച ഭേദഗതി നമ്പർ 254-ഉം 263-ഉം സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 253-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 264-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. കെ. മണി അവതരിപ്പിച്ച 255-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 256-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച 258-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ഡോ. എം. എ. കുട്ടപ്പൻ അവതരിപ്പിച്ച 259-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ അവതരിപ്പിച്ച 260-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 261-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 262-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 265-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 266-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

11-ാം വകുപ്പ്

ശ്രീ. കെ. പി. മോഹനൻ : സർ, 267-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(267) ഖണ്ഡം 11 (1)-ൽ "അയ്യായിരം" എന്നതിനുപകരം "രണ്ടായിരത്തി അഞ്ഞൂറ്" എന്നുചേർക്കുക.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, 269, 273 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(269) ഖണ്ഡം 11 (1)-ൽ "പണയപ്പെടുത്തുകയോ" എന്നതിനുശേഷം "മാറ്റിവെക്കപ്പെടുകയോ" എന്നുകൂടി ചേർക്കുക.

(273) ഖണ്ഡം 11 (3)-ൽ "പ്രസിദ്ധപ്പെടുത്തേണ്ടതും" എന്നതിനു മുമ്പായി "പത്രത്തിലൂടെയോ മറ്റോ" എന്ന് ചേർക്കുകയും "പരിഗണിക്കേണ്ടതുമാണ്" എന്നതിനുപകരം "പരിശോധിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

ഭേദഗതി 269 ദേവസ്വം വക വസ്തുക്കൾ അന്യാധീനപ്പെടുന്നതുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. കമ്മിറ്റിയുടെ കൈവശമുള്ളത് അയ്യായിരം രൂപയിൽ കൂടുതൽ വില വരുന്നതോ നശ്വരസ്വഭാവത്തോടുകൂടിയത് അല്ലാത്തതുമായ യാതൊരു ജംഗമ വസ്തുവും യാതൊരു ആഭരണങ്ങളും ദേവസ്വത്തിന് ആവശ്യമാണെന്നോ ഗുണകരമാണെന്നോ ഉള്ള കാരണത്താൽ കമ്മീഷണർ അനുമതി നൽകാത്തപക്ഷം വിൽക്കുകയോ പണയപ്പെടുത്തുകയോ മാറ്റി വയ്ക്കപ്പെടുകയോ എന്നാക്കി മാറ്റണം. അതുപോലെ 273-ൽ ഉപവകുപ്പ് പ്രകാരം അനുമതി നൽകുന്നതിന് മുമ്പായി കമ്മീഷണർ നിർദ്ദിഷ്ട ഇടപാടിനെ സംബന്ധിച്ച് വിശദവിവരങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ അതേക്കുറിച്ചുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചുകൊണ്ട് പത്രത്തിലൂടെയോ മറ്റ് പ്രസിദ്ധീകരണം എന്നാക്കി മാറ്റണം.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, 270, 272 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(270) ഖണ്ഡം 11(2)-ൽ (1) "ആവശ്യങ്ങൾക്കായി" എന്നതിനുശേഷം "അതിന്റെ പേരിൽ" എന്നും (2) "കമ്മീഷണർ" എന്നതിനുശേഷം "മുൻകൂട്ടി എന്നും" എന്നുചേർക്കുക.

(272) ഖണ്ഡം 11(3)-ൽ "നിർദ്ദേശങ്ങളും ക്ഷണിച്ചുകൊണ്ട്" എന്നതിനുശേഷം "ക്ഷേത്രത്തിലും കമ്മിറ്റി ആഫീസിലും ക്ഷേത്രമിരിക്കുന്നിടത്തു പ്രചാരമുള്ള രണ്ടു ഭാഷാപത്രങ്ങളിലും ദൃശ്യമാദ്ധ്യങ്ങൾ വഴിയും" എന്നുചേർക്കുക.

ശ്രീ. എ. കെ. മണി : സർ, 274-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(274) ഖണ്ഡം 11(4)-ൽ "കമ്മീഷണർക്ക്" എന്ന പദം ഏതെങ്കിലും ഒരു സ്ഥലത്ത് മാത്രം നിലനിർത്തുക.

ഡോ. എം. എ. കുട്ടപ്പൻ : സർ, 275-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(275) ഖണ്ഡം 11(5)-ൽ "ഒരു പകർപ്പ്" എന്നതിനുപകരം "ഓരോ പകർപ്പു വീതം" എന്നുചേർക്കുക.

ഇതിൽ 5-ാം ഉപവകുപ്പിൽ പറയുന്നത് കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ ഒരു പകർപ്പ് സർക്കാരിനും കമ്മിറ്റിക്കും കൊടുക്കുമെന്നാണ്. ഒരു

LIBRARY ARCHIVES Kerala Legislative Assembly

പകർപ്പ് എങ്ങനെയാണ് കൊടുക്കാൻ സാധിക്കുന്നത്? രണ്ടായി കീറേണ്ടി വരും. അതുകൊണ്ട് വ്യക്തമാകണമെങ്കിൽ ഓരോ പകർപ്പ് വീതം എന്നുപറയുന്നതാണ് ശരി. അങ്ങനെ ഭേദഗതി ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ജോണി നെല്ലൂർ : സർ, 276-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(276) ഖണ്ഡം 11(5)-ൽ "പകർപ്പ്" എന്ന വാക്കിനുശേഷം "ഒരാഴ്ചയ്ക്കകം" എന്ന വാക്ക് ചേർക്കുക.

11(5)-ൽ പകർപ്പ് സർക്കാരിനും കമ്മിറ്റിക്കും അയച്ചുകൊടുക്കണമെന്നാണ് പറയുന്നത്. പകർപ്പ് എന്നതിനുശേഷം ഒരാഴ്ചയ്ക്കം എന്നുള്ള ഒരു വാക്ക് ചേർക്കണം. അല്ലെങ്കിൽ ഇത് എന്നെങ്കിലും ഒരു കാലത്ത് അയച്ചുകൊടുത്താൽ മതിയാകും. ക്ലാരിറ്റി ഉണ്ടാക്കാൻവേണ്ടി അതുകൂടി ചേർക്കണം.

ശ്രീ. പി. ജയരാജൻ : സർ, 277-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(277) ഖണ്ഡം 11 (6)-ൽ "ക്ഷേത്രത്തിൽ താത്പര്യമുള്ള" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

11(6)-ൽ ദേവസ്വം വക വസ്തുക്കൾ അന്യാധീനപ്പെടുന്നതിൽ നിന്നും സംരക്ഷണം നൽകാനുള്ള വ്യവസ്ഥയാണ് ഇതിൽ പെടുത്തിയിട്ടുള്ളത്. അങ്ങനെ കമ്മീഷണറുടെ അനുമതി പ്രകാരം കമ്മിറ്റിക്ക് ഉത്തരവ് കൊടുക്കാൻ അധികാരമുണ്ട്. അങ്ങനെ വന്നാൽ ആ ഉത്തരവിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ മൂന്ന് മാസത്തിനകം ക്ഷേത്രത്തിൽ താല്പര്യമുള്ള ഏതൊരാൾക്കും ഉത്തരവ് പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽ മൂന്നു മാസത്തിനകം ഉത്തരവ് ഭേദഗതി ചെയ്യുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോവേണ്ടി കോടതിയിൽ വ്യവഹാരം ബോധിപ്പിക്കാവുന്നതാണ്. കോടതിയിൽ വ്യവഹാരം ബോധിപ്പിക്കുന്നതിന് ആർക്കും കഴിയും. അത് ഈ നിയമത്തിൽ റസ്ട്രിക്ട് ചെയ്യുന്നത് ശരിയല്ല. അതുകൊണ്ട് 11(6)-ൽ ക്ഷേത്രത്തിൽ താല്പര്യമുള്ള ഏതൊരാൾക്കും എന്നുള്ളത് നീക്കം ചെയ്യണമെന്നതാണ് ഭേദഗതി. ഏറ്റവും ഒടുവിലെ സുപ്രീംകോടതി വിധി അനുസരിച്ച് ക്ഷേത്രത്തിലെ ആചാരപരമായ കാര്യങ്ങളല്ല ഇവിടെ പറയുന്നത് അതിന്റെ സ്വത്തുകളാണ്. സ്വത്തുക്കൾ കൈകാര്യം ചെയ്യുന്നത് സെക്കുലറായിട്ടുള്ള ഒരു പ്രവർത്തനമാണെന്നാണ് സുപ്രീംകോടതി വിധിയിൽ പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരത്തിന് ക്ഷേത്രത്തിൽ താല്പര്യമുള്ള ആളുകൾക്ക് മാത്രമായി പോകുന്നതിന് റസ്ട്രിക്ട് ചെയ്യുന്നത് ശരിയല്ല. ക്ഷേത്രത്തിൽ താല്പര്യമുള്ള എന്ന വാക്ക് എടുത്തുകളയണമെന്നതാണ് എന്റെ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ കെ. സി. വേണുഗോപാൽ)*: സർ, ഡോ. എം. എ. കുട്ടപ്പൻ അവതരിപ്പിച്ച 275-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ഡോ. എം. എ. കുട്ടപ്പൻ അവതരിപ്പിച്ച 275-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 267-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 269, 273 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച 270, 272 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. എ. കെ. മണി അവതരിപ്പിച്ച 274-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 276-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 277-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

12-ാം വകുപ്പ്

ശ്രീ. പി. ജയരാജൻ : സർ, 279-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(279) ഖണ്ഡം 12(1)-ൽ "കമ്മീഷണർ അനുമതി നൽകാത്തപക്ഷം" എന്നത് നീക്കം ചെയ്യുക.

ശ്രീ. വി. ഡി. സതീശൻ: സർ, 281-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(281) ഖണ്ഡം 12(1)-ൽ "നൽകാത്തപക്ഷം" എന്നതിനുശേഷം "ക്ഷേത്രത്തിന്റെ പേരിൽ" എന്ന് ചേർക്കുക. "അഥവാ" എന്നതു നീക്കി തൽസ്ഥാനത്ത് "ഏതെങ്കിലും ആളിന്" എന്നുചേർക്കുക.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, 283-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(283) ഖണ്ഡം 12-ലെ ഉപവകുപ്പ് (2), (3) എന്നിവ ഒഴിവാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ ഇവിടെ അവതരിപ്പിച്ച ഭേദഗതി കമ്മീഷണർ അനുമതി നൽകുന്നില്ല എങ്കിൽ ഈ കമ്മിറ്റിക്ക് കടം വാങ്ങാനുള്ള അധികാരമില്ല എന്നത് ഒഴിവാക്കണമെന്നതാണ്. അത് ഒഴിവാക്കിയാൽ ഖണ്ഡം 12-ലെ ഉപവകുപ്പ് 2-നും 3-നും അർത്ഥമില്ല. കമ്മീഷണറുടെ തീരുമാനത്തിനുമേൽ കോടതിയിൽ പോകുന്നതിനും അപ്പീൽ കൊടുക്കുന്നതിനും അധികാരം കൊടുക്കുന്നതാണ് 12-ലെ ഉപവകുപ്പ് രണ്ടും, മൂന്നും. അത് ഒഴിവാക്കണമെന്നതാണ് എന്റെ ഭേദഗതി.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*: സർ, ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 279-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 281-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 283-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

13-ാം വകുപ്പ്

ശ്രീ. എം. എം. ഹസ്സൻ: സർ, 285-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(285) ഖണ്ഡം 13(1)-ൽ "കമ്മീഷണർക്ക് സമർപ്പിക്കേണ്ടതും നിർണ്ണയിക്കപ്പെട്ട രീതിയിൽ കമ്മിറ്റി ആ റിപ്പോർട്ട് ഉടൻതന്നെ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്" എന്നതിനു പകരം "കമ്മീഷണർക്കു സമർപ്പിക്കേണ്ടതാണ്" എന്നുചേർക്കുക.

ശ്രീ. ജോണി നെല്ലൂർ: സർ, 286-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(286) ഖണ്ഡം 13(2)-ൽ "കഴിയുന്നത്ര വേഗം" എന്നതിനുപകരം "ലഭിച്ചതിനുശേഷം കൂടുന്ന സമ്മേളനത്തിൽ" എന്ന വാക്കുകൾ ചേർക്കുക.

13(2)-ൽ കഴിയുന്നതും വേഗം എന്നതിനുപകരം റിപ്പോർട്ട് ലഭിച്ചശേഷം കൂടുന്ന സമ്മേളനത്തിൽ എന്നുചേർക്കണം. ഏതെങ്കിലും സമയത്തുള്ള നിയമസഭാ സമ്മേളനത്തിൽ പോരാ. അതുകൊണ്ട് കൂടുതൽ ക്ലാരിറ്റിക്കുവേണ്ടി ഇങ്ങനെ ചെയ്യണം.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*: സർ, ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച 285-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

GPM. 2/587/2012.—38

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 286-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

14-ാം വകുപ്പ്

ശ്രീ. ജോണി നെല്ലൂർ: സർ, 288, 294, 295 എന്നീ നമ്പർ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(288) ഖണ്ഡം 14(1)-ൽ "അണ്ടർ സെക്രട്ടറിയുടേയോ ഡെപ്യൂട്ടി കളക്ടറുടേയോ" എന്ന വാക്കുകൾക്ക് പകരം "അണ്ടർ സെക്രട്ടറിയുടെ" എന്ന വാക്ക് ചേർക്കുക.

(294) ഖണ്ഡം 14 (2) താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുക.

"(2) യാതൊരാളെയും, അദ്ദേഹം ഹിന്ദുമത വിശ്വാസി ആയിരിക്കുകയും ഈശ്വരാരാധനയിലും ക്ഷേത്രാചാരങ്ങളിലും വിശ്വസിക്കുകയും ചെയ്യാത്തപക്ഷം 1-ാം ഉപവകുപ്പ് പ്രകാരം നിയമിക്കുവാൻ പാടില്ലാത്തതാകുന്നു".

(295) ഖണ്ഡം 14 ഉപഖണ്ഡം (4) ആയി താഴെപറയുന്ന പ്രകാരം കൂട്ടിചേർക്കുക.

"കമ്മീഷണറായി നിയമനം ലഭിക്കുന്ന ആൾ ചുമതല ഏൽക്കുന്നതിനു മുമ്പായി താഴെപറയുന്ന പ്രകാരം ഒരു സത്യപ്രതിജ്ഞ ക്ഷേത്രം തന്ത്രി മുമ്പാകെ ചെയ്യേണ്ടതാണ്.

...............................എന്ന ഞാൻ ഹിന്ദുമത വിശ്വാസിയാണെന്നും ഈശ്വരാരാധനയിലും ക്ഷേത്രാചാരങ്ങളിലും വിശ്വസിക്കുന്നുവെന്നും തൊട്ടുകൂടായ്മയിൽ വിശ്വസിക്കുന്നില്ല എന്നും ഈശ്വരനാമത്തിൽ പ്രതിജ്ഞ ചെയ്തുകൊള്ളുന്നു".

288-ൽ അണ്ടർ സെക്രട്ടറിയുടേയോ ഡെപ്യൂട്ടി കളക്ടറുടേയോ എന്ന വാക്കുകൾക്കുപകരം അണ്ടർ സെക്രട്ടറിയുടെ എന്നുമാത്രം മതി എന്നതാണ് എന്റെ ഭേദഗതി.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, 289-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(289) ഖണ്ഡം 14(1) ലെ "അണ്ടർ സെക്രട്ടറിയുടേയോ ഡെപ്യൂട്ടി കളക്ടറുടേയോ" എന്നതിനു പകരം "തഹസീൽദാരുടേയോ" എന്നു ചേർക്കുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, 290-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(290) ഖണ്ഡം 14(1)-ലെ "അണ്ടർ സെക്രട്ടറിയുടേയോ ഡെപ്യൂട്ടി കളക്ടറുടേയോ" എന്ന വാക്കുകൾക്കു പകരം "സെക്ഷൻ ഓഫീസറുടേയോ തഹസീൽദാരുടേയോ" എന്ന വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ : സർ, 292-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(292) ഖണ്ഡം 14(2)-ൽ "ക്ഷേത്രാരാധനയിൽ" എന്നതിനു പകരം "ക്ഷേത്രാരാധനയിലും ക്ഷേത്രാചാര മര്യാദകളിലും" എന്നുചേർക്കുക.

ശ്രീ. പി. ജയരാജൻ : സർ, 293-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(293) ഖണ്ഡം 14(2) താഴെപ്പറയുന്ന പ്രകാരം ഭേദഗതി ചെയ്യുക.

"(2) ഹിന്ദുവായ ഒരാളെ മാത്രമേ 1-ാം ഉപവകുപ്പ് പ്രകാരം നിയമിക്കാൻ പാടുള്ളൂ".

14(2)-ൽ യാതൊരാളെയും അദ്ദേഹം ഹിന്ദുമത വിശ്വാസി ആയിരിക്കുകയും ക്ഷേത്രാരാധനയിൽ വിശ്വസിക്കുകയും ചെയ്യാത്തപക്ഷം 1-ാം ഉപവകുപ്പ് പ്രകാരം നിയമിക്കാൻ പാടില്ലാത്തതാകുന്നു. ഹിന്ദുവിന്റെ നിർവ്വചനം ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ഓറൽ ഭേദഗതി അനുസരിച്ച് മാറ്റിയല്ലോ. അതനുസരിച്ച് 2-ാം ഉപവകുപ്പ് ആവശ്യമില്ലാത്തതാണ്. അത് ഭേദഗതി ചെയ്യണം. മാറ്റങ്ങൾ വരുത്തിയ സാഹചര്യത്തിൽ ഇങ്ങനെ ഒരു ഭേദഗതി ഈ വകുപ്പിൽ വേണമെന്നാണ് ഞാൻ നിർദ്ദേശിക്കുന്നത്.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)* ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 288, 294, 295 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 289-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 290-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 292-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 293-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

15-ാം വകുപ്പ്

ഡോ. എം. എ. കുട്ടപ്പൻ : സർ, 296-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(296) ഖണ്ഡം 15-ലെ ശീർഷകത്തിൽ "സേവന വ്യവസ്ഥകൾ" എന്നതിനുശേഷം "ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി" എന്നുചേർക്കുക.

അഡ്മിനിസ്ട്രേറ്ററുടെ സേവന വ്യവസ്ഥകൾ അടങ്ങുന്ന റഗുലേഷൻസിന് കമ്മിറ്റിയുണ്ടാക്കുന്ന കാര്യമാണ് പറയുന്നത്. സർക്കാർ ഉദ്യോഗസ്ഥന്മാരുടെ സേവന വ്യവസ്ഥയിൽ കേവലം ഒരു കമ്മിറ്റിയുണ്ടാക്കുന്നത് ശരിയല്ല. അതിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദം ആവശ്യമാണ്. അതുകൊണ്ട് ഈ റഗുലേഷനുകൾക്ക് ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, 297, 298 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(297) ഖണ്ഡം 15 (2) താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുക.

"(2) സർക്കാർ നിശ്ചയിക്കാവുന്ന ശമ്പളവും അലവൻസുകളും മറ്റാനുകൂല്യങ്ങളും അഡ്മിനിസ്ട്രേറ്റർക്ക് സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്നു വാങ്ങാവുന്നതും ദേവസ്വം ഫണ്ടിൽ നിന്ന് ആ തുക സഞ്ചിത നിധിയിലേക്ക് അടയ്ക്കേണ്ടതുമാണ്".

(298) ഖണ്ഡം 15 (3)-ൽ

(1) പ്രോവിഡന്റ് ഫണ്ട് എന്നത് ഒഴിവാക്കുക.

(2) "ഈടാക്കേണ്ടതാണ്" എന്നതിനു പകരം "അടയ്ക്കേണ്ടതാണ്" എന്നു ചേർക്കുക.

(3) ഖണ്ഡം 15 (3)-നുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

എന്നാൽ (2)-ാം ഉപഖണ്ഡത്തിലും ഈ ഉപഖണ്ഡത്തിലും പറഞ്ഞിട്ടുള്ള ചെലവുകൾ നിർദ്ദിഷ്ട കാലത്തേക്ക് ഗവൺമെന്റ് വഹിക്കാമെന്ന് തീരുമാനിക്കുന്ന പക്ഷം ആ ഇനത്തിൽ ദേവസ്വം ഫണ്ടിൽ നിന്ന് ഒരു തുകയും ആ കാലത്തേക്ക് ചെലവഴിക്കുവാൻ പാടില്ലാത്തതുമാകുന്നു.

ശ്രീ. ജോണി നെല്ലൂർ: സർ, 299-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(299) ഖണ്ഡം 15 (4) നുശേഷം (എ) ആയി താഴെ പറയുന്ന ഭാഗം ചേർക്കുക.

"(എ) ഇങ്ങിനെ കമ്മീഷണറെ തിരികെ വിളിക്കണമെന്ന പ്രമേയം പാസ്സാക്കുമ്പോൾ അതിന് ആധാരമായ വ്യക്തമായ കാരണം കൂടി ഉൾപ്പെടുത്തേണ്ടതാണ്".

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, 300-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(300) ഖണ്ഡം 15(5)-ൽ "റെഗുലേഷനുകൾമൂലം കമ്മിറ്റി തീരുമാനിക്കുന്ന പ്രകാരമായിരിക്കുന്നതാണ്" എന്ന വാക്കുകൾക്ക് പകരം "റെഗുലേഷനുകൾമൂലം സർക്കാർ തീരുമാനിക്കുന്ന പ്രകാരമായിരിക്കുന്നതാണ്" എന്ന വാക്കുകൾ ഉൾപ്പെടുത്തണം.

ഇവിടെ ഡോ. എം. എ. കുട്ടപ്പൻ അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയിൽ നിന്നും അൽപ്പം വ്യത്യാസമുണ്ട്. സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ച് തീരുമാനിക്കാൻ സമ്പൂർണ്ണ അധികാരം തന്നെ സർക്കാരിനാണ്. അതുകൊണ്ട് റെഗുലേഷനുകൾ പ്രകാരം സർക്കാർ തീരുമാനിക്കുന്ന പ്രകാരം ആയിരിക്കുന്ന എന്നതിലേക്ക് വരണമെന്നതാണ് എന്റെ ഭേദഗതി. കമ്മിറ്റിക്ക് അധികാരം കൊടുത്തത് യാതൊരു കാരണവശാലും ശരിയല്ല.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*: ഭേദഗതികൾ സ്വീകാര്യമല്ല.

ഡോ. എം. എ. കുട്ടപ്പൻ അവതരിപ്പിച്ച 296-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച 297, 298 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 299-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 300-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

16-ാം വകുപ്പ്

ശ്രീ. ജോണി നെല്ലൂർ: സർ, 302, 303 എന്നീ നമ്പർ ഭേദഗതികൾ ഞാൻ
4.00 P.M.] അവതരിപ്പിക്കുന്നു.

(302) ഖണ്ഡം 16 (1)-ൽ "ഡെപ്യൂട്ടി കളക്ടറുടെ" എന്ന വാക്കിനുപകരം "അണ്ടർ സെക്രട്ടറിയുടെ" എന്ന വാക്ക് ചേർക്കുക.

(303) ഖണ്ഡം 16 (1)-ൽ "ഡെപ്യൂട്ടി കളക്ടറുടെ" എന്ന വാക്കിനുപകരം "അണ്ടർ സെക്രട്ടറിയുടേയോ ഡെപ്യൂട്ടി കളക്ടറുടേയോ" എന്ന വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, 304, 305, 306 എന്നീ നമ്പർ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(304) ഖണ്ഡം 16 (1)-ൽ "ഡെപ്യൂട്ടി കളക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഒരു സർക്കാർ ഉദ്യോഗസ്ഥനെ" എന്നതിനു പകരം "ജില്ലാ കളക്ടറെ" എന്ന് ചേർക്കുക.

(305) ഖണ്ഡം 16 (2) ഒഴിവാക്കുക.

(306) ഖണ്ഡം 16 (3) ഒഴിവാക്കുക.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, 307-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(307) ഖണ്ഡം 16 (3)-ൽ "ഹിന്ദുമതവിശ്വാസി" എന്നതിനുപകരം "ഹിന്ദുമതത്തിൽ ജനിച്ചയാൾ" എന്നും "വിശ്വസിക്കുകയും" എന്നതിനു പകരം "താല്പര്യപ്പെടുകയും" എന്ന് ചേർക്കുക.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (*ശ്രീ. കെ. സി. വേണുഗോപാൽ*): ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 303-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 303-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 302-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 304, 305, 306 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 307-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

17-ാം വകുപ്പ്

ശ്രീ. വി. കെ. ചന്ദ്രൻ: സർ, 308-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(308) ഖണ്ഡം 17(2)-ൽ "ശേഖരിക്കുന്നതിന്" എന്നതിനു പകരം "ശേഖരിക്കുന്നതിനും വരവ് വയ്ക്കുന്നതിനും" എന്നാക്കി മാറ്റുക.

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ അഡ്മിനിസ്ട്രേറ്ററുടെ അധികാരങ്ങളും കർത്തവ്യങ്ങളും സംബന്ധിച്ചാണ്. ഇതിൽ 17 (2)-ൽ ക്ഷേത്രത്തിൽ അർപ്പിക്കുന്ന കാണിക്കകൾ യഥാവിധി ശേഖരിക്കുന്നതിനും അഡ്മിനിസ്ട്രേറ്റർ ഏർപ്പാട് ചെയ്യേണ്ടതാണെന്നാണ്. ശേഖരിക്കുന്നതിനും അത് വരവ് വയ്ക്കുന്നതിനും ഉണ്ടാകണം.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, 309-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(309) ഖണ്ഡം 17 (3) ഒഴിവാക്കുക.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, 310-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(310) ഖണ്ഡം 17 (3)-ൽ "ചെലവുകൾ നേരിടുന്നതിനായി അയ്യായിരം രൂപയിൽ കവിയാത്ത തുക" എന്ന വാക്കുകൾക്ക് പകരം "ചെലവുകൾ നേരിടുന്നതിനായി ഓരോ ചെലവിനത്തിനും രണ്ടായിരം രൂപയിൽ കവിയാത്ത തുക" എന്നു മാറ്റണം.

രണ്ട് യോഗങ്ങൾക്കിടയ്ക്ക് അഡ്മിനിസ്ട്രേറ്റർക്ക് ചെലവഴിക്കാവുന്ന പരമാവധി തുക അയ്യായിരം രൂപയിൽ നിജപ്പെടുത്തണമെന്നുള്ളതാണ് നിർദ്ദേശം. യഥാർത്ഥത്തിൽ രണ്ട് യോഗങ്ങൾക്കിടയിൽ അയ്യായിരം രൂപയെന്ന് പറയുന്നത് വലിയ ഉറുപ്പികയൊന്നുമല്ല. അതുകൊണ്ട് ഓരോ ഇനത്തിനും രണ്ടായിരം രൂപയിൽ കവിയാത്ത തുക ആ നിലയ്ക്ക് കൊടുക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. ജോണി നെല്ലൂർ: സർ, 311-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(311) ഖണ്ഡം 17 (3)-ൽ "അയ്യായിരം" എന്നതിനുപകരം "പതിനായിരം" എന്ന വാക്ക് ചേർക്കുക.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (*ശ്രീ. കെ. സി. വേണുഗോപാൽ*): ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 308-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 308-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 309-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 310-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 311-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

18-ാം വകുപ്പ്

ശ്രീ. വി. കെ. ചന്ദ്രൻ: സർ, 312, 319 എന്നീ നമ്പർ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(312) ഖണ്ഡം 18 (3)-ൽ "പട്ടിക അംഗീകരിക്കേണ്ടത്" എന്നതിനുപകരം "പട്ടികയ്ക്ക് അംഗീകാരം നൽകേണ്ടതും" എന്നു ചേർക്കുക.

(319) ഖണ്ഡം 18 (6)-ൽ "ഹിന്ദുമത വിശ്വാസി അല്ലാതിരിക്കുകയും" എന്നതിനുപകരം "ഹിന്ദുമതത്തിൽ ജനിക്കാതിരിക്കുകയോ" എന്നും "വിശ്വസിക്കാതിരിക്കുകയും" എന്നതിനുപകരം "താല്പര്യമില്ലാതിരിക്കുകയും" എന്നു ചേർക്കുക.

312 ഞാൻ അവതരിപ്പിക്കുന്നു സംസാരിക്കുന്നില്ല. 319-ൽ ഹിന്ദുമത അനുയായി അല്ലാതിരിക്കുകയോ ക്ഷേത്രാരാധനയിൽ വിശ്വാസം ഇല്ലാതായിരിക്കുകയോ ചെയ്യുന്ന ഒരാൾ ദേവസ്വത്തിലെ ഒരു ഉദ്യോഗസ്ഥനോ അല്ലെങ്കിൽ ജീവനക്കാരനോ ആയി നിയമിക്കപ്പെടുന്നതിനോ അല്ലെങ്കിൽ ആയിരിക്കുന്നതിനോ അയോഗ്യനാണ് എന്നാണ്. ഹിന്ദുമതവിശ്വാസി അല്ലാതെയായിരിക്കുന്ന എന്നതിന് പകരം ഹിന്ദുമതത്തിൽ ജനിക്കാതിരിക്കുകയോ എന്നും വിശ്വാസം എന്നുള്ളതിന് പകരം താൽപര്യം ഇല്ലാതിരിക്കുകയും എന്നു ചേർക്കണം.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, 313, 318 എന്നീ നമ്പർ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(313) ഖണ്ഡം 18 (4) ഒഴിവാക്കുക.

(318) ഖണ്ഡം 18 (6) ഒഴിവാക്കുക.

318-ൽ ഹിന്ദുമത വിശ്വാസി അല്ലാതിരിക്കുകയും ക്ഷേത്രാരാധനയിൽ വിശ്വാസം ഇല്ലാതിരിക്കുകയും ചെയ്യുന്ന ഒരാൾ ദേവസ്വത്തിലെ ഒരു ഉദ്യോഗസ്ഥനോ അല്ലെങ്കിൽ ജീവനക്കാരനോ ആയി നിയമിക്കപ്പെടുന്നതിന് അല്ലെങ്കിൽ ആയിരിക്കുന്നതിന് അയോഗ്യനായിരിക്കും. അങ്ങനെ ഒരാൾ നിയമിക്കപ്പെട്ടാൽ അയാൾ അയോഗ്യനായിരിക്കുമെന്നു പറഞ്ഞാൽ അത് ഫണ്ടമെന്റൽ റൈറ്റിന് എതിരല്ലേ? ഇതിന്റെ നിയമത്തെ സംബന്ധിച്ച് പറയുന്ന ഭേദഗതി വേറെയുണ്ട് അപ്പോൾ ഒന്നുകൂടെ വിശദീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, 314-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(314) ഖണ്ഡം 18 (4)-ൽ താഴെപറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

"എന്നിരുന്നാലും (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ശുപാർശയിൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം, അലവൻസ് സംബന്ധിച്ച കാര്യങ്ങളിൽ കമ്മീഷണർ യാതൊരു മാറ്റവും വരുത്താൻ പാടുള്ളതല്ല"

അഡ്മിനിസ്ട്രേറ്റർ ക്ഷേത്രത്തിന്റെ സ്ഥാപന വിഭാഗ പട്ടിക കമ്മീഷണർക്ക് കൊടുക്കുകയും അദ്ദേഹത്തിന് അതിൽ മാറ്റങ്ങൾ വരുത്താൻ അവകാശം ഉണ്ടായിരിക്കുകയും ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. ക്ഷേത്ര സിൽബന്ധികളുടെ ശമ്പളം, അലവൻസ് തുടങ്ങിയവയൊക്കെ ഈ പട്ടികയിൽപ്പെടും. ക്ഷേത്രത്തിന്റെ സാമ്പത്തികമായ പരിമിതി കണക്കിലെടുക്കാതെ ഈ ഏർപ്പാടുകളിൽ എന്തെങ്കിലും വ്യത്യാസം വരുത്തിയാൽ ക്ഷേത്രത്തിൽ വലിയ ബാധ്യതയായിത്തീരും. അവരുടെ ശമ്പളം കുറയ്ക്കാൻ കമ്മീഷണർ പുറപ്പെട്ടാലും ക്ഷേത്ര ജീവനക്കാരുടെ നിസ്സഹകരണം വരും. അതുകൊണ്ട് സ്റ്റാഫിന്റെ ശമ്പളം, അലവൻസ് തുടങ്ങിയ കാര്യങ്ങൾക്ക് പരമാധികാരം കമ്മീഷണർക്ക് ഉണ്ടായിരിക്കരുത് എന്ന ഉദ്ദേശമാണ് ഈ ഭേദഗതിയിലൂടെ ഞാൻ അവതരിപ്പിക്കുന്നത്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, 316-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(316) ഖണ്ഡം 18 (5)-ൽ "ദേവസ്വത്തിന്റെ സേവനത്തിലിരുന്ന ദേവസ്വം ഉദ്യോഗസ്ഥൻമാരും ജീവനക്കാരും" എന്ന വാക്കുകൾക്ക് പകരം "ദേവസ്വത്തിന്റെ സേവനത്തിലിരുന്ന നിശ്ചിത യോഗ്യതയുള്ള ദേവസ്വം ഉദ്യോഗസ്ഥൻമാരും ജീവനക്കാരും" എന്ന വാക്കുകൾ ഉൾപ്പെടുത്തേണ്ടതാണ്.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (*ശ്രീ. കെ. സി. വേണുഗോപാൽ*): ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. വി. കെ ചന്ദ്രൻ അവതരിപ്പിച്ച 312, 319 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 313, 318 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 314-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

GPM. 2/587/2012.—39

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 316-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

19-ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, 321, 329, 331 എന്നീ നമ്പർ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(321) ഖണ്ഡം 19 (1)-ൽ "നിയമനം കമ്മിറ്റി നടത്തേണ്ടതാണ്" എന്ന വാക്കുകൾക്ക് പകരം "നിയമനം പി.എസ്.സി. വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ" നടത്തേണ്ടതാണ്.

(329) ഖണ്ഡം 19 (4)-ൽ നിന്ന് "തെരഞ്ഞെടുപ്പിനും" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്.

(331) ഖണ്ഡം 19 (5)-ഉം ക്ലിപ്ത നിബന്ധനയും ഒഴിവാക്കുക.

ഇതിൽ ജീവനക്കാരുടെ നിയമനം കമ്മിറ്റി നടത്തണമെന്ന് പറയുന്നത് യഥാർത്ഥത്തിൽ അംഗീകരിക്കാൻ കഴിയുന്നതല്ല. അത് കമ്മിറ്റിക്ക് തന്നിഷ്ട പ്രകാരം കാര്യങ്ങൾ നടത്താൻ കഴിയുന്നതാണ്. അതുകൊണ്ട് നിയമനം പി.എസ്.സി. വഴിയോ അല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ നടത്തണമെന്നുള്ളതാണ് 321-ാം നമ്പർ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. 329 - ജീവനക്കാരെ എത്രപേരെ തെരഞ്ഞെടുക്കണമെന്നുള്ളതിന് കമ്മിറ്റിക്ക് അധികാരമില്ല. തെരഞ്ഞെടുക്കപ്പെടുന്നവരെ അപ്പോയിന്റ് ചെയ്യാനുള്ള അധികാരം മാത്രമേ വേണ്ടതുള്ളൂ.

ശ്രീ. ജോണി നെല്ലൂർ: സർ, 322, 325 എന്നീ നമ്പർ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(322) ഖണ്ഡം 19 (1)-ൽ "കമ്മിറ്റി" എന്ന വാക്കിന് പകരം "പബ്ലിക് സർവ്വീസ് കമ്മീഷൻ" എന്ന വാക്കുകൾ ചേർക്കുക.

(325) ഖണ്ഡം 19 (2)-ൽ "അഞ്ചിൽ ഒന്ന്" എന്നത് "അഞ്ചിൽ മൂന്ന്" എന്നു മാറ്റുക.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, 323, 326, 330 എന്നീ നമ്പർ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(323) ഖണ്ഡം 19 (1)-ൽ "കമ്മിറ്റി" എന്നതിനു പകരം "പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി" എന്നു ചേർക്കേണ്ടതാണ്.

(326) ഖണ്ഡം 19 (3) ഒഴിവാക്കേണ്ടതാണ്.

(330) ഖണ്ഡം 19(4)-ൽ "ഈ ആവശ്യാർത്ഥം ഉണ്ടാക്കപ്പെടുന്ന റഗുലേഷനുകൾ പ്രകാരം കമ്മിറ്റിക്ക് തീരുമാനിക്കേണ്ടതാണ്" എന്നതിനുപകരം "കമ്മിറ്റി തീരുമാനിക്കേണ്ടതാണ്" എന്ന് ചേർക്കുക.

അവിടുത്തെ ജീവനക്കാരനാകാൻ പോകുന്ന വ്യക്തി അയാൾ ഹിന്ദുമത വിശ്വാസിയാണോ സോഷ്യലിസ്റ്റാണോ കമ്മ്യൂണിസ്റ്റുകാരനാണോ എന്ന് തീരുമാനിക്കുന്നത് അടിസ്ഥാനപരമായിട്ട് ഒരാളെയും അടുപ്പിക്കില്ലെന്ന് പറയുന്നത് വളരെ അപകടകരമായ ഒരു കാര്യമാണ്. ഇപ്പോൾ പാസാക്കുന്ന ബില്ല് പ്രകാരം നിയമനം കമ്മിറ്റി നടത്തിയാൽ കേരളത്തിലെ ഏതെങ്കിലും ദേവസ്വത്തിലെ നിയമനം സംബന്ധിച്ച് ഒരു കേസെങ്കിലും ഇല്ലാതിരിക്കുന്നുണ്ടോ? ഇപ്പോൾ തിരുവിതാംകൂർ ദേവസ്വത്തിൽ നടക്കുന്ന നിയമനം സംബന്ധിച്ച് പത്രങ്ങളിൽ വാർത്ത വന്നിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം ബോർഡ് ഇതെല്ലാം നമുക്ക് മുന്നിൽ യാഥാർത്ഥ്യമായിരിക്കയാണ്. പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തുമെന്ന് ഭേദഗതി വരുത്തിയാൽ ശ്രീ. കെ. സി. വേണുഗോപാലിന്റെ പ്രശസ്തി വർദ്ധിക്കും. പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയാണ് ദേവസ്വത്തിൽ നിയമനം നടത്തുന്നത് എന്നുള്ള ഉറച്ച തീരുമാനം എടുക്കാനുള്ള ആർജ്ജവം കാണിക്കൂ. അങ്ങനെ മന്ത്രി എന്നുള്ള നിലയിൽ അംഗീകാരം നേടാനും കഴിയും. നമുക്ക് ഇത് ഏകകണ്ഠമായി പാസാക്കാനും സാധിക്കും.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*: ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 330-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 330-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 321, 329, 331 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 322, 325 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 323, 326 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്ത പ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

20-ാം വകുപ്പ്

ശ്രീ. ജോണി നെല്ലൂർ: സർ, 334-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(334) ഖണ്ഡം 20 (4)-ൽ .

"അല്ലെങ്കിൽ അസ്ഥിരപ്പെടുത്തുന്നതിനോ കോടതിയിൽ ഒരു വ്യവഹാരം ബോധിപ്പിക്കാവുന്നതാണ്" എന്നതിനുപകരം "അസ്ഥിരപ്പെടുത്തുന്നതിനോ കോടതിയിൽ ഒരു വ്യവഹാരം ബോധിപ്പിക്കുന്നതിനോ അവകാശം ഉണ്ടായിരിക്കുന്നതാണ്" എന്ന വാക്ക് ചേർക്കുക.

334-ൽ 20-ാം ഖണ്ഡത്തിൽ നാലിൽ പറയുന്നത് കുറച്ചുകൂടി ക്ലാരിറ്റി ഉണ്ടാക്കാൻ വേണ്ടിയാണ്. "അസ്ഥിരപ്പെടുത്തുന്നതിനോ കോടതിയിൽ വ്യവഹാരം ബോധിപ്പിക്കാവുന്നതോ ആണ്" എന്ന് പറയുന്നതിന് പകരം "അസ്ഥിരപ്പെടുത്തുന്നതിനോ കോടതിയിൽ വ്യവഹാരം ബോധിപ്പിക്കുന്നതിനോ അവകാശവും ഉണ്ടായിരിക്കുന്നതാണ്" എന്ന് മലയാളത്തിൽ ഉപയോഗിക്കുമ്പോൾ ക്ലാരിറ്റി കിട്ടും.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*: ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 334-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

21-ാം വകുപ്പ്

ശ്രീ. ജോണി നെല്ലൂർ: സർ, 335-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(335) ഖണ്ഡം 21 (4)-ൽ

"പകർപ്പ്" എന്ന വാക്കിനു ശേഷം "ഒരാഴ്ചയ്ക്കകം" എന്ന വാക്കുകൂടി ചേർക്കുക.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*: ഭേദഗതി സ്വീകാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 335-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

22-ാം വകുപ്പ്

മി. ചെയർമാൻ : ഭേദഗതി ഇല്ല.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

23-ാം വകുപ്പ്

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

[അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ]

(337) ഖണ്ഡം 23(2)-ൽ "സമകാല ആഡിറ്റിന്" എന്നതിന് പകരം "കേരള ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ ആഡിറ്റിന്" എന്ന് ചേർക്കുക.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*: ഭേദഗതി സ്വീകരിക്കുന്നില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 337-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

23-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

23-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

24-ഉം 25-ഉം വകുപ്പുകൾ

മി. സ്പീക്കർ : ഭേദഗതിയില്ല.

24-ഉം 25-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

24-ഉം 25-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

26-ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(339) ഖണ്ഡം 26(2)-ൽ

"കമ്മീഷണർക്ക് നിർദ്ദേശിക്കാവുന്നതുമാണ്" എന്ന വാക്കുകൾക്ക് പകരം "കമ്മീഷണർക്ക് ഉത്തരവിടാവുന്നതാണ്" എന്ന് ചേർക്കുക.

(340) ഖണ്ഡം 26(2)-ന്റെ ക്ളിപ്ത നിബന്ധനയിൽ അവസാനം താഴെപ്പറയുന്നത് ചേർക്കുക.

"ആഡിറ്റ് സംബന്ധിച്ച കമ്മീഷണറുടെ ഉത്തരവ് പ്രകാരമുള്ള കാര്യങ്ങൾ നടപ്പാക്കാൻ കമ്മിറ്റിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥനും ജീവനക്കാരും ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്".

സ്ഥാപനത്തിന് നഷ്ടം വന്നുകഴിഞ്ഞാൽ കമ്മിറ്റിയോടോ ഉദ്യോഗസ്ഥനോടോ പിഴ ഈടാക്കാൻ നിർദ്ദേശിക്കണമെന്നുള്ളതാണ് വ്യവസ്ഥ.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*: ഭേദഗതികൾ സ്വീകരിക്കുന്നില്ല

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 339, 340 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

27-ാം വകുപ്പ്

ശ്രീ. ജോണി നെല്ലൂർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(341) ഖണ്ഡം 27(സി)-ൽ ആരാധകർക്കും എന്ന വാക്കിനു പകരം "ഭക്തജനങ്ങൾക്കും" എന്ന വാക്ക് ചേർക്കുക.

(345) ഖണ്ഡം 27 (ജി) നീക്കം ചെയ്യുക.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(343) ഖണ്ഡം 27 (ഡി)-ൽ "മതസിദ്ധാന്തങ്ങളും" എന്നതിനുപകരം "വിശ്വാസപ്രമാണങ്ങളും" എന്ന് ചേർക്കുക

ക്ഷേത്രവുമായി ബന്ധപ്പെട്ട ചില വ്യവസ്ഥകളിൽ ഇതിന്റെ പ്രചാരണത്തിനു വേണ്ടി പണം ഉപയോഗിക്കുന്നു. നേരെമറിച്ച് മതസിദ്ധാന്തത്തിന്റെ പ്രചാരണത്തിന് പണം ഉപയോഗിക്കും എന്നു പറഞ്ഞു. അതിനോട് യോജിക്കാൻ കഴിയില്ല. ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പണം ഏതെങ്കിലും മത സ്ഥാപനങ്ങൾക്ക് സംഭാവന നൽകുന്ന കാര്യത്തെക്കുറിച്ച് പറയുകയാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(344) ഖണ്ഡം 27(ഇ) താഴെപറയുന്ന വിധം ഭേദഗതി ചെയ്യുക.

"പ്രധാനമായും ഹിന്ദുമതത്തിൽപ്പെട്ട ആളുകളുടെ ഗുണത്തിനായി നടത്തിവരുന്ന പാവപ്പെട്ടവർക്കായിട്ടുള്ള ഏതെങ്കിലും അഗതി മന്ദിരമോ അതുപോലുള്ള മറ്റു സ്ഥാപനമോ"

വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)* ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 341-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 343-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 341-ാം നമ്പർ ഭേദഗതിയും ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 343-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 345-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 344-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 27-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 27-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

28 മുതൽ 32 വരെയുള്ള വകുപ്പുകൾ

മി. സ്പീക്കർ : ഭേദഗതിയില്ല.

28 മുതൽ 32 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

28 മുതൽ 32 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

33-ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(347) ഖണ്ഡം 33(1)-ന്റെ ക്ളിപ്ത നിബന്ധനയിൽ "തന്റെ നിവേദനങ്ങൾ സമർപ്പിക്കുന്നതിന്" എന്ന വാക്കുകൾക്ക് പകരം "തന്റെ നിവേദനങ്ങൾ സമർപ്പിക്കുന്നതിനും തന്റെ വാദമുഖങ്ങൾ നേരിട്ട് അവതരിപ്പിക്കുന്നതിനും" എന്ന വാക്കുകൾ ചേർക്കുക.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*: ഭേദഗതി സ്വീകരിക്കുന്നില്ല.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 347-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

33-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

33-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

34 മുതൽ 39 വരെയുള്ള വകുപ്പുകൾ

മി. സ്പീക്കർ : ഭേദഗതിയില്ല.

34 മുതൽ 39 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

34 മുതൽ 39 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

[77(എ)] ദീർഘശീർഷകത്തിൽ "ശരിയായ" എന്ന വാക്ക് ഒഴിവാക്കണം.

(89) പീഠികയുടെ 7-ാമത്തെ ഖണ്ഡിക നീക്കം ചെയ്യുക.

(90) പീഠികയിലെ എട്ടാമത്തെ ഖണ്ഡികയിലെ "ശരിയായ" എന്ന വാക്ക് നീക്കം ചെയ്യുക.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(80) പീഠികയിലെ ഒന്നാം ഖണ്ഡികയിൽ "വളരെയധികം വസ്തുവകകളും ദാനസ്വത്തുക്കളും ഉള്ള" എന്നതിനുപകരം "വളരെയധികം വസ്തുവകകളും ദാനസ്വത്തുക്കളുമുണ്ടായിരുന്ന" എന്നു ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(91) പീഠികയിലെ എട്ടാം ഖണ്ഡിക താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക:

"1978-ലെ ഗുരുവായൂർ ദേവസ്വം ആക്ടിന്റെ സാധുത കേരള ഹൈക്കോടതി അതിന്റെ 1984-ലെ 7592-ാം നമ്പർ ഒറിജിനൽ പെറ്റീഷന്റെ വിധിന്യായത്തിൽ നിലനിർത്തിയതിന്റെ വെളിച്ചത്തിൽ പൊതുജനങ്ങളുടെയും ക്ഷേത്രാരാധകരുടെയും താൽപ്പര്യാർത്ഥം ദേവസ്വത്തിനനുയോജ്യമായ ഭരണ നിർവ്വഹണത്തിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന നിയമം ഗുരുവായൂർ ദേവസ്വം ആക്ടിന്റെ അതേ മാതൃകയിൽ ഉണ്ടാക്കാൻ തീരുമാനിച്ചതിനാലും".

ആദ്യ പാരഗ്രാഫിൽത്തന്നെ ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രം വളരെയധികം വസ്തുവകകളും ദാനസ്വത്തുകളും ഉള്ള അതുല്യപ്രാധാന്യമുള്ള പുരാതനക്ഷേത്രം ആയിരിക്കയാലും എന്ന് പറഞ്ഞിരിക്കുന്നു. ഞാൻ ദീർഘ സംവൽസരങ്ങളായി ഇരിങ്ങാലക്കുടയിൽ താമസിച്ചിട്ടുള്ള വ്യക്തിയാണ് കൂടൽമാണിക്യം ദേവന്റെ കൃപാകടാക്ഷങ്ങളെക്കുറിച്ച് ബോധ്യമുള്ള ഒരാളാണ്. ആ സ്ഥിതിക്ക് ഇവിടെ ദാനസ്വത്തുക്കളും ഉള്ള എന്ന പരാമർശം മാറ്റിയിട്ട് ഉണ്ടായിരുന്ന എന്നുള്ളത് ആക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. ഉള്ള എന്നുള്ളത് പണ്ടത്തെ കഥയാണ്. പണ്ട് കൂടൽമാണിക്യം ദേവൻ രാപ്പാളിലും കൂടപ്പുഴയിലുമൊക്കെ ആറാട്ടിന് ഒന്നിടവിട്ട വർഷങ്ങളിൽ പോകുമ്പോൾ സ്വന്തം സ്ഥലത്തുകൂടിയായിരുന്നു പോയത്. നിത്യനിദാനത്തിനുപോലും വകയില്ലാതെ കൂടൽമാണിക്യം ക്ഷേത്രം കഷ്ടപ്പെട്ട അവസരമുണ്ട്. ആനുറിറ്റി ബഹുമാനപ്പെട്ട കോടതിയുടെ കാരുണ്യം കൊണ്ടുമാത്രമാണ് ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഉണ്ടായിരുന്ന എന്നുള്ളതാക്കണം എന്നുള്ളതാണ് 80-ാം നമ്പർ ഭേദഗതി.

91-ാം നമ്പർ ഭേദഗതി ആണ് രണ്ടാമത്തെ പാരഗ്രാഫിൽ. നിയന്ത്രണവും നടത്തിപ്പും തച്ചുടയകൈമളിൽ നിക്ഷിപ്തം ആയിരിക്കുന്നതിനാലും എന്നു പറയുന്നു. ആയിരുന്നതിനാലും ആണ്. തച്ചുടയകൈമൾ രാജാവിന്റെ പ്രതിപുരുഷനായിട്ട് കൂടൽമാണിക്യം ക്ഷേത്രം ഭരിച്ചിരുന്ന ആളാണ്. ഇപ്പോൾ കൈമൾപോലും ഇല്ല. പിന്നെ ഏത് കൈമളിലാണ് അധികാരം നിക്ഷിപ്തമായിരിക്കുന്നത് എന്ന് മനസിലാക്കാൻ സാധിക്കുന്നില്ല. ഒരു കാലത്ത് അങ്ങനെയായിരുന്നു. 1917-ൽ വിളംബരം പോയി. നിലവിലുള്ളത് 1971-ലെ ആക്ടാണ്. അതനുസരിച്ച് തച്ചുടയകൈമളിൽ അധികാരം നിക്ഷിപ്തമല്ല. നിയമത്തിൽ തെറ്റുവരാൻ പാടില്ല. അതുകൊണ്ട് ആയിരുന്നതിനാലും എന്ന് പറയണം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(82) പീഠികയുടെ മൂന്നാം ഖണ്ഡികയിൽ

GPM. 2/587/2012.—40

LIBRARY ARCHIVES Kerala Legislative Assembly

(1) "അത്യാവശ്യവുമാക്കിത്തീർത്ത" എന്നതിനുപകരം

"അത്യാവശ്യമാക്കിത്തീർത്ത" എന്നു ചേർക്കുക.

(2) "സംജാതമായിരിക്കുന്നതിനാലും" എന്നതിനുപകരം

"സംജാതമായതിനാലും" എന്നു ചേർക്കുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(86) പീഠികയുടെ 5,6,7 എന്നീ ഖണ്ഡികകൾ നീക്കം ചെയ്യുക.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*: പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 91-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 91-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 77(എ) 89,90 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 80-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 82-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 86-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കൂടൽമാണിക്യം ദേവസ്വം ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : 1971-ലെ കൂടൽമാണിക്യം ആക്ട് ഭേദഗതി ചെയ്ത് ഒരു പുതിയ നിയമനിർമ്മാണമാണ് നമ്മൾ നടത്തുന്നത്. അതിൽ നിർദ്ദേശിക്കപ്പെട്ട കാര്യങ്ങളിൽ മിക്കതിനോടും ഞങ്ങളുടെ എതിർപ്പ് ഞങ്ങൾ പ്രകടിപ്പിച്ചു. ആദ്യം ഈ ബിൽ ഇവിടെ ശ്രീ. ജി. കാർത്തികേയൻ മന്ത്രിയായിരുന്ന കാലത്ത് സർക്കുലേറ്റ് ചെയ്തിരുന്നു. ഇപ്പോൾ ആ മന്ത്രി മാറി ശ്രീ. വേണുഗോപാലിന്റെ കൈയിലെത്തി. ബിൽ പാസ്സാക്കി അത് ഇംപ്ളിമെന്റ് ചെയ്യുന്ന സമയത്ത് മന്ത്രി മാറുമോ എന്ന് പറയാൻ കഴിയില്ല. വേറെയാരെങ്കിലുമാണോ നടപ്പാക്കുക എന്ന് അറിയില്ല. എനിക്ക് പറയാനുള്ള കാര്യം ഈ ബിൽ തയ്യാറാക്കിയത് വേണ്ടത്ര ആലോചനയോടെ അല്ല. അങ്ങനെ തയ്യാറാക്കിയിരുന്നെങ്കിൽ ഇത്രയും സമയം നമുക്ക് ഒഴിവാക്കാൻ കഴിയുമായിരുന്നു. ഞങ്ങൾ നടത്തിയ ഏറ്റവും വലിയ വിമർശനം ഹിന്ദു എന്നുള്ള നിർവചനത്തെക്കുറിച്ച് ആയിരുന്നു. ഈ ബില്ലിനകത്ത് ഉണ്ടായിരുന്നത് ഹിന്ദു എന്നാൽ ദൈവാരാധനയിലും ക്ഷേത്രാരാധനയിലും വിശ്വാസമുള്ള മതപരമായി ഹിന്ദുമതത്തിൽ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട ആൾ എന്നാണ് ഇവിടെ നിർദ്ദേശിക്കപ്പെട്ട ബില്ലിൽ ഉണ്ടായിരുന്നത്. ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 116-ാമത്തെ ഭേദഗതി അംഗീകരിച്ചതോടുകൂടി ആ നിർവചനത്തിൽ മാറ്റം വന്നു. ഇപ്പോൾ വന്നിരിക്കുന്നത് ഭേദഗതി ചെയ്ത രൂപത്തിൽ വായിച്ചുനോക്കിയാൽ അവ്യക്തമായ രൂപത്തിലാണ് ഈ പ്രശ്നം കൈകാര്യം ചെയ്തിരിക്കുന്നത്. ഇപ്പോൾ ശ്രീ. ജയരാജന്റെ ഭേദഗതി അംഗീകരിച്ചതോടുകൂടി ഹിന്ദു എന്നാൽ ദൈവത്തിലും ക്ഷേത്രാരാധനയിലും വിശ്വാസമുള്ള ആളോ മതപരമായി ഹിന്ദുമതത്തിലെ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട ആളോ എന്ന് അർത്ഥമാകുന്നു. ഇതു വന്നതോടുകൂടി വിശ്വാസമുള്ള ആൾക്കും ആകാം. വിശ്വാസം ഇല്ലാത്ത ആൾക്കും ആകാം. അങ്ങനെയാണ് ഇപ്പോൾ വന്നിരിക്കുന്ന മാറ്റം. അങ്ങനെ മാറ്റത്തിനുവേണ്ടി ഗവൺമെന്റ് തയ്യാറായി നിൽക്കാതെ ആദ്യത്തെ വാചകം ഒഴിവാക്കാമായിരുന്നു. ദൈവത്തിലും ക്ഷേത്രാരാധനയിലും വിശ്വാസമുള്ള എന്നുള്ളത് ഒഴിവാക്കി ഹിന്ദു മതപരമായി ഹിന്ദുമതത്തിലെ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട ആൾ എന്നുമാത്രം പറഞ്ഞ് ഇതിൽ വ്യക്തത വരുത്താമായിരുന്നു. പക്ഷേ, നിങ്ങളുടെ ദുരഭിമാനംകൊണ്ട് അത് ചെയ്തില്ല. ശ്രീ. ജയരാജന്റെ ഭേദഗതിയെങ്കിലും സ്വീകരിക്കാൻ തയ്യാറായതുതന്നെ സ്വാഗതാർഹം. അത് അവ്യക്തമായ രീതിയിൽ ആക്കേണ്ടിയിരുന്നില്ല. ശരിക്കും അംഗീകരിക്കാമായിരുന്നു. അത്രയെങ്കിലും ചെയ്തത് സ്വാഗതാർഹമാണ്. ഇത് ഇംപ്ളിമെന്റ് ചെയ്യുന്ന സമയത്ത് മന്ത്രിസഭയിലെ ഹിന്ദു നാമനിർദ്ദേശം ചെയ്യുന്ന ക്ഷേത്ര ജീവനക്കാരെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നോമിനേറ്റ് ചെയ്യാം. അതൊക്കെ പറ്റിയ ആളെ നോക്കി എടുക്കണം. അമ്പലം വിഴുങ്ങികളെ ആകരുത്. പല കമ്മിറ്റിയിലുമുള്ള ആളുകളുടെ അനുഭവം നോക്കുമ്പോൾ .... ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. അതുപോലെതന്നെ ഗവൺമെന്റിന് അഞ്ച് ആളെ നോമിനേറ്റ് ചെയ്യാം. അഞ്ച് ആളെ നോമിനേറ്റ് ചെയ്യുമ്പോൾ ഒരു പട്ടികജാതിക്കാരനെ നോമിനേറ്റ് ചെയ്യണമെന്ന് വ്യവസ്ഥ പ്രകാരമുണ്ട്. സ്ത്രീകളേയും നോമിനേറ്റ് ചെയ്യാം. വേണമെങ്കിൽ അഞ്ച് ആളുകളേയും, സ്ത്രീകളെത്തന്നെ നോമിനേറ്റ് ചെയ്തുകൂടേ എന്നാണ് മന്ത്രി ഉത്തരത്തിൽ പറഞ്ഞത്. പക്ഷേ, ചെയ്യില്ല എന്നുള്ളത് ഉറപ്പാണ്. എന്തിനാണ് സ്ത്രീകളെ ഇങ്ങനെ പറ്റിക്കുന്നത്?

മി. സ്പീക്കർ : വേണു ചിലപ്പോൾ ചെയ്തെന്നു വരും. എല്ലാവരും ചെയ്തെന്നു വരില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ആക്ടിനകത്തുണ്ടെങ്കിലും നമ്മൾ വീതിച്ചു വരുമ്പോൾ അവസാനം സ്ത്രീകൾക്കുള്ള പ്രാതിനിധ്യമാണ് ഇല്ലാതാകുന്നത്. ഇപ്പോൾത്തന്നെ നമ്മുടെ രാഷ്ട്രപതി വന്നപ്പോൾ സഭയെ നോക്കി പറഞ്ഞു. അപ്പുറത്തുണ്ടായിരുന്ന മൂന്ന് സ്ത്രീകൾ രാജിവച്ചുപോയി. കോൺഗ്രസ് പാർട്ടിയിൽനിന്ന് ജയിച്ച മൂന്ന് സ്ത്രീകൾ ഈ സഭയിൽനിന്ന് രാജിവച്ചുപോയി. കൂടുതൽ സ്ത്രീകളാണ് രാജിവയ്ക്കുന്നത്.

ശ്രീ. എം. എം. ഹസ്സൻ: സ്ത്രീകളോട് രാജി വയ്ക്കരുതെന്ന് പറയാമായിരുന്നില്ലേ? ആ പാർട്ടിക്കാരോടൊന്ന് അപേക്ഷിക്കാമായിരുന്നില്ലേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നമ്മളുമായിട്ട് ബന്ധമുള്ള ആളുകളായിരുന്നെങ്കിൽ പറയാമായിരുന്നു. ....(ബഹളം).........

ശ്രീ. എം. എം. ഹസ്സൻ: ആരെങ്കിലും ഇപ്പോൾ പറഞ്ഞാൽ കേൾക്കുമായിരുന്നെങ്കിൽ നിങ്ങൾ പറഞ്ഞാലെ കേൾക്കുകയുള്ളൂ. അതുകൊണ്ടാണ് ഞാൻ ചോദിച്ചത്.

ശ്രീ. എ. കെ. ബാലൻ: ഞങ്ങൾ പറയുമായിരുന്നു. പക്ഷേ, ശ്രീ. എം. എം. ഹസ്സൻ ഉള്ളതുകൊണ്ട് അവർ തീരെ കേൾക്കില്ല. അതാണ് പ്രശ്നം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അവരുടെ നേർക്ക് നിയന്ത്രണമുള്ള ആളുകളൊന്നും ഞങ്ങളല്ല. അപ്പുറത്തുള്ള ആൾക്കാർക്ക് ഇപ്പോഴും അവരുടെ മേൽ നിയന്ത്രണമുണ്ട്. ഇപ്പോഴും അവരെ ചാക്കിട്ടുപിടിക്കാൻ പിന്നാലെ പോകുന്ന കഥയൊക്കെ നമുക്കറിയാം. അതിലേക്കൊന്നും ഞാൻ ഇപ്പോൾ പോകുന്നില്ല. ഈ സ്ത്രീകളുടെകാര്യം വരുമ്പോൾ ഇത്തരത്തിൽ ഒരു സ്ഥിതി ഉണ്ടായത് ശരിയായില്ല. ഈ ബില്ലിനകത്ത് തന്നെ......

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, ശ്രീ.കോടിയേരിയുടെ അഭിപ്രായത്തിൽ യോജിച്ചുകൊണ്ട് ഒരു ചോദ്യം ചോദിക്കുകയാണ്. സ്ത്രീകൾ വാസ്തവത്തിൽ ഇതിൽ വരേണ്ടതാണ്. പക്ഷേ, പല അമ്പലങ്ങളിലും ചില ഏജ് ബാറിലുള്ള സ്ത്രീകളെ പ്രവേശിപ്പിക്കില്ല എന്നൊക്കെയുള്ള വ്യവസ്ഥകൾ ഉണ്ടെന്ന് അറിയാമോ? അതുപോലെ മറ്റു ചില പരിമിതികളും പരാധീനതകളും അവർക്കുണ്ടെന്നുള്ളത് അറിയാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അങ്ങനെയുള്ള ഏജ് ബാറില്ലാത്ത സ്ത്രീകൾ നിങ്ങളുടെ കൂട്ടത്തിൽ ഉണ്ട് എന്നാണ് എനിക്കു തോന്നുന്നത്. ....(ബഹളം)........അത്തരത്തിൽ ഉള്ള സ്ത്രീകളെ നോക്കി നോമിനേറ്റ് ചെയ്താൽ ഞങ്ങൾക്ക് യാതൊരു എതിർപ്പും ഉണ്ടാകുമായിരുന്നില്ല. ഇപ്പോൾ ഏതായാലും അവരുടെ മനസ്സിൽ അങ്ങനെയുള്ള സ്ത്രീകളൊന്നുമില്ലായെന്ന് ബഹുമാനപ്പെട്ട വക്കത്തിന്റെ മറുപടിയോടെ വ്യക്തമാകുകയും ചെയ്തു.

മി. സ്പീക്കർ: മനസ്സിൽ ഉള്ളതൊന്നും പറയേണ്ടതില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മനസ്സിലുള്ളത് പറയാമായിരിക്കും. എനിക്ക് പറയാനുള്ളത് നാമനിർദ്ദേശം ചെയ്യുന്ന സന്ദർഭത്തിൽ ഈ ഒരു കാര്യംകൂടി വച്ചുകൊണ്ട് ഒരു നാമനിർദ്ദേശം നടത്താൻ കഴിയണം. മറ്റൊന്ന് ക്ഷേത്രങ്ങളുടെ സംരക്ഷണമാണ് ഒരു പ്രധാനപ്പെട്ട പ്രശ്നം. പല ക്ഷേത്രങ്ങളിലും വിഗ്രഹങ്ങൾ കളവ് ചെയ്യപ്പെടുകയാണ്. വിഗ്രഹകവർച്ച ഇന്നൊരു പ്രധാനപ്രശ്നമാണ്. ശ്രീകൃഷ്ണന്റെ വിഗ്രഹം കളവ് ചെയ്യപ്പെടുന്നു. വിഗ്രഹങ്ങൾക്കുപോലും ഒരു സുരക്ഷിതത്വം ഇല്ലാത്ത സ്ഥിതിവന്നപ്പോൾ ഈ ക്ഷേത്രങ്ങളുടെ സംരക്ഷണത്തിന്റെ കാര്യത്തിൽ ഗവൺമെന്റ് ഒരു നിലപാട് എടുക്കണം. ക്ഷേത്രങ്ങളുടെ വിഗ്രഹങ്ങൾക്കുപോലും സുരക്ഷിതത്വം ഇല്ലാത്ത ഒരു സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തിയിട്ടുണ്ട്. ഇത് കണക്കിലെടുത്തുകൊണ്ട് ക്ഷേത്രകാര്യങ്ങളിലുള്ള ഇത്തരം പ്രശ്നങ്ങൾ ഗവൺമെന്റ് കുറെക്കൂടി ഗൗരവമായി എടുക്കണം. ക്ഷേത്രജീവനക്കാരുടെ പ്രശ്നങ്ങൾ ഗവൺമെന്റ് പ്രത്യേകിച്ച് ശ്രദ്ധിച്ച് അവ പരിഹരിച്ചുകൊടുക്കണം. അതുപോലെത്തന്നെ മലബാർ ദേവസ്വം ബിൽ നിയമമാക്കണം. എന്തോ ഒരു വിശ്വാസമവിടെയുണ്ട്. ആ ബിൽ തൊട്ടാൽ തൊടുന്നയാളിന്റെ മന്ത്രിസ്ഥാനം പോകും എന്ന ഒരു തോന്നലുമുണ്ട്. ഇടതുപക്ഷമുന്നണി മന്ത്രിസഭയുടെ കാലത്ത് ഓരോ മന്ത്രിമാരും തൊട്ടു, തൊട്ടവരുടെയൊക്കെ മന്ത്രിസ്ഥാനവും പോയി. നമ്മുടെ ശ്രീ. ജി. കാർത്തികേയൻ, ശ്രീ. പി. ആർ. കുറുപ്പ്, ഡോ. നീലലോഹിതദാസൻ നാടാർ എന്നിവർ ആ ബിൽ തൊട്ടു, മന്ത്രിസ്ഥാനം പോയി. .... (ബഹളം) ....ശ്രീ. സി. കെ. നാണുവിന്റെ മന്ത്രിസ്ഥാനം ഇലക്ഷൻ കഴിഞ്ഞേ പോയുള്ളൂ. അതുവരെ അദ്ദേഹം നിലനിന്നു. അതുകൊണ്ട് മലബാർ ദേവസ്വം ബിൽ നിയമമാക്കണം. ശ്രീ. ജി. കാർത്തികേയൻ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരുന്ന കാലത്ത് അതിന്റെ നടപടിക്രമങ്ങൾ കുറെ പൂർത്തീകരിച്ചു. ശ്രീ. കെ. സി. വേണുഗോപാൽ അത് എടുക്കാൻ തയ്യാറാകണം. മലബാർകാരനാണ് എന്നുള്ളതുകൊണ്ട് മലബാർ ദേവസ്വം ബിൽ ഈ നിയമസഭാസമ്മേളനത്തിൽ തന്നെ പാസ്സാക്കിയെടുക്കാൻ ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകതാൽപ്പര്യമെടുക്കണം. മറ്റൊന്ന് നമ്മുടെ ക്ഷേത്രങ്ങൾ ആയുധപരിശീലന കേന്ദ്രങ്ങളാക്കാൻ പാടില്ല. ക്ഷേത്രങ്ങളിലുള്ള ആയുധപരിശീലനവും നമ്മുടെ സംസ്ഥാനത്തെ ക്രമസമാധാനത്തിന് ഭീഷണിയായിട്ടുണ്ട്. ചില ആളുകൾ ക്ഷേത്രങ്ങളുടെ സംരക്ഷണം തങ്ങളാണെന്ന് പ്രചരിപ്പിച്ചുകൊണ്ട് അവിടെ ആയുധ പരിശീലനം നടത്തുന്നു. കാക്കി ട്രൗസർ, വെള്ള ബനിയൻ ഒക്കെ ധരിച്ച് ദണ്ഡ് ഒക്കെ പിടിച്ച് ഓംകാളി, ഭദ്രകാളി എന്നുവിളിച്ച് നടക്കുന്നുണ്ട്. അവർ ധരിക്കുന്നത് ഈ ക്ഷേത്രമുറ്റത്ത് ഇങ്ങനെ കവാത്ത് നടത്തുന്നതുകൊണ്ടാണ് നമ്മുടെ ശ്രീകൃഷ്ണൻ കേരളത്തിൽ തന്നെ നിൽക്കുന്നത് എന്നാണ്. ഇവരൊക്കെ ഉണ്ടാകുന്നതിനുമുൻപ് തന്നെ ഈ ക്ഷേത്രങ്ങളൊക്കെ നമ്മുടെ നാട്ടിലുണ്ട്. അതുകൊണ്ട് ഈ ക്ഷേത്രമുറ്റത്ത് നടക്കുന്ന ആയുധപരിശീലനം അത് കർശനമായി തടയാൻ സാധിക്കണം. ഇങ്ങനെ പരിശീലനം സിദ്ധിക്കുന്ന ആളുകൾ അവിടെയുള്ളതുകൊണ്ടാണ് ഈ വിഗ്രഹം പല സമയത്തും കളവ് ചെയ്യപ്പെടുന്നത്. അതുകൊണ്ട് ഈ കാര്യങ്ങൾ എല്ലാം പരിഗണിച്ചുകൊണ്ട് ഈ കൂടൽമാണിക്യം ക്ഷേത്രത്തിന്റെ കാര്യം പരിശോധിക്കുന്ന സന്ദർഭത്തിൽ ദേവസ്വം കാര്യത്തിൽ ഇത്തരം പ്രശ്നങ്ങൾകൂടി കണക്കിലെടുത്ത് ഇടപെടാൻ തയ്യാറാകണം എന്നു പറഞ്ഞുകൊണ്ട് പൊതുവിൽ നമുക്ക് ഈ ബില്ലിൽ ഈ മാറ്റം ബഹുമാനപ്പെട്ട മന്ത്രി വരുത്തിയതുകൊണ്ട് ഈ ബിൽ പാസ്സാക്കാമെന്ന അഭിപ്രായമാണ് എനിക്ക് ഇവിടെ പ്രകടിപ്പിക്കാനുള്ളത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഇതിൽ ഒന്നുരണ്ടു കാര്യങ്ങൾ ഞങ്ങൾ പറഞ്ഞതുകൂടി ഉൾപ്പെടുത്താമായിരുന്നു. എങ്കിൽ നമുക്ക് കുറച്ചുകൂടെ സമ്പുഷ്ടമായി എല്ലാ യോജിപ്പോടുംകൂടി പാസ്സാക്കാമായിരുന്നു. പക്ഷേ തെരഞ്ഞെടുപ്പ് ഒഴിവാക്കിയത്, അതുപോലെ നിയമസഭയ്ക്കുള്ള ഒരു അവകാശം ഉറപ്പുവരുത്തേണ്ടതായിരുന്നു. ജീവനക്കാർ വിശ്വാസിയായിരിക്കണം, ആരാധന ഉണ്ടായിരിക്കണം എന്നുപറഞ്ഞ വ്യവസ്ഥകളൊക്കെ തെറ്റായ രീതിയിൽ വ്യാഖ്യാനിക്കാതിരിക്കാനും കൂടുതൽ പ്രക്ഷുബ്ധമായ അന്തരീക്ഷം ഉണ്ടാകാതിരിക്കാനുമുള്ള ശ്രദ്ധ തീർച്ചയായും ബഹുമാനപ്പെട്ട മിനിസ്റ്ററുടെ/ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം എന്നുകൂടി ഞാൻ സൂചിപ്പിക്കുകയാണ്. ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ സംസാരിച്ചപ്പോൾ സ്ത്രീകളുടെ പ്രാതിനിധ്യത്തെക്കുറിച്ച് പറഞ്ഞു. കൂടൽമാണിക്യം ക്ഷേത്രത്തിലെ ഈ കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

ടേമിന്റെ അഡ്മിനിസ്ട്രേറ്റർ ഒരു വനിതയായിരുന്നു. എന്റെ നിയോജക മണ്ഡലത്തിലെ ഒരു വോട്ടറായിരുന്നു. അവർ അവിടെ നന്നായി ഭരണവും, കാര്യങ്ങളും നിർവ്വഹിച്ചുവെന്നത് അങ്ങേയ്ക്കും അറിയാവുന്നതല്ലേ. അതുകൊണ്ട് നല്ല ഒരു കമ്മിറ്റി എടുക്കുക, പലരും കമ്മിറ്റിയിൽ കയറാൻവേണ്ടി ചുറ്റിപ്പറ്റി നടക്കുന്നുണ്ട്. നല്ല ഒരു കമ്മിറ്റിവച്ച് നല്ലരീതിയിൽ നടത്താൻ കഴിയട്ടെ. ഞങ്ങളുടെ മെമ്പർമാർ നടത്തിയ ഒരു നല്ല പരിശ്രമം പഠിച്ച് കാര്യങ്ങൾ പറഞ്ഞു 'ഹിന്ദു' നിർവ്വചനത്തെ സംബന്ധിച്ച് ഏറ്റവും നന്നായിട്ട് പ്രതിപക്ഷത്തുള്ള മെമ്പർമാർ ഒരു തെറ്റായ രീതിയിലേക്ക് പോകുന്ന നിലപാടുകളെ തിരുത്തി കുറച്ചെങ്കിലും ശരിയായ പാതയിലേക്ക് കൊണ്ടുവന്ന അംഗങ്ങളെ പ്രത്യേകമായി അഭിനന്ദിച്ചുകൊണ്ട് അതുൾക്കൊള്ളാൻ തയ്യാറായ അങ്ങയേയും കുറച്ചുകൂടെ നന്നായിരുന്നെങ്കിൽ കുറച്ചുകൂടി അങ്ങയെ അഭിനന്ദിക്കാമായിരുന്നു. എന്നാലും അങ്ങ് എടുത്ത നിലപാടിനെ അഭിനന്ദിച്ചുകൊണ്ടുതന്നെ നമുക്കിത് അംഗീകരിക്കാം.

ശ്രീ. സി. കെ. നാണു: സർ, ഗുരുവായൂർ ക്ഷേത്രം കഴിഞ്ഞാൽ കേരളത്തിൽ ക്ഷേത്രവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു മാനേജിംഗ് കമ്മിറ്റി ഉള്ളത് കൂടൽമാണിക്യം ക്ഷേത്രവുമായി ബന്ധപ്പെട്ട കമ്മിറ്റിയാണ്. ഒരുകാര്യം മാത്രമേ പറയാനുള്ളു. തിരുവിതാംകൂർ ദേവസ്വവും കൊച്ചിൻ ദേവസ്വവും വരുന്നതിനുമുമ്പ് ആ പ്രദേശങ്ങളിലുള്ള ഭൂരിഭാഗം ക്ഷേത്രങ്ങളും ദൈനംദിനകാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ വളരെ ബുദ്ധിമുട്ടിയിട്ടുള്ള ക്ഷേത്രങ്ങളായിരുന്നു. അവിടത്തെ ജീവനക്കാർക്ക് വളരെ ചുരുങ്ങിയ വേതനമായിരുന്നു ലഭിച്ചിരുന്നത് തിരുവിതാംകൂർ ദേവസ്വവും കൊച്ചിൻ ദേവസ്വവും അതുപോലെ ഗുരുവായൂർ ദേവസ്വവും വന്നു. ഇതൊക്കെ വന്നപ്പോൾ കൂടുതൽ വിശ്വാസികൾ ഉള്ളതിന്റെ ഫലമായി ആ ക്ഷേത്രങ്ങൾ നല്ലനിലയിൽ വന്നു. ട്രാവൻകൂർ ദേവസ്വത്തിലും കൊച്ചിൻ ദേവസ്വത്തിലുമുള്ള ജീവനക്കാർക്ക് നല്ല വരുമാനം ലഭിക്കാനിടയായി. കൂടൽമാണിക്യം ക്ഷേത്രത്തിൽ നിലവിൽത്തന്നെ ഒരു കമ്മിറ്റിയുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടക്കുന്നു. പുതിയ കമ്മിറ്റി വരുന്നതോടുകൂടി അത് കൂടുതൽ നല്ല നിലയിൽ പ്രവർത്തിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. ആദ്യം ഏകീകൃത ദേവസ്വം ബില്ലിന് ശ്രമിച്ചു. അത് നടന്നില്ല. മലബാർ ദേവസ്വം ബിൽ വന്നാൽ കുറെ പണം ആരംഭത്തിൽ സർക്കാരിനു ചെലവാക്കേണ്ടിവരും. എന്നാലും ഈ ബിൽ വന്നാൽ മലബാറിലെ ഒരു തിരി മാത്രം കത്തിക്കുന്ന ക്ഷേത്രങ്ങളടക്കം അവയെ നന്നായി നടത്താൻ സാധിക്കും. ഞാൻ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പറയുകയാണ്. ഞാൻ മന്ത്രിയായിരുന്നപ്പോൾ മലബാറിലെ ഒരു ക്ഷേത്രത്തിൽ പോയി. എന്റെ കയ്യിലേക്ക് കളഭംതന്ന തന്ത്രി ഞാൻ അവിടെനിന്നു മാറുമ്പോൾ ഇവിടെനിന്ന് കിട്ടുന്ന വരുമാനം കൊണ്ട് എനിക്കും എന്റെ കുടുംബത്തിനും ജീവിക്കാൻ കഷ്ടപ്പാടാണ് എന്നു പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെയുള്ള അനേകം അനുഭവങ്ങൾ മലബാറിലെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് എനിക്ക് വ്യക്തമായി അറിയാവുന്നതാണ്. അതുകൊണ്ട് അതിന് പരിഹാരം കാണണമെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിയോട്, ആലപ്പുഴയിൽ നിന്നാണ് വിജയിച്ചതെങ്കിലും, മലബാറുകാരനായ അങ്ങയോടുള്ള എന്റെ അഭ്യർത്ഥന മലബാറിലെ ക്ഷേത്രങ്ങളിൽ കുറച്ചു ക്ഷേത്രങ്ങൾക്ക് മാത്രമേ വരുമാനമുള്ളൂ. മലബാറിലെ ക്ഷേത്രങ്ങളെ സംരക്ഷിക്കാനാവശ്യമായ രീതിയിൽ, നമ്മൾ പലതും എടുക്കാൻ പോകുന്നു എന്നൊക്കെ പറഞ്ഞ് അതിനെ സംബന്ധിച്ച് പല ആക്ഷേപങ്ങളും തെറ്റായ പ്രചരണങ്ങളുമുണ്ടാകാം. ഈ ബില്ലുമായി വരുന്നവരെ ഭയപ്പെടുത്തുന്ന രീതിയിലുള്ള തെറ്റായ പ്രചരണങ്ങൾ, ആ മേഖലയിലുള്ള സ്ഥാപിത താൽപ്പര്യക്കാരുടെ ഈ വക പ്രചരണങ്ങൾ നമ്മുടെ നാട്ടിലുണ്ടാകും. സർക്കാരിൽ നിന്നു ലഭിക്കുന്ന ഫണ്ട് ക്ഷേത്രങ്ങൾക്ക് കൊടുക്കാനോ ജീവനക്കാർക്ക് കൊടുക്കാനോ സന്നദ്ധരാകാതെ കണ്ട് മലബാർ ഭാഗത്ത് ഗവൺമെന്റ് കൊടുക്കുന്ന ഫണ്ടുപോലും ജീവനക്കാർക്ക് എത്തിക്കാത്ത മാനേജുമെന്റിന്റെ സ്ഥാനത്ത് ഗവൺമെന്റ് മുൻകയ്യെടുത്ത് മലബാർ ദേവസ്വം ബിൽ ആ രീതിയിൽ ആസൂത്രണം നടത്തണം.

സർ, മലബാർ ദേവസ്വം ബിൽ കൊണ്ടുവരാൻ ഗവണ്മെന്റ് മുൻകയ്യെടുത്തു. ക്ഷേത്ര ജീവനക്കാരും അതുപോലെയുള്ളവരും സെലക്ട് കമ്മിറ്റിയുടെ മുൻപിലുള്ള ബിൽ അടിയന്തിരമായി അംഗീകരിച്ചുകൊണ്ടുവരണമെന്നു പറഞ്ഞു. ഞങ്ങൾക്ക് ബിൽ കൊണ്ടുവരേണ്ടിവന്നത് ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരമാണ്. കോടതിയെക്കാളും പ്രധാനമായ പ്രശ്നം പാവപ്പെട്ട ക്ഷേത്ര ജീവനക്കാരെ സംരക്ഷിക്കണമെന്നാണ്. അതുപോലെ ദൈനംദിന കാര്യങ്ങൾ നടത്താൻ സാധിക്കാത്ത മലബാറിലെ ക്ഷേത്രങ്ങൾ സംരക്ഷിക്കാനും അതു നടത്തിക്കൊണ്ടുപോകാനും സാധിക്കണം. അതിന് മലബാർ ദേവസ്വം ബിൽ നിലവിൽ വരണം.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ കെ. സി വേണുഗോപാൽ)*: സർ, വളരെയേറെ ചർച്ചകൾക്കുശേഷം കൂടൽമാണിക്യം ദേവസ്വം ബിൽ നമ്മൾ അംഗീകരിക്കുകയാണ്. പൊതുവായി ഉയർന്നുവന്ന കാര്യങ്ങളെക്കുറിച്ച് ഞാൻ മറുപടി പറയുന്നില്ല. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ രണ്ടു-മൂന്നു കാര്യങ്ങൾ പറയാം. ഈ ഗവണ്മെന്റ് വളരെയേറെ താൽപ്പര്യമെടുത്തു കൊണ്ടാണ് ക്ഷേത്രങ്ങളുടെ സംരക്ഷണവും അതിലെ ജീവനക്കാരുടെ പ്രവർത്തനങ്ങളും അവരുടെ ക്ഷേമവും മറ്റു ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും തീരുമാനമെടുത്തുകൊണ്ടിരിക്കുന്നത്. കൂടൽമാണിക്യം ദേവസ്വം ബിൽ കൊണ്ടുവന്നിരിക്കുന്നതു തന്നെ ക്ഷേത്ര കാര്യങ്ങളിൽ ഗവണ്മെന്റിനുള്ള താൽപ്പര്യമാണ്. യഥാർത്ഥത്തിൽ ഈ ബിൽ തുടങ്ങിവച്ചത് ശ്രീ. സി. കെ. നാണുവിന്റെ കാലത്താണ്. പിന്നീട് ശ്രീ. കാർത്തികേയൻ മന്ത്രിയായിരുന്നപ്പോൾ കൊണ്ടുവന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴാണ് ഫൈനലൈസ് ചെയ്തത്. ക്ഷേത്രകാര്യങ്ങളിൽ സർക്കാരിനുള്ള പ്രത്യേകമായ താൽപ്പര്യമുള്ളതുകൊണ്ടുതന്നെയാണ് ഈ ബിൽ പാസ്സാക്കിയത്. ക്ഷേത്രങ്ങളെ സംബന്ധിച്ച് ഒരുകാര്യം മാത്രമേ പറയാനുള്ളൂ. ക്ഷേത്രങ്ങളുടെ നടത്തിപ്പിന്റെ കാര്യങ്ങൾ ചെയ്യേണ്ടത് വിശ്വാസികളായിരിക്കണമെന്നുള്ളത് നമ്മുടെ സങ്കൽപ്പത്തിന്റെ ഭാഗമാണ്. ഹൈന്ദവവിശ്വാസ സങ്കൽപ്പത്തിന്റെ ഭാഗമായിട്ടാണ് അതുപറയുന്നത്. അത് ഈ ബില്ലിൽ നമ്മൾ നിഷ്ക്കർഷിച്ചിട്ടുണ്ട്. ശ്രീ. കെ. പി. രാജേന്ദ്രൻ കമ്മീഷണറുടെ കാര്യം പറയുകയുണ്ടായി. ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട ദൈനംദിനകാര്യങ്ങളെല്ലാം ചെയ്യുന്നത് കമ്മീഷണറും അഡ്മിനിസ്ട്രേറ്റർമാരും ഉദ്യോഗസ്ഥരുമാണ്. അവർ ക്ഷേത്രങ്ങളിൽ വിശ്വാസമുള്ളവരാണ്. വിശ്വാസമില്ലാത്ത ആളുകൾ അവിടെ പോയിക്കഴിഞ്ഞാൽ ഈവക കാര്യങ്ങളുമായി താദാത്മ്യം പ്രാപിക്കാൻ കഴിയില്ല. താദാത്മ്യം പ്രാപിച്ചാൽതന്നെ പലപ്പോഴും അതിന്റെ ആത്മാർത്ഥതയെ ചോദ്യം ചെയ്യപ്പെടും. അങ്ങനെ വരുമ്പോൾ അവർപോലും നിസ്സഹായരായി നിൽക്കുന്ന അവസ്ഥ നമ്മൾ കണ്ടിട്ടുണ്ട്. അപ്പോൾ അവർക്കുകൂടിയുള്ള ഒരു പ്രൊട്ടക്ഷനാണ് ഇതിനകത്തുള്ളത് എന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് ക്ഷേത്രത്തിലെ ജീവനക്കാരനും അതുമായി ബന്ധപ്പെട്ട ആളുകളും വിശ്വാസികളായിരിക്കണം. അതിൽ നിയമിക്കപ്പെടുന്ന ബോർഡും അങ്ങനെയായിരിക്കണമെന്നതുകൊണ്ടാണ് നിഷ്ക്കർഷിച്ചത്. ക്ഷേത്രങ്ങളുടെ കാര്യത്തിൽ ഗവൺമെന്റ് എടുത്ത താൽപ്പര്യങ്ങൾ, മലബാറിന്റെ കാര്യത്തിലും എടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട സി. കെ. നാണു പറഞ്ഞകാര്യം വളരെ ശരിയാണ്. നിത്യനിദാനച്ചെലവുകൾക്കുപോലും നിവൃത്തിയില്ലാത്ത ക്ഷേത്രങ്ങളാണ് മലബാറിലെ മിക്കവാറും ക്ഷേത്രങ്ങൾ. അന്തിത്തിരിപോലും കൊളുത്താൻ കഴിയാത്ത ക്ഷേത്രങ്ങൾ ഇന്നുണ്ട്. വരുമാനമുള്ളത് വളരെക്കുറച്ചു ക്ഷേത്രങ്ങൾ മാത്രമാണ്. ഒരു ഏകീകൃത ദേവസ്വം ബോർഡുണ്ടാകണമെന്നുള്ള ആശയം തുടങ്ങിയിട്ട് കുറേനാളായി. അത് സെലക്ട് കമ്മിറ്റിയുടെ പരിഗണനയിലാണിരിക്കുന്നത്. സെലക്ട് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ എന്തുകൊണ്ടാണ് തടസ്സപ്പെട്ടത്? സ്വാഭാവികമായിട്ടും അതിന്റെ പ്രവർത്തനങ്ങളുമായിട്ട് മുന്നോട്ടുപോകുമ്പോൾ പല ഭാഗത്തുനിന്നും ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട കമ്മിറ്റിയിൽ ഏതൊക്കെ ക്ഷേത്രങ്ങൾ ഉൾപ്പെടുത്തണം ഏതൊക്കെയാണ് വേണ്ടാത്തത് എന്നുള്ള സെൻസിറ്റീവായ വിഷയങ്ങളും അതിലുണ്ട്. അതുകൊണ്ട് ഗവൺമെന്റ് ഒളിച്ചോടുന്നു എന്നല്ല. എല്ലാവരുടെയും ആശങ്കകൾ ദൂരീകരിക്കേണ്ടതായിട്ടുണ്ട്. അതൊക്കെ പരിഹരിച്ചുകൊണ്ട് മലബാറിൽ ദേവസ്വം ബോർഡ് ഉണ്ടാകണമെന്നുതന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിന് സെലക്ട് കമ്മിറ്റിയുടെ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകണമെന്നാണ് ആഗ്രഹിക്കുന്നത്. ആശങ്കകൾ പരിഹരിച്ചുകൊണ്ട് മുന്നോട്ടുപോകണമെന്നാണ്. ഈ ബോർഡ് വരുന്നതിനു മുമ്പായി ഒരു കാലത്തും ഇല്ലാത്ത വിധത്തിൽ ജീവനക്കാരുടെ ശമ്പളം ഒരു കോടി

GPM. 2/587/2012.—41

LIBRARY ARCHIVES Kerala Legislative Assembly

രൂപയുണ്ടായിരുന്നത് മൂന്നു കോടി രൂപയാക്കി വർദ്ധിപ്പിച്ചു. ഒരു കോടി രൂപയുണ്ടായിരുന്ന ശമ്പളമാണ് മൂന്നു കോടി രൂപയാക്കി വർദ്ധിപ്പിച്ചത്. സാധാരണക്കാരനായ ഒരു ക്ഷേത്രജീവനക്കാരൻ അപകടത്തിൽപ്പെട്ടാൽ കൊടുത്തുകൊണ്ടിരുന്നത് 500 രൂപയായിരുന്നുവെങ്കിൽ അത് 10,000 രൂപയാണ് ഇപ്പോൾ കൊടുക്കുന്നത്. ക്ഷേത്രങ്ങളുടെ സ്വത്തുക്കൾ അന്യാധീനപ്പെട്ടു പോകുന്നത് തടയാൻ ചുറ്റുമതിൽ കെട്ടുന്നതിനായി ഒരു കോടി രൂപ മലബാറിലെ ക്ഷേത്രങ്ങൾക്ക് കൊടുത്തു. സാധാരണ ഗതിയിൽ ഗ്രാന്റ് കൊടുക്കുന്നതുപോലെ 5,000 രൂപയാണ് കൊടുക്കുന്നത്. അത് ഉപയോഗിക്കാൻ കഴിയില്ല. ഇപ്രാവശ്യം പുനരുദ്ധാരണം നടക്കുന്ന ക്ഷേത്രങ്ങളിൽ അവരുടെ അപേക്ഷ സ്വീകരിച്ചുകൊണ്ട് ഗവണ്മെന്റ് ചെയ്യാവുന്ന സഹായം ചെയ്തിരിക്കുകയാണ്. ആചാര്യസ്ഥാനീയർ, കാരണവന്മാർ എന്നിവർക്ക് പെൻഷൻ കൊടുക്കുന്ന സ്കീമുണ്ട്. 575 രൂപവച്ചാണ് കൊടുക്കുന്നത്. അത് ഈ ഗവണ്മെന്റ് ചെയ്തതാണ്. ക്ഷേത്രജീവനക്കാരുടെ കാര്യങ്ങളുമായി ബന്ധപ്പെട്ട് നിരവധി കാര്യങ്ങൾ ഈ ഗവണ്മെന്റ് ചെയ്തു. അതുപോലെ ഒന്നാണ് ശബരിമലയുടെ കാര്യം. മതേതരവിശ്വാസികൾ എല്ലാവരും എത്തുന്ന ക്ഷേത്രമാണ്. അവിടെയെത്തുന്ന വിശ്വാസികൾക്കുവേണ്ടി എടുത്ത കാര്യങ്ങളെ സംബന്ധിച്ച് ഒരു വാക്കുപോലും ആരും പറഞ്ഞില്ല. ശബരിമലയുടെ കാര്യം എത്രയോ വർഷങ്ങളായി മാറിമാറി വരുന്ന കേന്ദ്ര ഗവണ്മെന്റുകളും സംസ്ഥാന ഗവണ്മെന്റുകളും പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അടുത്ത സീസൺ തുടങ്ങാൻ പോകുകയാണ്. ലക്ഷക്കണക്കിന് അയ്യപ്പഭക്തന്മാരാണ് അവിടെ എത്തുന്നത്. അവർക്ക് പ്രാഥമികസൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ, ടോയ്‌ലെറ്റിൽ പോകാനുള്ള ഫെസിലിറ്റിപോലും ചെയ്തുകൊടുക്കാൻ കഴിയുന്നില്ല. ഒന്നര ദിവസം വരെ ക്യൂവിൽനിന്ന് പ്രാഥമികകാര്യങ്ങൾ ചെയ്യേണ്ട അവസ്ഥയാണുണ്ടാകുന്നത്. അതിന് പരിഹാരമുണ്ടാകണമെന്ന നിശ്ചയദാർഢ്യത്തോടുകൂടിയുള്ള തീരുമാനമാണ് ഗവണ്മെന്റ് എടുത്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഏഴു പ്രാവശ്യം ഡൽഹിയിൽ പോയപ്പോഴും പ്രയോറിറ്റി കൊടുത്തത് ശബരിമലയുടെ കാര്യത്തിനായിരുന്നു. അവിടെ 110 ഏക്കർ സ്ഥലം അനുവദിച്ചു. അതിനുവേണ്ടുന്ന Compensatory Afforestation Land കമ്പക്കല്ലിൽ ഗവണ്മെന്റ് കൊടുത്തു. ഇതൊക്കെ ചെയ്തിട്ടും വിമർശിക്കാൻ ഈ നാട്ടിൽ ആളുകളുണ്ട്. മറ്റൊന്ന് ഗുരുവായൂരിലെ കാര്യമാണ്. അവിടേയും ധാരാളം കാര്യങ്ങൾ ഗവണ്മെന്റ് ചെയ്തു. ഗുരുവായൂർ എന്നുപറയുന്നത് ഒരു ചെറിയ പട്ടണമാണ്. ആകെയുള്ളത് 24,000 വരുന്ന ജനസംഖ്യയാണ്. പക്ഷേ ഒരു വർഷം അവിടെയെത്തുന്നത് നാലു കോടി ജനങ്ങളാണ്. ഗുരുവായൂരിൽ ഓരോദിവസം കഴിയുന്തോറും ഭക്തജനങ്ങളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ പോയാൽ ഗുരുവായൂർ എവിടെ ചെന്നുനിൽക്കും? അതിനുവേണ്ട വിശദമായ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ ഗവണ്മെന്റ് ആഗ്രഹിച്ചതാണ്. ഗുരുവായൂരിലെത്തുന്ന ഭക്തജനങ്ങൾക്ക് കുടിവെള്ളം വേണം. അവർക്ക് കുടിവെള്ളം കൊടുക്കുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഗുരുവായൂർ ക്ഷേത്രത്തിന്റെ ചുറ്റും കൂടിവെള്ളം കൊടുക്കുമ്പോൾ അവിടെ ഒരു മുസ്ലീം വന്നു പെട്ടുപോയാൽ .... അതു ഗവണ്മെന്റ് ചെയ്യുന്ന നിശ്ചയദാർഢ്യത്തെ, ലക്ഷ്യബോധത്തെ ചോദ്യം ചെയ്യുന്ന സമീപനമാണ് കേരളത്തിൽ നടക്കുന്നത്. അത് അംഗീകരിക്കാൻ കഴിയുമോ? ശബരിമലയുടെ കാര്യത്തിൽ, ഗുരുവായൂരിന്റെ കാര്യത്തിൽ മലബാറിലെ ക്ഷേത്രങ്ങളുടെ കാര്യത്തിൽ, അതുപോലെ കൂടൽമാണിക്യത്തിന്റെ കാര്യത്തിലും ഗവണ്മെന്റ് എടുക്കുന്ന നിലപാട് വളരെ വ്യക്തമാണ്. ഒരു കാര്യം അടിവരയിട്ട് പറയാൻ ആഗ്രഹിക്കുകയാണ്, ക്ഷേത്രങ്ങളും അമ്പലങ്ങളും ഏതെങ്കിലും ആളുകൾക്ക് കുത്തകയാക്കിക്കൊടുക്കാൻ ഒരു കാരണവശാലും ഗവണ്മെന്റ് അനുവദിക്കുന്ന പ്രശ്നമില്ല. ആരാധനയ്ക്കുവേണ്ടി പോകുന്ന ഭക്തജനങ്ങൾക്ക് എല്ലാവിധ സൗകര്യങ്ങളും കൊടുക്കണം. അതല്ലാതെ ഏതെങ്കിലും ആളുകൾക്ക് കുത്തകയാക്കി ആരാധനാസ്ഥലങ്ങളെയും ക്ഷേത്രങ്ങളെയും കൊണ്ടുനടക്കാൻ കേരളത്തിലെ ഗവണ്മെന്റ് അനുമതി കൊടുക്കുകയില്ല. കൊടുത്തിട്ടുമില്ല. അതിന് യാതൊരു സംശയവുമില്ല. ഭക്തജനങ്ങൾക്കുവേണ്ടി, ആരാധകർക്കുവേണ്ടി കാര്യങ്ങൾ ചെയ്യുകയാണ്. ഇന്ത്യാമഹാരാജ്യത്തിന്റെ ഭാഗമായിട്ടാണ് നമ്മൾ നിൽക്കുന്നത്. ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള പ്രദേശമാണ് നമ്മുടേത്. എല്ലാവരും പരസ്പരസ്നേഹത്തോടെ ജീവിക്കുന്ന നാടാണിത്. അതിനെപ്പോലും തകർക്കത്തക്കവണ്ണം രാഷ്ട്രീയ ലക്ഷ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുമ്പോൾ ചില ഭാഗത്ത് നിങ്ങളും ഭംഗ്യന്തരേണ അറിഞ്ഞോ അറിയാതെയോ അത്തരം പ്രചരണങ്ങൾക്ക് കൂട്ടുനിൽക്കുന്ന രീതിയിലാണ് നിൽക്കുന്നത്. നിങ്ങളുടെ പ്രചരണവും അതുതന്നെയാണ്. അതിൽ സംശയമില്ല. അവർക്ക് മാത്രമാണ് ഹിന്ദുക്കളുടെ കാര്യം പറയാൻ അവകാശം എന്നാണ്. നിങ്ങളും പറയുന്നത് അതാണ്. ഈശ്വരവിശ്വാസം ചിലയാളുകളുടെ കുത്തകയാണ്. നിങ്ങളുടെ ചർച്ചയിലും വന്നത് അതാണ്. ഇത് ഫലത്തിൽ ആരെയാണ് സഹായിക്കുന്നത്? ദൈവത്തിൽ വിശ്വസിക്കുന്ന, ദേവാലയങ്ങളിൽ വിശ്വസിക്കുന്ന മുഴുവൻ ആളുകളും അവർ വിശ്വഹിന്ദു പരിഷത്തോ ആർ.എസ്.എസ്. പറയുന്ന അല്ലെങ്കിൽ ഏതെങ്കിലും ആളുകൾ പറയുന്ന ഭാഗം മാത്രമാണ്. അവരുടേതെന്നു പറയുമ്പോൾ, വിശ്വാസം എന്നുപറയുന്നത് ചിലർക്ക് തീറെഴുതിക്കൊടുക്കൽ എന്നാണ്. അതിലേക്ക് നിങ്ങളും വന്നുകൊണ്ടിരിക്കുകയാണ്. അതിനെ ഞങ്ങൾ അനുവദിക്കുന്നില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഹിന്ദുമതവിശ്വാസികളുടെ കൂട്ടത്തിൽ അവർക്ക് സ്ഥാനമില്ലാത്തതുകൊണ്ടാണല്ലോ കേരളനിയമസഭയിൽ അതിന്റെ പ്രതിനിധിയായിട്ട് ഒറ്റയാളുകളെപ്പോലും തെരഞ്ഞെടുക്കപ്പെടാതെ ഇന്ത്യക്ക് മാതൃകയായ ഒരു സംസ്ഥാനമായി കേരളം ഇപ്പോഴും നിൽക്കുന്നത്? അതുകൊണ്ട് അവർ കേരളത്തിൽ ഒരു പ്രശ്നമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വേണുഗോപാൽ: ഞാൻ പറഞ്ഞത് നമുക്ക് ഒരു മതേതര സങ്കൽപ്പമുണ്ട്. അവരവരുടെ വിശ്വാസങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ടുതന്നെ പരസ്പരം സ്നേഹിക്കുക. അതുമാത്രമേയുള്ളൂ. മറ്റൊന്ന് സ്ത്രീകളുടെ കാര്യം പരിഗണിക്കണമെന്ന് ഇവിടെ പറഞ്ഞു. കൊച്ചിൻ ദേവസ്വം ബോർഡിന്റെ സെക്രട്ടറി സ്ത്രീയായിരുന്നു. ചില കാര്യങ്ങളിൽ പരിമിതിയുണ്ടെങ്കിലും സ്ത്രീകളെ ഒഴിവാക്കുന്ന സമീപനമൊന്നും ഈ ഗവണ്മെന്റിനില്ല, നമ്മുടെ രാഷ്ട്രീയ പാർട്ടിയിൽ ഇല്ല. അങ്ങയുടെ പാർട്ടിയിൽ, സംസ്ഥാന സെക്രട്ടേറിയറ്റിൽ 15 പേരെ വച്ചിട്ട് ഒരു സ്ത്രീയെ വച്ചോ? ശ്രീമതി ടീച്ചർ അവിടെ ഇല്ലേ? നിങ്ങൾ അങ്ങനെ ചെയ്തിട്ടുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞങ്ങളുടെ പാർട്ടിയിലെ ഏറ്റവും ഉയർന്ന ഘടകം പാർട്ടി പോളിറ്റ് ബ്യൂറോയാണ്. ആ പോളിറ്റ് ബ്യൂറോയിൽ വരെ സ്ത്രീകൾക്ക് ഞങ്ങൾ പ്രാതിനിധ്യം കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. സി. വേണുഗോപാൽ: സർ, സംസ്ഥാന സെക്രട്ടേറിയറ്റ് ശ്രീമതി പി.കെ. ശ്രീമതി ടീച്ചറെ ഒതുക്കുന്നതിനുവേണ്ടിയാണോ ഇതു പറയുന്നത്? സംസ്ഥാന സെക്രട്ടേറിയേറ്റിൽ നിങ്ങൾ 15 പേരെ വച്ചിട്ട് ഒരു വനിതയെ വച്ചോ? എന്താ നിങ്ങൾക്ക് വനിതയില്ലേ?

ശ്രീ. എം. എം. ഹസ്സൻ: സർ, ഇപ്പോൾ പോളിറ്റ് ബ്യൂറോയിൽ ഒരു മെമ്പറെ വച്ചത് വലിയ കാര്യമായി പറഞ്ഞു. അവിടേയും പാർട്ടി സെക്രട്ടറിയുടെ ഭാര്യയെയാണ് വച്ചതെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്):* സർ, ശ്രീമതി വൃന്ദാകാരാട്ടിനെ പാർട്ടി സെക്രട്ടറിയുടെ ഭാര്യയായതുകൊണ്ടുമാത്രമല്ല വച്ചത്. കഴിഞ്ഞപ്രാവശ്യം കേന്ദ്ര കമ്മിറ്റിയിലെടുത്തപ്പോൾ പോളിറ്റ് ബ്യൂറോയിലില്ലെന്നു പറഞ്ഞ് അവർ രാജിവച്ചു. ആ പ്രതിഷേധം സഹിക്കാൻ കഴിയാത്തതുകൊണ്ടല്ലേ എടുത്തത്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, രാജീവ് ഗാന്ധിയുടെ ഭാര്യ എന്ന ഒറ്റ കാരണത്താലല്ലേ ശ്രീമതി സോണിയാഗാന്ധി നിങ്ങളുടെ കോൺഗ്രസ് പാർട്ടിയുടെ പ്രസിഡന്റായത്?

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്):* സർ, അതുകൊണ്ടാണല്ലോ ശ്രീ. ജ്യോതിബാസുവും അതുപോലെതന്നെ ശ്രീ. സുർജിതും അവർതന്നെ പ്രധാനമന്ത്രിയാകണമെന്നു പറഞ്ഞ് വീട്ടിൽ പോയിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇപ്പോൾ ശ്രീമതി വൃന്ദാകാരാട്ടിന്റേയും ശ്രീ. പ്രകാശ് കാരാട്ടിന്റേയും വീട്ടിലാണല്ലോ നിങ്ങളുടെ ശ്രീ. മൻമോഹൻ സിങ് പോയി രാവിലെയിരിക്കുന്നത്.

ശ്രീ. കെ. സി. വേണുഗോപാൽ: 8-ാം നൂറ്റാണ്ടിലും 12-ാം നൂറ്റാണ്ടിലുമൊക്കെത്തന്നെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് അംശങ്ങളുണ്ടായിരുന്നു. ഏറ്റവും ചിരപുരാതനമായ ഒരു ക്ഷേത്രമാണ് കേരളത്തിലെ കൂടൽമാണിക്യം ക്ഷേത്രം. 8-ാം നൂറ്റാണ്ടിലെ ചില ശില്പങ്ങൾ ഇപ്പോഴും അവിടെയുണ്ട്. ഞാൻ നേരത്തേ പറഞ്ഞത് ഭരതപ്രതിഷ്ഠയാണ്. നമ്മുടെ നാലമ്പലത്തിന്റെ ഭാഗമായിട്ടുള്ള പ്രധാനപ്പെട്ട ക്ഷേത്രങ്ങളിലൊന്നാണ്. അപ്പോൾ ഈ ക്ഷേത്രത്തിന്റെ ഭാവി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും മുന്നോട്ടുകൊണ്ടുപോകാനും വരാൻപോകുന്ന കമ്മിറ്റിയുടെ നിയമവുമൊക്കെ അതിന് ഉപകരിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഗവൺമെന്റ് ആ കാര്യത്തിൽ നേരത്തേ സൂചിപ്പിച്ചതുപോലെ ഈ ക്ഷേത്രത്തിന്റെ മുന്നോട്ടുള്ള വളർച്ചയ്ക്കും അതിനുള്ള നടത്തിപ്പിനുമൊക്കെത്തന്നെ വളരെ ശക്തമായ രീതിയിൽ, നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാനാണ് ആഗ്രഹിക്കുന്നത്. ഏതായാലും രണ്ടുഭാഗത്തുനിന്നുമുള്ള അംഗങ്ങൾ ഈ ചർച്ചയിൽ പങ്കെടുത്തതിനുള്ള നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. ബിൽ പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കൂടൽമാണിക്യം ദേവസ്വംബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബിൽ പാസ്സായിരിക്കുന്നു.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള ടാക്സ് ഓൺ ലക്ഷ്വറീസ് (അമെന്റുമെന്റ്) ബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, ഇനി 7 ബില്ലുകൾ ഇന്നത്തേക്ക് നമ്മുടെ അജണ്ടയിലുണ്ട്. രണ്ടുംമൂന്നും regulatory matters മാത്രമായതുകൊണ്ട് അത് ഇന്ന് ഞാൻ പ്രസ് ചെയ്യുന്നില്ല. ബാക്കി 5 ബില്ലുകളും ടാക്സ് ബില്ലാണ്, അത് ഇന്നുതന്നെ പാസ്സാക്കേണ്ടിയിരിക്കുന്നു. അത് വേറൊരു ദിവസത്തേക്ക് നമുക്ക് മാറ്റാനും കഴിയില്ല. അത് ഒന്നിച്ചെടുക്കണമെന്ന് നിർബന്ധമില്ല, ഓരോന്നായി വേണമെങ്കിലും എടുക്കാം. പക്ഷേ ഇതിൽ ചിലതെല്ലാം ഡിസ്ക്കഷൻ ഇല്ലാതെ നമുക്ക് പാസ്സാക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly